# മാതംഗി.

എം. ആർ. നാരായണപ്പിള്ള.

# MATHANGI

BY

**M. R. NARAYANA PILLAI.**

*Abridged from:—*

**The First Works of Benkima Chandra Sathopadhyar.**

# മാതംഗി.

(ബങ്കിമചന്ദ്രശട്ടോപാദ്ധ്യായരുടെ
ആദ്യകൃതിയെന്നറിയപ്പെടുന്ന മൂലത്തിൽ നിന്നു്.)

ഗ്രന്ഥകർത്താ:

**എം. ആർ. നാരായണപിള്ള.**

പ്രകാശകന്മാർ:—

**കെ. ആർ. ബ്രദേഴ്സ്,**

പുസ്തക കച്ചവടം, കോഴിക്കോട്.

1-ാം പതിപ്പ്—കോപ്പി 300.

(പകർപ്പവകാശം പ്രകാശകന്മാരിൽ.)

കോഴിക്കോട്:

കെ. ആർ. ബ്രദേഴ്സ് അച്ചുകൂടം.

**1940.**

Price 10 As.] [വില 10-ണ.

# മാതംഗി.

## ഒന്നാം അദ്ധ്യായം.

രാധാഗഞ്ജ്. ഒരു കുഗ്രാമമെങ്കിലും നിരവധി കുബേരന്മാരായ ജന്മികളുടെ ആവാസത്താലും തദനുസൃതമായ പരിഷ്കാരങ്ങളാലും ഒരു വലിയ പട്ടണത്തിന്റെ പ്രശസ്തിയെ ആൎജ്ജിച്ചിരുന്നു. വിശിഷ്യ, വസുമതി എന്ന നദിയുടെ സാന്നിദ്ധ്യം അതിന്റെ മഹിമയെ വിദ്യോതിപ്പിക്കുകയും ചെയ്തിരുന്നു. മീനമാസത്തിൽ ഒരു ദിവസം, മദ്ധ്യാഹ്നസൂൎയ്യന്റെ തീവ്രത മിക്കവാറും ശമിച്ച സായംകാലം സമാഗതമായി. പാടത്തു കൃഷിപ്പണിചെയ്തിരുന്ന കാൎഷികന്മാരുടെ നെററിത്തടത്തിലും പകൽ വേളയിലെ നിദ്രയിൽനിന്നും പ്രബുദ്ധകളായ വനിതാജനങ്ങളുടെ കബരീഭരത്തിലും തിങ്ങിനിറഞ്ഞിരുന്ന വിയൎപ്പുതുള്ളികളെ ആററികൊണ്ടു മന്ദപവനൻ സൎവ്വത്രകളിയാടി.

ഒരു ചെറുഗൃഹത്തിനുള്ളിൽ, പകലത്തെ ഉറക്കം തെളിഞ്ഞുണൎന്ന് കഷ്ടിച്ച മുപ്പതുവയസ്സോടടുത്തു പ്രായംവരുന്ന ഒരു സ്ത്രീ, നിദ്രാവേളയിൽ ഛിന്നഭിന്നമായി കിടന്നിരുന്ന തലമുടിക്കെട്ടും വസ്ത്രങ്ങളും യഥാസ്ഥാനങ്ങളിൽ ഉറപ്പിച്ചു ഭംഗിപിടിപ്പിച്ചു. സാധാരണ സ്ത്രീകൾ ഈ മാതിരികാൎയ്യങ്ങളിൽ അധികം സമയം ചെലവഴിക്കുക സാധാരണയാണല്ലോ. എന്നാൽ, അവൾക്കാകട്ടെ ഒട്ടും സമയം ആയതിന്നു വേണ്ടിവന്നില്ല. കുറച്ചു ജലമെടുത്തു മുഖം കഴുകി നെററിയിൽ ഒരു കുങ്കുമപ്പൊട്ടും ധരിച്ചു ഒരു കുടവുമെടുത്തുംകൊണ്ടു സമീപസ്ഥിതമായ വേറൊരു വീട്ടിലേക്കു കടന്നു. അവൾ കടന്നുചെന്ന ആ വീട് ഏററവും അടുത്തടുത്ത് നാലു ചെറുവീട്ടുകളാൽ സംഘടിപ്പിക്കപ്പെട്ടതും നിലം മണ്ണുതേച്ചു ചുമരിന്നു പകരം മുളകൾ ചതച്ചു മറച്ചിരുന്നവയുമായിരുന്നു. ആ വീട്ടുകൾ കാഴ്ചയിൽ ഏററവും ചെറിയവയും ചുവരുകൾ മുളകളാൽ നിൎമ്മിക്കപ്പെട്ടവയും ആയിരുന്നുവെങ്കിലും സൎവ്വത്ര പരിശുദ്ധമായി

രുന്നു. ഈ നാലുവീടുകളിൽ മുന്നെണ്ണത്തിൻറയും വാതിലുകൾ മുററത്തെ അഭിമുഖികരിച്ചും ഒന്നിൻറതുമാത്രം നിരത്തിനെ ലക്ഷ്യമാക്കിയുമായിരുന്ന സ്ഥിതിചെയ്തിരുന്നത്. പുറത്തുനിന്നും അകത്തേക്കുള്ള പ്രവേശനദ്വാരം പരമ്പുതട്ടിയാൽ മറക്കപ്പെട്ടിരുന്നതിനെ നിഷ്പ്രയാസം തുറന്നാണ് മേൽപറഞ്ഞ സ്ത്രീ അകത്തേക്കു പ്രവേശിച്ചത്.

താഴ്ന്നതരം വീട്ടിൽ വസിക്കുന്നവളെങ്കിലും സാമാന്യസൌന്ദര്യവതിയായ അവൾ അകത്തു സ്ത്രീകൾക്കു പ്രത്യേകം പെരുമാറുവാൻ ഒഴിച്ചിട്ടിരുന്ന തളത്തിലേക്കു പ്രവേശിച്ചു. ആ സമയത്തു മിക്കവാറും ദിവസങ്ങളിൽ വീടുകളിലുള്ള എല്ലാ സ്ത്രീകളും ആ അകത്തളത്തിൽ നിദ്രകഴിഞ്ഞു വിശ്രമിക്കുക സാധാരണയായിരുന്നു. എന്നാൽ, അന്നാകട്ടെ, അവിടെ രണ്ടുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരുത്തി പതിനെട്ടുവയസ്സുള്ള ഒരു യുവതി. അവൾ വസ്ത്രം തുന്നിക്കൊണ്ടിരിക്കയായിരുന്നു. മററൊന്നു നാലുവയസ്സുമാത്രം വരുന്ന ഒരു ചെറിയ ആൺകുട്ടിയുമായിരുന്നു. അവൻ, തൻെറ ജ്യേഷ്ഠൻ സ്കൂളിലേക്കു പോകുമ്പോൾ കൊണ്ടുപോകുവാൻ മറന്നു വെച്ചുപോയ ഒരു മഷിക്കുപ്പി എടുത്തു അതിലെ മഷികൊണ്ടു മുഖത്തും മാറത്തും തേച്ചുകളിക്കുകയായിരുന്നു. ആഗത, വസ്ത്രം തുന്നിക്കൊണ്ടിരുന്ന യുവതിയുടെ സമീപം ചെന്നിരുന്ന് 'എന്താണു നീ പ്രവൃത്തിക്കുന്നത്? എന്നു ചോദിച്ചു.

'ജ്യേഷ്ഠത്തി! എന്താണിന്നു വളരെ പ്രസന്നവദനയായികാണുന്നുവല്ലോ. ഞാൻ ഇന്നു ആരെയാണാവോ കണികണ്ടത്?

ആഗത:—(ചിരിച്ചുകൊണ്ടു പറഞ്ഞു) 'വിശേഷിച്ചാരെ കാണുവാനാണ്. നിത്യവും ആരുടെ മുഖം നീ ദശിക്കുന്നുവോ ഇന്നും അതേ മുഖംതന്നെ ദശിച്ചിട്ടുണ്ടായിരിക്കും'.

ഇതു കേട്ടമാത്രയിൽ യുവതിയുടെ പ്രസന്നവദനം തെല്ലുനേരത്തേക്കു നിഷ്പ്രഭമായി. ഇതരയുടെ ചുണ്ടുകളിൽ ഒരു പരിഹാസച്ചിരിയുടെ ലാഞ്ഛനയും സ്ഫുരിച്ചുമറഞ്ഞു. ഇനി നമുക്കു ഇവരെപ്പററി അല്പം വിശദമായി ചിന്തിക്കാം.

മുപ്പതുവയസ്സു പ്രായംവരുന്ന ആഗത സൌന്ദൎയ്യവതിതന്നെയായിരുന്നുവെങ്കിലും സൌന്ദൎയ്യത്തിന്റെ പരിപൂൎണ്ണത തികഞ്ഞവളെന്നു പറയുവാൻ നിവൃത്തിയില്ല. അവളുടെ നോട്ടംതന്നെ വികാരോദ്ദീപകമായിരുന്നു. ഭാവന കരമ്പിനേയും വിളിച്ചറിയിച്ചിരുന്നു. അവൾ അണിഞ്ഞിരുന്ന ആഭരണങ്ങൾ എണ്ണത്തിൽ അധികമൊന്നുമില്ലായിരുന്നുവെങ്കിലും അതവൾക്കൊരു ഭാരമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അവളുടെ സ്ഥൂലദേഹത്തെ മറച്ചിരുന്ന വിലകുറഞ്ഞ ആ വസ്ത്രം അലക്കുകാരൻ കണ്ടിട്ടു കാലമെത്രയായിരിക്കുമെന്നും നിശ്ചയമില്ല.

പതിനെട്ടു വയസ്സുള്ള യുവതിയുടെ ശരീരത്തിൽ അത്രതന്നെ ആഭരണങ്ങളൊന്നുമില്ല. അവളുടെ സംസാരത്തിൽ കിഴക്കെ ബെങ്കാളത്തിലെ ഭാഷയുടെ ലാഞ്ചനയേ ഇല്ല. അതിനാൽ അവൾ ആ ഗ്രാമത്തിലുള്ളവളാണെന്നു വിചാരിക്കുവാൻ ന്യായമില്ല. ഭാഗീരഥീനദീതീരത്തിൽ കൽക്കത്താപട്ടണത്തിന് ഏററവുമടുത്തുള്ള ഒരു പരിഷ്കൃതമായ ദേശത്തിൽനിന്നും വന്നവളത്രെ അവൾ. അളവററ ദുഃഖത്താലോ ചിന്താഭാരത്താലോ എന്തോ അവളുടെ സാക്ഷാൽ പ്രകാശമാനമായ ദേഹകാന്തി തെല്ലു മങ്ങിയിരുന്നു. മദ്ധ്യാഹ്ന സൂൎയ്യന്റെ തീവ്ര കാന്തിയാൽ പാതി മങ്ങിയ ചെന്താമരപ്പുഷ്പത്തോടു അവളെ ഉപമിക്കാം. കാർമേഘങ്ങൾക്കുപോലും ഈൎഷ്യ ജനിപ്പിക്കുന്ന അവളുടെ തഴച്ചുനീണ്ട പുരികുഴൽ പിൻഭാഗത്തെ മിക്കവാറും പാദംവരെ മറച്ചിരുന്നു. വളഞ്ഞ ചില്ലിക്കൊടികൾ കണ്ണിമകളാൽ തെല്ലു മൂടി പാതിമാത്രം പുറത്തുകാണുന്ന മിഴികൾ. താരുണ്യം പൂൎത്തീകരിച്ചിരുന്ന അവളിൽ എന്തെന്നില്ലാതെ വ്യാകുലത കുടികൊണ്ടിരുന്നു. അവളുടെ ചെറിയ ചെഞ്ചുണ്ടുകൾ ഉള്ളിൽ ഊറുന്ന വേദനാഭാരത്തെ കൂടക്കൂടെ എടുത്തു കാട്ടിയിരുന്നു. കൈകളിൽ ഓരോ ജോഡി സാധാരണ വളകളും കഴുത്തിൽ മംഗല്യസൂത്രവുമല്ലാതെ മറെറാരാഭരണവുമില്ല.

അവൾ തന്റെ കൈയിലിരുന്ന സൂചി താഴത്തു വച്ചിട്ടു ആഗതയോടു വൎത്തമാനം തുടരുവാൻ തുടങ്ങി. ആഗത, തന്റെ ഗൃഹത്തിലെ അളവററ ദുരിതങ്ങളേയും ദാരിദ്ര്യ ദുഃഖത്തേയും കുറിച്ചു പ്രവചിച്ചു ഉടങ്ങി. എന്നാൽ, അവളുടെ ആ പ്രസ്താവനക

ളിൽ ഒട്ടുമുക്കാലും കളവായിരുന്നു. കണ്ണുകളിൽ ജലസ്പർശംപോലു മില്ലായിരുന്നുവെങ്കിലും മററവളെ തൻെറ വ്യസനാധിക്യത്തെ ധരിപ്പിക്കുവാൻ കൂടക്കൂടെ മേലാഞ്ചലത്താൽ തുടച്ചുകൊണ്ടിരുന്നു. പക്ഷെ, അവൾ തുടച്ചു കഴിയുമ്പോൾ എങ്ങിനെയോ കണ്ണുനീരും പുറപ്പെട്ടിരുന്നു. ഈ അവസരത്തിൽ അവളുടെ ശ്രദ്ധ അകലത്തൊരിടത്തു മുഖത്തു മഷി കോരിത്തേച്ചുകൊണ്ടിരുന്ന ബാലനിൽ പതിഞ്ഞു. ആ കാഴ്ച വ്യസനപാരവശ്യം അഭിനയിച്ചിരുന്ന അവളെ പൊട്ടിച്ചിരിപ്പിച്ചു. അവളുടെ വൈവശ്യവും നിലച്ചു.

നിലവിളിയും താപഭാവങ്ങളുമെല്ലാം നിലച്ചു. നേരവും അസ്തമിക്കാറായി എന്നു കണ്ടപ്പോൾ അവൾ യുവതിയെ നദിയിൽ വെള്ളം കോരുന്നതിനു പോകുവാൻ തിടുക്കം കൂട്ടി. അവൾ അവിടേക്കു കടന്നുചെന്നതുതന്നെ വെള്ളത്തിനു പോകുവാൻ യുവതിയെ ക്ഷണിക്കുവാൻ വേണ്ടി മാത്രമായിരുന്നു. എന്നാൽ യുവതി അതിനു തടസ്സം ഭാവിച്ചു. ആ ഭൃത്യവൾ വീണ്ടും നിർബ്ബന്ധിച്ചപ്പോൾ അവൾ പറഞ്ഞു:—'പുഴയിൽ മുതലയുണ്ട്. എനിക്കു അവയെ വലിയ ഭയമാണ്. അതിനാൽ ഞാൻ വരുന്നില്ല'.

ഇതു കേട്ടു കൂട്ടുകാരത്തി പരിഹാസസ്വരത്തിൽ ഉച്ചത്തിൽ ചിരിച്ചു. തൻെറ തന്ത്രം ഫലിക്കുന്നില്ലെന്നു യുവതി മനസ്സിലാക്കി ചോദിച്ചു.—'കനകം! നേരം അതിക്രമിക്കുന്നു. നിങ്ങൾ പോകുന്നില്ലേ?'.

അസ്തമന സൂര്യൻെറ ചെങ്കതിർ ജാലങ്ങൾ വൃക്ഷാഗ്രങ്ങളിൽ തെളുതെളെ മിന്നുന്നതു ചൂണ്ടിക്കാണിച്ചുകൊണ്ടു കനകം വദിച്ചു:—'ഇനിയും അസ്തമിക്കുവാൻ സമയം എത്രയോ ഉണ്ട്'.

യുവതി:—(തെല്ലു വ്യാകുലത്തോടുകൂടി) നിങ്ങൾ എന്താണിങ്ങിനെ പറയുന്നത്. ഞാൻ ഈ ദിവസംവരെ പുഴയിൽ ജലത്തിന്നായി വന്നു നിങ്ങൾ കാണുകയുണ്ടായിട്ടുണ്ടോ? അതു നിങ്ങൾക്കു നല്ല നിശ്ചയമുള്ള കാര്യമല്ലേ?.

കനകം:—അതുകൊണ്ടു തന്നെയാണ ഞാൻ നിന്നെക്കൂടി ഒന്നിച്ചുകൊണ്ടു പോകണമെന്നു കരുതിവന്നത്. എന്നും ഇങ്ങിനെ

അവനവന്റെ അകത്തുതന്നെ അടഞ്ഞുകിടക്കുകയൊ? മററു എല്ലാ പെണ്ണുങ്ങളും വെള്ളത്തിന്നു പുഴക്കുപോകുന്നു. നിനക്കു മാത്രം അതൊരു കുറവൊ?

യുവതി:—(വെറുപ്പോടുകൂടി) വെള്ളം കൊണ്ടുവന്നു തരേണ്ട ഭാരം വേറെ ചിലൎക്കുള്ളതാണൊ?

കനകം:—നിനക്കാരാണ വെള്ളം കൊണ്ടുവന്നു തരുവാനുള്ളത്. വേലക്കു ആളെ നിൎത്തിയിട്ടുണ്ടൊ?

യുവതി:—എന്റെ ഭൎത്താവിന്റെ സഹോദരി കൊണ്ടുവന്നുകൊള്ളും.

കനകം:—കൊള്ളാമൊ കൊള്ളാം. വീട്ടിലുള്ളവൾ അങ്ങിനെ ചെയ്യുമ്പോൾ കന്യപെണ്ണിന് അതെന്തുകൊണ്ടു ചെയ്തുകൂടാ?

യുവതി:—അക്കഥകൾ പറഞ്ഞിട്ടെന്താണ പ്രയോജനം ജ്യേഷ്ഠത്തി! വെള്ളത്തിന്നു പോയ്ക്കൂടെന്നു ഭൎത്താവു പ്രത്യേകം നിൎബ്ബന്ധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്വഭാവം നിങ്ങൾക്കു നല്ലവണ്ണമറിഞ്ഞുകൂടെ?

കനകം ഇതിന്നു യാതൊരു പ്രത്യുത്തരവും പറയാതെ ആരെങ്കിലും കടന്നു വരുന്നുണ്ടൊ എന്നു നാലുപുറവും നോക്കി ആരുമില്ലെന്നുകണ്ടു എന്തൊ പറവാൻ ഭാവിച്ചു. എന്നാൽ ഭയാധിക്യത്താൽ അവൾ നേരം മിണ്ടാതെ നിലത്തേക്കുതന്നെ നോക്കിക്കൊണ്ടുനിന്നു.

'എന്താണ ജ്യേഷ്ഠത്തി! ആലോചിക്കുന്നത്?' യുവതി ചോദിച്ചു.

'നീമാത്രം സാമൎത്ഥ്യക്കാരിയാണെങ്കിൽ—' എന്നു കനകം പറയുന്നതിന്നിടക്കു തടഞ്ഞുകൊണ്ടു യുവതി പറഞ്ഞു:—'മതി മതി. നിങ്ങൾ പറവാൻ ഭാവിക്കുന്ന കാൎയ്യം എനിക്കു മനസ്സിലായി കഴിഞ്ഞു'.

'അങ്ങിനെയാണെങ്കിൽ ഇപ്പോൾ നീ എന്തുചെയ്യുവാൻ പോകുന്നു?' എന്നു കനകം ചോദിച്ചു.

യുവതി കുറച്ചു നേരത്തേക്കു യാതൊന്നും ശബ്ദിച്ചില്ല. ചുണ്ടുകൾ മെല്ലെ ഇടിച്ചു കാണുകയാലും ഗണ്ഡസ്ഥലങ്ങൾ വൈവർ

ണ്യം ഭേദിക്കുന്നതുകണ്ടും അവളുടെ ഹൃദയത്തിൽ എന്തോ ആലോചന പൊന്തിത്തുടങ്ങിയിരിക്കുന്നു എന്നു മനസ്സിലാക്കാം. പെട്ടെന്നു അവളുടെ ഹൃദയം ഒന്നു നടുങ്ങി. 'ശരി. വരിക, പോകാം പോകുന്നതുകൊണ്ടു യാതൊരു ദൂഷ്യവുമില്ലല്ലൊ'? എന്നു ചോദിച്ചു യുവതി.

കനകം:—(ചിരിച്ചുകൊണ്ടു്) കുട്ടി! ശുഭാശുഭങ്ങളെ വിവേചിച്ചു പറയുവാൻ ഞാൻ ആരാണ്; വല്ല ദിവ്യദേവതയോ മറ്റോ ആണോ? ഒരു ഭർത്താവല്ല, അൻപതു ഭർത്താക്കന്മാരുണ്ടായിരുന്നാൽതന്നെയും ഞാൻ നിശ്ചയമായും പോകും. എനിക്കു എന്റെ കാര്യമല്ലേ അറികയുള്ളു.

യുവതി:—നിങ്ങൾ വലിയ ധൈര്യശാലിനിയാണ്. എല്ലാവരും അതുപോലെയാകുമോ? (ചിരിച്ചുകൊണ്ടു്) അൻപതു ഭർത്താക്കന്മാർ വേണമെന്നാണോ നിങ്ങളുടെ മോഹം?

കനകം:—(വ്യാകുലത സ്ഫുരിക്കുന്ന ചിരിയോടുകൂടി) അങ്ങിനെ പറയുന്നതും പറഞ്ഞുകേൾക്കുന്നതുതന്നെയും മഹാപാപമാണ്. എന്നാൽ, എന്റെ മരിച്ചുപോയ ഭർത്താവിനെപ്പോലുള്ള കോടിഭർത്താക്കന്മാർക്കു ഞാൻ അടിമയായിത്തീർന്നാലും എന്റെ പതിവ്രതാധർമ്മത്തിനു തെല്ലും ഹാനിഭവിക്കുന്നതല്ല.

'നല്ല കുടുംബത്തിൽ ജനിച്ചിട്ടും ഇവളുടെ തലയിലെഴുത്തിന്റെ വൈഭവം നോക്കുക' എന്ന് ആത്മഗതം ചെയ്തു അടുക്കളെയിൽ കടന്നു കുടവുമെടുത്തുകൊണ്ടു യുവതി പുറത്തുവന്നു. ഏററിക്കൊണ്ടു വരേണ്ടവൾക്കനുരൂപമായി ആ കുടവും കമനീയമായിരുന്നു. രണ്ടുപേരും പുഴയെ ലക്ഷ്യമാക്കി നടന്നു. വഴിയിൽ കനകം ചിരിച്ചുകൊണ്ടു പറഞ്ഞു:—അതാ എത്ര ചെറുപ്പക്കാർ നിന്റെ അഴകിനെ ആസ്വദിക്കുവാൻ കൊതിച്ചുകൊണ്ടു നില്ക്കുന്നു. നിന്റെ സൌന്ദര്യത്തെ അവർക്കൊന്നു കാട്ടിക്കൊടുക്കുക.

'ഛീ കുരങ്ങ്' എന്നു വളരെ ദേഷ്യത്തോടുകൂടി യുവതി കനകത്തെ നോക്കി പറഞ്ഞശേഷം ലജ്ജാഭരത്താൽ ചുവപ്പേറിയ തന്റെ മുഖത്തെ അവൾ പെട്ടെന്നു മറച്ചു.

# രണ്ടാം അദ്ധ്യായം.

അസ്തമനസൂൎയ്യന്റെ ചെങ്കിരണങ്ങൾ വൃക്ഷശിഖരങ്ങളിൽനിന്നും മറഞ്ഞുതുടങ്ങി. എങ്കിലും ഇരുൾവ്യാപിച്ചിരുന്നില്ല. ഈ സമയത്തു കനകവും അവളുടെ കൂട്ടുകാരിയും കുടത്തിൽ വെള്ളവും നിറച്ചുകൊണ്ടു് അവരുടെ ഗൃഹങ്ങളിലേക്കു മടങ്ങുകയായിരുന്നു. അവൎക്കു കടന്നുപോരേണ്ട വഴിക്കരുകിൽ ഒരിടത്തു ഒരു രമ്യമായ ഉദ്യാനമുണ്ടായിരുന്നു. കിഴക്കെ ബങ്കാളത്തിൽ ഇത്തരം മനോമോഹനമായ ഉദ്യാനങ്ങൾ നന്നെ അപൂൎവ്വമായിരുന്നു. അതിലെ വിവിധങ്ങളും സൌരഭ്യവാഹിനികളുമായ പുഷ്പസമൂഹങ്ങൾ ആരുടേയും നയനങ്ങളെ ഹഠാദാകൎഷിച്ചിരുന്നു. ആ വിസ്തീൎണ്ണമായ ഉദ്യാനത്തിന്റെ മദ്ധ്യത്തിൽ ഒരു ശുദ്ധജലതടാകവും അതിന്റെ പാൎശ്വഭാഗങ്ങളിൽ തഴച്ചുവളൎന്നിരുന്ന പച്ചപ്പുല്ലുകളുമുണ്ടായിരുന്നു. അവിടവിടെ വിവിധങ്ങളായ വൃക്ഷങ്ങളും അവയിൽ പലതിന്നും വൃത്തത്തിലും ചതുരത്തിലും അടിത്തറകളും കെട്ടിയിരുന്നതു വിശ്രമാൎത്ഥികൾക്കു വളരെ ഉപകാരപ്രദങ്ങളായിരുന്നു. ഇതിന്നുംപുറമെ വെളിസ്ഥലങ്ങളിൽ പൂച്ചെടികളുടെ ഇടക്കായി അങ്ങിങ്ങു് ആളുകൾക്കിരിക്കത്തക്ക സൌകൎയ്യത്തിൽ കൽത്തറകളും കെട്ടിയിരുന്നു. ഇതിൽ ഒന്നിന്റെ സമീപത്തായി രണ്ടുപേർ നിന്നു സംസാരിക്കുന്നുമുണ്ടായിരുന്നു.

ഇവരിൽ മുതിൎന്ന ആൾക്കു ഉദ്ദേശം മുപ്പതിലധികം വയസ്സു പ്രായം വരും. പരുപരുത്തതും ഉയരമേറിയതുമായ ശരീരത്തോടു കൂടിയ ആളായിരുന്നു അയാൾ. നിറം നല്ല കറുപ്പ്. കാഴ്ചയിൽ ബലിഷ്ഠങ്ങളായി തോന്നിയിരുന്നെങ്കിലും അയാളുടെ ഒരവയവത്തിന്നെങ്കിലും അഴകെന്നുള്ളതു ഉണ്ടായിരുന്നില്ല. ചുരുക്കത്തിൽ ദൎശിക്കുന്ന ഏതൊരു മനുഷ്യനും പ്രഥമവീക്ഷണത്തിൽ തന്നെ അയാളിൽ വെറുപ്പു ജനിപ്പിക്കുമായിരുന്നു. ഒരു ഢാക്കാവേഷ്ടി ഉടുത്തിട്ടുണ്ടു്. മറെറാരു ഢാക്കാമൽ കൊണ്ടുള്ള തലപ്പാവ് അയാളുടെ ശിരസ്സിനെ മിക്കവാറും വേഷ്ടിച്ചിരുന്നു. ആ നേൎത്ത കുപ്പായത്തെ തുളച്ചുകൊണ്ടു അയാളുടെ കറുപ്പുനിറം പുറമെ വ്യാപിച്ചി

ന്നു. അതിന്നിടയിൽ കൂടിക്കാണാം അയാൾ അണിഞ്ഞിരുന്ന ശങ്കരനിൎമ്മിതമായ രക്ഷായന്ത്രവും പുറത്തേക്കു തുറിച്ചു നോക്കിക്കൊണ്ടിരുന്നു. അയാൾ കഴുത്തിൽ അണിഞ്ഞിരുന്ന സ്വൎണ്ണച്ചെയിൻ കാന്തികളിൽ, മന്ദാരപുഷ്പത്തെ ചുററിയിരുന്ന വാസുകിയുടെ സ്മരണയേയും ജനിപ്പിച്ചിരുന്നു. കുപ്പായത്തിൽ, സ്വൎണ്ണച്ചങ്ങലയാൽ ബന്ധിച്ചിരുന്ന സ്വൎണ്ണക്കുടുക്കുകളും പിടിപ്പിച്ചിരുന്നു. കൈവിരലുകളും പത്തിലും സ്വൎണ്ണമോതിരങ്ങളും അണിഞ്ഞിരുന്നു. ഇതിന്നും പുറമേ, യമദണ്ഡോ എന്നു സംശയമുദിപ്പിക്കുന്ന പരുത്ത ചൂരൽവടിയും ഒരു കൈവശമുണ്ടായിരുന്നു. അയാളുടെ പാദസ്പൎശം ഭൂമിയെ അശുദ്ധീകരിക്കുമോ എന്നു ശങ്കിച്ചിട്ടോ എന്തോ അവകളെ രണ്ട് ഇംഗ്ലീഷ് ഷൂസുകളാൽ മറയ്ക്കപ്പെട്ടിരുന്നു.

ഇതരനാകട്ടെ അതി സുമുഖൻ. പ്രായം ഏകദേശം ഇരുപത്തിരണ്ടു വയസ്സോളമുണ്ടാകും. അയാളുടെ സുകുമാര കളേബരം കായികാഭ്യാസത്താലോ എന്തോ തെല്ലൊന്നു മങ്ങിയിരുന്നു. സാമാന്യ വസ്ത്രങ്ങൾ മാത്രമേ അയാൾ അണിഞ്ഞിരുന്നുള്ളു. ഒരു മോതിരമല്ലാതെ അയാൾ മററാഭരണങ്ങളൊന്നും അണിഞ്ഞിരുന്നില്ല.

മൂത്തയാൾ ഇളയ ആളെ നോക്കി ചോദിച്ചു:—'മാധവാ! വീണ്ടും കൽക്കത്ത കാണ്മാനുള്ള അഭിലാഷത്തെ ജനിപ്പിക്കുന്നതു പോലെ തോന്നുന്നുവല്ലോ. എന്താണ് കാരണം?'

മാധവഘോഷ്:—അഭിലാഷമോ? മധുർ ജ്യേഷ്ഠാ! കൽക്കത്തയെപ്പററി എനിക്കു മോഹമെങ്കിൽ എന്തുകൊണ്ട് അങ്ങേക്കു രാധാഗഞ്ചിൽ അതിമോഹമെന്നു പറഞ്ഞുകൂടാ?

മധുർഘോഷ്:—അതെങ്ങിനെ?

മാധവ:—എങ്ങിനെയോ? നിങ്ങൾ ഈ രാധാഗഞ്ചിലെ പരിശുദ്ധവായുവിൽ വളൎന്ന ആൾ. അതുകൊണ്ട്. രാധാഗഞ്ച് അങ്ങേക്കു വളരെ പിടിച്ചിരിക്കുന്നു. ഞാനാകട്ടെ കൽക്കത്താപട്ടണത്തിലെ ദുൎഗ്ഗന്ധപരിപൂരിതമായ വായുവിൽ ജീവിച്ചവൻ. അതുകൊണ്ട് കൽക്കത്താ എനിക്കു വളരെ പിടിച്ചിരിക്കുന്നു.

മധൂർ:—ദുർഗ്ഗന്ധം മാത്രമോ? പട്ടണത്തിലെ ഓടകളിൽ വീണടിയുന്ന എലികളെത്ര; പൂച്ചകളെത്ര? ഹാ! ആ സുഖമുണ്ടോ ദേവന്മാക്കുകൂടി ലഭിക്കുന്നു!

മാധവ:—(ചിരിച്ചുകൊണ്ട്) ഈ സുഖത്തിന്നു വേണ്ടിയല്ല ഞാൻ കൽക്കത്താ ജീവിതം വരിച്ചത്. എനിക്കവിടെ മററു ജോലിയുണ്ടായിരുന്നു.

മധൂർ:—എന്താണങ്ങിനത്തെ ഒരു ജോലി അവിടെ? പുതിയതരം കുതിരകളും, വണ്ടികളും, പുതുമാതിരി ഇതര വസ്തുക്കളും, പണം വ്യയം ചെയ്യൽ, പരിഷ്കാരികളായ ചങ്ങാതികളൊത്തു കുടിക്കുക; ശൃംഗാരലീലകൾ ചെയ്യുക—ഇതൊക്കെയല്ലേ. എന്താണ് വായ് പിളൎന്നുകൊണ്ടു അങ്ങോട്ടു സൂക്ഷിച്ചു നോക്കുന്നത്. നീ ഇതേവരെ കനകത്തിനെ കണ്ടിട്ടു തന്നെയില്ലേ? അവളൊന്നിച്ചു വെറൊരുത്തിയെക്കാണുന്നുവല്ലോ. അവൾ എവിടെയുള്ളവൾ. ഇവിടെ എങ്ങിനെ വന്നു? ആകാശത്തിൽനിന്നും ഇറങ്ങിവന്നുവോ?—കണ്ടാൽ ഒട്ടും തരക്കേടില്ല. അവൾ ഏതു്?.

മാധവഘോഷിന്റെ മുഖം പെട്ടെന്നു വൈവർണ്ണ്യമടഞ്ഞു. എന്നാൽ, അയാൾ പെട്ടെന്നു സംഭാഷണവിഷയം മാററിക്കളഞ്ഞു. 'ഹാ കനകത്തെ നോക്കുക. എത്രതന്നെ കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടും അവൾ ചിരിച്ച മുഖത്തോടുകൂടിത്തന്നെ സദാപി കാണപ്പെടുന്നു'. എന്നു പറഞ്ഞു.

മധൂർ:—അതു ശരിതന്നെയാണ്. അവളുടെ കൂടെയുള്ളവൾ ആർ? അതു പറക.

മാധവ:—ആരോ എനിക്കു നിശ്ചയമില്ല. അവളുടെ ശിരോവേഷ്ടനം വലിച്ചുനീക്കി ആളെ നോക്കി അറിയുവാൻ എനിക്കു സാധിക്കുമോ?

കനകവും അവളുടെ കൂട്ടുകാരിയും പുഴയിൽനിന്നും വെള്ളവും കോരിക്കൊണ്ടു ഗൃഹത്തിലേക്കു മടങ്ങിവരുന്ന സമയമായിരുന്നു ഇത്. കനകത്തെ അദ്ദിക്കിൽ എല്ലാവരുമറിയും. യുവതിയെ ആ യുവാക്കന്മാക്കു മനസ്സിലായില്ല. അവളുടെ രൂപലാവണ്യവും

മനോഹര നടത്തവും മാധവഘോഷിനെയും മധുർഘോഷിനെയും അതിരുകടന്നാകർഷിച്ചു. ഇരുവരും അവളെത്തന്നെ ഉററു നോക്കിക്കൊണ്ടുനിന്നു.

ഇതേ തരുണത്തിൽ ഒരു മന്ദപവനങ്ങൾ ആ ശിരസ്സിൽ ധരിച്ചിരുന്ന വസ്ത്രാഞ്ചലങ്ങളിൽ വീശിയടിച്ചു. അപ്പോൾ യുവതി, വെള്ളം കോരി കുടത്തിൽ എടുത്തു നടന്നു ശീലമില്ലാതിരുന്നതിനാൽ അരക്കെട്ടിൽനിന്നും ഇളകിത്തുടങ്ങിയ ജലകുംഭത്തെ നിലത്തു വീഴാതെ യഥാസ്ഥാനത്തുറപ്പിക്കുവാൻ വേണ്ടി വസ്ത്രാഞ്ചലത്തിൽ പിടിച്ചിരുന്ന കൈ എടുക്കുകയും അതേ തരുണത്തിൽ വസ്ത്രം കാററിൽപറന്നു തലയിൽനിന്നും നീങ്ങുകയും ചെയ്തു. അവളുടെമുഖം ദശിച്ചമാത്രയിൽ മാധവഘോഷ് അത്യന്തം അതിശയിച്ചുപോയി. അപ്പോൾ മധുർഘോഷ് ചോദിച്ചു:—'അതാ ഇപ്പോൾ നല്ലവണ്ണം നോക്കുക. അവൾ ആരാണെന്നു നിനക്കറിയാമൊ?'

'അറിയാം'

'അറിയാമോ? നീ അറിയുമെങ്കിൽ ഞാൻ എന്തുകൊണ്ടറിയുകയില്ല? ഞാനാണെങ്കിൽ ഇദ്ദിക്കിൽ സ്ഥിരമായി പാൎക്കുന്നവൻ. നീയോ അന്യനാട്ടിൽനിന്നും ഇപ്പോൾ വന്നവൻ. നിനക്കറിയുമെന്നും ഞാനറിയുകയില്ലെന്നും വന്നതിൽ ആശ്ചൎയ്യപ്പെടുന്നു. അറിയുമെങ്കിൽ അവൾ ആരെന്നു വേഗം പറയുക

'എൻെറ ജേഷ്ഠത്തി'

'നിൻെറ ജേഷ്ഠത്തിയോ? രാജമോഹനൻെറ ഭാൎയ്യയോ?'

'അതേ.'

'ഞാൻ ഇതേവരെ ഇവളെ കണ്ടിട്ടേ ഇല്ല.'

'എങ്ങിനെയാണ് കാണുക. അവൾ ഒരിക്കലും വീട്ടുവിട്ടു പുറത്തിറങ്ങാറില്ല'

'എന്നാൽ ഇപ്പോൾമാത്രം എന്തുകൊണ്ടിറങ്ങി?'

'എനിക്കെങ്ങിനെ അറിയാം?'

'ആകട്ടെ ആൾ എങ്ങിനെ?'

'നിശ്ചയമില്ല. നിങ്ങൾ കണ്ടില്ലേ. നല്ല രൂപവതി.'

'നിഃന്നാടതല്ല ചോദിച്ചത്. പ്രകൃതം എങ്ങിനെ എന്നാണ്'.

'പ്രകൃതം എങ്ങിനെ എന്നുവെച്ചാൽ?'

'എടാ, ശനിപിടിച്ചവനെ? നി ഇത്ര മറയനാണോ. കോളേജിൽ പഠിച്ചു പഠിച്ചു ഒട്ടും ബുദ്ധിയില്ലാതായോ? ഞാൻ ചോതിച്ചതെന്തെന്നാൽ അവളുടെ നടവടി—'

മാധവഘോഷ് പുരികം ചുളിക്കുന്നതു കണ്ടപ്പോൾ മധ്യൂർഘോഷ് സംഭാഷണം പെട്ടന്നു നിൎത്തി.

മാധവഘോഷ് രോഷത്തോടുകൂടി പറഞ്ഞു:—'നിങ്ങൾ ഇങ്ങിനെ 'പച്ചയിൽ' ചോദിക്കുന്നതിൻെറ അൎത്ഥം മനസ്സിലാകുന്നില്ല. വഴിയിൽ കൂടിപോകുന്ന കുലസ്ത്രീകളെപ്പററി ഇങ്ങിനെ വ്യാമോഹിതനായി ചോദിക്കുന്നത് അപമൎയ്യാദയാണ്.

'ഞാൻ ആദ്യമേതന്നെ പറഞ്ഞില്ലേ. വല്ലതും രണ്ടുമൂന്നു ഇംഗ്ലീഷ് പടിപ്പു പടിച്ചാൽ ഇപ്പോഴത്തെ ചെറുപ്പക്കാർ വലിയ ധൎമ്മരായി രൂപംമാറും. ജേഷ്ഠത്തിയെപ്പററിഒന്നും ചോദിച്ചുകൂടെന്നാണോ പറയുന്നത്? എന്നാൽ മുത്തശ്ശിയെപ്പററിയായാലോ? അതൊക്കെ പോകട്ടെ. നി വെറുതെ പരിഭവിക്കണ്ട. ഗൌരവഭാവം ഉപേക്ഷിക്കുക. നല്ലൊരു പെൺകുട്ടി. ആ കോമാളി രാജ്യമോഹനന്നാണോ ഈ മാതിരി ഓമനക്കുട്ടികളെ നൽകുക. കാണുന്നവർ പരിഹസിക്കുകയില്ലേ?

'എല്ലാം വിധിപോലെ മാത്രമേ നടക്കുകയുള്ളു.'

രണ്ടുപേരും കുറച്ചുനേരം പലതും സംസാരിച്ചശേഷം അവരവരുടെ ഗൃഹങ്ങളിലേക്കുപോയി.

# മൂന്നാം അദ്ധ്യായം.

കനകവും യുവതിയും സാവധാനത്തിൽ ഗൃഹത്തിലേക്കു വരികയായിരുന്നു. അന്യപുരുഷന്മാരെ ദൎശിക്കുന്നതിലും, അവർ കേൾക്കെ സംസാരിക്കുന്നതിലും യുവതിക്കു അതിവ ലജ്ജയുണ്ടായിരുന്നു. അവൾ ഒന്നും സംസാരിക്കാതെ മൌനം ദീക്ഷിച്ചതിനാൽ ക

നകവും യാതൊന്നും സംസാരിച്ചില്ല. എന്നാൽ കനകത്തിന്നു അധികനേരം നാവടക്കിവച്ചുകൊണ്ടിരിക്കുക വശമില്ലതാനും. ഇരുവരും വീട്ടിനോടു സമീപിച്ചു. അവിടെയെങ്ങും അന്യരാരുമില്ലെന്നു കണ്ടപ്പോൾ യുവതി സംസാരിക്കുവാൻ തുടങ്ങി.

'ജ്യേഷ്ഠത്തി? ആ ദുഷ്ടനായ പവനൻ എനിക്കു വരുത്തിവെച്ച അപമാനം നിങ്ങൾ കണ്ടില്ലേ?'

'നീ നിന്റെ സഹോദരിയുടെ ഭർത്താവിനെ കാണുകയുണ്ടായിട്ടില്ലേ? അപ്പോൾ ആ കാററടിച്ചില്ലായിരുന്നെങ്കിൽ എത്ര നിനക്കെങ്ങിനെ സാധിക്കുമായിരുന്നു?'

'അദ്ദേഹമൊന്നിച്ചു വേറൊരാളെ കണ്ടുവല്ലോ—'

'എന്ത്, നീ അദ്ദേഹത്തെ അറിയുകയില്ലേ. അദ്ദേഹമാണ് രഘൂർബാബു.'

'ഞാൻ അദ്ദേഹത്തെ എപ്പോൾ കാണുവാനാണ്. എന്റെ അനുജത്തിയുടെ 'ഭർത്താവിന്റെ വലിയച്ഛന്റെ മകനല്ലേ?'.

'അതെ, അതെ.'

'എനിക്കു വളരെ ലജ്ജയായിരിക്കുന്നു. ഈ വർത്തമാനമൊന്നും നിങ്ങൾ ആരോടും പറയരുത്.'

'ഇല്ലില്ല. നീ തലമൂടി നീക്കി മുഖത്തെ എല്ലാവർക്കും കാട്ടിക്കൊടുത്തു എന്നു പറയുവാൻ പോകയാണ്.' എന്നു പരിഹാസമായി പറഞ്ഞു ഒന്നുപുഞ്ചിരിച്ചു.

'നിങ്ങൾ ഒരു പക്ഷേ ഇങ്ങിനെതന്നെ പറഞ്ഞേക്കാനും മടിക്കുകയില്ല. ഇതു ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങളോടുകൂടി വരികയുമില്ലായിരുന്നു.' എന്നു കോപസ്വരത്തിൽ പറഞ്ഞു.

കനകം വീണ്ടും ചിരിച്ചു. അതുകണ്ടു യുവതി പറഞ്ഞു:—
'നിങ്ങളുടെ ചിരി എനിക്കു സന്തോഷം തോന്നിക്കുന്നില്ല. ഭഗവാനേ? ഇതെന്തൊരു ദുരദൃഷ്ടമാണ്'. ഇത്രയും ഉദ്വേഗത്തോടുകൂടി പറഞ്ഞ ശേഷം അവൾ നാലുദിക്കിലും നോക്കിയശേഷം തന്റെ വീട്ടിലേക്കു കടന്നു.

അവൾ ഇത്ര ഭയപ്പെടുവാനുള്ള കാരണം എന്തായിരിക്കുമെന്നു കനകം ചിന്തിച്ചു. വീട്ടുവാതുക്കൽ സംഹാരരുദ്രനെപ്പോലെ രാജമോഹനൻ നില്ക്കുന്നുണ്ടായിരുന്നു. അതുകണ്ടു കനകം തന്റെ കുട്ടു

കാരിയുടെ കണ്ണന്നത്തിൽ പറഞ്ഞു:—'കാര്യം പാറിപ്പോയി. ഇനി ഭയങ്കരമായ ഫലംതന്നെ സംശയമില്ല. ഭയപ്പെടേണ്ട. ഞാൻ കൂടി നിന്നോടൊന്നിച്ചു വരാം. എന്തെങ്കിലും സഹായം അതുമൂലം നിനക്കുണ്ടായിയെന്നു വരാം.'

'വേണ്ടാ, വേണ്ട. വരുന്നതൊക്കെ ഞാൻ സഹിച്ചുകൊള്ളാം. നിങ്ങൾകൂടി ഉണ്ടായിരുന്നാൽ ഒരു പക്ഷേ അനുഗ്രഹത്തിനുണ്ടാകാവുന്ന അല്പ ദൈന്യതകൂടി നഷ്ടപ്പെട്ടു എന്നും വന്നേക്കാം. നിങ്ങൾ നിങ്ങളുടെവീട്ടിലേക്കു പൊയ്ക്കൊള്ളുക.' എന്നു പറഞ്ഞു രാജമോഹനന്റെ ഭാര്യ.

കനകം മറെറാരുമാർഗ്ഗമായി അവളുടെ വീട്ടിലേക്കു പോയി. അവളുടെ കൂട്ടുകാരി തന്റെ ഗൃഹത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ ഭർത്താവായ രാജമോഹനൻ യാതൊന്നും ശബ്ദിച്ചില്ല. അവൾ ജലകുംഭത്തെ അടുക്കളയിൽ ഒരു ഭാഗത്തു കൊണ്ടുചെന്നുവെച്ചു. അവൾ മുറിക്കകത്തേക്കു കടന്നപ്പോൾ രാജമോഹനൻ മെല്ലെ അവളെ അനുഗമിച്ചു. അവൾ കുടംതാഴത്തുവച്ചു നിവന്ന മാത്രയിൽ ആയാൾ അവളെ നോക്കി സഗൌരവം 'അവിടെനില്ക്കു' എന്നു ഗർജ്ജിച്ചു. അനന്തരം ആയാൾ ആ കുടത്തിലുണ്ടായിരുന്ന വെള്ളം മുഴുവൻ നിലത്തു മറിച്ചു. ആയാൾക്കു വളരെ വൃദ്ധയായ ഒരു അമ്മായിയുണ്ടായിരുന്നു. പാചകവൃത്തി മുഴുവൻ നിർവ്വഹിച്ചുവന്നതും അവൾതന്നെയായിരുന്നു. രാജമോഹനൻ വെള്ളം മുഴുവൻ നിലത്തു ചരിച്ചുകളയുന്നതു കണ്ടു വൃദ്ധ 'നീ എന്തിനാണിങ്ങിനെ ആ വെള്ളം മുഴുവൻ പാഴാക്കി കളയുന്നത്? ഇവിടെ ഇഷ്ടംപോലെ വെള്ളം കൊണ്ടുവന്നു തരുവാൻ നീ ആളെ ആക്കിയിട്ടുണ്ടോ?' എന്നു ദ്വേഷ്യപ്പെട്ടു ചോദിച്ചു.

'മര്യാദക്കു മിണ്ടാതിരുന്നുകൊള്ളുവിൻ കിഴട്ടുശവമേ' എന്നു പറഞ്ഞുകൊണ്ടു കോപാവേശത്തോടുകൂടി അയാൾ ആ വെറും കുടം വലിച്ചു ദൂരത്തെറിഞ്ഞു. പത്നിയെപ്പററി അളവററ ദ്വേഷ്യം അയാൾക്കുണ്ടായിരുന്നു. എന്നാൽ അതൊന്നും പുറത്തു കാണിക്കാതെ അയാൾ വളരെ നയമായി അവളുടെ സമീപമടുത്തു 'നീ ഇതുവരെ എവിടേക്കു പോയിരിക്കയായിരുന്നു?' എന്നു ചോദിച്ചു.

അവൾ ധൈര്യമവലംബിച്ചുകൊണ്ടു സാവധാനത്തിൽ പറഞ്ഞു:—'ഞാൻ വെള്ളം കൊണ്ടുവരുവാൻ പോയിരിക്കയായിരുന്നു'. ഭർത്താവു പറഞ്ഞ സ്ഥലത്തുനിന്നും ലേശവും നീങ്ങാതെ സധൈര്യം അവൾ അവിടെത്തന്നെ നിന്നു.

'ഓഹോ, വെള്ളം കൊണ്ടുവരുവാനോ? ആരോടു ചോദിച്ചിട്ടു പോയി?' എന്ന് ഭർത്താവു പരിഹാസസ്വരത്തിൽ ചോദിച്ചു.

'ആരോടും ചോദിച്ചിട്ടല്ല പോയത്'.

'ഞാൻ എത്രയോ പ്രാവശ്യം നിന്നോട് വീട്ടുവിട്ടു പുറത്തു പോകരുതെന്നു പറഞ്ഞിട്ടില്ലേ?'.

'ഉവ്വ്'.

'ഛെ ചേട്ട! പിന്നെ നീ ആരുടെ അനുമതിപ്രകാരം പോയി?' 'ഞാൻ അങ്ങയുടെ പത്നി. (അവളുടെ മുഖം വിളറി. തൊണ്ട ഇടറി) പോയതുകൊണ്ടു വലിയ ദൂഷ്യമൊന്നും ഉണ്ടാകാനില്ലെന്നു കരുതി മാത്രം പോയതാണ്'.

ഈ സാഹസവചനം രാജകുമാരന്റെ കോപത്തിനു മാറ്റു വർദ്ധിപ്പിച്ചു. 'നിന്നെ എത്രയോ പ്രാവശ്യം ഞാൻ വിലക്കിയിരിക്കുന്നു' എന്നയാൾ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടു തന്റെ അയസ്സമാനമായ കരത്താൽ അവളുടെ മൃദുലമായ ഒരു കരത്തിൽ ബലമായി പിടിച്ചുവലിച്ചുകൊണ്ടു മറ്റേ കൈ വലിച്ചു അടിക്കുവാൻ ഓങ്ങി. ഈ തരുണത്തിൽ അവൾ യാതൊന്നും പറയുവാൻ ശക്തയല്ലാതെ സംഭ്രമസമന്വിതം അവിടെത്തന്നെ നിന്നു. അയാളുടെ പിടിയിൽനിന്നും വിമുക്തയാകുവാനും അവൾ ഉദ്യമിച്ചില്ല. എന്നാൽ, തന്നെ നിർദ്ദയം പ്രഹരിക്കുവാൻ ഭാവിക്കുന്ന അയാളുടെ മുഖത്തു അവൾ തന്റെ ദയനീയ ദർശനശരത്തെ പ്രയോഗിച്ചു. അവളുടെ ആ നോട്ടം അവന്റെ കഠിനഹൃദയത്തെ തെല്ല് ആർദ്രമാക്കി തീർത്തു. അയാളുടെ ആ ഓങ്ങിയ കരം മന്ത്രശക്തിയാലെന്നവണ്ണം നിശ്ചേഷ്ടം നിലകൊണ്ടു. അല്പനേരം അവൾ മൌനിയായി നിന്നശേഷം പത്നിയുടെ കരത്തിൽനിന്നും പിടിവിടർത്തി. എന്നാൽ, അതേ നിമിഷത്തിൽ തന്നെ അയാൾ അവളെ നോക്കി ഗൌരവപൂർവ്വം 'നിന്നെ ഞാൻ വെറുതേ വിട്ടുമെന്നു ധരിക്കേ. അടിച്ചു തകർക്കുന്നുണ്ട്' എന്നു പറഞ്ഞു.

അപ്പോഴും ആ നിരപരാധിനിയായ അബല യാതൊരു പ്രത്യുത്തരവും വദിച്ചില്ല. അവളുടെ നയനങ്ങളിൽ നിന്നും അശ്രുകണങ്ങൾ മാത്രം ധാരധാരയായി പ്രവഹിച്ചു. അല്പ സമയത്തിനുള്ളിൽ അവൾ അനുഭവിക്കുന്ന ഹൃദയവേദനയിൽ ആ കഠിന ഹൃദയന്ന് അനുതാപം ജനിച്ചു. തന്നിമിത്തം അവളെ പ്രഹരിക്കുവാൻ അയാൾക്കു മനസ്സു വന്നില്ല. എന്നാൽ, ശകാരവർഷംകൊണ്ടു അവളെ അലട്ടിക്കൊണ്ടിരുന്നു. കടുനാരാചമെന്നവണ്ണം അയാൾ തന്നിൽ പ്രയോഗിച്ചുകൊണ്ടിരുന്ന വാക്ശരങ്ങൾ മുഴുവൻ അവൾ സധൈര്യം സഹിച്ചു.

രാജമോഹനന്റെ രൌദ്രഭാവം ക്രമേണ കുറഞ്ഞുതുടങ്ങി. ഈ അവസരത്തിലാണ് അയാളുടെ വൃദ്ധയായ അമ്മാവിക്കു തെല്ലു ധൈര്യം കൈവന്നതു്. അവൾ തന്റെ മരുമകന്റെ പത്നിയുടെ കൈക്കു പിടിച്ചു ദൂരത്തൊരിടത്തേക്കു കൊണ്ടുപോയി. പോകും വഴി അവൾ മരുമകനെ കുറെ ശകാരിക്കുകയും ചെയ്തു. രാജമോഹനൻ അതിന്നൊന്നും വിപരീതം ഭാവിച്ചുകാണായ്കയാൽ കിഴവിക്കു വളരെ സന്തോഷമായി. അവൾ രാജമോഹനന്റെ പത്നിയെ വളരെ ശാന്തവാക്കുകൾ പറഞ്ഞു ആശ്വസിപ്പിച്ചു തുടങ്ങി. ഇതൊന്നും കേൾക്കുവാൻ തനിക്കിഷ്ടമല്ലെന്നുള്ള നാട്യത്തിൽ അയാൾ വീടുവിട്ടു പുറത്തിറങ്ങിപ്പോകയും ചെയ്തു.

## നാലാം അദ്ധ്യായം.

കഴിഞ്ഞ അദ്ധ്യായങ്ങളിൽ പരിചയപ്പെട്ടിട്ടുള്ളവരുടെ പൂർവ്വകഥകളെക്കുറിച്ചു് ഇനി നമുക്കു തെല്ലാരായാം.

ബങ്കാളിലെ പല ജമീന്ദാർമാരും വളരെ താഴ്ന്നപടിയിൽ നിന്നും ഉയർന്നവരാണെന്നുള്ളതു പ്രസിദ്ധമായ സംഗതിയാണ്. കിഴക്കെ ബങ്കാളത്തിൽ ഒരു പ്രബലനായ ജമീന്ദാരുണ്ടായിരുന്നു. അന്നു് അദ്ദേഹത്തിന്റെ ഒരു വേലക്കാരനായിരുന്ന വംശീവാദൻ ഘോഷ് എന്നൊരുവനല്ലാതെ ആ കുടുംബത്തിൽപെട്ട ആരും

ളുനു ജീവിച്ചിരിക്കുന്നില്ല. എന്നാൽ ജമിന്ദാർ ജീവിച്ചിരുന്ന കാലത്തു അദ്ദേഹത്തിന് അത്യധികമായ ധനമുണ്ടായിരുന്നു. വാൎദ്ധക്യമായിട്ടും അദ്ദേഹത്തിനു സന്താനമൊന്നുമില്ലാതിരുന്നതിനാൽ രണ്ടാമതൊരു ചെറുപ്പക്കാരിയെക്കൂടി അദ്ദേഹം വിവാഹം ചെയ്തു. എന്നാൽ രണ്ടാമത്തെ ഭാൎയ്യയിലും സന്താനമൊന്നുമുണ്ടായില്ല. സപത്നികൾ തമ്മിൽ സദാ പോരും തുടങ്ങി. വൃദ്ധനായ ജമിന്ദാൎക്കു രണ്ടാമത്തെ ഭാൎയ്യയിലായിരുന്നു കൂടുതൽ സ്നേഹമുണ്ടായിരുന്നതും. ഇങ്ങിനെയിരിക്കെ ഒരു ദിവസം മൂത്തപത്നി പരലോകം പ്രാപിച്ചു. ജമിന്ദാൎക്കും, വാത്സല്യഭാജനമായ ഇളയപത്നിക്കും ഈ സംഭവം കൂടുതൽ സന്തോഷത്തെ ജനിപ്പിച്ചു. എങ്കിലും അദ്ദേഹം ആദ്യപത്നിയുടെ വിയോഗത്തിൽ പരിതപിക്കാതിരുന്നില്ല. 'ഞാനും അവളെപ്പോലെ ഒരു ദിവസം മരിക്കേണ്ടിവരും. മരണത്തിൽ ഞാൻ ഒട്ടും ഖേദിക്കുന്നില്ല. എന്നാൽ എന്റെ വൻപിച്ച ദ്രവ്യമെല്ലാം ഇവൾക്കുതന്നെ ലഭിക്കുമല്ലോ' എന്നു ഒരു ദിവസം പറയുകയുണ്ടായി. വസ്തുത ഗ്രഹിച്ചു ഇളയ പത്നി ജമിന്ദാരുടെ നേരെ കുറെ കയൎത്തുവെങ്കിലും അവൾ അദ്ദേഹത്തെ നയത്തിൽ പാട്ടിലാക്കി. അതിന്റെ ഫലമായി ജമിന്ദാർ തന്റെ വസ്തുവകകൾ മുഴുവൻ വിററു പണമാക്കി സൎവ്വ സ്വത്തുക്കളും അവൾക്കു കൊടുത്തു. കരുണാമയി എന്നു പേരായ അവൾ അതീവ ബുദ്ധിമതിയുമായിരുന്നു. ഇപ്പോൾ ജമിന്ദാരുടെ സമ്പാദ്യം മുഴുവൻ തന്റെ ഇരുമ്പുപെട്ടിയിലുമായി. ഇങ്ങിനെയിരിക്കെ ഏറെത്താമസിയാതെ വൃദ്ധൻ മരണം പ്രാപിച്ചു. കരുണാമയിക്കിപ്പോൾ വൻപിച്ച സ്വത്തുണ്ട്; ബുദ്ധിശക്തിയുണ്ട്; നല്ല യൌവനവുമുണ്ട്. യാതൊരു ഫലവുമില്ലാതെ തന്റെ യൌവനത്തെ നശിപ്പിക്കേണ്ടിവരുന്നുവല്ലോ എന്ന് അവൾ ചിന്തിക്കുവാൻ തുടങ്ങി.

ഭഗവാൻ ശ്രീരാമൻ സീതാവിയോഗത്തിന്നു ശേഷം തന്റെ അടക്കവഹിയാത്ത വിരഹദുഃഖത്തെ പരിഹരിക്കുവാനായി സീതയുടെ ഒരു വിഗ്രഹമുണ്ടാക്കിച്ചു വച്ചു. അതു കണ്ടു ആശ്വസ്ഥനായി. അതുപോലെ കരുണാമയിക്കും എന്തുകൊണ്ട് തന്റെ ഭൎത്താവിന്റെ ഒരു വിഗ്രഹമുണ്ടാക്കിച്ചുവച്ചു അതു കണ്ടു ദുഃഖപരിഹാരം

തേടിക്കൂടാ? എന്നാൽ, ശ്രീരാമൻ ജീവനില്ലാത്ത ഒരു വിഗ്രഹത്തെ ഇഷ്ടപ്പെട്ടപ്പോൾ അവളാകട്ടെ ഒരു സജീവ വിഗ്രഹത്തെയാണു കാമിച്ചത്. 'ഭർത്താവില്ലാത്ത ജീവിതം തന്നെ എന്തു ജീവിതമാണ്. എനിക്കാണെങ്കിൽ നല്ല യൌവനം. ധനത്തിനും കുറവില്ല' എന്നിങ്ങിനെ അവൾ പലതും ചിന്തിച്ചശേഷം തന്റെ ഭർത്താവിന്റെ പരിചാരകനായിരുന്ന മേൽപറഞ്ഞ വംശീവാദൻ ഘോഷിനെ തന്റെ ഭർത്താവായി തിരിഞ്ഞെടുത്ത്. തന്റെ സകലതും അയാളിൽ സമർപ്പിക്കുകയുംചെയ്തു. അതുവരെ കേവലമൊരു പരിചാരകനായിരുന്ന വംശീവാദൻ പെട്ടന്നു പ്രഭു പദത്തിലേക്കധിരോഹണം ചെയ്യപ്പെട്ടു.

യമന്റെ ദൃഷ്ടിയിൽ വലിപ്പച്ചെറുപ്പമെന്നതില്ലല്ലോ. എല്ലാം സമം തന്നെ. അധികദിവസം കഴിയും മുമ്പേ കരുണാമയി തന്റെ ഭർത്താവിനെ അനുഗമിച്ചു. ആദ്യം ചെറിയ ഒരു ജ്വരത്തിന്റെ ലക്ഷണമാണവളിൽ കണ്ടത്. ക്ഷണത്തിൽ അതു വർദ്ധിച്ചു മരിക്കുകയുംചെയ്തു. അവളുടെ പണത്തെ മോഹിച്ച വംശീവാദൻ അവളെ വിഷംകൊടുത്തു കൊന്നുവെന്നാണു ജനസംസാരമുണ്ടായത്. കാര്യം എങ്ങിനെയായാലെന്ത്? കരുണാമയി കാലധർമ്മം പ്രാപിച്ചു.

വംശീവാദൻ, കരുണാമയിയുടെ വൻപിച്ച സ്വത്തുമായി തന്റെ നാട്ടിലേക്കു മടങ്ങി. എന്നാൽ, സ്വത്തിന്റെ അവസ്ഥക്കു തക്കവിധം അയാൾ ആഡംബര ജീവിതത്തെ ഇഷ്ടപ്പെട്ടില്ല. സാമാന്യം സൌഖ്യമായ ജീവിതം അയാൾ നടത്തിവരവേ, പെട്ടെന്നു മരണം പ്രാപിച്ചു. അനന്തരം, അയാളുടെ സന്താനങ്ങൾ അതുവരെ കഴിഞ്ഞ കേവല ജീവിതം ഇനി ആവശ്യമില്ലെന്നു തീർച്ചയാക്കി ധാരാളം ഭൂസ്വത്തുക്കൾ വാങ്ങി ആർഭാടമായ ജീവിതചര്യയെ വരിച്ചു. ചെറിയ വീട്ടിൽനിന്നും വലിയ ബംഗ്ലാവിലേക്കു താമസവും മാററി.

മൂത്ത പുത്രനായ രാമകാന്തൻ ധനവിനിയമനകാര്യത്തിൽ വളരെ ബുദ്ധിമാനായിരുന്നു. തന്നിമിത്തം അയാൾ തന്റെ ഓഹരി ധനത്തെ പലേ ആദായകരങ്ങളായ തുറകളിലും ചെലുത്തി അതിനെ വർദ്ധിപ്പിക്കുവാൻ തുടങ്ങി. കാലക്രമേണ അയാൾ ഒരു വലിയ ധനവാനായിത്തീരുകയും, ധനപരിപോഷണ വിഷയ

ത്തിൽ തന്നെപ്പോലെ തന്നെ പ്രാപ്തനായ തന്റെ ഏകപുത്രനായ മധുർഘോഷിൽ സൎവ്വവും സമൎപ്പിച്ചു മരിക്കുകയും ചെയ്തു. രാമകാന്തൻ, തന്റെ പുത്രനായ മധുർഘോഷിനെ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യിച്ചിരുന്നില്ല. സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം പുത്രനെ തന്നോടൊന്നിച്ചു പാൎപ്പിച്ചു. തനിക്കു വശമുള്ള വിഷയങ്ങളിൽ വ്യാപൃതനാക്കുകയും ലോകജീവിത രഹസ്യങ്ങൾ മനസ്സിലാക്കുകയും ധനസമ്പാദന മാൎഗ്ഗങ്ങൾ പരിശീലിപ്പിക്കുകയുമാണുണ്ടായത്. തൽഫലമായി എന്തു പിട വിട വൃത്തി ആചരിച്ചും പണം സമ്പാദിക്കുവാൻ അയാൾ അതിസമൎത്ഥനായി ഭവിച്ചു.

വംശീവാദന്റെ രണ്ടാമത്തെ പുത്രന്റെ പേർ രാമകാനായി എന്നായിരുന്നു. അദ്ദേഹത്തിന്റെ പ്രകൃതം ജ്യേഷ്ഠന്റേതിൽനിന്നും വളരെ വ്യത്യസ്തവുമായിരുന്നു. ജന്മനാ തന്നെ അയാൾ വലിയ ധാരാളിയായിരുന്നതിനാൽ തനിക്കു ഭാഗത്തിൽ കിട്ടിയ സ്വത്തു മുഴുവൻ വിവിധമാൎഗ്ഗങ്ങളിലൂടെ ക്ഷണത്തിൽ ചെലവഴിഞ്ഞു. ആദ്യത്തിൽ അയാൾക്കുണ്ടായിരുന്നതു പോലെ മനോഹരമായ ബംഗ്ലാവോ തോട്ടങ്ങളോ ഉപകരണങ്ങളോ അദ്ദിക്കിൽ മററാൎക്കുമില്ലായിരുന്നു. എന്നാൽ എല്ലാം അന്യാധീനപ്പെട്ടു കഷ്ടത്തിലായി. എങ്കിലും അയാൾ വളരെ യോഗ്യനായിരുന്നതിനാൽ ഈ ദയനീയ ഘട്ടത്തിൽ ചില സ്നേഹിതന്മാർ കൂടി സഹായിച്ചു പോയ്പോയ വസ്തുക്കൾ വീണ്ടെടുക്കുകയും അയാളെ കല്ക്കത്തയിൽ ഒരു കച്ചവടത്തിലേൎപ്പെടുത്തുകയും ചെയ്തു. എന്നാൽ കച്ചവടത്തിൽ അയാൾക്കു വലിയ ഗുണമൊന്നുമുണ്ടായില്ല. ഒടുവിൽ കച്ചവടമൊക്കെ തുലഞ്ഞു. ഉണ്ടായിരുന്ന മുതൽ കടക്കാൎക്കു കൊടുത്തുതീൎത്തു. എന്നാൽ രാമകാനായി കച്ചവടാൎത്ഥം കല്ക്കത്തക്കു പോയത് അയാളുടെ ഏകപുത്രനായിരുന്ന മാധവഘോഷിനു വളരെ ഗുണകരമായി പരിണമിച്ചു. എന്തുകൊണ്ടെന്നാൽ അച്ഛനൊന്നിച്ചു കല്ക്കത്തയിൽ പാൎക്കുക നിമിത്തം നല്ലവണ്ണം ഇംഗ്ലീഷു വിദ്യാഭ്യാസം ചെയ്യുവാൻ സാധിച്ചു. രാമകാനായി തന്റെ ഏകപുത്രനെ പരിഷ്കൃതരീതിയിൽ ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യിച്ചു. ഒടുവിൽ ഒരു കുലീനഗൃഹത്തിൽ നിന്നും വിവാഹവും ചെയ്യിച്ചു.

കല്ക്കത്തക്കു സമീപമുള്ള ഒരു ചെറുഗ്രാമം. അതിൽ ഒരു സാധുകുടുംബം. ധനസ്ഥിതി വളരെ മോശമെങ്കിലും ആ ഗൃഹത്തിൽ രണ്ടു സുശീലകളും സുന്ദരികളുമായ പെൺകുട്ടികൾ വളൎന്നുവന്നിരുന്നു. സദ്വൃത്തിയിലും സൌന്ദൎയ്യത്തിലും അവൎക്കു തുല്യകളായി അടുത്ത പ്രദേശത്തെങ്ങും ഒരൊററ പെൺകുട്ടിപോലുമില്ലെന്നു തീൎത്തു പറയാം. പണമുണ്ടായാലെന്തു? ഗുണമുണ്ടായാലെന്തു? വിധിയെ ആരു തടുക്കും? എത്രയോ സുശീലകളായ ബംഗാളി യുവതികൾ മൂഢപ്രായന്മാരായ ഭൎത്താക്കന്മാൎക്കടിമകളായിത്തീരാറുള്ളതുപോലെ, ആ സാധുകുടുംബത്തിലെ ഗൃഹദേവതകളിൽ മൂത്തവളായ മാതംഗി ഒരു മുട്ടാളനും നീചനുമായ രാജമോഹനൻ എന്നവന്റെ കളത്രമായി ഭവിച്ചു.

രാജമോഹനൻ ഒരു വലിയ കപട പടുവായിരുന്നു. എങ്ങിനെയോ തന്റെ ജീവിത നിൎവ്വഹണം നടത്തിവന്നിരുന്നു. ആ ഗ്രാമത്തിന്നടുത്തുതന്നെ ഒരിടത്താണ് അയാൾ വസിച്ചുവന്നതും. ഒരു രാജഗൃഹത്തെ അലങ്കരിക്കുവാൻ എല്ലാംകൊണ്ടും യോഗ്യയായ മാതംഗി ആ ദുഷ്ടന്റെ അടിമയായും വൎത്തിച്ചുവന്നു. ഇളയ പെൺകുട്ടിയായ ഹേമാംഗിക്കു തന്റെ ഭാഗ്യത്താൽ മാധവഘോഷിനെ ആത്മവല്ലഭനായി ലഭിച്ചു.

മാധവഘോഷിന്റെ വിദ്യാഭ്യാസം പൂൎത്തിയാകുന്നതിന്നു കുറച്ചുകാലം മുൻപുതന്നെ പിതാവായ രാമകാന്തൻ ദിവംഗതനായി. ധനത്തിൽ താൻ വളരെ പിന്നാക്കക്കാരനെങ്കിലും മാധവഘോഷ് തന്റെ ധൈൎയ്യത്തെ ലേശവും ഉപേക്ഷിച്ചില്ല. വംശീധരന്റെ മൂന്നാമത്തെ പുത്രൻ രാമഗോപാൽ, ആദ്യജ്യേഷ്ഠനായ രാമകാന്തനെപ്പോലെ വലിയ ധനികനായിരുന്നില്ലെങ്കിലും രണ്ടാമത്തെ ജ്യേഷ്ഠനായ രാമകാന്തിനെപ്പോലെ ഭാഗ്യദോഷിയായിരുന്നുമില്ല. രാമകാന്തന്റെ മരണശേഷം രാമഗോപാലും മരണം പ്രാപിച്ചു. അദ്ദേഹത്തിനു സന്താനങ്ങളെ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ മരണവേളയിൽ പത്നി മാധവഘോഷിന്റെ രക്ഷയിൻകീഴിൽ പാൎത്തിരുന്നതിനാൽ തന്റെ സ്വത്തുക്കൾ മുഴുവൻ മാധവഘോഷിന്നു ലഭിക്കേണമെന്നു് അദ്ദേഹം ഒരു മരണപത്രവും എഴുതിവെച്ചിരുന്നു.

## അഞ്ചാം അദ്ധ്യായം.

പിതാവു മരിച്ച ശേഷവും മാധവഘോഷ് തന്റെ വിദ്യാഭ്യാസം പൂൎത്തിയാകുന്നതുവരെ കല്ക്കത്തയിൽതന്നെ പാൎത്തു. അക്കാലത്തു തന്റെ പേരിലുണ്ടായിരുന്ന സ്വത്തുക്കളെല്ലാം തനിക്കു വേണ്ടപ്പെട്ടവരിൽ ചിലർ തന്നെ നോക്കി വരികയായിരുന്നു. പഠിപ്പു പൂൎത്തിയാക്കിയ ശേഷം പത്നിയേയും കൂട്ടി സ്വദേശമായ രാധാഗഞ്ചിലേക്കു പോകുവാനായി ഹേമാംഗിയുടെ ഗൃഹത്തിൽ ചെന്നു.

മാധവഘോഷ് പത്നിഗൃഹത്തിൽ ചെന്നിരുന്ന ഒരു അവസരത്തിൽ അവിടെ മാതംഗിയും രാജമോഹനനും വന്നിട്ടുണ്ടായിരുന്നു. ഭൎത്താവു വന്നിരിക്കുന്ന ഉദ്ദേശമറിഞ്ഞപ്പോൾ, തന്റെ മാതാപിതാക്കന്മാരേയും പ്രിയപ്പെട്ട ജ്യേഷ്ഠത്തിയേയും എന്നെന്നേക്കുമായി വേർപിരിയേണ്ടി വരുമല്ലോ എന്നോൎത്തു ഹേമാംഗി വളരെ ഖേദിച്ചു. ഭൎത്തൃഗൃഹമാണെങ്കിൽ വളരെ അകലത്തിൽ. താൻ ചെറുപ്പം മുതൽ താമസിച്ചു കളിച്ചുവളൎന്നവളും തന്റെ ജീവനെക്കാളും കാൎയ്യമായി സ്നേഹിച്ചുവരുന്നവളുമായ ജ്യേഷ്ഠത്തിയെ വേർപിരിഞ്ഞു പോകുക, വിചാരിക്കുന്ന സന്ദൎഭങ്ങളിൽ വന്നുകാണുവാൻ സാധിക്കായ്ക; ഇതൊക്കെക്കൂടി ഓൎത്തപ്പോൾ ഹേമാംഗിക്കു സങ്കടം സഹിക്കവയ്യാതായി. ഭൎത്താവു യാത്രക്കു തിടുക്കം കൂട്ടിത്തുടങ്ങി. എല്ലാവരുടേയും കണ്ണുകളിൽ ജലം നിറഞ്ഞു. മാതാപിതാക്കന്മാർ 'കുഞ്ഞേ! സൌഖ്യമായി വരിക' എന്നു ഹേമാംഗിയെ ആശിൎവ്വദിച്ചു.

മാതംഗി തന്റെ അനുജത്തിയുടെ കൈക്കു പിടിച്ചു കരച്ചിൽ ഉള്ളിൽ കൊണ്ടുപോയി 'ഹേമാ! ഞാൻ നിന്നോടൊന്നു പറയട്ടെ?' എന്നു ചോദിച്ചു. ഹേമ മൌനംപൂണ്ടു തന്റെ കരുമിഴികൾ തുറിപ്പിച്ചു ജ്യേഷ്ഠത്തിയെ ഒന്നു നോക്കി. 'ഹേമ! നാം ഇതാ വേർപിരിയുവാൻ പോകുന്നു' ഹേമാംഗിയുടെ കണ്ണുകളിൽ നിന്നും അശ്രുക്കൾ കൊഴിഞ്ഞുചാടി. 'ഹാ' നിലവിളിക്കാതെ, (അവളുടെയുടെ കണ്ണുകളും നിറഞ്ഞു). നിലവിളിക്കാതെ. നിനക്കു ദൈവം നല്ലതു വരുത്തട്ടെ. നിന്റെ ഭൎത്താവോ, ബഹുയോഗ്യൻ. സത്യസ്വത്രു

പൻ. നീ അദ്ദേഹത്തെ ഭക്തിപൂർവ്വം ഉപചരിച്ചു സൌഖ്യമായി ജീവിക്കുക'. മാതംഗി ഇത്രയും പറയുന്നതിനുള്ളിൽ അവളുടെ കണ്ണുകളിൽ നിന്നും ഉതിർന്നു ചാടിയ അശ്രുക്കളാൽ അവളുടെ അംഗവസ്ത്രം മുഴുവൻ നനഞ്ഞു. ചുമലുകളിൽ താങ്ങിയിരുന്ന ഹേമയുടെ കരങ്ങളിലൂടെ ഒഴുകി.

'ജ്യേഷ്ഠത്തീ! എന്നോടെന്തു ചോദിക്കുവാനാണ് എന്നെ വിളിച്ചത്?'.

'ഹേമാ! ഞാൻ വെറും ദരിദ്ര. എന്റെ കാര്യം മാത്രമായിരുന്നെങ്കിൽ ഞാൻ നിന്നോടു യാതൊന്നും പറയുവാൻ ഇഷ്ടപ്പെടുകയില്ലായിരുന്നു. ദുഷ്ടനെങ്കിലും എന്റെ ഭർത്താവായിപ്പോയില്ലേ. ദൈവം അങ്ങിനെയാണ് എന്റെ തലയിൽ എഴുതിയത്. എപ്പോഴും ഞാൻ ഭർത്താവിനു കടമപ്പെട്ടവളല്ലേ. അദ്ദേഹത്തിന്നിപ്പോൾ യാതൊരു തൊഴിലുമില്ല. ദാരിദ്ര്യത്തിൽ ഞങ്ങൾ മുഴുകിയിരിക്കുന്നു. ഭക്ഷണത്തിനുപോലും ഗതിയില്ലാതെ ഉഴലുകയാണ്. വിവരം നീ മുഖേന നിന്റെ ഭർത്താവിനെ അറിയിക്കുവാൻ അദ്ദേഹം പറഞ്ഞിരിക്കുന്നു'.

'ഇത്രമാത്രമേയുള്ളുവോ ജ്യേഷ്ഠത്തീ! അതിന്നെന്താണ്. ഞാൻ ഇപ്പോൾതന്നെ വിവരം അദ്ദേഹത്തെ അറിയിക്കാം. എന്താണ് ഞാൻ പറയേണ്ടത്?'.

'മറ്റൊന്നും വേണ്ട. എന്തെങ്കിലും ഒരു ജോലിയുണ്ടാക്കി കൊടുക്കണം. കഷ്ടിച്ചു ജീവിതം കഴിച്ചുകൂട്ടുവാൻ മാത്രം'.

'തീർച്ചയായും ഞാൻ അതു സാധിപ്പിക്കാം' എന്നു ഹേമ വാഗ്ദത്തം ചെയ്തു.

അനന്തരം, അവർ മററു പല വർത്തമാനങ്ങളും പറഞ്ഞുകൊണ്ടു നിന്നു.

ഹേമാംഗി തന്റെ സഹോദരിയുടെ പേരിലുള്ള സ്നേഹാധിക്യത്താൽ മുൻപിൽ ആലോചിക്കാതെ ഒരു വലിയ ചുമതലയേറിയ ഭാരമാണ് കൈക്കൊണ്ടത്. ഇത്ര ചെറുപ്രായത്തിൽ അവളെപ്പോലുള്ള പെൺകുട്ടികൾക്കു തങ്ങളുടെ ഭർത്താക്കന്മാരോടു സംസാരിക്കുവാൻ തന്നെ എത്രയോ ഭയമാണ്. അതിലും വിശേഷി

ച്ചു ഈ നാതിനി ഉത്തരവാദിത്വമുള്ള കാൎയ്യങ്ങളെക്കുറിച്ചു എങ്ങിനെയാണ് പറയുക? എന്നാൽ ഹേമാംഗി തെല്ലും അധൈൎയ്യപ്പെട്ടില്ല. എങ്ങിനെയൊ അവൾ, താനും സഹോദരിയും തമ്മിലുണ്ടായ വൎത്തമാനങ്ങൾ ഭൎത്താവിനെ ഗ്രഹിപ്പിച്ചു. മാധവൻ തന്നാൽ കഴിയും വിധം ഉത്സാഹിക്കാമെന്നും വാഗ്ദത്തം ചെയ്തു.

രാജമോഹനൻ വെറുമൊരു നാട്ടിൻപുറത്തുകാരൻ. തന്റെ അഭീഷ്ടനിൎവ്വഹണത്തിന്നു പത്നിയെ ആയുധമാക്കി പ്രയോഗിച്ചു. ആ ധൂൎത്തനുണ്ടോ തന്റെ അനുജത്തിയുടെ ഭൎത്താവിനോടു നേരിട്ടു തന്റെ കാൎയ്യം പറയുവാൻ ശേഷി?

അടുത്ത ദിവസമാണ് മാധവൻ പത്നിസമേതം സ്വദേശത്തേക്കു പുറപ്പെടുവാനുറച്ചതു. അന്നു അയാൾ രാജമോഹനനെ വിളിച്ചു വിവരങ്ങൾ വിശദമായി ചോദിച്ചു. ആ മഠയൻ, തന്റെ വസ്തുവകകൾ അയാളെ നേരിൽ ധരിപ്പിക്കുന്നതു കുറവെന്നു കണ്ടിട്ടോ എന്തോ 'അങ്ങിനെയൊന്നുമില്ല ഞാൻ മിക്കവാറും സൌഖ്യമായിത്തന്നെ ജീവിക്കുന്നു. എങ്കിലും ഇപ്പോൾ പ്രത്യേകിച്ചു ജോലിയൊന്നുമില്ല' എന്നു മറുപടി പറഞ്ഞു.

തന്റെ വസ്തുവകകൾ നോക്കുവാൻ പ്രത്യേകിച്ചാരുമില്ലാത്തതിനാൽ, ഇഷ്ടമുള്ള പക്ഷം തന്നോടൊന്നിച്ചു രാധാഗഞ്ചിലേക്കു പോരുന്നതു തനിക്കു സന്തോഷമാണെന്നു മാധവൻ രാജമോഹനനോടു പറഞ്ഞു. താൻ ആശിച്ചതിലധികമായ കാൎയ്യലാഭം കൈവന്നതിൽ രാജമോഹനന്റെ ഹൃദയം തെളിഞ്ഞു. 'ഭൂസ്വത്തുക്കളുടെ മേൽനോട്ടം വഹിച്ചാൽ ആദായം കിട്ടുവാൻ എന്താണു ഞെരുക്കം. എങ്കിലും സ്വദേശം വിടണമല്ലൊ എന്നു മാത്രം' എന്നിങ്ങിനെ രാജമോഹനൻ ആത്മഗതം ചെയ്തശേഷം പറഞ്ഞു:— 'വരുന്നതിൽ അമാന്തമൊന്നുമില്ല. എന്നാൽ ഒരു ക്ലേശം. ഞാൻ പോന്നാൽ എന്റെ പത്നിയെ എവിടെ പാൎപ്പിക്കുമെന്നു മാത്രം'.

'അതിനെക്കുറിച്ചു നിങ്ങളിത്ര ക്ലേശിക്കാനെന്താണുള്ളതു്? ജ്യേഷ്ഠത്തിക്കും അനുജത്തിക്കും കൂടി ഒരേ വീട്ടിൽ പാൎത്തുകൂടെ? നിങ്ങൾക്കും അതു വളരെ സൌകൎയ്യമായിരിക്കുമല്ലൊ'

രാജമോഹനൻ കോപഭാവത്തിൽ പുരികം ചുളിച്ചുകൊണ്ടു 'അത്രമാത്രം ഈ ജന്മത്തിൽ ഉണ്ടാകാത്ത കാൎയ്യമാണ്' എന്നു ദേഷ്യത്തോടുകൂടി പറഞ്ഞു പുറത്തിറങ്ങിപ്പോയി. രാജമോഹനന്റെ വാക്കുകളും ഭാവഭേദങ്ങളും ഓൎത്തു മാധവൻ ആശ്ചൎയ്യപ്പെട്ടു.

രാജമോഹനനു വേറെ യാതൊരു പോംവഴിയുമില്ല. തന്റെ പത്നിക്കുപോലും അറിവില്ലാത്ത ഏതോ ചില കാരണങ്ങളെ ആധാരമാക്കി അയാൾ തന്റെ സ്വദേശത്തെ വിടുവാൻ ബദ്ധപ്പെട്ടു അതു വെറുമൊരു ദുഷ്ടവിചാരം മാത്രമായിരുന്നു. എന്നാൽ അവനതു തോന്നുവാൻ മറ്റൊരു പ്രധാനകാരണം കൂടിയുണ്ടായിരുന്നു. അയാൾ അന്നു മദ്ധ്യാഹ്നം വരെ അങ്ങിങ്ങു ചുറ്റിത്തിരിഞ്ഞശേഷം വീണ്ടും മാധവന്റെ സമീപം വന്നു 'പത്നീസമേതം ദൂരദിക്കിൽ വന്നു പാൎക്കുന്ന കാൎയ്യം വലിയ ബുദ്ധിമുട്ടാണ്. എന്താണ് നിങ്ങൾ കരുതുന്നത്? വെറുതെ ഇരുന്നാൽ ഭക്ഷണത്തിനും തിണ്ടാട്ടം. അതുകൊണ്ട് ഞങ്ങൾ ഒന്നിച്ചുപോരാം. എന്നാൽ ഞങ്ങളെ പ്രത്യേകം താമസിപ്പിച്ചാൽ മതി' എന്നു പറഞ്ഞു.

'വിരോധമില്ല. നിങ്ങൾ പോരുവാനുള്ള ഒരുക്കത്തോടുകൂടി വരുന്നതുവരെ ഞങ്ങൾ കല്ലത്തായിൽ താമസിക്കാം' എന്നു മാധവൻ പറഞ്ഞു.

രാജമോഹനനും മാധവനും കുഡുംബസമേതം രാധാഗഞ്ചിലേക്കു പുറപ്പെട്ടു.

രാജമോഹനൻ ഒരു മൂഢസ്വഭാവക്കാരനാണെന്നു മാധവനറിയാം. അയാൾ തന്നോടു വളരെ അലക്ഷ്യമായും അശ്ലീലമായും പെരുമാറിയെങ്കിലും സുശീലയായ മാതംഗിയെ ഒരുവളെ ഉദ്ദേശിച്ചു മാധവൻ അതെല്ലാം ക്ഷമിച്ചു.

രാധാഗഞ്ചിൽ എത്തിയതോടുകൂടി മാധവൻ രാജമോഹനനെ തന്റെ കാൎഷികത്തുറയുടെ കാൎയ്യസ്ഥനായി നിയമിച്ചു. അവൎക്കു പാൎക്കുവാൻ പ്രത്യേകമൊരു വീടുണ്ടാക്കുവാനുള്ള സ്ഥലവും അതിന്റെ ചെലവിനുള്ള പണവും കൊടുത്തു. രാജമോഹനൻ പ്രത്യേകമൊരു ഗൃഹമുണ്ടാക്കി അതിൽ പാൎപ്പും തുടങ്ങി. ആ ഗൃഹത്തിലാണ് നമ്മുടെ കഥ ആദ്യം ആരംഭിച്ചത്. രാജമോഹന

ന്റെ പ്രകൃതം മാധവന്നു നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ ഉത്തരവാദിത്വമുള്ള യാതൊരു കാൎയ്യവും അദ്ദേഹം അയാളെ ഏല്പിച്ചിരുന്നില്ല. സ്വന്തം കൃഷിചെയ്തു കഴിയുവാൻ മാധവൻ അയാൾക്കു കുറെ സ്ഥലവും ശമ്പളത്തിന്നു പുറമെ കൊടുത്തിരുന്നു.

മാധവനിൽനിന്നും ആശിച്ചതിൽ കൂടുതൽ കാൎയ്യലാഭം തനിക്കു സിദ്ധിച്ചിട്ടും നന്ദി എന്നൊന്നുമാത്രം കണികപോലുമെങ്കിലും അയാൾക്കുണ്ടായില്ല. രാധാഗഞ്ചിൽ വന്ന ദിനം മുതൽ അപമൎയ്യാദയായ പല കാൎയ്യങ്ങളിലും ഇടപെട്ടു അയാൾ മാധവനെ ക്ലേശിപ്പിച്ചുകൊണ്ടിരുന്നു. ഇതിൽവെച്ചു വളരെ പ്രധാനമായ ഒരു കാൎയ്യം ഇണ പിരിയാതെ ആത്മാൎത്ഥതയോടുകൂടി വളൎന്നുവന്ന ഹേമാംഗിയും മാതംഗിയും രാധാഗഞ്ചിൽ വന്നശേഷം ഒരു ദിവസമെങ്കിലും തമ്മിൽ കാണുവാൻ ആ ദുഷ്ടൻ അവൎക്കവസരം നല്കിയില്ല. പല ദിവസങ്ങളിലും ജ്യേഷ്ഠത്തിയെ തന്റെ ഗൃഹത്തിൽ കൂട്ടിച്ചുകൊണ്ടുവരുവാൻ ഭൎത്താവിന്റെ സമ്മതത്തോടുകൂടി ഹേമാംഗി പല്ലക്കും കൊടുത്തു ആളെ അയച്ചിട്ടുണ്ട്. എന്നാൽ ആ ദുഷ്ടൻ മാതംഗിയെ പറഞ്ഞയച്ചെങ്കിലല്ലേ. ഹേമാംഗി മാധവന്റെ പത്നിയല്ലേ. അവൾ എങ്ങിനെ തന്റെ അഭിമാനത്തിന്നു ഭംഗം വരുത്തി ജ്യേഷ്ഠത്തിയുടെ സമീപത്തേക്കു വരും?

## ആറാം അദ്ധ്യായം.

മുൻ പ്രസ്താവിച്ച ഉദ്യാനത്തിൽ നിന്നും മാധവൻ തന്റെ ഗൃഹത്തിലെത്തിയപ്പോൾ ഒരു പരിചാരകൻ അയാളുടെ പക്കൽ ഒരെഴുത്തു കൊണ്ടുചെന്നുകൊടുത്തു. ലക്കോട്ടിന്മേൽ 'അത്യാവശ്യമായ കാൎയ്യം' എന്നെഴുതിയിരുന്നതിനാൽ അയാൾ അതു വളരെ തിടുക്കത്തിൽ പൊളിച്ചുവായിച്ചു. ആ എഴുത്തു അയാളുടെ വ്യവഹാരങ്ങൾ നടത്തുന്ന വക്കീലിന്റേതായിരുന്നു.

മാന്യമിത്രമേ!

നിങ്ങളുടെ കോടതിക്കാൎയ്യങ്ങൾ വളരെ ശ്രദ്ധാപൂൎവ്വം ഗൌനിച്ചുവരുന്നുണ്ട്. കേസ്സുകളെല്ലാം നമുക്കു ജയമായി കലാശിക്കുമെന്നാശിക്കുന്നു........"

"എല്ലാം ജയിക്കുമെന്നാ വക്കീൽബാബു എൻെറ സത്യവും ന്യായവും നിറഞ്ഞ കേസ്സുകൾ ജയിക്കുന്നതിലെന്താണു തടസ്സം? എങ്കിലും ന്യായാധിപതി എൻെറ കാൎയ്യത്തിൽ ന്യായം നടത്തിയെങ്കിൽ തന്നെയല്ലേ.........എങ്ങിനെയൊക്കെ കലാശിക്കുമോ ആവോ, എല്ലാം വക്കീലിനെ വിശ്വസിച്ചുചെയ്യുകതന്നെ......... ആൾ വലിയ സമൎത്ഥനാണ്. എല്ലാകേസ്സുകളിലും അസാമാന്യമായ ബുദ്ധിചെലുത്തുന്നുണ്ട്. കോടതികയറുന്നകാൎയ്യമേ എനിക്കശേഷം ഇഷ്ടമില്ല. എന്നാൽ കൊള്ളരുതാത്തവൻ അതിന്നു സമ്മതിക്കയില്ലെന്നു വന്നാൽ.........ആകട്ടെ. ഇത്രഅത്യാവശ്യമായ ഒരെഴുത്തിന്നു കാരണമെന്തായിരിക്കും" എന്നുപറഞ്ഞുകൊണ്ടു വീണ്ടും എഴുത്തിൻെറ അനന്തരഭാഗം വായിച്ചുതുടങ്ങി.

"ഒരുസംഗതിമാത്രം നിങ്ങൾക്കു വിഷമത്തെ ഉണ്ടാക്കും. മേൽകോട്ടിൽ വക്കീലിനെ ഏൎപ്പെടുത്തി നിങ്ങളുടെചെറിയമ്മ നിങ്ങളുടെപേരിൽ ഒരു വ്യവഹാരം ഫയലാക്കിയിരിക്കുന്നു. കഴിഞ്ഞുപോയ രാമഗോപാൽബാബു നിങ്ങൾക്കെഴുതിത്തന്ന മരണപത്രം ശുദ്ധമേ കളവാണെന്നും സ്വത്തുമുഴുവൻ തനിക്കുകിട്ടേണ്ടതാണെന്നുമാണ് അവരുടെവാദം........."

'ചെറിയമ്മയോ?' എന്ന് അത്യാശ്ചൎയ്യസ്വരത്തിൽപറഞ്ഞു മാധവൻ. എഴുത്തു താനറിയാതെതന്നെ കൈയ്യിൽനിന്നും താഴത്തുപുരണ്ടുവീണു. 'എന്ത്! എൻെറചെറിയമ്മയോ? ഇതെന്തു കൂത്താണു ദൈവമേ. എൻെറ സ്വത്തിന്മേൽ വിവാദമോ? കള്ളപ്രമാണമോ? കൊള്ളാം ഇതെന്തുകാലം? ആകട്ടെ, ഇരിക്കട്ടെ. എടി ദുഷ്ടേ! നന്ദിയില്ലാത്തവളേ! നിന്നെ ആദ്യമായി എൻെറ വീട്ടിൽനിന്നും അടിച്ചുപുറത്താക്കിവിട്ടിട്ടു മററുകാൎയ്യം? അയാളുടെ അപ്പോഴത്തെ ഉദ്വേഗത്തിന്നതിരുണ്ടായിരുന്നില്ല. കുറച്ചുനേരത്തോളം പലതും ആലോചിച്ചിരുന്നശേഷം വീണ്ടും എഴുത്തെടുത്തു ബാക്കിഭാഗം വായിച്ചു.

"ഈക്കാൎയ്യത്തിൽ നമുക്കെതിരായി ആരോ പിന്നിൽനിന്നു പ്രവൎത്തിക്കുന്നുണ്ട്. അതാരാണെന്നു മനസ്സിലാകുന്നില്ല. ഞങ്ങൾ ഈക്കാൎയ്യത്തിൽപ്രത്യേകംമനസ്സുവെച്ചുപ്രവൎത്തിച്ചുകൊണ്ടുതന്നെ

ഇരിക്കുന്നു. തക്കപിൻതുണയും ഉദ്ബോധനയും കൂടാതെ ഒരു സ്ത്രീ ഇങ്ങിനെ ഒരു കേസ്സുമായി കോടതിക്കു പുറപ്പെടുകയില്ല. കിട്ടിയിടത്തോളം വിവരങ്ങളിൽനിന്നും വലിയ പിൻതുണയാണിതിനുള്ളതെന്നൂഹിക്കേണ്ടിയിരിക്കുന്നു........”

'അതാരായിരിക്കാം' എന്നു മാധവൻ ചിന്തിച്ചു. എത്രതന്നെ ആലോചിച്ചിട്ടും അയാൾക്കു യാതൊരു തുമ്പും ലഭിച്ചില്ല. ഒരുപക്ഷെ അടുത്തഗ്രാമത്തിലെ ജമിന്ദാർമാരിൽ ആരെങ്കിലുമായിരുന്നേക്കുമോ എന്നു തോന്നും. അടുത്തമാത്രയിൽ മററാരെങ്കിലുമായിരുന്നേക്കുമോ എന്നാകും ചിന്ത. ഇങ്ങിനെ സമയംകുറെ ചെലവഴിച്ചശേഷം കത്തു വീണ്ടും തുടൎന്നു വായിച്ചു.

“നിങ്ങൾ ഇതെപ്പററി തെല്ലും ഭയപ്പെടേണ്ടതില്ല. ന്യായവും സത്യവും മാത്രമെ ഒടുവിൽ ജയിക്കയുള്ളു. എങ്കിലും എതിർകക്ഷികളുടെ പ്രവൃത്തികളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. കോടതിയിൽ കേസ്സ് അവസാനതിപ്പിന്നു വരുമ്പോൾ ഞങ്ങൾക്കു സമൎത്ഥന്മാരായ ബാരിസ്റ്റർമാരെ നിയമിച്ചുതരണം. ഇതോടൊന്നിച്ചയച്ചിരിക്കുന്ന വക്കാലത്തുഫാറത്തിൽ മാക്കുചെയ്തിരിക്കുന്നസ്ഥലത്തു ഒപ്പിട്ടയക്കുക. കഴിയുന്ന വേഗത്തിൽ ആക്ഷേപം ബോധിപ്പിച്ചു തുടങ്ങുന്നാട്ടെ. എല്ലാം നിങ്ങൾക്കറിവുള്ള കാൎയ്യങ്ങളാകയാൽ വിശേഷിച്ചൊന്നും എഴുതുന്നില്ല. കോട്ടു ചെലവുകൾക്കായി ആയിരം ഉറുപ്പികയും വേണ്ടിയിരിക്കുന്നു. മററെല്ലാം നിങ്ങളുടെ ഹിതം അറിഞ്ഞതിനുശേഷം.”

എന്ന്, നിങ്ങളുടെ

വക്കീൽ, ഗോകുലദാസ്.

എഴുത്തു വായിച്ചു തീൎന്നശേഷം ധൃതിയിൽ ഗൃഹത്തിനുള്ളിൽ കടന്നു് ചെറിയമ്മയെ കണ്ടു് 'എന്തിനാണിങ്ങിനത്തെ തോന്ന്യാസം പ്രവൎത്തിച്ചതു്?' എന്നു ചോദിക്കണമെന്നു കരുതി മാധവൻ അകത്തേക്കു നടന്നു.

മാധവൻ സ്ത്രീകൾ പെരുമാറുന്ന അകത്തേക്കു ചെന്നപ്പോൾ അവിടെ പെണ്ണുങ്ങളുടെ 'കലകല' ശബ്ദം അടിച്ചു

മാറെറാലിക്കൊണ്ടിരുന്നു. തന്നിമിത്തം അയാളുടെ വാക്കുകൾ അകത്തെക്കെങ്ങും എത്തിയില്ല. ശബ്ദകോലാഹലങ്ങൾക്കുള്ളിൽ ഒരു വേലക്കാരി മറെറാരുത്തിയോടു ആവശ്യമുള്ള സാധനങ്ങളുടെ പേരുകൾ വിളിച്ചുപറയുന്നു. വേറൊരിടത്തു ഒരുത്തി തന്റെ തടിച്ചുപരുത്ത ശരീരത്തിൽനിന്നും മേൽമുണ്ടു നിലത്തുവീണുപോയതറിയാതെ വർത്തമാനം പറഞ്ഞു രസിക്കുന്നു, വേറൊരുത്തി അങ്ങിങ്ങു മൂലകളിലെല്ലാം കസ്തൂരികളുടെ ഉച്ഛിഷ്ടം പരത്തി ഇട്ടിരിക്കുന്നതുകണ്ടു കണ്ണിൽകണ്ടവരെയെല്ലാം തെറി പറഞ്ഞുകൊണ്ടു അവ അടിച്ചുവാരി വെടിപ്പാക്കുവാൻ ചൂലുമായി ഓടുകുന്നു. കപ്പനിറഞ്ഞ മുററത്തിരുന്ന് ഒരുത്തി അന്നത്തെ ആവശ്യത്തിനു വേണ്ട പാത്രങ്ങൾ തേച്ചു വെടിപ്പാക്കുന്നതിൽ ബദ്ധശ്രദ്ധയായിരിക്കുന്നു. ഇതേ അവസരത്തിൽ അടുക്കളക്കാരി അന്നത്തെ ആവശ്യത്തിനു വേണ്ട നെയ്യിന്റെ അളവ് ഇത്രയെന്നു ഒരു പരിചാരികയോടു പറയുകയും, കൂടുതലുണ്ടായിരുന്നുവെങ്കിൽ മാത്രമേ തനിക്കതിൽനിന്നും കുറെ സ്വന്താവശ്യത്തിനെടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും അതിനാൽ കലവറക്കാരിയിൽനിന്നു അതു കണ്ടു വാങ്ങണമെന്നും ശുപാർശചെയ്യുന്നു. ഇതേ അവസരത്തിൽ കുട്ടികളിൽ ചിലർ അങ്ങിങ്ങു വിവിധവിനോദങ്ങളിൽ ഏർപ്പെട്ടു തെരക്കു കൂട്ടുന്നു.

ഇതെല്ലാം കണ്ടുംകേട്ടും മാധവനു ദ്വേഷ്യം സഹിക്കവഹിയാതായി. മാധവൻ കടന്നുചെന്ന വിവരംപോലും ആരും അറിഞ്ഞിട്ടില്ല. ഒടുവിൽ അയാൾ 'ഹേ, അമ്മമാരെ! കുറച്ചുനേരത്തേക്കു നിങ്ങൾ നിങ്ങളുടെ വായ മൂടിവെക്കുമോ?' എന്നു സാമാന്യം ഉച്ചത്തിൽ ചോദിച്ചുകൊണ്ടു അവിടെ ഓടിക്കളിച്ചുകൊണ്ടു നിന്നിരുന്ന രണ്ടു കുട്ടികളെ പിടിച്ചു ഓരോ പ്രഹരംകൊടുത്തു. അതേ മാത്രയിൽ വസ്തുതകൾ സ്ത്രീകൾക്കെല്ലാം മനസ്സിലാകുകയും നിശ്ശബ്ദത സർവ്വത്ര കളിയാടുകയുംചെയ്തു. കൈയിൽ ചൂലുമായിനിന്നിരുന്നവളുടെ തൊണ്ടയിൽനിന്നും പുറപ്പെട്ടിരുന്ന ശബ്ദം പകുതിയിൽ അങ്ങിനെതന്നെനിന്നു. വേറൊരു 'ണ്ണപ്പിടിച്ചു' അവളുടെ ഭയങ്കരരൂപം ഇരുളിൽ മറച്ചു. ഗംഭീരശബ്ദത്തോടുകൂടി കാസ്ക്ക

റിവധം നടത്തിക്കൊണ്ടിരുന്ന കത്തി തന്റെ വധകർമ്മം പിന്നീടു തുടൻന്നുകൊള്ളാമെന്നുള്ള മട്ടിൽ മൌനംപൂണ്ടു. വിനോദാർത്ഥം കളിച്ചുകൊണ്ടിരുന്ന പെൺകുട്ടികൾ അകല ദിക്കുകളിൽ ഓടി ഒളിച്ചു. അവിടെ ഉണ്ടായിരുന്ന സ്ത്രീകളിൽ മാധവന്റെ ഒരു അമ്മാവിഅമ്മയായ വൃദ്ധ അയാളുടെ സമീപത്തേക്കുവന്നു.

'അമ്മാവീ! ഇതൊരു വീടാണോ അതോ ചന്തയാണോ?' എന്നു മാധവൻ ദേഷ്യത്തോടുകൂടി ചോദിച്ചു.

അവർ പുഞ്ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു:—'കുഞ്ഞേ! പെണ്ണുങ്ങൾ പലർകൂടിയാലത്തെ സ്ഥിതി ഇങ്ങിനെയാണ്.'

'ചെറിയമ്മ എവിടെ?.'

'ഞാനും അതുതന്നെയാണു ചോദിക്കുന്നത്. ഇന്നു രാവിലെ മുതല്ക്ക് അവളെ ഇവിടെ കാണ്മാനില്ല. ഞങ്ങൾ ഇവിടെയെല്ലാം തെരഞ്ഞു മടുത്തു.'

മാധവൻ:—(ആശ്ചര്യഭരിതനായിട്ടുചോദിച്ചു) 'എന്ത്, രാവിലെ മുതല്ക്കു കാണ്മാനില്ലെന്നോ?' അപ്പോൾ നടന്നവയെല്ലാം പരമാർത്ഥംതന്നെ?.

'എന്താണു കുഞ്ഞേ! നടന്നത്?'

'ഒന്നുമില്ല. എല്ലാം പിന്നീടു സൌകര്യംപോലെ പറഞ്ഞുകൊള്ളാം. അവൾ എവിടെക്കുപോയി? ആരും കണ്ടവരില്ലേ?'

'ഇല്ല, ഞങ്ങളാരും കണ്ടിട്ടില്ല.'

'എന്തൊരാശ്ചര്യമാണിത്?'

ഈ അവസരത്തിൽ അകത്തു മറവിൽ ഒരിടത്തുനിന്നും ഒരു ശബ്ദം പുറപ്പെട്ടു. 'ഞാൻ പുഴയിൽ കളിക്കുവാൻ പോയിരുന്നപ്പോൾ മധുർബാബുവിന്റെ വീട്ടിൽ നില്ക്കുന്നതായി കണ്ടു.'

മാധവനു വീണ്ടും അത്യാശ്ചര്യം ജനിച്ചു. 'മധുർജ്യേഷ്ഠന്റെ വീട്ടിലോ? ഹോ! ഈ പണിയൊക്കെ മധുർജ്യേഷ്ഠന്റേതായിരിക്കുമോ? ഛീ! അദ്ദേഹത്തെ ഒരിക്കലും അങ്ങിനെ ശങ്കിക്കുന്നതു ശരിയല്ല? എന്നിങ്ങിനെ ആത്മഗതം ചെയ്തശേഷം 'കരുണാ! നീ വേഗത്തിൽ മധുർജ്യേഷ്ഠന്റെ വീട്ടിൽപോയി ചെറിയമ്മയെ വിളിച്ചുകൊണ്ടുവരിക' എന്നാജ്ഞാപിച്ചു.

'അവർ വരികയില്ല' എന്നവൾ മറുപടി പറഞ്ഞപ്പോൾ അതിനു കാരണം അറിഞ്ഞുവരുവാൻ മാധവൻ വീണ്ടും നിയോഗിച്ചു.

## ഏഴാം അദ്ധ്യായം.

ഭർത്താവിന്റെ അതിരുകവിഞ്ഞ ശാസനകളാൽ പരിതപ്തചിത്തയായ മാതംഗി അമ്മായിയുടെ ആശ്വാസവചനങ്ങളാൽ തെല്ലു സമാധാനമനസ്സയായി തന്റെ ശയനമുറിയിൽ കടന്നു പലതും ചിന്തിച്ചുകൊണ്ടു കിടന്നു. രാത്രിഭക്ഷണം കാലമായപ്പോൾ വൃദ്ധ ഊണുകഴിക്കുവാൻ അവളെ വിളിച്ചു. എന്നാൽ, മാതംഗി കിടന്നകിടപ്പിൽനിന്നും എഴുനേററില്ല. അനന്തരം ഭർത്തൃസഹോദരിയായ കിശോരി ചെന്ന് എത്രതന്നെ നിർബ്ബന്ധിച്ചു വിളിച്ചിട്ടും അവൾ കൂട്ടാക്കിയില്ല. അന്നുരാത്രി അവൾ പട്ടിണിയായിത്തന്നെ കിടന്നു.

അവൾ തന്റെ ദുരദൃഷ്ടത്തെക്കുറിച്ചു പലതും ചിന്തിച്ചു നിദ്രാവിഹീനയായി കിടന്നു. അവളോടു ദ്വേഷ്യപ്പെടുന്ന ദിവസങ്ങളിലൊന്നും രാജമോഹനൻ അവളുടെ ശയനഗൃഹത്തിൽ കടക്കുക പതിവില്ലായിരുന്നു. അന്നുരാത്രി അവൻ അവിടേക്കു ചെല്ലുകയില്ലെന്നു അവൾക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു.

രാത്രി അതിമൌയതോടുകൂടി ഗൃഹത്തിലുണ്ടായിരുന്നവരെല്ലാം ഗാഢനിദ്രയിൽ ലയിച്ചു. നിശ്ശബ്ദത സർവ്വത്ര കളിയാടി. മാതംഗിയുടെ മുറിയിൽ വെളിച്ചമില്ലായിരുന്നു. വാതിൽപഴുതുകളിലൂടെ നിലാവുവെളിച്ചം അവളുടെ മുറിക്കുള്ളിൽ കടന്ന് ഒരു ഭാഗംമാത്രം നന്നേ പ്രകാശിച്ചിരുന്നു. ബാക്കി സ്ഥലം മുഴുവൻ അന്ധകാരം നിബിഡീകൃതവുമായിരുന്നു.

തീവ്രമായ ഹൃദയവേദന ശമിക്കുന്നതുവരെ ആൎക്കും ഉറക്കമുണ്ടാവുക പതിവില്ലല്ലോ. മേൽവസ്ത്രം മാററിയിട്ടു ഇടതുകൈ ഉപധാനമാക്കിക്കൊണ്ടു മാതംഗി വെളിച്ചമുള്ള സ്ഥലത്തേക്കു നോക്കിക്കൊണ്ടു കിടക്കുകയായിരുന്നു. ഒരു ശീതളനിലാവിന്റെ

ദർശനം അവളുടെ പരിശുദ്ധഹൃദയത്തിൽ പലേ ചിന്തകളേയും ഉദിപ്പിച്ചു. ആരെക്കൊണ്ടാണതു വിവരിക്കുവാൻ സാധിക്കും? കുട്ടിക്കാലത്തു താൻ ഹേമാംഗിയൊന്നിച്ചു മുററത്തു നിലാവുവെളിച്ചത്തിൽ കളിച്ചതും, അന്നു പലേ രസകരമായ കഥകൾ പറഞ്ഞു സമയം കഴിച്ചതും, എല്ലാം ഒന്നൊന്നായി അവളുടെ സ്മൃതിപഥത്തിലൂടെ കടന്നുപോയി. ഒരു ഞെട്ടിൽപൂത്ത ഇരുപുഷ്പങ്ങളെന്നോണം അവർ അന്നു കഴിഞ്ഞുകൂടിയ മധുരസ്മരണകൾ അവളെ അടിക്കടി പുളകംപൂശിച്ചു.

അതൊരുകാലം, ഇതൊരുകാലം, അന്നത്തെ ആനന്ദമയമായ ജീവിതമെവിടെ? ഇന്നത്തെ ക്ലേശപൂർണ്ണവും വിരഹവിസൃജ്ജിതവുമായ നരകജീവിതമെവിടെ? തന്റെ പ്രിയപ്പെട്ട സോദരിയെ അവൾക്കു എന്നാണിനി ഒരു നോക്കുകാണുവാൻ അവസരംലഭിക്കുക? ഹേമാംഗിയുടെ കർണ്ണാനന്ദദമായ കളമൊഴികൾ ശ്രവിച്ചു രോമാഞ്ചം പൂണുവാൻ അവൾക്കിനി എപ്പോഴെങ്കിലും അവസരം ലഭിക്കുമോ? കഷ്ടം! ഭർത്താവിന്റെ ശകാരാഗ്നിയിൽ കിടന്നു് എരിപൊരിക്കൊള്ളുകയെന്നതല്ലാതെ അവൾക്കു മറെറാരു സൌഖ്യമാണുണ്ടാവുക. ഈ ദുഃഖാരതങ്ങൾക്കിടയിലും അവളുടെ ഹൃദയത്തിൽ ഒരു ചിന്ത വേരുറച്ചു കിടന്നിരുന്നു. അതു് അളവററ ആനന്ദത്തെ പ്രദാനം ചെയ്യുന്നതായിരുന്നുവെങ്കിലും അവൾ അതിനെ സമൂലം പറിച്ചു ദൂരത്തെറിയുവാൻ വളരെ ശ്രമിച്ചുനോക്കി. എന്നാൽ, അവളാലതു സാദ്ധ്യമായെങ്കിലല്ലേ? അതിന്നതെന്നു കനകത്തിനല്ലാതെ മററാക്കുമറിവുമില്ലായിരുന്നു. അടക്കവഹിയാത്ത സന്താപത്തിൽ നിമഗ്നയാകുമ്പോഴൊക്കെയും ആ ചിന്തയെ അവൾ ഒരു ദിവ്യരത്നത്തെപ്പോലെ കരുതും. അടുത്ത നിമിഷത്തിൽതന്നെ അവൾ അതിനെ കാകോളമായി കരുതി വെറുക്കുകയും ചെയ്യും. യാതൊരുവിധത്തിലും അവൾക്കു സമാധാനമേ ഇല്ല. തന്റെ ദുർവ്വിധിയെ അവൾ അടിക്കടി പഴിച്ചു. അശ്രുക്കൾ ആറുകണക്കെ ഒഴുകിതുടങ്ങി. അവൾ കിളിവാതലിന്റെ കതകു് തുറക്കുവാനായി കിടക്കയിൽനിന്നും എഴുന്നേററു. അപ്പോൾ ആരോ വെളിയിൽ ശബ്ദമുണ്ടാക്കാതെ സാവധാനത്തിൽ നടന്നുവരുന്നതായി കാൽപെരുമാററത്തിൽനിന്നും മനസ്സിലാക്കി.

അവൾ കിടന്നിരുന്ന ആ മുറിക്കനുരൂപമായി ഒരു കിളിവാതിലും നന്നെ ചെറുതായിരുന്നു. കഷ്ടിച്ച ഒരു മുഴം നിളവും അര മുഴം വീതിയും മാത്രമെ അതിന്നുണ്ടായിരുന്നുള്ളു. കിഴക്കെ ബംഗാളത്തിൽ വീടുകൾക്ക മൺചുവർ വെക്കുക പതിവുണ്ടായിരുന്നില്ല. അതിന്റെ സ്ഥാനത്തു മുളന്തട്ടികളായിരുന്നു ഉപയോഗിച്ചു വന്നിരുന്നതു. രാജമോഹനന്റെ ഗൃഹത്തിലും അപ്രകാരം തന്നെയായിരുന്നു. കിളിവാതലിന്നു മറവിന്നായൊരു തട്ടികയുണ്ടായിരുന്നുവെന്നല്ലാതെ കതകുണ്ടായിരുന്നില്ല.

കാൽപെരുമാററശബ്ദം കേട്ടു ഭയപ്പെട്ട മാതംഗി ചന്ദ്രിക കടന്നു വന്നിരുന്ന വിടവിലൂടെ പുറത്തേക്കു നോക്കി. വൃക്ഷാഗ്രങ്ങളിൽ നിലാവു പ്രസരിക്കുന്നതല്ലാതെ മറെറാന്നും അവൾ കണ്ടില്ല. ശബ്ദം കേട്ട ദിക്കിൽ ആൾക്കു പെരുമാററത്തക്ക ഞെരുക്കമില്ലെന്നു അവൾക്കറിയാം. എങ്കിലും ആ സമയത്തു സന്ദേഹമുണ്ടാവുക സാധാരണയാണല്ലൊ. അവൾ അതെനില്പിൽ പതുങ്ങിനിന്നു വായു അടക്കി ശ്രദ്ധിച്ചു.

കാൽപെരുമാററശബ്ദം നന്നെ അടുത്തു. രണ്ടു പേർ തമ്മിൽ വളരെ സാവധാനത്തിൽ സംസാരിക്കുന്നതും കേട്ടു. ഒന്നു രണ്ടു വാക്കുകൾ കേട്ടമാത്രയിൽ അതിൽ ഒരാൾ തന്റെ ഭർത്താവാണെന്നു മാതംഗിക്കു മനസ്സിലായി. അതോടുകൂടി അവരുടെ സംഭാഷണവിഷയം ഗ്രഹിക്കുവാനുള്ള അത്യാശയും അവളിൽ അങ്കുരിച്ചു. അവൾ നിന്നിരുന്നതിന്നേററവും അടുത്തായി നിന്നു അവർ സംസാരിക്കുവാൻ തുടങ്ങി. മുളഞ്ചുവരുകളായിരുന്നതിനാൽ അവരുടെ സംഭാഷണം അവൾക്കു ശരിയായി കേൾക്കുവാൻ സാധിച്ചു. ചില വാക്കുകൾ കേൾക്കാതെ പോയവ അവൾ ഊഹിച്ചും ഗ്രഹിച്ചു.

ഒരാൾ:—എന്താണിങ്ങിനെ ഉച്ചത്തിൽ സംസാരിക്കുന്നത്. അകത്തുള്ളവരാരെങ്കിലും കേട്ടുവെങ്കിലോ?

രണ്ടാമൻ:—ഈ അദ്ധരാത്രി സമയത്തു ആരാണുറങ്ങാതുണ്ടാവുക?

ശബ്ദംകൊണ്ടു അതു രാജമോഹനാണെന്നു മാതംഗി മനസ്സിലാക്കി. ആദ്യത്തെവൻ പറഞ്ഞു:—'ഭാഗ്യം പരീക്ഷി

ക്കണ്ട. ആരെങ്കിലും ഉണൎന്നുകിടന്നു കേട്ടുവെങ്കിൽ അപകടമാണ്. നമുക്കു കുറച്ചകലത്തു മാറിയിരുന്നു സംസാരിക്കാം?

രാജമോഹനൻ:—ഈ സ്ഥലം തന്നെയാണു നല്ലത്. വീട്ടിന്റെ നിഴലുകൊണ്ടു നമ്മെ മററാരും കണുകയില്ല. അകലത്തു മാറിയിരുന്നാൽ വല്ലവരുടേയും ദൃഷ്ടിക്കുള്ളപ്പെട്ടു എന്നുംവരാം.

ആദ്യത്തവൻ:—ഈ മുറിയിൽ ആരാണു കിടക്കുന്നത്?

രാ: മോ:—ആരായാൽ നിങ്ങൾക്കെന്താണ്?

ആദ്യ:—പറഞ്ഞാലെന്ത്?

രാ: മോ:—അതെന്റെ മുറിയാണ്. എന്റെ ഭാൎയ്യയല്ലാതെ മററാരും അതിൽ ഉണ്ടായിരിക്കയില്ല.

ആദ്യ:—നിങ്ങളുടെ ഭാൎയ്യ ഉറങ്ങിയിരിക്കുമെന്നു നിങ്ങൾക്കു നല്ല വിശ്വാസമുണ്ടോ?

രാ: മോ:—ഉറങ്ങിയിരിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ഇവിടെ ഇരിക്കുക. കൈപ്പുണ്ണിന്നു കണ്ണാടി വേണ്ടല്ലോ. ഞാൻ പോയി അതു പരിശോധിച്ചുവന്നേക്കാം. പിന്നെ സംശയമേ വേണ്ട.

അവിടെനിന്നും ഒരു കാലടിശബ്ദം അകലുന്നതായി കേട്ടു രാജമോഹനൻ വരികയായിരിക്കുമെന്നു മാതംഗി വിശ്വസിച്ചു. അവൾ കിളിവാതലിന്നു സമീപത്തുനിന്നും സാവധാനത്തിൽ നടന്നു കിടക്കയിൽ ചെന്നുകിടന്നു നല്ല നിദ്ര അഭിനയിച്ചു.

രാജമോഹനൻ വാതുക്കൽ വന്നു സാവധാനത്തിൽ തട്ടി ശബ്ദമുണ്ടാക്കി. മാതംഗി ശബ്ദിച്ചതേയില്ല ഉടനെ അയാൾ താഴ്ന്ന സ്വരത്തിൽ അവളെ വിളിച്ചു. അതിന്നവൾ വിളികേട്ടില്ല. അവൾ നല്ല ഉറക്കമാണെന്നു അയാൾ ഊഹിച്ചു. ഒരുപക്ഷെ, പകൽ നടന്ന സംഭവങ്ങളാൽ അവൾ കോപിച്ചു വിളികേൾക്കാതെ കിടക്കുകയായിരിക്കുമോ എന്നു ശങ്കിച്ചു അയാൾ പുറമെനിന്നു വാതിൽതുറക്കുവാൻ ശ്രമിച്ചു. അടുക്കളയിൽകടന്നു വിളക്കു കൊളുത്തി കൊണ്ടുവന്നു. വാതിൽപടിമേൽ വിളക്കുവെച്ച് അകത്തു കൈകൾ കടത്തി വാതിലിന്റെ കൊളുത്തു നീക്കി കാലുകൊണ്ടു വാതിൽ അകത്തേക്കുന്തിത്തുറന്നു. അയാൾ വിളക്കുമായി മാതംഗി

യുടെ സമീപം ചെന്നുനിന്നു അവളെ രണ്ടുമൂന്നുപ്രാവശ്യം വിളിച്ചു. അവൾ ഗാഢനിദ്രഭാവിച്ചു യാതൊരു പ്രത്യുത്തരവും നൽകായില്ല. കോപിച്ചു കിടക്കയായിരിക്കുമെന്നു കരുതി അയാൾ അവളെ വളരെ വാത്സല്യപൂർവ്വം വിളിച്ചുനോക്കി. എന്നിട്ടും അവൾ ശബ്ദിച്ചില്ല. തടവുകൂടാതെ ശ്വാസോച്ഛ്വാസം ചെയ്യുന്നതുകണ്ടു് അവൾ നല്ല ഉറക്കമാണെന്നുതന്നെ അയാൾ അനുമാനിച്ചു. ഉറങ്ങുന്നഭാവം അവൾ എന്തിന്നഭിനയിക്കണം? രാജമോഹനൻ അവിടെനിന്നും മറവുമുറികളിൽ കടന്നു അവിടെ കിടന്നിരുന്നവരേയും വിളിച്ചുനോക്കി. ആരും ശബ്ദിച്ചില്ല. എല്ലാവരും നല്ല ഉറക്കംതന്നെ എന്നു നിശ്ചയിച്ചുകൊണ്ടു അയാൾ പുറത്തേക്കു കടന്നു പോയി.

## എട്ടാം അദ്ധ്യായം.

മാതംഗി വീണ്ടും സാവധാനത്തിൽ എഴുന്നേററു കിളിവാതുക്കൽ ചെന്നുനിന്നു പഴയപടി അവരുടെ സംഭാഷണം ശ്രദ്ധിച്ചു.

എല്ലാവരും നല്ല ഉറക്കമാണെന്നു രാജമോഹനനിൽനിന്നും അറിഞ്ഞ അന്യൻ ചോദിച്ചു:—'അങ്ങിനെയാണെങ്കിൽ നിങ്ങൾ ഞങ്ങൾക്കു വേണ്ട സഹായം ചെയ്യുമെന്ന കാര്യം തീർച്ചയല്ലേ?

രാ: മോ:—പെട്ടെന്നങ്ങിനെയാണതു പറയുക. അവനെ എനിക്കത്ര ഇഷ്ടപ്പെടുന്നില്ലെങ്കിലും എത്രയെത്ര ഉപകാരങ്ങളാണവൻ എനിക്കു ചെയ്തിട്ടുള്ളത്. അതു മറക്കത്തക്കതാണോ? നിങ്ങളുടെ വാക്കു സമ്മതിച്ചാൽ ഞാൻ തിന്ന ചോററിന്നു പകാരം ചെയ്യുന്നതുപോലെയല്ലേ?

അന്യൻ:—അവൻ നിങ്ങൾക്കു പല ഉപകാരങ്ങളും ചെയ്തിരിക്കാം. എങ്കിലും നിങ്ങൾ അവനെ വെറുക്കുന്ന കാര്യം തീർച്ചയല്ലേ?

രാ: മോ:—നല്ലതും ചെയ്തിട്ടുണ്ടു്; തിയ്യതും ചെയ്തിട്ടുണ്ടു്. എങ്കിലും അവൻ എത്രതന്നെ ചെയ്തിട്ടും ഫലമില്ല.

അന്യൻ:—അങ്ങിനെയാണെങ്കിൽ നിങ്ങൾ വിപരീതം പ്രവൎത്തിക്കുന്നതിൽ തെറ്റില്ല. എന്ത്? നിങ്ങൾ ഞങ്ങളെ സഹായിക്കയില്ലേ?

രാ: മോ:—തക്കതായ പ്രതിഫലം തന്നാൽ ഒരുക്കമാണ്. പിന്നീടെനിക്കു അവന്റെ കീഴിൽ വേലചെയ്തു പാൎക്കുവാൻ സാധിക്കയില്ല. ഇവിടംവിട്ടു എവിടെയെങ്കിലുംപോയി ജീവിക്കണം. അതുകൊണ്ടു ഞാൻ ചെയ്യുന്ന ഉപകാരത്തിനു തക്കതായ പ്രതിഫലം തന്നാൽ ഒരുക്കമാണ്.

അന്യൻ:—നിങ്ങൾക്കെന്തു പ്രതിഫലം കിട്ടണം?

രാ: മോ:—ഞാൻ എന്തു സഹായമാണു നിങ്ങൾക്കു ചെയ്യേണ്ടതെന്നാദ്യം അറിയട്ടെ. അതിനുശേഷം എനിക്കു കിട്ടേണ്ടതു പറയാം.

അന്യൻ:—നിങ്ങൾ ആദ്യത്തിൽ ഞങ്ങൾക്കു ചെയ്തമാതിരി ഉപകാരംതന്നെയാണു ചെയ്യേണ്ടത്. അതായതു കളവുമുതലിനേയും ഞങ്ങളേയും നിങ്ങൾ രക്ഷിക്കണം. ഇന്നുരാത്രിതന്നെ കാൎയ്യം നിൎവ്വഹിക്കേണ്ടതാണ്.

രാ: മോ:—എന്റെ സഹായം കൂടാതെ നിങ്ങളാൽ ആ സംഗതി നിൎവ്വഹിക്കുവാൻ സാദ്ധ്യമല്ല. ഒരു ധനികന്റെ വീട്ടിൽ കളവു നടന്നു എന്നു വന്നാൽ അതു നിസ്സാരമായ കാൎയ്യമാണോ? പെട്ടെന്നു വൎത്തമാനം ലോകം മുഴുവൻ പരക്കും. അടുത്ത ക്ഷണത്തിൽ പോലീസും എത്തിച്ചേരും. എല്ലാ സ്ഥലങ്ങളിലും പരിശോധനയും നടത്തും. എന്നാൽ, എന്നെ ആരും സംശയിക്കുകയില്ല. കളവുമുതലിനേയും നിങ്ങളേയും ഞാൻ വിചാരിച്ചാൽ സൂക്ഷിച്ചു രക്ഷിക്കുവാൻ കഴിയും. കാൎയ്യം എത്ര ചുമതലയുള്ളതാണെന്നു നിങ്ങൾക്കു തന്നെ അറിയാമല്ലോ. അതുകൊണ്ടു ഞാൻ ചോദിക്കുന്നതു നിങ്ങൾ തരുവാൻ ഒരുക്കമാണോ?

അന്യൻ:—ഞങ്ങളുടെ കഷ്ടനഷ്ടങ്ങളെക്കൂടി നിങ്ങൾ ഒന്നാലോചിക്കേണ്ടതാണ്.

രാ: മോ:—അധികം പ്രാവശ്യം ആവൎത്തിച്ചു പറയുന്നവനല്ല ഞാൻ. ഒരൊററ വാക്കു മാത്രമേ എനിക്കുള്ളു. ആകെ മുതലിൽ കാൽഭാഗം എനിക്കു തന്നേക്കുക.

രാജമോഹനൻ പറഞ്ഞാൽ അതിൽനിന്നും പിൻവാങ്ങുന്നവനല്ലെന്നു ആ കള്ളനു നല്ലവണ്ണമറിയാം. അവൻ കുറച്ചു നേരം ചിന്തിച്ചശേഷം പറഞ്ഞു:—'ഞാൻ സമ്മതിക്കാം. എന്നാൽ അതുകൊണ്ടു മാത്രമായില്ലല്ലൊ. മററുള്ളവരുടെ സമ്മതം കൂടി അറിയേണ്ടേ?

രാ: മോ:—അവരെപ്പററി എനിക്കു സംശയമേ ഇല്ല. ഇനി ഒന്നുകൂടി പറയാം. കളവുമുതൽ പണമാക്കി മാററുന്നതിന്നു മുൻപു അതിന്നൊരു മതിപ്പുവില നിശ്ചയിച്ചു ആദ്യമേതന്നെ കാൽപങ്കിനുള്ള വില എനിക്കു തരണം. മതിക്കുന്ന വിലയിൽ എന്തെങ്കിലും തരത്തിൽ കുറവു വന്നാൽ ആ കുറവു ഞാൻ തന്നെ കൊള്ളാം. നേരെമറിച്ചു കൂടുതൽ സംഖ്യ വന്നാൽ അതിന്റെ അംശവും എനിക്കു തരികതന്നെവേണം. മനസ്സിലായോ?

'മനസ്സിലായി. ഇനി ഒരു കാൎയ്യംകൂടി......മാധവന്റെ സ്വത്തിൽ വളരെ പ്രാധാന്യം വഹിക്കുന്ന ഒരു വസ്തു നമുക്കു തീൎച്ചയായുംകിട്ടണം'.

മരണപത്രമോ?

'എന്താണത്?'

'അവന്റെ ചെറിയച്ചന്റെ മരണപത്രം.'

'അതേ, അതിന്നു പ്രത്യേകം പ്രതിഫലം റൊക്കം തരുന്നതാണ്. അതിരിക്കുന്ന സ്ഥലം നിങ്ങൾക്കു നിശ്ചയമുണ്ട്. ആ സ്ഥലം നിങ്ങൾ ഞങ്ങൾക്കു പറഞ്ഞുതരണം'.

'അതെനിക്കു നല്ല നിശ്ചയമില്ല. എന്നാൽ ചില റിക്കാൎഡുകൾ മാധവൻ ഒരു പെട്ടിക്കുള്ളിൽ വയ്ക്കുക സാധാരണയാണ്. അലമാരയിലോ അല്ലാത്തപക്ഷം ഇരുമ്പുപെട്ടിയിലോ ആയിരിക്കും ആ പെട്ടി മിക്കവാറും വയ്ക്കുക. ഇന്നതിലെന്നു വിവേചിച്ചു പറയുക ശക്യമല്ല. അതിരിക്കട്ടെ. മരണപത്രത്തിന്നു വേണ്ടി ആരാണ് പണം തരിക?'.

'അതു ഞാനെങ്ങിനെയാണു തുറന്നുപറയുക?'

'എന്നോടു പറഞ്ഞുകൂടെ?'

'ആരോടും പറഞ്ഞുകൂടാത്തതാണ്'

'അതു മധുർഘോഷല്ലാതെ മററാരുമായിരിക്കയില്ല, അല്ലേ?'

'ആയിരിക്കാം പെട്ടി എങ്ങിനെയുള്ളതാണെന്നു പറയുക'

'ആദ്യം പ്രതിഫലസംഖ്യ എത്രയെന്നു കേൾക്കട്ടെ.'

'നിങ്ങൾക്കെന്തു കിട്ടണം, അതു പറയുക.'

'ഇരുന്നൂറുറുപ്പിക റൊക്കമായി'

'രണ്ടേ രണ്ടു വാക്കു പറയുവാൻവേണ്ടിയാണോ നിങ്ങൾ ഇത്രവലിയൊരു സംഖ്യ ആവശ്യപ്പെടുന്നത്? എങ്ങിനെയുമാകട്ടെ തരാം.'

'അതൊരു ഓടപ്പെട്ടിയാണ്. അതിന്മേൽ തകനിർമ്മിതമായ മൂന്നിംഗ്ലിഷക്ഷരങ്ങൾ പിടിപ്പിച്ചിട്ടുണ്ട്. അതു മാധവന്റെ മുഴുവൻ പേരിന്റെ ചുരുക്കെഴുത്താണ്.'

'ശരി അക്കാര്യവും തീർന്നു. എന്നോടൊന്നിച്ചു പോന്നുകൊള്ളുക. നമ്മുടെ കൂട്ടുകാരെപ്പോയി കാണേണ്ടേ? ഞങ്ങൾ ഒരു സ്ഥലം പറഞ്ഞുതരാം. കൃത്യസമയത്ത് അവിടെ വന്നേക്കണം. നിലാവു പൊലിഞ്ഞാലുടൻ പണി തുടങ്ങണം. ഇന്ന് ഇരുട്ടു വളരെ കുറച്ചു സമയത്തേക്കേ ഉള്ളൂ' എന്നു പറഞ്ഞു കള്ളനും രാജമോഹനനും വീട്ടിന്റെ മറവിൽനിന്നും രണ്ടുവഴിക്കായി പിരിഞ്ഞു പോയി.

## ഒമ്പതാം അദ്ധ്യായം.

ആ ദുഷ്ടരുടെ പരിയാലോചനകൾ ഗ്രഹിച്ചമാത്രയിൽ മാതംഗി ഇടിവെട്ടേററമാതിരി ഒന്നു ഞെട്ടി. നേരെ നില്ക്കുവാൻ പോലും അവൾ അശക്തയായിത്തീർന്നു. കാററിൽപെട്ട അരയാലിലപോലെ അവളുടെ ശരീരം വിറച്ചുതുടങ്ങി. ക്ഷണത്തിൽ അവൾക്കു മൂർച്ഛയുണ്ടായി നിലംപതിച്ചു.

കഠിനമായ ഖേദംകൊണ്ടും ഭയംകൊണ്ടും കുറച്ചുനേരത്തേക്കു അവൾ ഒന്നും ചെയ്യുവാൻ ശക്തയായില്ല. നല്ല സ്മരണയുണ്ടാ

യാത്രയിൽ അവൾ ആ ദുഷ്ടന്മാരുടെ ദുഷ്കൃത്യത്തിന്റെ ഗൌരവത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങി. ഇതേവരെ അവൾ തന്റെ ഭർത്താവിന്റെ നടവടികളെ സൂക്ഷ്മമായി അറിഞ്ഞിരുന്നില്ല. ഇന്നു മാത്രമാണ് അവൾക്കതു നിറവെ കാണ്മാൻ കഴിഞ്ഞത്. രാജ്ഞമഹനനെ അവൾ ഒരു ഭയങ്കരസ്വരൂപമായി തന്റെ മുമ്പിൽ കണ്ടു. അവൾക്കു രോമാഞ്ചമുണ്ടായി. ഇതുവരെ അവൾ തന്റെ ഭർത്താവിനെ ഒരു ദുഷ്ടപുരുഷനായി മാത്രമേ കണക്കാക്കിയിരുന്നുള്ളൂ. എന്നാൽ ഇന്നുമാത്രമാണ് താനൊരു കള്ളന്റെ പത്നിയാണെന്നവൾക്കു മനസ്സിലായത്.

അറിഞ്ഞിട്ടെന്തുഫലം? അവന്റെ പിടിയിൽനിന്നും അവൾ എങ്ങിനെ വിട്ടുകലും? സ്ത്രീജന്മമായി പോയില്ലേ? ഭർത്താവിനെ തിരസ്കരിച്ചു പോകുകയോ, അതു പാപമല്ലേ? എന്നും ഈ കള്ളന്റെ അടിമയായി ജീവിക്കുകയോ. കഷ്ടം! വിഷാശനസദൃശമായ ഈ ദുരിതജീവിതത്തെത്തന്നെ ത്യജിപ്പാനാഗ്രഹിക്കയോ? അയ്യയ്യോ എന്റെ വിധിതന്നെ- എന്നിങ്ങിനെ അവൾ പലതും പ്രലപിച്ചു കണ്ണീർതൂകി. ഉത്തരക്ഷണത്തിൽ വിചാരങ്ങൾ മാറി വിഞ്ഞുതുടങ്ങി. ആ ദുഷ്ടന്മാർ ചെയ്യുവാനുദ്ദേശിക്കുന്ന ഭയങ്കരകൃത്യം അവളുടെ ശ്രദ്ധയിൽ നിഴലിച്ചു. 'അവരുടെ ഈ കൊടും ചതിക്കു വിധേയരാകുന്നവർ ആരു? ഹേമാംഗിയും അവളുടെ ഭർത്താവുമല്ലേ?' എന്നു വിചാരിക്കുമ്പോൾതന്നെ അവൾ അത്യന്തം താന്തയായിത്തീരും. തലചുറ്റിത്തുടങ്ങും. 'അയ്യയ്യോ! വിചാരിച്ചിരിക്കാതെ അവരിൽ പതിക്കുവാൻ പോകുന്ന യാതൊരാപത്തും കരുതാതെ അവരിപ്പോൾ നിദ്രാധീനരായിരിക്കയല്ലേ? പണം നഷ്ടപ്പെടുന്നതോടൊപ്പം അവർ തങ്ങളുടെ പ്രാണനെയും നഷ്ടപ്പെടുത്തേണ്ടിവരുന്നല്ലോ?' എന്നിങ്ങിനെ വിചാരിച്ചു കരഞ്ഞുവിളിച്ചു മാതംഗി തനിക്കു വരാവുന്ന യാതൊരാപത്തിനെയും കുറിച്ചു തെല്ലും ചിന്തിച്ചില്ല. മററവർക്കു വരാനിരിക്കുന്ന അപകടത്തെ ഓർത്തു തന്റെ സകലദുഃഖവും ഒന്നാകെ മറന്നു. 'ഞാൻ രക്ഷിക്കാതെ ആരാണ് ഈ തരുണത്തിൽ അവരെ രക്ഷിക്കുക? എന്റെ പ്രാണൻ ഇതോടെ ത്യജിക്കേണ്ടി വന്നാൽതന്നെയും നിശ്ചയമായും

ഞാൻ അവരെ രക്ഷിക്കാതിരിക്കയില്ല.' എന്നവൾ ഹൃദയത്തിൽ വിശ്വസിച്ചുറച്ചു.

പെട്ടെന്നെഴുന്നേറ്റ്, ഈ വസ്തുതകൾ വീട്ടിലുള്ളവരെ അറിയിക്കാമെന്ന് അവൾ ആദ്യം കരുതി. എന്നാൽ, ആ വിചാരത്തെ അവൾ ക്ഷണത്തിൽ ഉപേക്ഷിച്ചു, 'അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുവാനില്ല. രാജമോഹന്റെ ബന്ധുക്കൾ അവളുടെ വാക്കുകൾ വിശ്വസിക്കുകയോ? അഥവാ വിശ്വസിച്ചാലും മാധവനെ രക്ഷിക്കുവാൻവേണ്ടി അവർ അവനെ ദ്രോഹിക്കുമോ? ഒരുപക്ഷെ അവർ തന്നെപ്പററി രാജമോഹനോടു വല്ലതും പറഞ്ഞുപോയാൽ തന്റെ ഗതി അപകടംതന്നെ.' എന്നവൾ ബലമായി കരുതി.

കനകത്തിന്റെ ഓർമ്മ അപ്പോളുണ്ടായി. മാതംഗി തന്റെ മുറിവിട്ടു ആരുമറിയാതെ കനകത്തിന്റെ വീട്ടിൽചെന്നു വസ്തുതകൾ മുഴുവൻ അവളെ ഗ്രഹിപ്പിക്കാമെന്നു നിശ്ചയിച്ചു. 'കനകത്തെ വിളിച്ചുണർത്തുമ്പോൾ അവളുടെ അമ്മയും ഉണരുകയില്ലേ? എന്റെ ഭർത്താവിതിൽ ഉൾപ്പെട്ടിരിക്കുന്നു എന്നറിയുമ്പോൾ ഞാൻ അദ്ദേഹത്തെ ദ്രോഹിച്ചു എന്ന പഴിക്കും കാരണമായിത്തീരുമല്ലോ. ഒരുപക്ഷെ കനകം ഈ വിവരം മാധവനെ അറിയിക്കാമെന്നേററാലും ഈ അർദ്ധരാത്രിയിൽ അവൾ ഏകാകിനിയായിപോകുവാൻ അവളുടെ അമ്മ അനുവദിക്കുമോ? അതൊന്നും സാധിക്കാത്ത കാര്യം? എന്നിങ്ങനെ അതേക്കുറിച്ചും അവൾ ആലോചിച്ച് ഒടുവിൽ അതും ത്യജിച്ചു.

മാതംഗിക്കു എന്താണുചെയ്യേണ്ടതെന്നു യാതൊന്നും തോന്നിയില്ല. ഒടുവിൽ ഇതു താൻതന്നെ ചെയ്യേണ്ട ഒന്നാണെന്നവൾ തീരുമാനിച്ചുറച്ചു. അതേപ്പററി ചിന്തിച്ചപ്പോൾതന്നെ അവളുടെ ഹൃദയം നടുങ്ങിത്തുടങ്ങി. തനിക്കിതിൽ വരാവുന്ന അത്യാഹിതങ്ങളെപ്പററി അവൾ തെല്ലും ഖേദിച്ചില്ല. ഈ നടുരാത്രിയിൽ നെടുപാതകളിൽക്കൂടി ഏകാകിനിയായി ഒരു പെണ്ണു പോകുക എന്നുവെച്ചാൽ?—താൻ ചെറുപ്രായത്തിൽ കേട്ടിട്ടുള്ള അനവധി യക്ഷികഥകൾ ഒന്നായി അവളുടെ ഹൃദയനഭസ്സിൽ പൊന്തിവന്നു. പോകേണ്ട വഴിയും ദുർഘടംനിറഞ്ഞതത്. സ്ഥലമോ കുറെ അകലത്തിൽ. കള്ളന്മാരുടെ ആവാസവും കടന്നുപോകേണ്ട മാർഗ്ഗ

ങ്ങളിൽ, ഇതെല്ലാം ചിന്തിച്ചപ്പോഴും അവളുടെ ഹൃദയം നടുങ്ങിത്തുടങ്ങി. വഴിക്കൊണ്ടാറും കള്ളന്മാരുടെ കൂട്ടത്തിൽ രാജ്യസ്ഥാനനും ഉണ്ടായിരുന്നാലത്തെ സ്ഥിതിയോ? അതും സർവ്വത്ര അപകടം. ഈ മാതിരി ചിന്തകളാൽ വീണ്ടും അവളുടെ ഹൃദയം തുടിച്ചു.

ജന്മനാ മാതംഗി സാമാന്യബുദ്ധിയുള്ളവളായിരുന്നു. തന്റെ പ്രിയപ്പെട്ട അനുജത്തി, അവളുടെ ഭർത്താവ് ഇവക്കുവേണ്ടി യഥാർത്ഥത്തിൽ പ്രാണനെത്തന്നെയും ത്യജിക്കുവാൻ അവൾ സന്നദ്ധയായിരുന്നു. ഉത്തരക്ഷണത്തിൽ അവൎക്കു വരുവാൻ പോകുന്ന അത്യാഹിതത്തെ ഓർത്താൽ അവൾ ഒരു നിമിഷം അടങ്ങി ഇരിക്കയോ? 'ഈ നശ്വരമായ ജീവിതം മറ്റെന്തിനുള്ളതാണ്? ഇതിനുവേണ്ടി അതു നശിപ്പിച്ചാലും ചാരിതാർത്ഥ്യത്തിനു അവകാശമുള്ളു. ഈ ഗൌരവമായ കാൎയ്യസാദ്ധ്യത്തിനുവേണ്ടി ഞാൻ എന്തു ക്ലേശവുംസഹിക്കും. ദൈവംതന്നെ എന്നെരക്ഷിക്കട്ടെ'. എന്നവൾ ഉറച്ചുകഴിഞ്ഞു. 'ഈ പാതിരാത്രിയിൽ ഞാൻ മാധവന്റെ ഗൃഹത്തിൽചെന്നാൽ അദ്ദേഹം......' മാതംഗിയുടെ ഹൃദയം അത്യധികം വേദനിച്ചു. ഒരുസ്ഥിരമായ നിശ്ചയത്തിൽ മനസ്സാകാതെ അവൾ കിളിവാതിലിന്റെ കതക തുറന്നു പുറത്തേക്കു നോക്കി. വൃക്ഷങ്ങളുടെ ഇരുണ്ട നിഴലുകൾ ഭൂമിയെ ആവരണം ചെയ്തിരിക്കുന്നതായി കണ്ടു. കഷ്ടിച്ചു ഒരു നാഴിക നേരത്തിനുള്ളിൽ ചന്ദ്രൻ അസ്തമിക്കുമെന്നവൾക്കു മനസ്സിലായി. ഇനി സമയം താമസിപ്പിച്ചാൽ അവരെ രക്ഷിക്കുന്ന കാൎയ്യം അസാദ്ധ്യമായും തീരും. എതിരിൽ ഏറ്റവും സമീപിച്ചിരിക്കുന്ന ആപത്തോൎത്ത് അവൾ സമയം ഇനി ഒട്ടും പാഴിൽ ചെലവഴിക്കാൻ കരുതിയില്ല.

ശിരസ്സുമുതൽ കാൽവരെ മറയത്തക്കവണ്ണം ഒരു വസ്ത്രമെടുത്തു മൂടിക്കൊണ്ടു അവൾ വാതിൽതുറന്നു പുറത്തുവന്നു. എല്ലായിടവും ഒന്നുപോലെ നിശ്ശബ്ദം. മങ്ങിയ വെളിച്ചത്തിൽ വൃക്ഷങ്ങൾ അവളെ ഉറ്റുനോക്കുന്നതുപോലെതോന്നി. ആകാശത്തിലേക്കുനോക്കി ഇരുകരങ്ങളും കൂപ്പി അവൾ ഇഷ്ടദേവതകളെ അകമഴിഞ്ഞു പ്രാൎത്ഥിച്ചു. അതോടുകൂടി അവൾക്കു അസാമാന്യമായ ധൈൎയ്യം ജനിച്ചു. മുന്നോട്ടു നടന്നുതുടങ്ങി.

ഇരുളടഞ്ഞു കിടന്നിരുന്ന രോട്ടുകളിൽക്കൂടി അവൾ നടന്നു പോകുമ്പോൾ കാററിൽ ഉലയുന്ന പത്രംപോലെ അവളുടെ ശരീരം വിറച്ചു. തന്റെ കാലൊച്ചതന്നെ കേട്ടു അവൾ പലപ്പോഴും നടുങ്ങിപ്പോയി. വൃക്ഷശിഖരങ്ങൾ ഇരുളിൽ, കരങ്ങൾ നീട്ടിനില്ക്കുന്ന പൈശാചിക മൂൎത്തികളെപ്പോലെ അവൾക്കു തോന്നി. ചില വൃക്ഷമറവുകളിലെ കുററിക്കാട്ടുകൾ കള്ളന്മാർ പതുങ്ങിയിരിക്കുന്നതുപോലെ അവളിൽ ഭയം ജനിപ്പിച്ചു. ചെറുപ്പത്തിൽ കേട്ടു പരിചയിച്ച പിശാചുക്കളുടെ പല്ലുവായക കഥകളും അനുഭവത്തിൽ അവൾക്കു തോന്നി കിടുകിടെ വിറച്ചു. ഓരോ അടി മുന്നോട്ടുവെയ്ക്കുമ്പോഴും രാത്രിചാരികളായ ഭയങ്കര മൂൎത്തികൾ അവളെ വലയംചെയ്യുന്നതുപോലെ തോന്നിച്ചു ഭയപ്പെട്ടു.

എന്തെങ്കിലും ഒരില അനങ്ങുമ്പോഴും വല്ല വൃക്ഷക്കോടരത്തിലുമിരുന്നു പക്ഷികൾ ചിറകടിക്കുന്ന ശബ്ദംകേൾക്കുമ്പോഴും അവൾ വല്ലാതെ നടുങ്ങിപ്പോയി. അവൾ ധൈൎയ്യമവലംബിച്ചു ദൈവത്തെ സ്മരിച്ചുകൊണ്ടുനടന്നു. അവൾ ഭയജനകമായ ഇരുൾനിറഞ്ഞ ഒരു മാവിൻതോട്ടത്തിൽ എത്തി. ഒരുവശം തോട്ടം, മറുവശം ഒരു വലിയ കുളം, കുളത്തിന്റെ കരയിൽക്കൂടിയായിരുന്നു അവൾക്കു കടന്നുപോകേണ്ട ചെറുപാത നീണ്ടുകിടന്നിരുന്നതു്. അവൾ കുളക്കരയോടു സമീപിച്ചപ്പോൾ അവിടെ നിന്നിരുന്ന അത്യുന്നതമായ അരയാൽവൃക്ഷം, അല്പമാത്രമായി ലഭിച്ചിരുന്ന വെളിച്ചത്തേയും മറച്ചു. വഴി അവൾക്കു ലേശവും മനസ്സിലാകാതെ കുഴങ്ങിനിന്നു. പാതയരികിലാണെങ്കിൽ മുൾക്കാടും. ഈ അവസരത്തിൽ തോട്ടത്തിൽ ഒരിടത്തു ഒരു ചെറുവെളിച്ചം അവൾ കണ്ടു. ആരോ സാവധാനത്തിൽ സംസാരിക്കുന്ന ശബ്ദവും അവളുടെ കൎണ്ണങ്ങളിൽ പതിഞ്ഞു.

താൻ എന്തൊന്നിനെയാണോ ആദ്യം ഭയപ്പെട്ടതു്, അതിപ്പോൾ തനിക്കു അനുഭവപ്പെട്ടു എന്നവളുറച്ചു. ആ മാവിൻതോട്ടത്തിൽ കള്ളന്മാരുടെ ആവാസമുണ്ടെന്നുള്ളതു വാസ്തവമാണു്. ആപത്തുകൾ ഒന്നായി വന്നണയുകയില്ലെന്നുള്ളതു പരമാൎത്ഥമാണല്ലോ. വഴിയിൽ ഒരിടത്തു കിടന്നിരുന്ന ഒരു നായ അവളെ

കണ്ടു് ഉച്ചത്തിൽ കുരച്ചുതുടങ്ങി. തോട്ടത്തിൽ മനുഷ്യശബ്ദവും അതോടെനിലച്ചു. നായ കുരച്ചതിനാൽ കള്ളന്മാർ നിശ്ചയമായും അവിടേക്കു വരാതിരിക്കയില്ലെന്നു തീർച്ചയാക്കി അവൾ അടുത്തുള്ള കുളക്കരയിലേക്കിറങ്ങി. തോട്ടത്തിൽനിന്നോ, പാതയിൽനിന്നോ നോക്കിയാൽ ആരും കാണാത്ത ഒരു സ്ഥലമായിരുന്നു അതു്. കള്ളന്മാരിൽ ആരെങ്കിലും കുളക്കരയിൽ എവിടെയെങ്കിലും നിന്നു നോക്കിയാൽ അവളെ കാണ്മാനും പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ, അവൾക്കു ആപത്തുകളോടൊപ്പംതന്നെ ധൈര്യവും അതിതമായിത്തീർന്നു.

ക്ഷണത്തിൽ തന്റെ മൂടുപടമെടുത്തു് അതിൽ കുറെ കളിമണ്ണെടുത്തു ചുററിവച്ചു. ചുററിയിരുന്ന ഏകവസ്ത്രത്തോടുകൂടി അവൾ വെള്ളത്തിലിറങ്ങിനിന്നു. അതേ അവസരത്തിൽ കുളത്തിന്റെ എതിർവശത്തു് ആളുകളുടെ ശബ്ദം കേട്ടുതുടങ്ങി. കാൽപെരുമാററവും അവൾ അടുത്തുകേട്ടു. പെട്ടെന്നവൾ ചുരുട്ടി പിടിച്ചിരുന്ന മൂടുപടം വെള്ളത്തിൽതാഴ്ത്തി. കളിമണ്ണിന്റെ ഘനത്താൽ അതു ക്ഷണത്തിൽ വെള്ളത്തിൽ താഴ്ന്നു. അനന്തരം അവളും കഴുത്തോളം വെള്ളത്തിലിറങ്ങി മുഖംമാത്രം പുറത്തു കാണത്തക്കവണ്ണം നിന്നു. ആലുവൃക്ഷത്തിന്റെ നിഴലുണ്ടായിരുന്നുവെങ്കിലും അതിനെയും ഭേദിച്ചു തന്റെ വെളുത്തമുഖം പുറത്തു കണ്ടെങ്കിലോ എന്നു കരുതി അവൾ കരിംകൂന്തൽ പടലത്താൽ മുഖവും മറച്ചുകളഞ്ഞു. ആ ഇരുളിൽ അവളുടെ കറുത്ത തലമുടിയെ ആരു ഗൌനിക്കുന്നു? ചിലർ കുളക്കരെ സമീപത്തോളം വന്നുനോക്കി മടങ്ങിപ്പോയി. മാതംഗി അവരുടെ സംസാരവും കാൽപെരുമാററവും കേട്ടതല്ലാതെ അവരെ തിരിച്ചറിവാൻപോലും ഒരുമ്പെട്ടില്ല.

വന്നവരിൽ ഒരുവൻ പറഞ്ഞു:—ഞാൻ നേരിൽ കണ്ടതാണു്. അടിമുതൽ മുടിയോളം പുതച്ചിട്ടൊരു സ്വരൂപം ഇതേവഴിക്കു വന്നു.

മററയാൾ:—നീ എന്തോ കണ്ടു തെററിദ്ധരിച്ചതാണു്. ഈ അസമയത്തുണ്ടോ ഇതുവഴി ആരെങ്കിലും വരുന്നു. വെറുതെ അസംബന്ധം പറയുന്നു. അതിലും വിശേഷിച്ചു ഈ ഉഷ്ണകാലത്തു

ഏകമാനം മൂടിപ്പുതച്ച ആളുകൾ നടക്കുകയോ? വെറുതെ ഭ്രാന്തു പറയുന്നു.

രണ്ടുപേരും നാലുദിക്കിലും നല്ലപോലെ സൂക്ഷിച്ചു. അവരുടെ ഭീതിക്കു കാരണകാരിയായ ആ സ്ത്രീരത്നത്തിനെ അവൎക്കു കാണ്മാൻ കഴിഞ്ഞില്ല. ആരെയും കാണാഞ്ഞയാൽ കള്ളന്മാർ മടങ്ങിപ്പോയി.

അവർ മടങ്ങിപ്പോകുന്ന ശബ്ദം കാതിൽപെടുന്നതുവരെ മാതംഗി വെള്ളത്തിൽതന്നെ നിന്നു. അനന്തരം അവൾ കുളത്തിൽനിന്നും കരക്കുകയറി നാലു പാടും സൂക്ഷിച്ചു. ഇനി അതു വഴിപോകുന്നതത്ര നന്നല്ലെന്നു അവൾക്കു തോന്നി. കുളത്തിന്റെ എതിർവശത്തുകൂടി മറെറാരു ചെറുപാതയുണ്ടായിരുന്നു. അവൾ അതു കണ്ടുപിടിച്ചു. ആ വഴി അവൾക്കു സാമാന്യം പരിചിതവുമായിരുന്നു. എന്നാൽ ആ മാൎഗ്ഗം മുഴുവൻ മുൾക്കാടുകൾ ഇടതിങ്ങിയതായിരുന്നു. പക്ഷെ, ഈ തരുണത്തിൽ അവൾ അതൊന്നും അത്ര വകവെക്കാതെ നടന്നു. കാലിൽ അടിക്കടി മുള്ളുതറിച്ചു രക്തം വമിച്ചുതുടങ്ങി. എതുവിധവും തന്റെ ഉദ്ദേശ്യം നിൎവ്വഹിക്കണമെന്നേ അവൾക്കു മോഹമുണ്ടായിരുന്നുള്ളു. മററാരുടെ കണ്ണിലും പെടരുതെന്നുള്ള വിചാരവും. ഈ രണ്ടു വിചാരങ്ങളുടേയും പ്രചോദനത്താൽ അവൾ അതിവേഗത്തിൽ നടന്നു. എന്നാൽ ഒരു പുതിയ സംശയം അവളിൽ അപ്പോൾ അങ്കുരിച്ചു. മാതംഗി രാധാഗഞ്ചിൽ വന്നതിൽപിന്നീടു രണ്ടുപ്രാവശ്യമേ മാമറോ അനുജത്തിയുടെ ഗൃഹത്തിലേക്കു പോയിട്ടുള്ളു. അതും കാൎന്നടയായിട്ടല്ലതാനും. അതുകൊണ്ടു പിന്നിടവൾക്കു കടന്നുപോകേണ്ട വഴി അത്ര നിശ്ചയമില്ലായി. ഏതുവഴിക്കാണു കടന്നുപോകേണ്ടതെന്നു ചിന്തിച്ചു നിലകൊണ്ടു.

കേവലം ഭ്രാന്തത്തിയെപോലെ അവൾ അഷ്ടാശകളേയും വീക്ഷിച്ചു. അവളുടെ തല്ലകാലത്താൽ മാധവന്റെ ബംഗ്ലാവിന്റെ മുൻവശത്തുള്ള — ദേവദാരുവൃക്ഷങ്ങളുടെ അഗ്രങ്ങൾ അവൾക്കു ലക്ഷ്യമായി. അതു കണ്ടമാത്രയിൽ അവൾ ആ സ്ഥലത്തെ ലക്ഷ്യമാക്കി പക്ഷിവേഗത്തിൽ പാഞ്ഞു. അവൾ ഗൃഹത്തിന്റെ പിൻ

പുറത്തുള്ള വാതുക്കൽ എത്തി. എന്നാൽ, അവളുടെ ഹൃദയം പതറിത്തുടങ്ങി. 'ഈ അർദ്ധരാത്രിയിൽ എങ്ങിനെയാണു വാതലിന്മേൽ തട്ടിശബ്ദമുണ്ടാക്കുക? ആരാണു വന്നു കതകുതുറക്കുക?' എന്നീ വിചാരം അവളെ അത്യന്തം ത്രസിപ്പിച്ചു. ഒടുവിൽ അവൾ വളരെനേരം കതകിൽ തട്ടിയശേഷം കരുണായെന്ന പരിചാരികയെ വിളിക്കുവാൻതുടങ്ങി. പരിചാരിക പകുതി നിദ്രയിൽ മാത്രം എത്തിയിരുന്നതിനാൽ പിറുപ്പാട്ടുകൂടി 'ആരെടാ ഈ അസമയത്തുവന്നു വാതിൽതട്ടി വിളിക്കുന്നത്?' എന്നു അസ്പഷ്ടമായി ചോദിച്ചു. മാതംഗി ആവേശത്തോടുകൂടി 'എടീ കരുണാ! എണീററു വേഗത്തിൽ വാതിൽതുറക്കുക' എന്നുപറഞ്ഞു.

അകാലത്തിൽ വിളിച്ചുണർത്തിയാൽ ആർക്കാണു ദ്വേഷ്യമുണ്ടാകാത്തത്? നീ ആരാണ്' എന്നവൾ സഗൌരവം ചോദിച്ചു.

മാതംഗിക്കാ തന്റെ പേരുപറയുവാൻ വലിയ ഭയം. ആരെങ്കിലും അതു കേട്ടുവെങ്കിലോ എന്ന്. കഴിയും വേഗത്തിൽ അകത്തു പ്രവേശിക്കണമെന്ന ബദ്ധപ്പാടും. മാതംഗി വീണ്ടും പറഞ്ഞു:—'കരുണാ! ഇതു ഞാൻതന്നെയാണ്. വാതിൽതുറന്നു നോക്കുമ്പോൾ ആരാണെന്നു മനസ്സിലാകും.'

കരുണാ:—(തെല്ലു ശാന്തസ്വരത്തിൽ) നീ ആരാണെന്നു പറയൂ'.

മാതംഗി:—'ഞാൻ കള്ളനുംമററുമല്ല; നിന്നെപ്പോലെ ഒരു സ്ത്രീ തന്നെയാണ്.

ഇതുകേട്ടപ്പോൾ പരിചാരികക്കു അതു കള്ളനായിരിക്കയില്ലെന്നും കള്ളന്മാർ ഇത്ര മധുരസ്വരത്തിൽ സംസാരിക്കുകയില്ലെന്നും മനസ്സിലായി. പെട്ടെന്നവൾ വാതിൽതുറന്നു. മാതംഗിയെ ദർശിച്ചമാത്രയിൽ പരിചാരിക അമ്പരന്നുവശായി. 'എന്തൊരാശ്ചര്യമാണിത്! ഇതു നിങ്ങളായിരിക്കുമെന്നാരറിഞ്ഞു?'

മാതംഗി:—എനിക്കു എത്രയും വേഗത്തിൽ ഹേമാംഗിയെ കാണേണ്ടിയിരിക്കുന്നു. കാര്യം വളരെ ഗൌരവമാണ്. എന്നെ അവളുടെ സമീപത്തേക്കു കൂട്ടിച്ചുകൊണ്ടുപോകുക.

"ഇപ്പോൾ നല്ല ഉറക്കത്തിലാണ്........ഞാൻ പോയി വിളിച്ചുണർത്തികൊണ്ടുവരാം. നിങ്ങൾ ഇങ്ങിനെ ഈറനണിഞ്ഞു

നില്ക്കുണ്ടു. വേറെ വസ്ത്രം തരാം.' എന്നു പരിചാരിക വളരെ ആദരവായി പറഞ്ഞു.

മാതംഗി വസ്ത്രം മാറിയുടുത്തു പരിചാരികയൊന്നിച്ചു ഹേമാംഗി ശയിക്കുന്ന മേൽത്തട്ടിലേക്കു പോയി.

—:o:—

## പത്താം അദ്ധ്യായം.

മാതംഗി മുകൾത്തട്ടിൻ വരാന്തയിൽ ഒരിടത്തു നിന്നുകൊണ്ടു കരുണയോടു തന്റെ അനുജത്തിയെ വിളിക്കുവാൻ പറഞ്ഞു. ഈ അവസരത്തിൽ ഹേമാംഗി തന്റെ ഭർത്താവൊന്നിച്ചു കിടക്കുകയായിരുന്നു. അവൾ പല മനോഹര സ്വപ്നങ്ങളും കണ്ടു കിടന്നിരുന്ന അവസരത്തിലാണ് കരുണ അവളെ വിളിച്ചത്. പല പ്രാവശ്യം അവൾ വാതിലിന്മേൽ തട്ടി വിളിച്ചിട്ടും ഹേമ ഉണർന്നില്ല. സമയം അതിക്രമിക്കുന്നതിൽ അതിവ ഭയന്നും തിടുക്കത്തോടു കൂടിയും മാതംഗിതന്നെ അവളെ രണ്ടുമൂന്നു വിളിച്ചുനോക്കി. ആ വിളി കേട്ടിട്ടു മാധവൻ ഞെട്ടി ഉണർന്നു. കിടക്കയിൽതന്നെ കിടന്നുകൊണ്ടു അയാൾ 'ആരാണത്?' എന്നു ചോദിച്ചു.

മാതംഗി അതിനു സമാധാനം പറയുവാൻ വളരെ ലജ്ജിച്ചു. അവളുടെ ഹൃദയം തുടിച്ചുതുടങ്ങി. അവൾ യാതൊന്നും സംസാരിക്കാതെ നില്ക്കുന്നതു കണ്ടു കരുണ 'ജ്യേഷ്ഠത്തിഅമ്മയാണ്' എന്നുത്തരം പറഞ്ഞു. മാധവന്റെ ഉറക്കം ഈ അവസരത്തിൽ മുഴുവനും തെളിഞ്ഞിരുന്നില്ല. അയാൾ ഉൽക്കണ്ഠിതനായി 'ആര്? മാതംഗിയോ?' എന്നു ചോദിച്ചു.

'അതെ' എന്നു കരുണ സമാധാനം പറഞ്ഞു കേട്ടപ്പോൾ അയാൾ അലൗകിക ശക്തിയാൽ പ്രേരിതനെന്നവണ്ണം പരിപൂർണ്ണ സന്തോഷത്തോടു കൂടി ചാടി എഴുന്നേറ്റു വസ്ത്രങ്ങൾ ശരിക്കുടുത്തു വാതൽ തുറന്നു പുറത്തു വന്നു. കരുണയുടെ കൈയിൽ ഒരു വിളക്കു കത്തിച്ചുകൊണ്ടിരുന്നിരുന്നു. മാധവൻ പുറത്തേക്കു വന്നു

കണ്ടപ്പോൾ മാതംഗി ലജ്ജാവനമ്രയായി ഒരു മൂലയിൽ ഒഴിഞ്ഞു മാറിനിന്നു. മഞ്ഞിൽ നനഞ്ഞ താമരപുഷ്പംപോലെ നിന്നിരുന്ന മാതംഗിയെ കണ്ടു മാധവൻ ആശ്ചര്യഭരിതനായി 'എന്തു്, ഈ അസമയത്തു നീ എന്താണിവിടേക്കു വന്നതു്?' എന്നു ചോദിച്ചു.

ഇതേ അവസരത്തിൽ ഹേമാംഗിയും ഉറക്കം തെളിഞ്ഞുണർന്നു. വസ്ത്രങ്ങളെല്ലാം പഴയപടി ഉടുത്തു കട്ടിലിന്നരികിലിരുന്നിരുന്ന ഒരു മെഴുകുതിരി കത്തിച്ചുവെച്ചു. എന്നാൽ, പെട്ടെന്നു വെളിയിലേക്കിറങ്ങുവാൻ ലജ്ജാഭരം അവളെ അനുവദിച്ചില്ല. താൻ തെല്ലു മുൻപു ഭർത്താവൊന്നിച്ചു ശയിച്ചിരുന്ന വസ്തുത ജ്യേഷ്ഠത്തിയെ മറച്ചുവെയ്ക്കുവാനശക്തയാകയാലായിരിക്കാം അവൾ പുറത്തേക്കിറങ്ങാതിരുന്നതു്. മാതംഗി തന്നെ കണ്ടു ലജ്ജ ഭാവിക്കുന്നതറിഞ്ഞു മാധവൻ തന്റെ പത്നിയെ വിളിച്ചു 'ഹേമേ! നിന്റെ ജ്യേഷ്ഠത്തി എന്തിനായിട്ടാണു് വന്നിരിക്കുന്നതെന്നു ചോദിക്കുക' എന്നാജ്ഞാപിച്ചു.

ഹേമാംഗി എഴുന്നേററു വളരെ പ്രയാസപ്പെട്ടു പുറത്തുവന്നു 'ജ്യേഷ്ഠത്തി! ഈ അർദ്ധരാത്രിസമയത്തു നിങ്ങൾ വളരെ ബദ്ധപ്പെട്ടു വന്നതെന്തിനാണു്? നിങ്ങൾക്കെന്താപത്തു പിണഞ്ഞു?' എന്നു ചോദിച്ചു.

'താഴത്തേക്കു വരിക, പറയാം' എന്നു പറഞ്ഞു വെളിച്ചവുമായി മുമ്പിൽ കരുണയെ നടത്തി അവർ രണ്ടുപേരുമായി താഴത്തിറങ്ങി.

മാതംഗി:—നിങ്ങൾക്കു മുന്നറിയിപ്പു തരുവാനായിട്ടാണു് ഞാൻ വന്നിട്ടുള്ളതു്. നല്ലതുപോലെ സൂക്ഷിച്ചുകൊള്ളുക. അടുത്ത നിമിഷത്തിൽ കള്ളന്മാർ ഈ വീട്ടിൽ കവർച്ച നടത്തുവാൻ പോകുന്നുണ്ടു്.

ഹേമ:—എന്തു് കവർച്ചയോ?

'അയ്യോ അയ്യോ' എന്നു കരുണ സംഭ്രമപൂർവ്വം നിലവിളിക്കുവാൻ തുടങ്ങി.

മാത:—കരുണാ! എന്തു ബുദ്ധിശൂന്യതയാണിതു്. മെല്ലെ നിലവിളിക്കുകയും പറയുകയും ചെയ്യാൽ മതി. സന്ദർഭമറിയാതെ

വല്ലതും കാട്ടിയാൽ അതും അപകടമായിത്തീരും. (ഹേമാംഗിയോടു) ഹേമേ! നീ വേഗം പോയി നിന്റെ ഭർത്താവിനോടു വിവരം പറഞ്ഞു ജാഗ്രതയായിരുന്നുകൊള്ളുവാൻ പറയുക.

എന്നാൽ ഹേമാംഗിയാൽ അക്കാൎയ്യം അസാദ്ധ്യമായിരുന്നു. അവൾ ഒന്നും ചെയ്യുവാൻ ശക്തയല്ലാതെ അവിടെ നിന്നു പരുങ്ങിയതേയുള്ളു. മാതംഗിക്കു എന്താണു ചെയ്യേണ്ടതെന്നു യാതൊരു രൂപവുമില്ലാതായി. തന്റെ സോദരി ഇങ്ങിനെ ഇതിൽ ഉദാസീനത വരുത്തിയാൽ സമയം അതിക്രമിച്ചു കാൎയ്യം അപകടത്തിലായിത്തീരുമല്ലോ എന്നോൎത്തു മാതംഗി വിഷമിച്ചു.

മാതംഗി:—ഹേമേ! നീ എന്താണു മൌനം ഭജിച്ചു നില്ക്കുന്നതു? വേഗംചെന്നു വിവരം പറയുക.

ഹേമ:—എന്നാൽ സാദ്ധ്യമല്ല. നിങ്ങൾതന്നെ ചെന്നു പറയുന്നതാണു നല്ലതു. എനിക്കു ശരിക്കു പറഞ്ഞു കേൾപ്പിക്കുവാൻ നിശ്ചയമില്ല. അതുമല്ലെങ്കിൽ ഞാൻ ചെന്നു പറഞ്ഞാൽ അദ്ദേഹം വിശ്വസിക്കുമോ എന്നുതന്നെ സംശയമാണു.

മാത:—നീ ഇത്ര ബുദ്ധിശൂന്യയാണോ? ഞാൻ നേരിട്ടുചെന്നു പറയുന്നതു യുക്തമാണോ? ഞാൻ പറഞ്ഞതായി നിനക്കദ്ദേഹത്തോടു പറഞ്ഞുകൂടെ? ആപത്തിനെ കരുതി മാത്രമല്ലേ ഞാൻ ഇത്ര ബദ്ധപ്പെട്ടിവിടേക്കു വന്നതു? നിനക്കെന്താണതിൽ ഇത്ര ഭയം?

ഹേമ:—എന്നെക്കൊണ്ടു സാധിക്കയില്ല; നിങ്ങൾതന്നെ പോയി പറഞ്ഞാൽ മതി.

മാത:—ഞാൻ പോകയില്ല.........എടി കുബുദ്ധി! എനിക്കു പോയ്ക്കൂടാ.

കരുണ:—ജ്യേഷ്ഠത്തിയമ്മ പറയുന്നതു മുഴുവൻ കളവാണു. (ഹേമയോടു) നിങ്ങളെ വെറുതെയെങ്കിലും പരിഹസിക്കുകയാണു അല്ലാത്തപക്ഷം ഭയപ്പെടുത്തുകയാണു.

കരുണയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ഹേമയുടെ മുഖം തെല്ലു പ്രസന്നമായി. മാതംഗി കുറച്ചുനേരം കാൎയ്യത്തിന്റെ ഗൌരവം ഓൎത്തുനിന്നു. ഒടുവിൽ ഏതോ ധൈൎയ്യപ്പെട്ട ഭാവത്തിൽ 'അങ്ങിനെയാണെങ്കിൽ ശരി. ഞാൻ തന്നെ പോയി പറഞ്ഞുകൊള്ളാം. നീയും എന്നോടൊന്നിച്ചുവരിക' എന്നു ഹേമയോടു പറഞ്ഞു. എന്നാൽ ഹേമ ജ്യേഷ്ഠത്തിയൊന്നിച്ചു ഭൎത്താവിന്റെ മുമ്പിൽ ചെല്ലുവാൻ ലജ്ജിച്ചു അതിനെ അനുകൂലിച്ചില്ല.

'നീ ഇല്ലെങ്കിൽ വേണ്ട,. ഇവിടെത്തന്നെ ഇരുന്നുകൊള്ളുക' എന്നു പറഞ്ഞശേഷം മാതംഗി മുകളിലത്തട്ടിൽ കയറി വരാന്തയിൽനിന്നു. ഈ അവസരത്തിൽ ചന്ദ്രൻ ആകാശമണ്ഡലത്തിൽനിന്നും നിശ്ശേഷം മറയുവാൻ ഭാവിക്കുന്ന സന്ദൎഭമായിരുന്നു. മാധവന്റെ സമീപമടുക്കുമ്പോൾ, മാവിൻ തോട്ടത്തിൽ വെളിച്ചം കണ്ടപ്പോൾ നടുങ്ങിയതിനേക്കാളും കൂടുതലായി അവൾക്കു നടുക്കം നേരിട്ടു. ശിരോവേഷ്ടനത്തെ നല്ലതുപോലെ ബലപ്പെടുത്തിയശേഷം അവൾ മാധവന്റെ അറയുടെ വാതുക്കൽ ചെന്നുനിന്നു. ധൈൎയ്യം അവലംബിച്ചുകൊണ്ട് അവൾ വാതിൽ മെല്ലെ തുറന്നു. മാധവൻ ഒരു ചാരുകസാലമേൽ ചാഞ്ഞു കിടക്കുകയായിരുന്നു. ബഹുമോടിയായി അലങ്കരിച്ചിരുന്ന ആ മുറിയിൽ ഒരു വിളക്കു കത്തിക്കൊണ്ടിരുന്നിരുന്നു. ലജ്ജാധിക്യത്താൽ അവൾ മാധവന്റെ നേരെ നോക്കാതെ ഒരു മൂലയിൽ പോയി തലകുനിച്ചു പതുങ്ങിനിന്നു. മാതംഗിയെ കണ്ടമാത്രയിൽ മാധവൻ നിവൎന്നിരുന്നു. കുറച്ചുനേരത്തേക്കു രണ്ടുപേരും ഒന്നും ശബ്ദിച്ചില്ല. എന്നാൽ കാൎയ്യഗൌരവം ഓൎത്ത് മാതംഗിക്കു മൌനഭഞ്ജനം ചെയ്യുവാൻ ബദ്ധപ്പാടായി. മാധവനും ദീൎഘമൌനം അസഹ്യമായി തോന്നി. ഒടുവിൽ അയാൾതന്നെ മാതംഗിയെ നോക്കി ഗൌരയായി 'നീ ഒരു ദൊരശ്ശിണിയായിരുന്നുവെങ്കിൽ ഇങ്ങിനെ അവിടെ ഏകയായി നില്ക്കാതെ ഇവിടെ വന്നിരിക്കുവാൻ ഞാൻ പറയുമായിരുന്നു.' എന്നു പറഞ്ഞു. അയാളുടെ ഈ വാക്കുകൾ അവളിൽ പല പൂൎവ്വകഥകളും അനുസ്മരിപ്പിച്ചു. അവളുടെ കവിൾത്തടങ്ങളിൽ രക്തം തുടുത്തു. അവൾ തന്റെ ഹൃദയത്തെ ബലമാ

യി അടക്കികൊണ്ടു വളരെ സാവധാനത്തിൽ പറഞ്ഞു:—'നിങ്ങൾക്കു ഒരു വലിയ ആപത്തു വരുവാൻ പോകുന്നു. കള്ളന്മാർ നിങ്ങളുടെ ഗൃഹം കവൎച്ച ചെയ്യുവാൻ വരുന്നുണ്ടു.'

മാധവൻ:—(ഞെട്ടികിട്ടു്) വാസ്തവത്തിലോ?

മാത:—അതെ; അതും ഇന്നു രാത്രിതന്നെ.

മാധ:—ഇന്നു രാത്രിയിലോ?

മാത:—ചന്ദ്രൻ അസ്തമിച്ചു ഇരുട്ടു വ്യാപിച്ചാലുടൻ.

മാധ:—എന്നാൽ, ഞങ്ങളുടെ സ്ഥിതി വളരെ ഭയനീയം തന്നെ യായിരിക്കും. മാതംഗി! ഈ വിവരം നിനക്കെങ്ങിനെ മനസ്സിലായി?

അവൾ അതിന്നു യാതൊരു പ്രത്യുത്തരവും നൽകാതെ തല കുനിച്ചു നിന്നതേയുള്ളു. കുറച്ചു സമയം കഴിഞ്ഞു മാധവനെ ഉററുനോക്കി വളരെ ഉറച്ച സ്വരത്തിൽ പറഞ്ഞു:—'ആ വിവരം എനിക്കു പറയുവാൻ നിവൃത്തിയില്ല'.

'നീ ഇവിടേക്കു പോന്ന വിവരം രാജമോഹനന്നറിവുണ്ടോ?'

'അറിവില്ല'.

'നിനക്കീ വിവരം എവിടെനിന്നും ലഭിച്ചു?'

'എന്റെ ചെവികൾകൊണ്ടു കേട്ടറിഞ്ഞു'.

'നീ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല'.

മാതംഗി തന്റെ മുഖം മുഴുവൻ മാധവൻ കാണത്തക്ക വിധത്തിൽ നേരെ നോക്കിക്കൊണ്ടു് 'നിങ്ങളെ ഞാൻ മറെറാരു തരത്തിൽ തെററി ധരിപ്പിക്കുവാനായി ആരും സഹായം കൂടാതെ ഈ അസമയത്തു വരുമെന്നുണ്ടോ?'

മാധവൻ പുരികം ചുളിച്ചുകൊണ്ടു 'ഞാൻ കരുതിയതു തെററുതന്നെ' എന്നു പറഞ്ഞു പുറത്തേക്കിറങ്ങുവാൻ ഭാവിച്ചു. അപ്പോൾ മാതംഗി നയനസംജ്ഞകൊണ്ടു അയാളെ തടുത്തുനിൎത്തി പറയുവാൻ ഭാവിച്ചു. അതുകണ്ടു മാധവൻ വളരെ ഭയപ്പെട്ടു 'ഇനിയും വല്ലതും അറിയിക്കുവാനുണ്ടോ?' എന്നു ചോദിച്ചു.

'നിങ്ങളുടെ ചെറിയച്ഛന്റെ മരണപത്രം നിങ്ങൾ എവിടെയാണു് സൂക്ഷിച്ചിരിക്കുന്നതു്? അതു ജാഗ്രതയോടു കൂടി സൂക്ഷിച്ചു കൊള്ളുക. കള്ളന്മാർ അതിന്മേലും ശ്രദ്ധവെച്ചിട്ടുണ്ടു്'.

'എന്ത്? പെട്ടെന്നയാൾക്കു ചെറിയമ്മതന്റെ പേരിൽ ഫയലാക്കിയിട്ടുള്ള വ്യവഹാരത്തിന്റെ ഓൎമ്മവന്നു. 'അതു അവൎക്കൊരിക്കലും കിട്ടുകയില്ല.'

'നിങ്ങൾ അതിനെ ഒരു ദന്തപ്പെട്ടിയിലല്ലേ വെച്ചിരിക്കുന്നതു്?'

'അതു നിനക്കെങ്ങിനെ അറിയാം?' ആശ്ചൎയ്യത്താൽ മാധവൻ സ്തംഭിതഗാത്രനായി.

'എനിക്കോ?......അതാൎക്കും അതു നല്ല നിശ്ചയമുണ്ടു്'.

മാധവന്റെ മുഖം വൈവൎണ്ണ്യപൂൎണ്ണം. മാതംഗിയുടെ ശശിവദനം മാധവന്റെ മനോഹരമുഖത്തെ മേഘപടലം മൂടുന്നതു കണ്ടു വാടിത്തുടങ്ങി.

'ഇനി ഞാൻ നിങ്ങളെ ഒരു കാൎയ്യംകൂടി നിൎബ്ബന്ധിക്കുന്നു.'

'നീ എന്നെ നിൎബ്ബന്ധിക്കുവാനെന്താണുള്ളത്. മാതംഗീ! നീ എങ്ങിനെ ചെയ്യണമെന്നു എന്നെ ഉപദേശിക്കുന്നുവോ അതുപോലെ ചെയ്യുവാൻ ഞാൻ എപ്പോഴും തയ്യാറാണ്'. എന്നു മാധവൻ വളരെ വിനീതസ്വരത്തിൽ പറഞ്ഞു.

'ഞാൻ ഇവിടെ വന്നവിവരം പുറമെ മററാരും അറിഞ്ഞുപോകരുതു്. അറിഞ്ഞുപോയാൽ അതെന്റെ ജീവന്നു ഹാനികരമായിത്തീരുമെന്നറിയണം.' എന്നു പറഞ്ഞതും അവളുടെ കണ്ണുകൾ അശ്രുക്കളാൽ നിറഞ്ഞതും ഒന്നിച്ചുകഴിഞ്ഞു.

'നിന്റെ ജീവന്നോ? അതിന്നു മതിയായിട്ടൊരുവൻ ഇന്നാരാണുള്ളത്?' എന്നു മാധവൻ സഗൌരവം ചോദിച്ചു.

'അയ്യോ! ക്രോധിക്കരുതു?

'ഇല്ല. അതു ഞാൻ മറന്നിരിക്കുന്നു. നീ പറയുന്നതുപോലെ കേൾക്കാം'

'കരുണാമയിയെ മാത്രമേ എനിക്കു സംശയമുള്ളു.'

'അവളെപ്പററി നീ ഒട്ടും ഭയപ്പെടേണ്ടതില്ല. അക്കാൎയ്യം ഞാനേററിരിക്കുന്നു. നീ നിന്റെ അനുജത്തിയുടെ സമീപം പോയിരിക്കുക. നിന്നെ മററാരും വന്നു കാണുകയില്ല. ഞാൻ രക്ഷക്കുവേണ്ട ആളുകളെ ഏൎപ്പെടുത്തുവാൻ പോകയാണ്. നിങ്ങൾ വളരെ

സൂക്ഷിച്ച് അകത്തടച്ചിരുന്നുകൊണ്ടാൽമതി.' അനന്തരം, മാധവൻ തന്റെ മുറിക്കകത്തുണ്ടായിരുന്ന രണ്ടു പ്രകാശമുള്ള വലിയ ശീമവിളക്കുകൾ കത്തിച്ചുവെച്ചു. മറെറാരു വിളക്കുകത്തിച്ചു മാതംഗിയുടെ പക്കലും കൊടുത്തയച്ചു.

—:+:—

## പതിനൊന്നാം അദ്ധ്യായം.

മാതംഗി അവിടംവിട്ടുപോയക്ഷണത്തിൽ മാധവൻ കരുണാമയിയെ അടുക്കൽവിളിച്ചു ശബ്ദമൊന്നുമുണ്ടാക്കാതെ വേഗംപോയി ഭൂപസിംഗിനെ ഇവിടേക്കു കൂട്ടിച്ചുകൊണ്ടുവരിക എന്നാജ്ഞാപിച്ചു.

ഭൂപസിംഗ് മാധവന്റെ ഒരു വിശ്വസ്ത പരിചാരകനായിരുന്നു. വളരെക്കാലമായി അയാൾ ഈ കുടുംബത്തെ സേവിച്ചു ജീവിച്ചുവരികയാണ്. വാർദ്ധക്യാധിക്യത്താൽ ഇപ്പോൾ അയാളെ അധികം വേലകളിലൊന്നും നിയോഗിക്കാറില്ലായിരുന്നു. മാധവന്റെ ആജ്ഞ [illegible] ഉള്ളിലെ ഭയത്തോടും വിറയലോടുംകൂടി ഭൂപസിംഗിന്റെ ഇരിപ്പിടത്തിലേക്കെത്തിച്ചു. ഇരുളിൽ ഓരോ മൂലകളിലും കള്ളന്മാർ പതുങ്ങിയിരിക്കുന്നതുപോലെ അവൾക്കു തോന്നിത്തുടങ്ങി. ഇതിനുമുൻപവൾ കള്ളന്മാരെ നേരിൽ കാണുകയുണ്ടായിട്ടില്ല. എന്നാൽ, കാണണമെന്നുള്ള ആഗ്രഹംമാത്രം അവൾക്കുണ്ടുതാനും. ഇന്നു കള്ളന്മാർ വരുന്നുണ്ടെന്നുള്ള വർത്തമാനം ശ്രവിച്ചതുമുതൽ അവളുടെ ശരീരം നഖശിഖാന്തം നടുങ്ങിത്തുടങ്ങി.

മാധവൻ അലമാരത്തുന്ന് ഒരു ചെറിയ ദന്തപ്പെട്ടി പുറത്തെടുത്തു. അയാളുടെ മുറിക്കുള്ളിൽ തന്നെ ഒരു രഹസ്യമുറിയുണ്ടായിരുന്നു. നാലുപാടും നല്ലവണ്ണം സൂക്ഷിച്ച ശേഷം ആ മുറി സാവധാനത്തിൽ തുറന്ന് അതിൽനിന്നും ഒരു റിവാൾവരും കുറെ തോട്ടകളും പുറത്തെടുത്ത ശേഷം ദന്തപ്പെട്ടിയെ അതിനുള്ളിൽ വച്ചു ഭദ്രമായി പൂട്ടിയ ശേഷം പുറത്തേക്കുവന്നു. ഇതിന്നകം ഭൂപ

സിംഗ്ഗും വന്നുചേൎന്നു. കരുണാമയി അയാളുടെ പിൻഭാഗത്തായും നിന്നിരുന്നു. മാധവൻ കരുണയെ പറഞ്ഞയച്ചശേഷം ഭൂപസിംഗ്ഗുമായി സംഭാഷണമാരംഭിച്ചു.

വസ്തുതകൾ ഗ്രഹിച്ചമാത്രയിൽ ഭൂപസിംഗിന്റെ പ്രകൃതം ആകമാനം ഒന്നു ഭേദപ്പെട്ടു. അയാൾ ക്ഷണത്തിൽ പുറത്തേക്കു കടന്നു. മാധവൻ തന്റെ കൈത്തോക്കിൽ ഉണ്ട തോട്ടകൾ നിറച്ചുകൊണ്ടു വാതലുകളെല്ലാം ശരിയായി ബന്ധിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചു. മുകൾത്തട്ടിൽ അയാളുടെ മുറിക്കു പുറമെ വിശാലമായ ഒരു വരാന്തയുണ്ടായിരുന്നു. അതിനു പുറമെ തോട്ടത്തെ അഭിമുഖീകരിച്ചു രണ്ടു വലിയ ജനാലകളുമുണ്ടായിരുന്നു. പുറമേനിന്നും ആൎക്കും അതുവഴി അകത്തേക്കു കടക്കുവാൻ മാൎഗ്ഗമില്ലായിരുന്നു. അതിനെ ഇരുമ്പഴികളാൽ ബലമായി ഘടിപ്പിച്ചിരുന്നു. വാതൽ വഴി പുറത്തേക്കു നോക്കിയതിൽ ഇരുൾ സൎവ്വത്ര വ്യാപിച്ചിരുന്നതിനാൽ അയാൾക്കു യാതൊന്നും കാണ്മാൻ കഴിഞ്ഞില്ല.

ജനാലകൾ രണ്ടും അടച്ചു തഴുതിട്ടശേഷം മാധവൻ പുറത്തേക്കു കടന്നു. ഇതിനകം ഭൂപസിംഗിന്റെ ആജ്ഞാനുസാരണം മാധവന്റെ പരിചാരകന്മാരിൽ പലർ പല വിധങ്ങളായ വടി, തടി ആയുധങ്ങളോടുകൂടി പുറത്തെ വാതുക്കൽ തയാറായി നിന്നിരുന്നു. വാതൽ കാവൽക്കാരനായ സനാതനൻ 'ലോകം മുഴുവൻ ഇളകിവന്നാലും എന്റെ ഒരൊററ അടിക്കു സമാധാനം പറയുകയില്ല' എന്ന വീര ജല്പനത്തോടുകൂടി നില്ക്കുന്നുണ്ടായിരുന്നു. മററുള്ളവരും അവരവരുടെ വീൎയ്യബലാദികളെ അവരവരുടെ ഭാഷകളിൽ പ്രകീൎത്തിച്ചു. ഇതൊക്കെ പറയുന്നുണ്ടായിരുന്നുവെങ്കിലും അക്രമികൾ കടന്നു വരുന്നുണ്ടോ എന്നു അവർ നാലുപാടും സൂക്ഷിക്കുന്നുമുണ്ടായിരുന്നു. സമയം അതിക്രമിക്കുന്തോറും അവരുടെ ഭീതിയും പരിഭ്രമവും വൎദ്ധിച്ചുതുടങ്ങി. അതോടുകൂടി ചൊടിയും ഉദ്ഭവിച്ചു. 'വരിനെടാ' എന്നുപറഞ്ഞു ചിലർ തങ്ങളുടെ ആയുധം ചുഴററി. ചിലർ അട്ടഹസിക്കുവാൻ തുടങ്ങി. ഭൂപസിംഗ്ഗു മാത്രം തന്റെ കടമകളെ നിനച്ചുകൊണ്ടു വളരെ ജാഗ്രതയോടുകൂടി മൌനമായിരുന്നു. കള്ളന്മാരെ എപ്പോഴാണു കണ്ടുകിട്ടുക എന്നവിചാരത്തോടെ

വിഭ്രാന്തിപ്പിക്കുന്ന മുഖഭാവവും അതിന്നു തക്ക ഉത്സാഹവും അയാളിൽ പ്രസരിച്ചിരുന്നു.

ഗൃഹത്തിന്റെ മുൻഭാഗത്തുള്ള വാതുക്കൽ ഒരു റാന്തൽ കത്തിനിന്നിരുന്നു. എല്ലാ ദിവസവും രാത്രികാലങ്ങളിൽ ആ വിളക്ക് അവിടെ കത്തിച്ചുനിർത്തുക സാധാരണയാണ്. എന്നാൽ, അന്ന് അതിന്റെ കുപ്പി കരിപിടിച്ചു പ്രകാശം മങ്ങി കാണപ്പെട്ടു അന്നു കൂടുതൽ വെളിച്ചത്തിന്റെ ആവശ്യമുണ്ടായിരുന്നതിനാൽ ഒരുവൻ അതഴിച്ചെടുത്തു തുടച്ചു വെടിപ്പാക്കുവാൻ ഭാവിച്ചു. എന്നാൽ അവന്റെ പരിഭ്രമത്താൽ കൈയിൽനിന്നും താഴത്തു വീണുടഞ്ഞു തകർന്നുപോയി. അതു കണ്ടു ഭൂപസിംഗ് സഹിക്കവയ്യാത്ത കോപത്തോടുകൂടി അതുടച്ചവനെ പ്രഹരിക്കുവാനായി ചാടിയെഴുന്നേറ്റു. ഈ അവസരത്തിൽ സ്ത്രീകൾ പെരുമാറുന്ന അകത്തളത്തിൽനിന്നും ഭയനീയമായ ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. അപ്പോൾ സകലരും പരിഭ്രാന്തരായി. മാധവൻ ഭൂപസിംഗിനെയും കൂട്ടിച്ചുകൊണ്ടു അകത്തേക്കു പാഞ്ഞു.

ഭൂപസിംഗിനെപ്പറ്റി ഇവിടെ അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആദ്യകാലത്ത് അയാൾ ജമിന്ദാർ രാമനാഥ ബാബുവിന്റെ ഒരു മികച്ച കുടിയാനായി ജീവിച്ചുവരികയായിരുന്നു. ആ കാലത്ത് അയാൾ കടമായി വാങ്ങിയിരുന്ന സംഖ്യകൾ കൊടുത്തുതീർക്കുവാൻ നിവൃത്തിയില്ലാതെ വരികയാൽ കടത്തിനുവേണ്ടി ജമിന്ദാർ അയാളുടെ വസ്തുവകകളെല്ലാം വിറ്റിച്ചു മടക്കി എടുത്തു. അതോടുകൂടി അയാൾക്കും കുടുംബത്തിനും പാർക്കുവാൻ സ്ഥലമോ ജീവിതത്തിനു മുതലോ ഇല്ലാതെ വളരെ പരുങ്ങലിലായി. ഈ ഭയനീയഘട്ടത്തിൽ അയാൾ രാമകാന്തായിയെ അഭയം പ്രാപിച്ചു. ദയാലുവായിരുന്ന അദ്ദേഹം അയാളെ തന്റെ ഒരു പരിചാരകനായി നിയമിച്ചു. ഇതു ഇരുപതു വർഷങ്ങൾക്കു മുമ്പു നടന്ന സംഭവമാണ്. അക്കാലത്തു മാധവൻ രണ്ടു വയസ്സു മാത്രം പ്രായമുള്ള ഒരു ചെറിയ കുട്ടിയായിരുന്നു. അക്കാലം മുതൽ ഭൂപസിംഗ് യാതൊരു ബുദ്ധിമുട്ടുംകൂടാതെ ആ ഗൃഹത്തിൽ പാർത്തു വരികയായിരുന്നു. ആയുധാഭ്യാസത്തിൽ അയാ

ഢംകരശരി ധൈൎയ്യമുള്ളവരും ആ പ്രദേശത്തെങ്ങും ആരുമില്ലായിരുന്നു. ഇപ്പോൾ അയാൾക്കു വയസ്സ് അറുപതഞ്ചിനുമേലായിരിക്കുന്നു. എങ്കിലും ഇന്നും അയാൾ അതിശക്തൻതന്നെയാണ്. താൻ അഭ്യസിച്ചിട്ടുള്ള വിദ്യ വേണ്ട അവസരത്തിൽ പ്രയോഗിക്കയല്ലാതെ മററാൎക്കു കാട്ടിക്കൊടുക്കലും പതിവില്ല.

മാധവൻ ഭൂപസിംഹിനെയും കൂട്ടിക്കൊണ്ടു അകത്തളത്തിൽ പ്രവേശിക്കുമ്പോൾ അവിടമെങ്ങും വലിയ ശബ്ദകോലാഹലമായിരുന്നു. രണ്ടാളും വാതുക്കൽനിന്നു ശ്രദ്ധിച്ചു. കള്ളന്മാർ പുറത്തെ വാതിൽ തല്ലിപ്പൊളിക്കുന്നതായി മനസ്സിലായി. മാധവൻ പരിഭ്രാന്തനായി ഇതികൎത്തവ്യതാമൂഢനായിത്തീൎന്നു. അടുത്തക്ഷണത്തിൽ തെല്ലുധൈൎയ്യപ്പെട്ടു അയാൾ ഭൂപസിംഹിനെയും കൈക്കു പിടിച്ചുകൊണ്ടു അകത്തു കടന്നു. നാലുദിക്കിലും ഒന്നുപോലെ ആരവാരങ്ങൾ പൊന്തി മാറെറാലിക്കൊണ്ടിരുന്നു. മററു ശബ്ദങ്ങളെ അപേക്ഷിച്ചു സ്ത്രീജനങ്ങളുടെ അഭയാരവം ശക്തിമത്തായി പൊന്തിപ്പുറപ്പെട്ടിരുന്നു. ഇതിനകം രണ്ടു കള്ളന്മാർ അടുക്കളയിൽ കടന്നു് അതിന്റെ പുറത്തെ വാതിൽതുറന്നു മററുള്ളവരെ ഉള്ളിലേക്കു പ്രവേശിപ്പിക്കുവാൻ തുടങ്ങുന്നതുകണ്ടു. അവരുടെ കൈയിൽ എരിഞ്ഞുകൊണ്ടിരുന്ന പന്തങ്ങളുടെ ജ്വാല പുറത്തുള്ള വൃക്ഷങ്ങളിൽ കനകപ്രഭ പരത്തി. കള്ളന്മാർ കുന്തക്കോലുകളും കോടാലികളും ആയുധമാക്കിക്കൊണ്ടു നിൎബ്ബന്ധം അകത്തേക്കു കടന്നു. ഉരുളിൽ കള്ളന്മാർ പലവഴിക്കും ചാടിക്കടന്നു ഗൃഹത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചു. മാധവൻ ക്ഷണത്തിൽ മുകളത്തെട്ടിലുള്ള തന്റെ മുറിയിലേക്കോടി. അവിടെ ചെന്നുനോക്കുമ്പോൾ രണ്ടു കള്ളന്മാർ തന്റെ അലമാര കുത്തിത്തുറന്നു അതിലിരുന്ന കടലാസ്സുകൾ പുറത്തെടുത്തിട്ടു തെരയുന്നതായിട്ടാണു കണ്ടത്. ഭൂപസിംഹും മാധവനൊന്നിച്ചുതന്നെ ഉണ്ടായിരുന്നു. മാധവനു കോപാധിക്യത്താൽ കലികൊണ്ടു, അയാൾ സധൈൎയ്യം അകത്തു കടന്നു കള്ളന്മാരിൽ ഒരുവനെ കടന്നുപിടിച്ചു ദൂരത്തേക്കൊരു തള്ളുകൊടുത്തു അവിചാരിതമായി നേരിട്ട ആ തള്ളിൽ അവൻ അകലത്തുപോയിക്കിടന്നു തന്റെ കൂട്ടുകാരനെ ദയനീയമാംവിധം

ഒന്നുണ്ടാക്കി. തസ്കരപ്രമാണി ഈ അവസരത്തിൽ മരണപത്രം
തെരയുന്ന തിരക്കായിരുന്നു. കൂട്ടുകാരനു പററിയ അവസ്ഥ കണ്ട
പ്പോൾ അവൻ കോപിഷ്ഠനായി തൻെറ ആയുധമെടുത്തു സമീപ
ത്തു നിന്നിരുന്ന ഭൂപസിംഗിൻെറ ശിരസ്സിനെ ലക്ഷ്യമാക്കി ഓങ്ങി.
സമൎത്ഥനായ ഭൂപസിംഗ് അതു തന്നിൽ പതിക്കാതെ തടുത്തുകള
ഞ്ഞു. എന്നാൽ കള്ളത്തലവനുണ്ടോ ഒഴിഞ്ഞുമാറുന്നു? രണ്ടുപേരും
സമാനബലശാലികൾ. അവർതമ്മിൽ ഏററുമുട്ടി. ഈ അവസ
രത്തിൽ കൈത്തോക്കു പൊട്ടുന്ന ശബ്ദം കേൾക്കപ്പെട്ടു. അതു
കേട്ടക്ഷണത്തിൽ കള്ളന്മാർ പുറത്തളത്തിലേക്കോടിത്തുടങ്ങി.

മറുപുറത്തു സ്ത്രീകളുടെ രക്ഷാകേന്ദ്രത്തിൽ കള്ളന്മാർ കടക്കു
ന്നതറിഞ്ഞു മാധവൻ അവിടേക്കോടി. ഒരു മുറിയുടെ വാതിൽ
വെട്ടിപ്പൊളിച്ചിട്ടിരിക്കുന്നതായികണ്ടു. മററൊരുകള്ളൻ വേറൊ
ന്നു തട്ടിപ്പൊളിച്ചുകൊണ്ടിരുന്നിരുന്നു. മാധവൻ ഒട്ടും സമയം
കളയാതെ കള്ളനെ ലക്ഷ്യമാക്കി ഒരു വെടിപൊട്ടിച്ചു. അതു ആരി
ലും പെടാതെ എതിരിലുള്ള ചുവരിന്മേൽ ചെന്നു തറച്ചതേയുള്ളു.
കള്ളന്മാർ അതോടുകൂടി അവിടെനിന്നും പുറത്തേക്കോടി. മാധ
വനും അവരെ പിൻതുടൎന്നു ഈ തരുണത്തിൽ സമൎത്ഥനായ ഒരു
കള്ളൻ മാധവൻെറ പിന്നാലെ എത്തിയിരുന്നു. മാധവൻ പുറ
ത്തെ വരാന്തയിൽ എത്തിയക്ഷണത്തിൽ പിന്നിൽനിന്നിരുന്ന
കള്ളൻ അവൻെറ ഇരിമ്പുവടി മാധവൻെറ ശിരസ്സിൽ ഓങ്ങി.
എന്നാൽ, അടി തലയിൽ നിപതിക്കുംമുൻപുതന്നെ കള്ളൻെറ
പിന്നിൽകൂടി രണ്ടുകരങ്ങൾ മുന്നോട്ടുനീണ്ടു ആ അടി തടഞ്ഞുകള
ഞ്ഞു. കള്ളൻ പരിഭ്രമിച്ചു പിൻതിരിഞ്ഞുനോക്കിയപ്പോൾ വല്ലാ
തെ നടുക്കംനേരിട്ടു. അവൻ ഒരേ പാച്ചിലായി പുറത്തേക്കോടി
ക്കളഞ്ഞു.

തന്നെ കള്ളൻെറ പ്രഹരത്തിൽനിന്നും രക്ഷപ്പെടുത്തിയതു
ഭൂപസിംഗാണെന്നു മാധവനു മനസ്സിലായി. അവർ രണ്ടുപേരും
കൂടി പുറത്തേക്കിറങ്ങി. ഈ അവസരത്തിൽ പുറത്തളത്തിലെ മൂല
കളിൽ കള്ളന്മാരിൽ ചിലർ പതുങ്ങി ഇരുന്നിരുന്നു. കൈത്തോക്കി
ലെ തോട്ടകൾ തീൎന്നിരിക്കുമെന്നുള്ള വിശ്വാസമായിരുന്നു അവരെ

അവിടെ പതുങ്ങിയിരിക്കുവാൻ ധൈൎയ്യപ്പെട്ടതിനാൽ. അവർ പെട്ടെന്നു മാധവനെ വളഞ്ഞു. മാധവന്റെ കൈവശമുള്ളതു് നല്ല റിവാൾവറാണെന്നു് അവൎക്കു മനസ്സിലായില്ല. അക്കാലങ്ങളിൽ ഈ ആയുധം പ്രചാരത്തിലില്ലായിരുന്നു. മാധവൻ വളരെ പ്രയാസപ്പെട്ടു കല്ക്കത്തയിൽനിന്നും സമ്പാദിച്ചു രഹസ്യമായി സൂക്ഷിച്ചിരുന്നതായിരുന്നു അതു. ഈ വിവരം രാജസിംഹനുപോലും അറിവില്ലായിരുന്നു.

കള്ളന്മാർ മാധവനെ വളഞ്ഞിരിക്കുന്നതു കണ്ടപ്പോൾ ഭൂപസിംഗ് എന്തെന്നില്ലാതെ അമ്പരന്നു. തനിക്കു വളരെക്കാലം ചോറു തന്നു പുലൎത്തിയ ആ മഹാനുഭാവന്റെ ഏകസന്താനത്തെ രക്ഷിപ്പാൻവേണ്ടി അയാൾ ഓടി അടുത്തു കള്ളന്മാരിൽ ഒരുവനെ തന്റെ വടികൊണ്ടു കണങ്കാലിൽ ഒരു പ്രഹരം ഏല്പിച്ചു. അതുകൊണ്ടു ഭീതരായ കള്ളന്മാർ പുറത്തെ വാതൽ തുറന്നോടുവാൻ ഭാവിച്ചപ്പോൾ അതുവഴി അനവധി കള്ളന്മാർ ഒന്നായി അകത്തേക്കു തള്ളിക്കടന്നു മാധവനെ വളഞ്ഞു. മാധവൻ കൈത്തോക്കിലെ ഒരു തോട്ടക്കുടി ചെലവാക്കി. എന്നാൽ, അത് ആരിലും ഏററില്ല. കൈത്തോക്കു വാങ്ങി സൂക്ഷിച്ചിരുന്നുവെങ്കിലും അതു പ്രയോഗിക്കേണ്ടവിധം മാധവൻ ശീലിച്ചിട്ടുണ്ടായിരുന്നില്ല. വീണ്ടും പ്രയോഗിച്ചു അതു കള്ളന്മാരിൽ ഒരുവന്റെ ഒരു ചെവിയും അപഹരിച്ചുകൊണ്ടു പറന്നു. അതുകണ്ടു സകലരും ഭീതരായി ജീവരക്ഷാൎത്ഥം ഓട്ടംതുടങ്ങി. ക്ഷണനേരത്തിനുള്ളിൽ കള്ളന്മാർ നിശ്ശേഷം തോറേറാടി.

ബഹളങ്ങളെല്ലാം ഒതുങ്ങി എന്നു കണ്ടപ്പോൾ മാധവന്റെ ആൾക്കാരിൽ ചിലർ പുറത്തെ വാതുക്കൽ പ്രത്യക്ഷപ്പെട്ടു. ഭയം കൊണ്ടു പലേടങ്ങളിലും ഒളിച്ചിരുന്ന അവർ തങ്ങളാണു കള്ളന്മാരെ വിരട്ടി ഓടിച്ചതെന്നുള്ളമട്ടിൽ രംഗപ്രവേശം ചെയ്തുതുടങ്ങി. അപ്പോഴേക്കും ഇരുളിൽ തോട്ടത്തിൽപോയി പതുങ്ങിയിരുന്നവരിൽ ചിലരുംവന്നുകൂടി. കള്ളന്മാരിൽ ഒരുവൻ ഭയന്നു പ്രാണനും കൊണ്ടു പുറത്തേക്കോടുമ്പോൾ കൈയിൽ വടിയും ചുഴററിക്കൊണ്ടുനിന്ന ഒരുവനും വന്നുചേൎന്നു. താൻ ചെയ്ത സാഹസ

ങ്ങളും തന്റെ പെരുമയും അവന്റെ വാണിവിലാസംപോലെ തട്ടിവിട്ടു. എല്ലാവരും നാലുദിക്കുകളിലുംതന്നെ സൂക്ഷിച്ചശേഷം ജയഭേരിമുഴക്കി. അപ്പോൾ വളരെ അകലത്തിൽനിന്നും എന്തോ ഒരു ശബ്ദം കേട്ടു അതു കള്ളന്മാരുടെതായിരിക്കുമെന്നുകരുതി അവരെല്ലാവരുംകൂടി അത്യുച്ചത്തിൽ 'വരിൻ! പിടിക്കുവിൻ!' എന്നിങ്ങിനെ അട്ടഹസിച്ചുകൊണ്ടു മാധവന്റെ ഗൃഹത്തിനു മുൻവശമുള്ള വരാന്തയിൽ എത്തി. ചന്ദ്രനിലെകളങ്കംപോലെയും, നിർമ്മലാകാശത്തിലെ മേഘപടലംപോലെയും, ഈ വീരശൂരന്മാരിൽ ചിലരുടെ തലയിൽ തടഞ്ഞിരുന്ന ചിലന്തിവലകളും, മററു ചിലരുടെ മുഖത്തു പതിഞ്ഞിരുന്ന കരിയും, വേറെ ചിലരുടെ ശരീരത്തിൽ പററിഞ്ഞിരുന്ന പാടുകളും അവർ ഏതേതു ദിക്കുകളിലാണ് അത്രനേരവും ഒളിഞ്ഞിരുന്നതെന്നു പ്രത്യക്ഷപ്പെടുത്തി.

# പന്ത്രണ്ടാം അദ്ധ്യായം.

മാധവൻ, തനിക്കു മുന്നറിയിപ്പുനൽകി ആപത്തിൽനിന്നും രക്ഷിച്ച് സ്ത്രീരത്നത്തിനെ കാണ്മാനായി അകത്തളത്തിലേക്കു നടന്നു. ഈ അവസരത്തിൽ ഹേമാംഗിയും മാതംഗിയും മാധവന്റെ സ്ഥിതിഗതികൾ അറിവാനുള്ള ഉൽകണ്ഠയോടുകൂടി മേൽത്തട്ടിലേക്കു വരികയായിരുന്നു.

മാതംഗിയെ കണ്ടമാത്രയിൽ 'നീ എനിക്കുചെയ്തു ഈ ഉപകാരത്തെ ഞാൻ ആജീവനാന്തം മറക്കുന്നതല്ല' എന്നു മാധവൻ കൃതജ്ഞതയോടുകൂടിപറഞ്ഞു. ഭർത്താവു ആപത്തിൽനിന്നും രക്ഷപ്പെട്ടതുകൊണ്ടുള്ള സന്തോഷാധിക്യത്താൽ ഹേമാംഗി പുളകിതഗാത്രിയായിഭവിച്ചു. മററുള്ളസ്ത്രീകളെ ഈ സന്തോഷവർത്തമാനം ഗ്രഹിപ്പിക്കുവാനായി അവൾ അകത്തളത്തിലേക്കുതന്നെ തിരിച്ചുപോയി.

മുകൾത്തട്ടിലെ മുറിക്കുള്ളിൽ മാധവനും മാതംഗിയും തനിച്ചിരുപ്പായി. മാതംഗിക്കു നന്ദി പ്രകടിപ്പിക്കുവാൻ വാക്കുകൾ തോന്നായ്കയാൽ അതയാളുടെ മുഖഭാവം നിർവ്വഹിച്ചു.

മാതംഗി ലജ്ജാസമേതം പറഞ്ഞു:—'ഞാൻ ഇത്ര നന്ദികെട്ട പാത്രമാകത്തക്കവണ്ണം എന്തൊരുപകാരമാണ നിങ്ങൾക്ക ചെയ്തത്? ഭവതിയും നിങ്ങളും ആപത്തിന്നിരയായിത്തീരരുതെന്നുള്ള എന്റെ കടമയെ നിർവ്വഹിച്ചതിൽ കൂടുതലായി ഞാൻ യാതൊന്നും ചെയ്തിട്ടില്ല. അതിന്നുവേണ്ടി മാത്രമാണ് ഈ അസമയത്തു ഞാൻ ഏകയായി ഇവിടേക്കവന്നതും. ഇനി എനിക്കിവിടെ ഒട്ടും താമസിക്കാതെ മടങ്ങിപ്പോകണം. അതു മാത്രമേ ഞാൻ ഭയപ്പെടുന്നുള്ളു ........നിങ്ങൾ രണ്ടുപേരും വളരെ കരുതലോടുകൂടി ഇരുന്നുകൊള്ളുവിൻ.' അവളുടെ കണ്ണുകളിൽ ജലം നിറഞ്ഞു.

'മാതംഗി! തിരിച്ചുപോകുവാൻ എന്താണിത്ര ബദ്ധപ്പാട്? കുറച്ചുസമയമെങ്കിലും ഇവിടെ പാർത്തിട്ടുപോകരുതേ? നിന്റെ അനുജത്തി നിന്നെ കണ്ടിട്ട് എത്രയോ ദിവസമായിരിക്കുന്നു. നേരം പ്രകാശമാകുമ്പോഴേ നിന്നെ പല്ലക്കിൽ കൊണ്ടുപോയിവിടുവാൻ ഞാൻ ഏർപ്പാടുചെയ്തുകൊള്ളാം. നീ നടന്നുപോകരുത്.'

'പക്ഷെ, എന്റെ ശിരസ്സിലെഴുത്തു മറെറാരുതരത്തിലായിപ്പോയല്ലൊ. എനിക്കെന്തിനുപല്ലക്ക്?' ദുഃഖാധിക്യത്താൽ അവളുടെ തൊണ്ടയിടറി. 'എനിക്കുവേണ്ടി നിങ്ങളാരും ബുദ്ധിമുട്ടേണ്ടതില്ല.'

'നിനക്കെന്താണിത്ര ദുഃഖം? അതെന്തുകൊണ്ടാണെന്ന് എന്നോടു പറഞ്ഞുകൂടയോ?'.

'അദ്ദേഹത്തിന്റെ സ്വഭാവം നിങ്ങൾക്ക നല്ല നിശ്ചയമുള്ളതല്ലേ?........ഇവിടേക്ക വന്ന വിവരമറിഞ്ഞാൽ പിന്നിട്ടു ഞാൻ ബാക്കിയില്ല അതുകൊണ്ടു ക്ഷണത്തിൽ എനിക്ക തിരിച്ചു പോകണം.'

'എന്ത്? അതിന്നും ദ്വേഷ്യപ്പെടുകയോ?'

മാതംഗി യാതൊരു പ്രത്യുത്തരവും പറഞ്ഞില്ല. വീണ്ടും നിർബ്ബന്ധിച്ചു ചോദിക്കുവാൻ അയാൾ ഇഷ്ടപ്പെട്ടതുമില്ല. കുറച്ചു നേരം അയാൾ എന്തോ ആലോചനയിൽ ലീനചിത്തനായിരുന്നു. ഈ അവസരത്തിലെല്ലാം മാതംഗി തന്റെ ദുഃഖം നിറഞ്ഞ നയനങ്ങളാൽ മാധവനെത്തന്നെ ഉററുനോക്കിക്കൊണ്ടിരുന്നു.

'ഞാൻ പോകയാണ്. കരുണാമയിയെക്കൂടി സഹായത്തിനയച്ചുതരണം.' അവളുടെ സംസാരവിശേഷത്തിൽനിന്നും അവളിൽ അധിഷ്ഠിതമായ കഠിനഭാരത്തെ മാധവൻഗ്രഹിച്ചു. 'നിങ്ങൾ സൌഖ്യമായിരുന്നു കാണുന്നതുതന്നെയാണ് എനിക്കു സായൂജ്യം.'

മാധവൻ അവളെ ഉററുനോക്കി. ആ നോട്ടം തന്റെ ഹൃദയത്തിലുദിച്ചിരുന്ന നിരവധി വികാരങ്ങളെ അക്ഷരംപ്രതി ഉദ്ദീപിപ്പിച്ചിരുന്നു. അയാളുടെ കണ്ണുകൾ രണ്ടും നിറഞ്ഞു. മാതംഗിയും തന്റെ ഹൃദയാന്തർഭാഗങ്ങളിലുള്ള അവസ്ഥാവിശേഷങ്ങളെ നിയന്ത്രിക്കുവാൻ ശക്തയാകാതെ അശ്രുക്കൾ തൂകി.

'നീ എന്തിനാണു നിലവിളിക്കുന്നത്? നിന്റെ ദുഃഖം എന്താണെന്നു വച്ചാൽ അതു പറയുക.' എന്നു വളരെ ശാന്തസ്വരത്തിൽ മാധവൻ പറഞ്ഞു.

മാതംഗിയാൽ അതിന്നു സമാധാനമൊന്നും പറയുവാൻ സാധിച്ചില്ല. അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. പെട്ടെന്നുണ്ടായ ഏതോ വികാരോദ്വേഗത്താൽ അവൾ മാധവന്റെ കരതലം കടന്നുപിടിച്ചു തന്റെ മുഖകമലത്തെ അതിൽ ഒളിച്ചു. അവളുടെ കുളുർസ്പർശം മാധവനെ കോൾമയിർക്കൊള്ളിച്ചു. അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. കണ്ണുനീർ മാധവന്റെ കൈത്തലത്തിലൂടെ ഒഴുകിത്തുടങ്ങി.

'മാധവാ! എന്നെ മറക്കരുത്' എന്നു പറയുന്നതിനിടയിൽ അവൾക്കു പെട്ടെന്നൊരുണർവ്വുണ്ടായി. അവളുടെ ശരീരം നടുങ്ങി. 'അവസാനമായി ഞാൻ ആചരിക്കുന്ന ഈ പാപകൃത്യത്തെ നിങ്ങൾ ക്ഷമിച്ചുകൊള്ളണം. ഇതാണു നമ്മുടെ അവസാനസന്ദർശനം. നിങ്ങളെ വിചാരിച്ച് അനുനിമിഷവും എന്റെ ഹൃദയം അനുഭവിക്കുന്ന തീവ്രദുഃഖമാരറിയാം? ഞാൻ അങ്ങയെ മറന്നുകളയുവാൻ പലപ്പോഴും ശ്രമിച്ചിട്ടും അങ്ങു എന്റെ ഹൃദയത്തിൽനിന്നും വിട്ടുപോകുന്നില്ല.......അങ്ങയെ വേർപിരി............'
ബാക്കി പറയുവാൻ അവളുടെ രോദനം അനുവദിച്ചില്ല.

മാധവൻ ഇതിന്നു വല്ല സമാധാനവും പറഞ്ഞുവോ?....... ഇല്ല. അയാളും തന്റെ മുഖം മറച്ചുപിടിച്ചുകൊണ്ടു തേങ്ങിത്തേങ്ങി

കരഞ്ഞുതുടങ്ങി. ഏതാനും സമയം രണ്ടുപേരും മനോവേദനയുടെ ആധിക്യത്താൽ മൌനംഭജിച്ചു. രണ്ടുപേരുടേയും ഹൃദയനാഡികൾ ശക്തിയേറിയതായി ഇടിച്ചുകൊണ്ടിരുന്നു.

മാതംഗിയുടെ ഹൃദയം തെല്ലാശ്വസിച്ചു. അല്പംമുൻപു ഇരുവരെയും വ്യാമോഹിപ്പിച്ച രാഗതീവ്രതയും തെല്ലൊന്നു ശമിച്ചു. മാതംഗി ക്ലേശവിമുക്തയെന്നവണ്ണം ഗംഭീരഭാവത്തിൽ രൂപാന്തരപ്പെട്ടു. അവളുടെ മുഖവും അത്ഭുതമാംവിധം പ്രസന്നമായി. അല്പം മുൻപു അവളെ നിരാബാധമായി ആവരണംചെയ്തിരുന്ന അനുരാഗത്തിന്റെ ലാഞ്ഛനപോലും ഇപ്പോൾ മുഖത്തു സ്ഫുരിച്ചുകാണുന്നില്ല. തനിച്ചു സാത്വികമൂർത്തിയെപ്പോലെ അവൾ വിളങ്ങി. മാധവൻ തന്റെ മുൻപാകെ ഇരിക്കുന്നതും, മനസ്സിലുണ്ടായിരുന്ന വികാരങ്ങൾ ഇരുവരും ബഹിഷ്ക്കരിച്ചു പുറത്തു കളഞ്ഞതും അവൾ ഒരു ദിവാസ്വപ്നംപോലെ കരുതി. അവളുടെ നയനങ്ങളിൽ പ്രകാശിച്ചുകണ്ട പ്രഭ, കുറച്ചുമുൻപു നിരാബാധമായി മനസ്സിനെ അന്യാധീനംചെയ്തതിനെ സൂചിപ്പിച്ചിരുന്നു. അവൾ അവിടെനിന്നും സാവധാനത്തിൽ എഴുന്നേറ്റുചെന്നു തന്റെ അഴകേറിയ മുഴംകൈ അടുത്തുണ്ടായിരുന്ന ഒരു മേശമേൽ ഊന്നി കരതലത്താൽ ശിരസ്സു താങ്ങിപ്പിടിച്ചു മാധവനെയും ഉററുനോക്കിക്കൊണ്ടിരുന്നു. ആ കാഴ്ചകണ്ടു മാധവൻ 'ഇവളെക്കാളും സൌന്ദര്യസമ്പന്നയായി ഒരുത്തി ലോകത്തിലുണ്ടോ' എന്നു ചിന്തിച്ചു.

മാതംഗി ഇടറിയസ്വരത്തിൽ പറഞ്ഞു:—'ഞാൻ വീണ്ടും ഇത്തരത്തിൽ സംസാരിക്കേണ്ടിവരുമെന്നു കരുതിയില്ല.'

രാഗത്തിന്റെ ലാഞ്ഛന വീണ്ടും ഹൃദയത്തിൽ തെല്ലൊന്നു വ്യാപരിച്ചതോടുകൂടി മാധവൻ പറഞ്ഞു:—'മാതംഗി! നാം യഥാർത്ഥത്തിൽ വേർപിരിയാം എന്നു കരുതി എന്നാൽ, അവസ്ഥ പിന്നെയും തകിടംമറിഞ്ഞു (കണ്ണുനീർ നിറച്ചുകൊണ്ട്) നീ എന്തെല്ലാമോ വിഷയങ്ങളിൽ മനസ്സിനെ സംയമനംചെയ്തു വച്ചിരിക്കുന്നു. എന്നാൽ, ഈ ഒരൊററക്കാര്യത്തിൽകൂടി മനസ്സിനെ നല്ലവണ്ണം അടക്കി നിർത്തിക്കൊള്ളുക. നീ എന്നെ നിശ്ശേഷം മറന്നുകളയുക. നിന്റെ നിഷ്കളങ്ക ജീവിതത്തിൽ ഇങ്ങിനെ ഒരു മാലിന്യം

അനാവശ്യമായി വലിച്ചുവെയ്ക്കുന്നു. പഴയ എല്ലാ ചിന്തകളേയും നിശ്ശേഷം ദൂരത്തകററിക്കളയുക. സ്ഥാനസ്ഥാനം പോക്കുവാൻ സമയം അനുവദിക്കാതിരിക്കുക. അവൻ നമ്മെ രണ്ടുപേരേയും ദൂഷണംചെയ്യും. [illegible] യും വരും'

'അതെൻറെ കുററമാണോ?' കണ്ണുകളിൽ നിറഞ്ഞുവന്നിരുന്ന വെള്ളം തുടച്ചുകൊണ്ടു ഉദ്വേഗത്തോടുകൂടി—'മാധവാ! എന്നെ അങ്ങുശിക്ഷിക്കുക് നല്ലതുപദേശിക്കുക് ഞാൻ ദൈവസമക്ഷം കുററംചെയ്യുവാൻ. അങ്ങെന്നെ വെറുക്കുന്നില്ല. അതുകൊണ്ടു ഞാൻതന്നെ എന്നെ വെറുക്കുന്നു. ഹൃദയത്തിൽ ഊറിവരുന്ന വികാരവിഷത്തെ ശമിപ്പിക്കുവാൻ ഞാൻ അളവററ പരിശ്രമിക്കുന്നു. എത്രയോ നാളുകളായി ഞാൻ അതിനുവേണ്ടി ചെയ്യുന്ന അത്യദ്ധ്വാനങ്ങൾ വാസ്തവത്തിൽ ജഗദീശ്വരനു മാത്രമേ അറിഞ്ഞുകൂടു. സംശയമുണ്ടെങ്കിൽ എന്റെ ഹൃദയം പിളർന്നു നോക്കുക. അപ്പോൾ പരമാർത്ഥം വെളിപ്പെടും'

മാധവൻ 'പ്രിയതമേ!' എന്നു സംബോധനചെയ്യുവാൻ നാവു പൊന്തിച്ചപ്പോൾതന്നെ അയാളുടെ ഹൃദയം നടുങ്ങി. തൊണ്ടയിൽ എന്തോ കട്ടിയായ ഒരു സാധനം വന്നു ബലമായി അടഞ്ഞു.

'മാധവാ! എന്നെ ഒരിക്കൽകൂടി അങ്ങിനെ സംബോധന ചെയ്യുക. ഇന്നുരാത്രിതന്നെ ഞാൻ ആനന്ദത്തോടും കൃതാർത്ഥതയോടും കൂടി മരിച്ചുകൊള്ളാം.' മാതംഗി രാഗപരവശയായിത്തീർന്നു. എന്തോ ഒരദൃശ്യശക്തിയാൽ പ്രേരിതമായ ഹൃദയം തന്നെ എവിടേക്കോ വലിച്ചുകൊണ്ടുപോകുന്നതായി തനിക്കു തോന്നുകയാൽ മാധവൻ പറഞ്ഞു:—'മാതംഗി! നാം രണ്ടുപേരും ഇങ്ങിനെ സ [illegible] ററിതല്ല. നിന്റെ പാണിഗ്രഹണത്തിൽ നിന്നുൽഭൂതമായ ഈ അഗ്നി നമ്മെ രണ്ടാളേയും ഇതാ ഒന്നുപോലെ ദഹിപ്പിക്കുന്നു. ഇത്ര കാലവും നമ്മുടെ ഹൃദയങ്ങളെ മാത്രമല്ലാതെ ശരീരങ്ങളെ അശുദ്ധമാക്കിയില്ല. ഇനിയെങ്കിലും നാം ആ പാപസാഗരത്തിൽ നിമഗ്ന

രാകാതെ രക്ഷ പ്രാപിക്കുവാൻ നോക്കൂ. മാതംഗി! നമുക്കന്യോന്യം നിശ്ശേഷം മറന്നുകളയാം. ഇതുതന്നെയായിരിക്കട്ടെ നമ്മുടെ അന്ത്യസമാഗമം.' മാധവൻെറ ഹൃദയം ഇതുകൊണ്ടു ഒരു നെടുവീർപ്പു പുറപ്പെട്ടു.

മാതംഗി ധൈര്യം അവലംബിച്ചുകൊണ്ടു എഴുന്നേറ്റു നിന്നു. ലഗാനില്ലാത്ത കുതിര കണക്കെ പാഞ്ഞുകൊണ്ടിരുന്ന ഹൃദയത്തെ സർവ്വശക്തിയും പ്രയോഗിച്ചടക്കി നിർത്തിയിട്ടും നില്ക്കാതെ 'മറക്കുക സാദ്ധ്യമല്ല......അങ്ങയെ എനിക്കെങ്ങിനെ മറക്കുവാൻ കഴിയും?...... എങ്കിലും കഴിയുന്നത്ര ശ്രമിച്ചുനോക്കാം?' എന്നു പറഞ്ഞു. അവളുടെ സ്വരത്തിൽ ഒരു നിർവ്വ്യാജബുദ്ധി നിഴലിച്ചു നിന്നിരുന്നു. നയനങ്ങളിൽ അവസാനമില്ലാതെ ഇറ്റിറ്റു വന്ന ജലധാരയെ മറയ്ക്കുവാൻ അവൾ അംഗവസ്ത്രത്താൽ മുഖം മറച്ചുകൊണ്ടു പെട്ടെന്നവിടംവിട്ടു നടന്നു.

## പതിമൂന്നാം അദ്ധ്യായം.

സൂര്യോദയത്തിനു ഇനി ഒരു നാഴികയിലധികം വേണ്ടിവരും. മാതംഗി വിവിധ വികാരങ്ങളാൽ പരിതപ്തചിത്തയായി ഇരുളടഞ്ഞ തോട്ടത്തിൽക്കൂടി നടന്നുപോകയാണ്. കരുണാമയി അവൾക്കു വഴിത്തുണയായി അവളെ അനുഗമിക്കുന്നുമുണ്ടായിരുന്നു. ആകാശത്തിലെ കാർമുകിൽനിരകളും തോട്ടത്തിലെ നിബിഡമായ വൃക്ഷനിരകളും ഉഗ്രമായിരുന്ന അന്ധകാരത്തെ ഭേദിച്ചുകൊണ്ടു പെട്ടെന്നുണ്ടായ കാറ്റും അതിനെത്തുടർന്നുണ്ടായ മഴയും മാതംഗിയേയും സഖിയേയും അത്യന്തം അമ്പരപ്പിച്ചു. എന്നാൽ, മാതംഗിയാകട്ടെ വരിക തരംപോലെ ചെയ്യേണ്ടിയിരുന്ന ഒരു വിഷമമയമായ മാർഗ്ഗത്തെക്കുറിച്ചുള്ള ചിന്തയിൽ നിന്നും മനസ്സിനെ നിശ്ശേഷം വിരമിപ്പിച്ചു. ഏതാനും നിമിഷം മുമ്പു ഏതു രംഗത്തിൽ തന്റെ മനസ്സു പരമാനന്ദമനുഭവിച്ചുവോ വീണ്ടും അതു അവിടേക്കു തന്നെ ഗമിച്ചു. ഗൃഹത്തിലെത്തുമ്പോൾ തനിക്കുണ്ടാകാവുന്ന അനർത്ഥത്തെപ്പറ്റിയൊന്നും അവൾ ലേശവും

ഫലിച്ചില്ല. ഈ പരീക്ഷാഘട്ടത്തിലും സൗഭാഗ്യങ്ങളായ സ്വപ്നങ്ങൾ അവൾ കണ്ടുതുടങ്ങി. പെട്ടെന്നു പ്രജ്ഞയുണ്ടായി അവയെല്ലാം നിശ്ശേഷം മറക്കുവാൻ അവൾ എത്രയൊക്കെ പണിപ്പെട്ടിട്ടും യാതൊരു പ്രയോജനവുമുണ്ടായില്ല. മാധവഘോഷിന്റെ ഗൃഹത്തിൽ ചെന്നതുമുതൽ അദ്ദേഹവുമായി വേർപിരിയുന്ന നിമിഷംവരെയുള്ള അവരുടെ ഓരോ സംഭാഷണത്തെയും അവൾ അടിക്കടി ഓർത്തു പുളകംകൊണ്ടു.

'ഹാ! കാററും മഴയും ഇനിയും വർദ്ധിക്കുന്ന ലക്ഷണമാണ് കാണുന്നത്. നാം ഇപ്പോൾ കഷ്ടിച്ചു പകുതി വഴി മാത്രമേ എത്തീട്ടുമുള്ളൂ. ഒന്നുകൂടി വേഗം നടക്കുക' എന്നു കരുണാമയി പറഞ്ഞു.

'നീ മുമ്പേ വേഗം പൊയ്ക്കൊള്ളുക. ഞാൻ നിന്റെ കൂടെ തന്നെ എത്തിക്കൊള്ളാം'.

കരുണാമയി തന്നാൽ കഴിയുന്നത്ര വേഗത്തിൽ നടന്നു. മാതംഗിയും അതേ അനുഗമിച്ചുവെങ്കിലും അവളുടെ ഹൃദയം മാത്രം എവിടെയോ സഞ്ചരിച്ചുകൊണ്ടിരുന്നു. ഇതാ മഴ വല്ലാതെ വർദ്ധിക്കുന്നു. ഒന്നുകൂടി വേഗം നടക്കുക' എന്നു കരുണാമയി പറഞ്ഞു. ഈ വാക്കു കേട്ടപ്പോൾ മാത്രമേ മാതംഗിക്കു തന്റെ തല്ക്കാലസ്ഥിതിയെപ്പററിയുള്ള സ്മരണപോലുമുണ്ടായുള്ളൂ.

മഴ വല്ലാതെ വർദ്ധിച്ചിരുന്നതിനാൽ വഴിനടക്കുവാൻ വലിയ ബുദ്ധിമുട്ടായിത്തീരുകയാൽ കരുണ പറഞ്ഞു;—'നമുക്കീ വൃക്ഷങ്ങളിൽ ഒന്നിന്റെ ചുവട്ടിൽ കുറച്ചുനേരം നില്ക്കാം' മാതംഗി യാതൊന്നും മറുപടി പറഞ്ഞില്ല. യാത്ര അവസാനിപ്പിച്ചതുമില്ല. അല്പദൂരംകൂടി അവർ മുന്നോട്ടു പോയപ്പോൾ കാററിന്റെ ശക്തി പൂർവ്വാധികം വർദ്ധിച്ചു. മിന്നൽപ്പിണരുകൾ അവരുടെ നേത്രത്തെ അഞ്ചിച്ചു. മഴയും ശക്തിമത്തായി വർഷിച്ചു.

മഴയുടെ ഇരമ്പലിലും മഴത്തുള്ളികൾ വൃക്ഷങ്ങളുടെ ഇലകളിൽ വീണുണ്ടായ മർമ്മരശബ്ദത്തിലും ലയിക്കുവാൻ പര്യാപ്തമെങ്കിലും ആരോ തങ്ങളെ പിൻതുടരുന്ന പാദവിന്യാസശബ്ദം മാതംഗി സ്പഷ്ടമായി മനസ്സിലാക്കി. 'മഴയുടെ ശബ്ദത്തെയും ജയി

ച്ച അതാ ആരുടേയോ കാൽപെരുമാററം കേൾക്കുന്നു. ആരോ നമ്മെ പിൻതുടരുന്നുണ്ടായിരിക്കണം' മാതംഗി വളരെ ഭയത്തോടുകൂടി പറഞ്ഞു.

'അങ്ങിനെയാണെങ്കിൽ സൂക്ഷിക്കണം. ഇവിടം കള്ളന്മാരുടെ ആവാസസ്ഥാനമാണ്. ഒരുപക്ഷെ അതു വല്ലകള്ളന്മാരുമായിരുന്നേക്കാം. വേഗം പോരിക' എന്നു പറഞ്ഞു കരുണാമയി മാതംഗിയുടെ കൈകൾ പിടിച്ചുകൊണ്ടു വളരെ വേഗത്തിൽ നടന്നു. കുറച്ചുദൂരംകൂടി നടന്നു അവർ ഒരു വലിയ പുളിമരത്തിൻെറ ചുവട്ടിൽ ചെന്നുനിന്നു. അതേ അവസരത്തിൽ ഒരു ശക്തിയേറിയ മിന്നൽ പ്രകാശിച്ചു. ആ വെളിച്ചത്തിൽ തങ്ങളുടെ ഏററവും അടുത്തായി ഒരു സർപ്പം പതുങ്ങിയിരിക്കുന്നതായി അവർ കണ്ടു.

'അയ്യോ! വേഗം പോന്നുകൊള്ളുക' എന്നു സംഭ്രമത്തോടുകൂടി പറഞ്ഞുകൊണ്ടു കരുണാമയി മാതംഗിയേയും പിടിച്ചുകൊണ്ടു കഴിയുന്നത്ര വേഗത്തിൽ മുമ്പോട്ടു പാഞ്ഞു. അവരുടെ നല്ലകാലംകൊണ്ടു വഴിക്കു യാതൊരുപദ്രവവും കൂടാതെ അവർ വീട്ടിനു സമീപം ചെന്നുചേർന്നു

'കരുണേ! ഇനി നീ വേഗം തിരിച്ചുപൊയ്ക്കൊള്ളുക. ഇവിടെ നില്ക്കുന്നതും അപകടമാണ്. മഴ വല്ലാതെ വർദ്ധിച്ചിരിക്കുന്നതിനാൽ കനകത്തിൻെറ വീട്ടിനു മുൻവശമുള്ള തിണ്ണയിൽ കയറി ഇരിക്കുക. അപ്പോഴേക്കു നേരവും നല്ല പ്രകാശമാകും. എങ്ങിനെയായാലും നീ ഇവിടെ നില്ക്കരുത്.' എന്നു മാതംഗി പറഞ്ഞു.

കരുണ, അതുപ്രകാരം മാതംഗിയോടു യാത്ര പറഞ്ഞു പിരിഞ്ഞു. മാതംഗി മെല്ലെ വീട്ടിൽ കടന്നു പരിശോധിച്ചപ്പോൾ മുറിയുടെ വാതൽ അടച്ചിരിക്കുന്നതായി കണ്ടു. അവൾ സാവധാനത്തിൽ പുറത്തുനിന്നുകൊണ്ടു തന്നെ വാതൽ തുറന്നു നിശ്ശബ്ദയായി അകത്തു കടന്നു. അവൾ ഉള്ളിൽ കടന്നു വാതലടക്കുന്നതിനുള്ളിൽ അവളെ തുടർന്നു മറെറാരാളും അകത്തു പ്രവേശിക്കുകയും ചെയ്തു. കാൽപെരുമാററം കൊണ്ടുതന്നെ ആ ആൾ രാജുമോഹനനാണെന്നു മാതംഗി ഗ്രഹിച്ചു. അയാൾ ഒരക്ഷരംപോലും ശബ്ദിച്ചില്ല. അയാൾ ഇരുട്ടിൽ തപ്പിത്തടഞ്ഞു വിളക്കുകണ്ടെടുത്തു കൊ

ളുത്തിവെച്ചു. അനന്തരം അയാൾ തന്റെ പത്നിയെ ഭയങ്കരമാംവിധം ഉറച്ചു നോക്കിക്കൊണ്ട് കിടക്കയിൽ ചെന്നിരുന്നു. 'കോഷ്ഠാ, നമുക്കനൎത്ഥം സമാഗതമായി' എന്നു മാതംഗി ആത്മഗതം ചെയ്തു. എങ്കിലും അവൾ എന്തു വന്നാലും വരട്ടെ എന്ന ധൈര്യത്തോടുകൂടി അവിടെത്തന്നെ നിന്നു. പുറത്തു ഭയങ്കരമായി അടിച്ചുകൊണ്ടിരുന്ന കാറ്റും മഴയും അകത്തെ നിശ്ശബ്ദതയെ ഭഞ്ജിച്ചു. രാജകുമാരൻ കുറച്ചുനേരം എന്തൊക്കെയോ ആലോചിച്ചുകൊണ്ടിരുന്ന ശേഷം ഒന്നുകൂടി ക്രൗര്യഭാവത്തിൽ മാതംഗിയെ നോക്കി 'എടി! കുലടേ! നീ ഇതുവരെ നിന്റെ ജാരന്റെ സമീപം പോയിരിക്കയായിരുന്നു; അല്ലേ?' എന്നു ഗംഭീരസ്വരത്തിൽ ചോദിച്ചു.

അതിന്നു മാതംഗി യാതൊരു പ്രത്യുത്തരവും വദിച്ചില്ല.

അയാൾ വീണ്ടും കഠിനസ്വരത്തിൽ ചോദിച്ചു:—'ഞാൻ ചോദിച്ചതിന്നു സമാധാനം പറയുന്നുവോ ? ഇല്ലയോ?'

'നിങ്ങളുടെ ചോദ്യത്തിന്നു മറുപടി പറയുവാൻ ഞാൻ അശക്തയാണ്.'

'എടി പരമദ്രോഹി! നീ ഇന്നുരാത്രി മാധവഘോഷിന്റെ സമീപം പോയിരുന്നില്ലേ?'

'പോയിരുന്നു. നിങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ കവൎച്ച നടത്തുവാൻ ചെല്ലുന്നുണ്ടെന്നുള്ള വിവരം ഗ്രഹിപ്പിക്കുവാനായി ഞാൻ പോയിരുന്നു.'

രാജകുമാരൻ:—(അടക്കുവാൻ വഹിയാത്ത കോപത്തോടുകൂടി ചാടി എണീറ്റ മുഷ്ടിചുരുട്ടി ആ സാധു അബലയുടെ നേരെ ഓങ്ങിക്കൊണ്ടു പറഞ്ഞു) 'നീ എന്നെ കബളിപ്പിക്കുവാൻ തുടങ്ങുന്നു, അല്ലേ. അതിന്നു നിനക്കു ത്രാണിയുണ്ടോ! ഞാൻ നിന്നെ ഗൌനിച്ചിരുന്നതു നീ അറിഞ്ഞിരിക്കയില്ല. എടീ വിശ്വാസവഞ്ചകി! നിന്റെ സകല നടവടികളും രഹസ്യമായി അപ്പോഴപ്പോൾ ഞാൻ സൂക്ഷിച്ചുകൊണ്ടുതന്നെയാണിരിക്കുന്നത്. ആദ്യകാലംമുതല്ക്കുതന്നെ നീ ആ ചണ്ഡാളനിൽ അനുരക്തയാണെന്നു എനിക്കറിയാം. ഞാൻ ഇതൊ

നും അറിയുകയില്ലെന്നാണ നീ കരുതിയിരിപ്പായത്. അതു ഒരൊററ സംഗതിയാണ് എനിക്കു ദ്രോഹംചെയ്യുവാൻ നിന്നെ പ്രേരിപ്പിച്ചിട്ടുള്ളതെന്നും എനിക്കറിയാം. എടി ദുഷ്ടേ! നിന്റെ പിന്നാലെതന്നെ ഞാനും വന്നിരുന്നു. നീ അവന്റെ സമീപംപോയിരുന്നില്ലെന്നു തെളിയിക്കുവാൻ നിനക്കു കഴിയുമോ? നീ എന്തിനുവേണ്ടിയാണ് അവന്റെ അടുക്കൽ ഈ അസമയത്തു പോയിരുന്നതു? അവനുമായി സല്ലപിക്കുവാൻവേണ്ടിമാത്രമല്ലാതെ മറെറന്തിനാണ്. ദുഷ്ടേ! ഇതു പോലുള്ള മറെറാരു സന്ദർഭത്തിൽ മുൻപൊറിക്കൽ ഞാൻ നിനക്കു മാപ്പുതന്നു. ഇതൊന്നുമാരുമറിയുകയില്ലെന്നുകരുതി, കാര്യമൊക്കെക്കഴിച്ചു മെല്ലെ പതുങ്ങിവന്ന് അകത്തുകടന്നു മര്യാദക്കാരിയെപ്പോലെ കിടന്നുകളയാമെന്നു കരുതി അല്ലേ? ഈ കാററുംമഴയുമൊന്നും വകവെക്കാതെ ഞാൻ നിന്നെ പിൻതുടരുകയായിരുന്നു എന്നു [illegible] നീ [illegible] ഞ്ഞു. എടി നന്ദികെട്ടവളേ! ഞാൻ [illegible] ചെയ്യുവാനാണ പോകുന്നതെന്നു നിനക്കു നിശ്ചയമുണ്ടോ? ഇതാ എന്റെ കൈക്കൽ നിവർത്തിപ്പിടിച്ചിരിക്കുന്ന ഈ കത്തി എന്തിനുവേണ്ടിയുള്ളതാണെന്നു നിനക്കറിയാമോ? ഇനിയെങ്കിലും ഞാൻ ചോദിച്ചതിനു ശരിയായ സമാധാനം പറയുന്നതാണ നിനക്കു നല്ലത്. അല്ലാത്തപക്ഷം ഇതാ ഒരൊററ കുത്തിനു ഞാൻ നിന്നെകൊല്ലും.' ഇത്രയും പറഞ്ഞപ്പോൾ അയാളുടെ നയനങ്ങളിൽനിന്നും അഗ്നിസ്ഫുലിംഗങ്ങൾ പുറപ്പെടുന്നുണ്ടെന്നു തോന്നി. അയാളുടെ അപ്പോഴത്തെ ഭാവംകണ്ടു മാതംഗി കിടുകിടവിറച്ചുവശായി. എങ്കിലും അവൾ ഉത്തരക്ഷണത്തിൽ ധൈര്യം അവലംബിച്ചുകൊണ്ടും ഭാവിഭയങ്കരതയെപ്പററി യാതൊന്നും ചിന്തിക്കാതെയും പറഞ്ഞു:—'അതേ വാസ്തവത്തിൽ ഞാൻ മാധവബാബുവിനെ ആത്മാർത്ഥമായി സ്നേഹിച്ചു. ഇപ്പോഴും ഞാൻ അദ്ദേഹത്തെ കളങ്കമെന്യേ സ്നേഹിക്കുന്നു. ഇതു സത്യം. ഇതല്ലാതെ ഞാൻ നിങ്ങൾക്കു മറെറാരു ദ്രോഹവും ചെയ്തിട്ടില്ല. എന്നെ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

'നിന്നെ ഞാൻ വിശ്വസിക്കയൊ? ഒരിക്കലുമില്ല. ഞാൻ ഇതാ നിന്നെ കൊല്ലുവാൻ പോകയാണ.' എന്നു പറഞ്ഞു രാജമോഹനൻ തന്റെ മടിക്കുത്തിൽനിന്നും ഒരു മൂൎച്ചയേറിയ കത്തി വലിച്ചൂരി പുറത്തെടുത്തു.

മാതംഗിയുടെ സകല ധൈൎയ്യവും അതോടെ അസ്തമിച്ചു. 'അയ്യോ! ദൈവമേ! നിരപരാധിയായ എന്നെ നീതന്നെ രക്ഷിക്കേണമെ' എന്ന് അവൾ ദയനീയസ്വരത്തിൽ ഉച്ചത്തിൽ പറഞ്ഞു. ആ ദുഷ്ടന്റെ ആയുധമേന്തിയ കരം അവളുടെ മാറിടത്തോടടുത്തു. ആ കാഴ്ച കണ്മാൻ ശക്തയല്ലാതെ അവൾ ബോധരഹിതയായി നിലംപതിച്ചു. ഈ അവസരത്തിൽ കിളിവാതലിന്നു സമീപത്തുനിന്നും പുറപ്പെട്ട ഒരു ശബ്ദംകേട്ടു രാജമോഹനൻ പിന്നാക്കം തിരിഞ്ഞുനോക്കി. മുളന്തട്ടികളെ ഭേദിച്ചുകൊണ്ട് ബലിഷ്ഠശരീരികളായ രണ്ടുപേർ ശരീരം മുഴുവൻ നനഞ്ഞു ചേറണിഞ്ഞ വേഷത്തിൽ അകത്തു കടന്നുചെന്നു.

## പതിന്നാലാം അദ്ധ്യായം.

'എടാ! ദുഷ്ടാ! നീ നിന്റെ ഭാൎയ്യയെ കൊല്ലുവാൻ ശ്രമിക്കയാണോ?' എന്ന് ആഗതർ ചോദിച്ചു. താൻ ആയുധപാണിയായിരുന്നതിനാൽ, ആഗതർ എന്തിനും സന്നദ്ധരായി വന്നവരാണെന്നൊന്നും ക്രോധാവേശിതനായ രാജമോഹനൻ കരുതിയില്ല.

'ആരെടാ നിങ്ങൾ? എന്റെ വീട്ടിൽ കവൎച്ചക്കായി വന്നിരിക്കയാണോ?' എന്നു ചോദിച്ചുകൊണ്ടു അയാൾ ഭാൎയ്യയുടെ നേൎക്കുണ്ടായിരുന്ന പക മുഴുവൻ ഇവരിൽ പകൎത്തി.

'സ്നേഹിതാ! ദേഷ്യപ്പെടരുതേ. ഞങ്ങൾ ആരാണെന്നു നല്ലവണ്ണം കണ്ണുതുറന്നുനോക്കുക. ഞങ്ങൾ കവൎച്ചക്കാരും മറവരല്ല. ആരാണെന്നു ഇനിയും മനസ്സിലായില്ല; അല്ലേ.' എന്നു അവരിൽ ഒരാൾ പരിഹാസസ്വരത്തിൽ ചിരിച്ചുകൊണ്ടു ചോദിച്ചു. അടുത്തനിമിഷത്തിൽ അയാൾ നിലത്തു മൂൎച്ഛിച്ചുകിടന്നിരുന്ന മാതം

ഗിയെ നോക്കി 'നീ എണീററു വിളക്കെടുത്തു എന്റെ മുഖത്തു കാട്ടിക്കൊടുക്കുക. നിന്റെ ഭൎത്താവു് ആളെ തിരിച്ചറിയട്ടെ.' എന്നു പറഞ്ഞു. എന്നാൽ, അവൾ പ്രജ്ഞയററു കിടന്നിരുന്നതിനാൽ അവൻ പറഞ്ഞതൊന്നും അവൾ കേട്ടില്ല.

രാജമോഹനന്റെ കോപം അതിരുകടന്നു. 'നിങ്ങൾ എനിക്കു വേണ്ടവരാണെങ്കിലുംശരി വേണ്ടാത്തവരാണെങ്കിലുംശരി. മര്യാദക്കു എന്റെ വീട്ടുവിട്ടു പുറത്തുകടന്നു പൊയ്ക്കൊള്ളുവിൻ. അതാണു നിങ്ങൾക്കു നല്ലതു? എന്നു പറഞ്ഞു.

'ആരുമറിയാതെ നിന്റെ ഭാൎയ്യയെ കൊന്നുകളയുവാൻ വേണ്ടിയോ?' എന്നു അവരിൽ ഒരാൾ പരിഹാസസ്വരത്തിൽ ചോദിച്ചു.

'ഒരുപക്ഷെ, ഞാൻ അങ്ങിനെതന്നെ ചെയ്യുന്നു എന്നിരിക്കട്ടെ. അതിനെ തടയുവാൻ ആൎക്കുകഴിയും?' എന്നു കോപത്തോടുകൂടി ചോദിച്ചുകൊണ്ടു രാജമോഹനൻ എതിരാളിയെ കുത്തുവാൻ കൈ ഓങ്ങിക്കൊണ്ടു മുമ്പോട്ടടുത്തു. എതിരാളി രാജമോഹനൻ വിചാരിച്ചതുപോലെ സാമാന്യക്കാരനല്ലായിരുന്നു. അയാൾ തന്റെ പക്കലുണ്ടായിരുന്ന ആയുധംകൊണ്ടു ഒരുതട്ടിനു രാജമോഹനന്റെ കത്തി ദൂരത്തുതെറിപ്പിച്ചു. അനന്തരം, അയാൾ രാജമോഹനനെ കടന്നുപിടിച്ചുകൊണ്ടു തന്റെ കൂട്ടുകാരോടു് 'എടാ പിക്കു! വിളക്കെടുത്തുയൎത്തിക്കാണിക്കുക. നമ്മുടെ യജമാനൻ ഇതുവരെ സ്വന്തഭാൎയ്യയുടെ മുഖമല്ലേ കണ്ടുകൊണ്ടിരുന്നതു്. ഇനി എന്റെ അഴകേറിയ മുഖത്തെയും ഒന്നു കാണട്ടെ.' എന്നു പറഞ്ഞു. പിക്കു വിളക്കെടുത്തുയൎത്തിപ്പിടിച്ചപ്പോൾമാത്രമേ രാജമോഹനനു ആഗതർ തന്റെ ചങ്ങാതിമാരാണെന്നു മനസ്സിലായുള്ളു. അയാൾ ആശ്ചൎയ്യസ്വരത്തിൽ 'അരാണിതു്, സർദാരല്ലേ?' എന്നു ചോദിച്ചു.

'അതേ, സർദാർതന്നെ. സഹോദരാ! ഇപ്പോൾ മനസ്സിലായോ? ഞങ്ങളെയൊക്കെ ഇത്ര ക്ഷണത്തിൽ മറന്നുകളയുമെന്നറിഞ്ഞില്ല'.

രാജമോഹനൻ കോപസ്വരത്തിൽ ആഗതരിൽ മുന്നിൽ വന്നും പ്രധാനിയുമായ സർദാരിനോടു ചോദിച്ചു:—'നിങ്ങൾ എന്തിനു വേണ്ടിയാണിവിടേക്കു വന്നത്? ആരുടേയും അനുവാദം കൂടാതെ അതിക്രമമായി എന്തിനാണ് നിങ്ങൾ എന്റെ വീട്ടിൽ കടന്നുവന്നത്?'

'നിങ്ങൾ എന്തിനായിട്ടാണ് നിങ്ങളുടെ ഭാര്യയെ കൊല്ലുവാനുദ്യമിച്ചത്? അതാദ്യമേ പറയുക.'

'ആ കാര്യം നിങ്ങൾക്കറിയേണ്ട ആവശ്യമെന്താണ്? എന്നെ സംബന്ധിച്ച കാര്യങ്ങളിൽ നിങ്ങൾക്കിടപെടേണ്ട ആവശ്യം? ഇതാ നിന്നെ ഞാൻ ഇവിടെനിന്നും ഇടിച്ചു ഇറക്കുന്നുണ്ട്.'

'നീ ആൾ സാമാന്യക്കാരനൊന്നുമല്ലല്ലോ. നീയൊരു സിംഹക്കുട്ടി തന്നെയാണ്. ആകട്ടെ, നിന്റെ സാമർത്ഥ്യം ഒന്നു കാട്ടുക; കാണാമല്ലോ.'

'എന്നാൽ ഇതാ നോക്കിക്കോ' എന്നു പറഞ്ഞുകൊണ്ടു രാജമോഹനൻ കൈ വലിച്ചു സർദാരിനെ ഒരിടി ഇടിച്ചു. സർദാർ ശക്തനെങ്കിലും ഇടിയേററ മാത്രയിൽ രാജമോഹനന്റെ പിടിവിട്ടു ദൂരത്തു ചെന്നുവീണു. അതോടുകൂടി ക്രുദ്ധനായ സർദാർ തന്റെ കൂട്ടുകാരനെ നോക്കി 'എടാ പിക്കൂ! അവനെ പിടിച്ചു നിലത്തടിക്കണം' എന്നു ഗർജ്ജിച്ചു. അവന്റെ അരയിൽ നിന്നും ദൂരത്തു തെറിച്ചു കിടന്നിരുന്ന കത്തി എടുക്കുവാനായി രാജമോഹനൻ മുന്നോട്ടായുന്ന സന്ദർഭത്തിലായിരുന്നു സർദാരിന്റെ ആജ്ഞ പിക്കുവിനു ലഭിച്ചത്. ആ സന്ദർഭത്തിൽ ബലിഷ്ഠനായ പിക്കു രാജമോഹനനെ തട്ടി നിലംപതിപ്പിച്ചു.

ക്രുദ്ധനായ കേസരിയെപ്പോലെ സർദാർ ചീറിക്കൊണ്ടു രാജമോഹനന്റെ നെഞ്ചിൽ കയറി ഇരുന്നു. ക്ഷണനേരത്തിനുള്ളിൽ പിക്കു രാജമോഹനന്റെ കൈകാലുകൾ കയറിനാൽ ബന്ധിക്കുകയും ചെയ്തു.

'എടാ വിശ്വാസവഞ്ചക! നിന്റെ വീര്യപരാക്രമങ്ങൾ ഒന്നു കാണട്ടെ' എന്നു സർദാർ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

'അരുതു, അരുത്. നിങ്ങൾ രണ്ടുപേർ. ഞാൻ ഏകൻ. എടാ ദുഷ്ടന്മാരെ 'ഞാൻ നിങ്ങൾക്കെന്തു ദ്രോഹമാണ് ചെയ്യുന്നത്?' എന്നു രാജമാധവൻ ദയനീയസ്വരത്തിൽ ചോദിച്ചു.

'എന്തു ചെയ്യുവാനാണോ ചോദിക്കുന്നത്? ഞങ്ങളെ കബളിപ്പിച്ചതു പോരെന്നുണ്ടോ? നീ മാധവഘോഷിനു മുൻകൂട്ടി വിവരം അറിവു കൊടുത്തില്ലേ? എടാ വിശ്വാസവഞ്ചകീ! നിന്നെ ഞങ്ങൾ വിശ്വസിച്ചതല്ലേ അബദ്ധം?' നിന്റെ ഈ ചതിക്കായി ഞങ്ങളുടെ കൈയാൽ മരിക്കേണ്ടതാണ്.'

'ഞാനോ? ഞാനാണോ മാധവനറിവു കൊടുത്തത്?'

'നിന്റെ കപടനാടകമൊക്കെ മതിയാക്കിക്കളയുക. ഞാൻ മറയനായതുകൊണ്ടു നിന്റെ വാക്കിനെ വിശ്വസിച്ചുപോയി. മാധവഘോഷിനെ നീ വല്ലാതെ ദ്വേഷിച്ചു സംസാരിച്ചതു കേട്ടു നീ പറയുന്നതെല്ലാം പരമാർത്ഥമാണെന്നും ഈ കാര്യത്തിൽ തന്നെ പരിപൂർണ്ണമായി വിശ്വസിക്കാമെന്നും ഞാൻ കരുതിപ്പോയി.'

ഈ ദുഷ്ടനായ സർദാരിൽ നിന്നും തന്റെ ജീവനെ രക്ഷിക്കുക നന്ന പ്രയാസമാണെന്നു രാജമാധവൻ തീർച്ചയാക്കി. 'സർദാർ! ഞാൻ യാതൊരു ചതിയും നിങ്ങളുടെ കാര്യത്തിൽ ചെയ്തിട്ടില്ലെന്നുള്ളതു പരമാർത്ഥമാണ്. യാതൊരു കളവും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുമില്ല. വീട്ടുവിട്ടു വന്ന സമയം മുതൽ അവസാനം വരെ ഒരു നിമിഷനേരമെങ്കിലും ഞാൻ നിങ്ങളെ പിരിയുക ഉണ്ടായോ? അതുകൊണ്ടുതന്നെ പരമാർത്ഥം നിങ്ങൾക്കു ഗ്രഹിച്ചുകൂടെ?

'എടാ ദ്രോഹി! ഇനിയും നീ എന്നെ മറയനാക്കുവാൻ ശ്രമിക്കയാണോ? ഞാൻ അത്ര വിവരമില്ലാത്തവനോ? നിന്റെ ഭാര്യ ഉറക്കമാണോ ഉണർന്നു കിടക്കുകയാണോ എന്നു നോക്കി വരുവാനായി നീ അകത്തു കടന്ന സന്ദർഭത്തിൽ ഈ വിവരമെല്ലാം നീ അവളെ ഗ്രഹിപ്പിച്ചിട്ടുണ്ട്. അവൾ മുഖേന നീ മാധവനു വിവരം അറിവു കൊടുക്കുകയും ചെയ്തു. ഇതിനെ നിഷേധിക്കുവാൻ നിനക്കു ശക്തിയുണ്ടോ? അവളല്ലാതെ മറ്റാരാണ് ഈ വിവരം മാധവനെ അറിയിക്കുക? മതി, മതി; നിന്റെ പിത്തലാട്ടങ്ങളൊക്കെ.'

'നിങ്ങൾ പറയുന്നതു വാസ്തവമാണ്. ഈ വിവരം മാധവനറിവു കൊടുത്തതു് അവൾ തന്നെയാണ്. ഞാൻ സത്യം ചെയ്യണമെങ്കിലും ഒരുക്കമാണ്. എന്നാൽ, ഞാൻ വന്നു നോക്കിയപ്പോൾ വാസ്തവത്തിൽ അവൾ നല്ല ഉറക്കമായിരുന്നു എന്നു ഞാൻ ഉറപ്പായി പറയുന്നു.'

'നിന്റെ സത്യവും ഉറപ്പും; എനിക്കൊന്നും ഇനി കേൾക്കേണ്ട. നിന്നെ എനിക്കു നല്ലവണ്ണം മനസ്സിലായി. ഇനി ഒരു നിമിഷംപോലും നീ ജീവനോടു കൂടി ഇരിക്കുവാൻ ഞാൻ സമ്മതിക്കയില്ല. മേലാലെങ്കിലും ഈ മാതിരി അപകടം മററാർക്കും നേരിടാതിരിക്കട്ടെ. ആ വീട്ടിൽനിന്നും ഞങ്ങൾ ഓടിവരുന്നതു കണ്ട മാത്രയിൽ നീ അവിടെനിന്നും കടന്നുകളഞ്ഞതുകൊണ്ടു തന്നെ കാര്യം ഏറെക്കുറെ ഊഹിക്കാവുന്നതാണ്.'

'അയ്യോ! എന്റെ ജീവൻ പോകാൻ തുടങ്ങുന്നു. നെഞ്ചിൽനിന്നും എണീക്കുക. ഇത്തവണ എനിക്കു മാപ്പു തരിക.'

കള്ളത്തലവനായ സർദാരിന്റെ ഭാരം രാജമോഹനന്റെ ഹൃദയത്തെ ഞെരുക്കി അത്തി ശ്വാസം മുട്ടിച്ചു തുടങ്ങി. അയാൾ ആ കിടപ്പിൽ നിന്നും രക്ഷപ്പെടുവാൻ പല തന്ത്രങ്ങളും പ്രയോഗിച്ചു നോക്കിയെങ്കിലും അതൊന്നും ഫലിച്ചില്ല. 'ദയചെയ്തു എഴുന്നേൽക്കുക. ദൈവം സാക്ഷിയായി ഞാൻ യാതൊരു തെററും നിങ്ങൾക്കു ചെയ്തിട്ടില്ലെന്നു ഇതാ ഞാൻ സത്യംചെയ്തു പറയുന്നു.' എന്നു രാജമോഹനൻ വളരെ ദയനീയ സ്വരത്തിൽ പറഞ്ഞു.

'പിന്നെ ഏതു വിധത്തിലാണ് നിന്റെ ഭാര്യ ഈക്കാര്യം നിർവ്വഹിച്ചതു്?' എന്നു ചോദിച്ചുകൊണ്ടു സർദാർ അയാളുടെ നെഞ്ചിൽനിന്നും അല്പം അകന്നിരുന്നു. എന്നാൽ അയാൾ പിടഞ്ഞെഴുന്നേററു തന്നോടെതിരിട്ടുകളയുമോ എന്നു ശങ്കിച്ചു സർദാർ അയാളുടെ കഴുത്തിലെ പിടി തീരെ വിട്ടില്ല.

രാജമോഹനൻ പറഞ്ഞു:—'ഞാൻ ചെന്നു നോക്കുമ്പോൾ അവൾ ഒരുപക്ഷേ ഉറങ്ങിയ മട്ടിൽ കിടന്നതായിരുന്നേക്കാം.'

'എടാ! ഞാൻ തീരെ മഠയനെന്നോ നീ കരുതുന്നതു്. നമുക്കു കുറെ അകലത്തു മാറിനിന്നു സംസാരിക്കാം. എന്നു ഞാൻ

പറഞ്ഞപ്പോൾ 'ഇതാണ് മറവുള്ള സ്ഥലം. ഇവിടെതന്നെ നിന്നു സംസാരിക്കുന്നതാണ് നല്ലതെന്നല്ലേ നീ പറഞ്ഞത്? എന്തിനാണപ്പോൾ നീ അങ്ങിനെ പറഞ്ഞത്? നമ്മൾ പറയുന്നത് അവർ കേൾക്കട്ടെ എന്നു കരുതിയല്ലേ? അവർ മുഖേന നീ ഞങ്ങളെ മാധവനു കാണിച്ചുകൊടുത്തു. ഇനി നീ ഞങ്ങളെ പോലീസിനും കാട്ടികൊടുക്കുകയില്ലെന്നു ഞങ്ങൾ എങ്ങിനെ വിശ്വസിക്കും? മാധവൻ നിന്റെ സ്വന്തക്കാരനാണ്. അവൻ നിന്നെ സഹായിക്കും. എങ്ങിനെയും ഞങ്ങളെ ചതിക്കണമെന്നല്ലേ നീ കരുതിയത്? ഏതായാലും ഇനി നീ ജീവനോടുകൂടി ഇരിക്കുന്നത് ഞങ്ങൾക്കാപത്താണ്.'

'നിങ്ങൾ ഇവിടേക്കു വരുന്ന അവസരത്തിൽ ഞാൻ എന്റെ ഭാര്യയെ കൊല്ലുവാനുദ്യമിക്കുന്നത്, നിങ്ങൾ കാണുകയുണ്ടായില്ലേ? ഞാൻ എന്തിനുവേണ്ടിയായിരിക്കും അവളെ കൊല്ലുവാനൊരുങ്ങിയത്? നിങ്ങൾ അപ്പോൾ വന്നു എന്നെ തടസ്ഥപ്പെടുത്താതിരുന്നുവെങ്കിൽ ഇതിനെത്രയോ മുൻപെ അവൾ പരലോകം പ്രാപിക്കുമായിരുന്നു. ഇക്കാരണത്താൽ തന്നെ ഞാൻ യാതൊരു തെററും ചെയ്യിട്ടില്ലെന്നു നിങ്ങൾക്കു വിശ്വസിക്കാം.

സർദാർ തന്റെ അളവററ കോപത്തെ തെല്ലൊന്നടക്കികൊണ്ടു കൂട്ടുകാരനായ പിക്കുവിനെ അത്ഥഗർഭമായി നോക്കി. 'ഉം' എന്നൊന്നു മൂളി.

'അതെ സർദാർ! ഇയാൾ പറയുന്നതു വാസ്തവമാണെന്നാണ് തോന്നുന്നത്. അല്ലെങ്കിൽ പിന്നെ എന്തിനായിരിക്കും സ്വന്തപത്നിയെ കൊല്ലുവാനുദ്യമിച്ചത്?'

'അവൾ അങ്ങിനെ ചെയ്തതുകൊണ്ടാണ് ഞാൻ അവളെ കൊല്ലുവാൻ തന്നെ തീർച്ചയാക്കിയത്' രാജമോഹനൻ കമ്പിതഗാത്രനായി പറഞ്ഞു.

'എങ്കിൽ അവളെ പിടിക്കുക. അവളെ ഇപ്പോൾതന്നെ വധിക്കണം' എന്നുപറഞ്ഞുകൊണ്ടു സർദാർ മാതംഗി വീണുകിടന്നസ്ഥലം നോക്കിഓടി.

മങ്ങിയ വെളിച്ചത്തിൽ അവളാണെന്നു ധരിച്ച സർദാർ അവിടെ ഒരിടത്തു കൂട്ടി ഇട്ടിരുന്ന ശീലക്കൂട്ടത്തിൽ ആഞ്ഞൊരു

മാറിട്ടുകൊടുത്തു. ഏടീ ദ്രോഹി! ഇനി നിനക്കു എൻെറ കൈക്കൽനിന്നും രക്ഷപ്പെട്ടു പോകാമെന്നു കരുതേണ്ട. ഞാൻ ആരാണെന്നു നിനക്കറിയാമോ? ഞാനാണു സർദാർ. നിന്നെ വിട്ടയക്കുകയോ എന്നിങ്ങിനെ അയാൾ ക്രോധത്തോടുകൂടി പലതും ജല്പിച്ചു.

സർദാറിൻെറ ഈ വാക്കുകൾ രാജമോഹനനെ വല്ലാതെ ചൊടിപ്പിച്ചു. അയാൾ സഗൌരവം പറഞ്ഞു:—'നില്ലിനെടാ! ആരെടാ എൻെറ ഭാര്യയിൽ കൈവെക്കുവാൻ ധൈര്യപ്പെട്ടവർ. ഏടാ! നിങ്ങൾ ആൺകുട്ടികളെങ്കിൽ എന്നെ കെട്ടഴിച്ചു വിട്ടു നോക്കുവിൻ.'

'പിക്കു! അവനെ അഴിച്ചുവിടുക. ഞാൻ അവൻെറ ധർമ്മോരങ്ങളെ എന്തുചെയ്യുന്നു എന്നു് അവൻ വന്നു് നോക്കട്ടെ.'

ഇതിനകം മുറിയിൽ ഒരു ഭാഗത്തു് ഇരുളിൽ എന്തോ കിടക്കുന്നതായികണ്ടു സർദാർ, ഒരുപക്ഷെ മാതംഗി ഒളിഞ്ഞിരിക്കുകയായിരിക്കുമെന്നുകരുതി അതിന്മേൽപാഞ്ഞു. പിക്കു രാജമോഹനൻെറ കെട്ടുകളും വേർപെടുത്തിവിട്ടു.

'ഛീ, ഇതെന്തുശനി. വീണ്ടും തുണിക്കെട്ടിൽതന്നെ ചെന്നു വീഴുന്നുവല്ലോ. അവൾ എവിടെ? ഇവിടെയെങ്ങും കാണ്മാനില്ല. അവൾ ഓടി രക്ഷപ്പെട്ടു എന്നാണു തോന്നുന്നതു്.' എന്നുപറഞ്ഞു നിരാശയോടുകൂടി കിടക്കയെ പലതവണ വലിച്ചെടുത്തു തിരിച്ചും മറിച്ചുമിട്ടു. മാതംഗി ഇതിനകം ആ മുറിവിട്ടു പുറത്തുകടന്നു പോയിരുന്നു.

'പിക്കു! വിളക്കു നല്ലവണ്ണം തെളിയിക്കുക. അവൾ ഇവിടെ എവിടെ ഒളിഞ്ഞിരിക്കുന്നു എന്നു നോക്കട്ടെ.' സർദാർപറഞ്ഞു.

പിക്കു വിളക്കിൻെറ നാളം നന്നായി തെളിച്ചു അപ്പോഴേക്കും രാജമോഹനനും അവരുടെ സമീപമെത്തി. എല്ലാവരുംകൂടി അവിടെമെല്ലാം പരിശോധിച്ചു. കട്ടിലിൻെറ കീഴിൽ ഒരുപക്ഷെ പതുങ്ങി ഇരിപ്പുണ്ടോ എന്നു നോക്കി. എവിടെയും മാതംഗിയെ കണ്ടില്ല.

അപ്പോൾ രാജമോഹനൻ പറഞ്ഞു:—'അതാ വാതുക്കൽ നോക്കരുതേ. ഞാൻ അടച്ചു കുററിയിട്ടിരുന്ന കതകു തുറന്നുകിടക്കുന്നതു കാണരുതേ. അവൾ പുറത്തു കടന്നുപോയിരിക്കുന്നു.

വാസ്തവത്തിൽ മാതംഗി ഈ ബഹളത്തിനുള്ളിൽ അവിടെ നിന്നും ഓടി പുറത്തുചാടി.

'അവളെ ഇപ്പോൾതന്നെ കണ്ടുപിടിക്കണം. വേഗം പുറത്തിറങ്ങി നോക്കുക. അവളെ വിട്ടയച്ചാൽ കാര്യങ്ങളെല്ലാം കുഴപ്പത്തിലാകും' എന്നു സർദാർ പറഞ്ഞു.

രാജമോഹനൻ:—ഓടുകയോ ചാടുകയോ എന്തെങ്കിലും ചെയ്തുകൊള്ളുവിൻ. എന്നാൽ അവളെ നിങ്ങൾ ഒരു തൊട്ടുപോകരുത്. അതിനുള്ള അധികാരം നിങ്ങൾക്കില്ല. നിങ്ങളൊന്നിച്ചു ഞാനും വരാം.

അവർ മൂന്നുപേരുംകൂടി മാതംഗിയെ അന്വേഷിച്ചു പുറത്തു കടന്നു. ഇപ്പോഴും ആകാശം ഇരുണ്ടുതന്നെയിരുന്നു. മഴക്കാർ തമസ്സിന്റെ കാളിമയെ ഒന്നുകൂടി വർദ്ധിപ്പിച്ചിരുന്നു. അവർ മാതംഗിയെ പലേടത്തിലും അന്വേഷിച്ചു. നേരം പ്രകാശമാകുവാൻ അധികസമയമില്ലാതിരുന്നതിനാൽ അതിനുള്ളിൽ കാര്യം നിറവേററണമെന്നു കരുതി അവർ വളരെ സാഹസപ്പെട്ടു.

ആദ്യമായി അവർ അടുത്ത വീടായ കനകത്തിന്റെ ഗൃഹത്തിൽ കടന്ന് അവളെ അന്വേഷിച്ചു. അവൾ തീർച്ചയായും അവിടെ ഉണ്ടായിരിക്കുമെന്നായിരുന്നു രാജമോഹനന്റെ വിശ്വാസം. അവർ നിശ്ശബ്ദമായി അകത്തുകടന്നു കിളിവാതൽ വഴി മുറിക്കുള്ളിൽ നോക്കിയപ്പോൾ അവിടെ ഒരു വിളക്കെരിഞ്ഞുകൊണ്ടിരുന്നതിനാൽ അകംമുഴുവൻ നല്ലവണ്ണം കാണാമായിരുന്നു. കനകവും അവളുടെ മാതാവും നല്ല ഉറക്കത്തിൽ കിടക്കുന്നതായി അവർകണ്ടു. അല്പനേരത്തെ അന്വേഷണത്തിനുശേഷം അവൾ അവിടെ ഇല്ലെന്നുതന്നെ അവർക്കു ബോദ്ധ്യമായി. അനന്തരം അവർ അവിടംവിട്ടു പുറത്തുകടന്നു പറമ്പിൽ കണ്ട കുററിക്കാടുകളെല്ലാം പരിശോധിച്ചു യാതൊരു പ്രയോജനവുമുണ്ടായില്ല. അതോടുകൂടി ആകാശത്തിന്റെ നിറം ക്രമേണ മാറിത്തുടങ്ങി. പ്രകാശം സർവ്വത്ര വ്യാപരിച്ചു. ഇനി അവിടെ തങ്ങുന്നതു നന്നല്ലെന്നു കരുതി കള്ളന്മാർ രാജമോഹനനെവിട്ടു അവിടെനിന്നും

പോയിമറഞ്ഞു. എങ്കിലും അവൎക്കു രാജ്ഞീമോഷണത്തിന്റെ പേരിലുള്ള സംശയം നിശ്ശേഷം നീങ്ങായ്കയാൽ അവരെ വേറൊരു സ്ഥലത്തു വച്ചു കാണാതാക്കുവിധത്തിൽ വേണ്ട ഏൎപ്പാടു ചെയ്തിട്ടാണവർ പോയതു്.

## പതിനഞ്ചാം അദ്ധ്യായം.

മഴപെയ്തു നല്ലവണ്ണം തണുത്തിരുന്ന ഭൂമി തന്റെ പുതുമണത്താൽ പിറ്റേദിവസത്തെ പുലരിക്കു സ്വാഗതമരുളി. സൂൎയ്യൻ ശുഭ്രമായ നീലാകാശത്തിൽ അതീവ പ്രകാശിച്ചു. പ്രകാശസൂൎയ്യന്റെ മൃദുലകിരണങ്ങൾ വൃക്ഷങ്ങളുടെ ഇലകളിലും പുൽക്കൊടികളിലും തൂങ്ങിനിന്നിരുന്ന മഴത്തുള്ളികളെ മാണിക്യസമാനം പ്രശോഭിപ്പിച്ചു പ്രകൃതി രമണീയതയെ വൎദ്ധമാനമാക്കിച്ചെയ്തു. പക്ഷിജാലങ്ങളുടെ മൃദുലകൂജിതം ദിക്കെങ്ങും വ്യാപരിച്ചു.

പുളിമരത്തിനു സമീപമുള്ള ഒരു കുളം വായനക്കാരുടെ സ്മൃതിപഥത്തിൽനിന്നും വിട്ടുപോയിരിക്കാനിടയില്ല. തലേന്നാൾ മാതംഗിക്കും തരുണനായികക്കും മിന്നൽവെളിച്ചത്തിൽ ഭയമുളവാക്കിയ ഒരു സ്ഥലമായിരുന്നു ഭൎത്താവിന്റെ പിടിയിൽനിന്നും ഓടിപ്പോന്ന മാതംഗിക്കു ഇപ്പോൾ അഭയസ്ഥാനമായിത്തീൎന്നതു്. നേരം രണ്ടുനാഴികയോളം പുലൎന്നിരിക്കും. പടൎന്നുകിടന്നിരുന്ന പുളിവൃക്ഷത്തിന്റെ ചുവട്ടിൽ ജലമയം വിടാത്ത പുൽത്തകിടിയിൽ അവൾ ഇരിക്കയായിരുന്നു. മഴയിൽ വസ്ത്രമെല്ലാം നനഞ്ഞും ചേറുപുരണ്ടിരുന്നു. ചികുരഭാരത്തിൽക്കൂടി ഒലിച്ചിരുന്ന ജലകണങ്ങൾ അവളുടെ ഇരുതോളുകളേയും പിൻപുറത്തേയും ഉരസി ഒഴുകിക്കൊണ്ടിരുന്നു. വികാരഭരിതയും ഭയതരളിതയുമായിരുന്നു വിലപിക്കുന്ന അവളെ കാണുന്ന ഏതൊരാളും അനുതാപം പ്രകടിപ്പിക്കാതിരിക്കയില്ല. സൂൎയ്യകിരണങ്ങൾ സാവധാനത്തിൽ അവളെ ആശ്ലേഷിച്ചുതുടങ്ങി. അവളുടെ സമീപത്തായി ഒരു വെൺകടവും കനകവും സ്ഥിതിചെയ്തിരുന്നു.

കനകം പ്രഭാതസ്നാനത്തിനായി അപ്പോൾമാത്രം അവിടെ എത്തിച്ചേൎന്നതായിരുന്നു. മാതംഗിയുടെ ദാരുണാവസ്ഥയിൽ അകൃത്രിമമായ അവൾ അത്യധികം അനുതാപം പ്രകടിപ്പിച്ചു. കഴിഞ്ഞ രാത്രിയിലുണ്ടായ സകല സംഭവങ്ങളും മാതംഗി കനകത്തെ വിശദമായി ഗ്രഹിപ്പിച്ചു. അവരുടെ സംഭാഷണത്തിന്റെ അവസാന ഭാഗത്തെ ചുവടെ ചേൎക്കുന്നു.

'അയ്യോ, കഷ്ടം! എന്നു പറഞ്ഞു കനകം ഒന്നു നടുങ്ങി. അനന്തരം അവൾ മാതംഗിയുടെ വൎത്തമാനം സമാധാനത്തോടുകൂടി കുറേനേരം കേട്ടുകൊണ്ടിരുന്നു. 'ഞാനായിരുന്നുവെങ്കിൽ ആ നിമിഷത്തിൽതന്നെ ഭയന്നു മരിച്ചുപോകുമായിരുന്നു. നിന്റെ ധൈൎയ്യം വളരെ കട്ടിതന്നെ. നീയല്ലാതെ മറ്റൊരുത്തിയായിരുന്നുവെങ്കിൽ നിശ്ചയമായും അപ്പോൾ അവിടെനിന്നു രക്ഷപ്പെട്ടു പോരികയില്ലായിരുന്നു. നീ വീണ്ടും ഭൎത്തൃസമീപത്തേക്കുതന്നെ പോകയാണോ?' എന്നു് കനകം ചോദിച്ചു.

'മറ്റെവിടെയാണ് എനിക്കൊരഭയസ്ഥാനം?' ദീൎഘശ്വാസത്തോടുകൂടി മാതംഗി ചോദിച്ചു.

'അയ്യയ്യോ! നീ ഒരിക്കലും അവിടേക്കു പോകരുത്. ഞാൻ നിന്നെ സ്നേഹിച്ചുപറയുന്നതാണ്. അയാൾ തീൎച്ചയായും നിന്നെ കൊന്നുകളയും.

'എപ്പോഴെങ്കിലും ഒരിക്കൽ ഞാൻ മരിക്കേണ്ടവളല്ലേ? വിധി അങ്ങിനെയെങ്കിൽ അതിനെ തടുക്കുവാൻ ആൎക്കു കഴിയും? മറ്റൊരു പോംവഴി എനിക്കില്ലെന്നു നിങ്ങൾക്കുതന്നെ അറിയാമല്ലോ.' മാതംഗി കണ്ണുനീർ പൊഴിച്ചു.

'ഞാൻ എന്തുചെയ്യട്ടെ. എന്റെ വീട്ടിലേക്കു കൂട്ടിച്ചുകൊണ്ടു പോകാമായിരുന്നു. എന്നാൽ, അവിടെയും നിനക്കനൎത്ഥത്തിന്നു വഴി കാണുന്നുള്ളൂ.' കനകത്തിന്നു തന്റെ ജീവനെപ്പോലെ സ്നേഹിക്കുന്ന മാതംഗിയുടെ ദുഃഖത്തിൽ മനമലിഞ്ഞു കണ്ണുനീർ ധാര ധാരയായി പ്രവഹിച്ചുതുടങ്ങി 'മറ്റു നിവൃത്തിമാൎഗ്ഗമൊന്നുമില്ലെങ്കിൽ നിനക്കു നിന്റെ അനുജത്തിയുടെ ഗൃഹത്തിൽ എന്തുകൊണ്ടുപോയ്ക്കൂടാ?'

പെട്ടന്നു മാതംഗിയുടെ മുഖഭാവം ഒന്നു ഭേദിച്ചു. അവൾ കുറെ കണ്ണുനീർ വാൎത്തശേഷം മാധവനെ വിട്ടുപിരിയുന്ന സന്ദൎഭത്തിലുണ്ടായ ഉതിന്റ സ്വരത്തിൽ 'എന്റെ ജീവനുള്ള കാലംവരെ അതു സാധിക്കാത്ത കാൎയ്യമാണ്. ഒരിക്കലും അതു ഞാൻ ചെയ്യുകയില്ല' എന്നു പറഞ്ഞു.

മാതംഗിയുടെ ഈ വാക്കുകൾ കനകത്തെ സങ്കുചിതചിത്തയാക്കി. അവൾ എന്തൊക്കെയോ മാതംഗിയോടു പറയുവാനുദ്ദേശിച്ചിരുന്നതും ഈ വാക്കുകളാൽ പ്രതിരോധിക്കപ്പെട്ടു. അവൾ തന്റെ ഉത്തരീയത്താൽ മുഖം മറച്ചുകൊണ്ടു നിലവിളിക്കുവാൻ തുടങ്ങി.

ഈ അവസരത്തിൽ വൃക്ഷത്തിന്റെ പിൻപുറത്തുനിന്നും 'നിങ്ങൾ എന്തൊക്കെയാണു പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇങ്ങിനെ ഇരുന്നു നിലവിളിക്കത്തക്കവിധത്തിൽ നിങ്ങൾക്കെന്തു സംഭവിച്ചു?' എന്നൊരു ചോദ്യം പുറപ്പെട്ടു. അവർ രണ്ടുപേരും പെട്ടെന്നൊന്നു ഞെട്ടി. ആ ചോദ്യം മദ്ധ്യവയസ്സയായ ഒരു സ്ത്രീയുടേതായിരുന്നു. വിരൂപയല്ലെങ്കിലും സുരൂപയല്ലാത്ത അവളുടെ ആഗമനോദ്ദേശ്യം അരക്കെട്ടിൽ സ്ഥിതിചെയ്തിരുന്ന ചെറുകുടം വിളിച്ചുപറഞ്ഞിരുന്നു. 'ഇതു സഖിയുടെ മാതാവാണ്' എന്നുപറഞ്ഞു കനകം കരച്ചിലടക്കി പെട്ടെന്നു പൊട്ടിച്ചിരിച്ചു. 'നിങ്ങളാണോ അമ്മാവീ! എന്താണു പതിവില്ലാതെ കുളത്തിലേക്കു ഇന്നു ഇത്ര ദൂരം പോന്നത്?'

'ഞാൻ ഇന്നു വളരെ വെളുപ്പിന്നു എഴുന്നേററു. അനവധി ജോലികൾ കിടക്കുന്നു. വേഗം ഒന്നു കുളിച്ചിട്ടു മടങ്ങി കാൎയ്യങ്ങളൊക്കെ നോക്കാമെന്നു കരുതി പോന്നതാണ്. അതിരിക്കട്ടെ നിങ്ങൾ എന്താ വലിയ ദുഃഖത്തിൽ പെട്ടിരിക്കുന്നതുപോലെ തോന്നുന്നുവല്ലോ. വിരോധമില്ലെങ്കിൽ കനകം എന്നോടു പറയരുതോ?'

മാതംഗിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു കനകം പറഞ്ഞു:— 'അമ്മാവീ! ഇവൾക്കു നേരിട്ടിരിക്കുന്ന ദുൎഘടത്തെപ്പറ്റി ഞങ്ങൾ ഓരോന്നു പറഞ്ഞു സങ്കടപ്പെടുകയാണ്.' ഈ അവസരത്തിൽ

തന്റെ യാതൊരു രഹസ്യവും അവളെ അറിയിച്ചുപോകരുതെന്ന അൎത്ഥത്തിൽ മാതംഗി കനകത്തെ ഒന്നു നോക്കി. മാതംഗിയുടെ ഇംഗിതം കനകം മനസ്സിലാക്കുകയുംചെയ്തു. രഹസ്യങ്ങളൊന്നും തന്റെ പക്കൽനിന്നും പുറത്തുവരികയില്ലെന്ന മറെറാരു നോട്ടത്താൽ കനകം മാതംഗിയെ ഗ്രഹിപ്പിക്കുകയും ചെയ്തു.

'അവളുടെ ശിരസ്സിലെഴുത്തെന്നല്ലാതെ മറെറന്തു പറയട്ടെ. അതേപ്പററി എന്തിനു ചോദിക്കുന്നു. ഇന്നലെ രാത്രി അവളെ ഭൎത്താവു ആട്ടിപ്പായിച്ചു പുറത്താക്കി വിട്ടു. എവിടേക്കാണ് പോകേണ്ടതെന്നറിയാതെ സാധു വിഷമിച്ചു ഖേദിക്കയാണ്.'

'ഹൊ! നല്ല കാൎയ്യം. ഇതിന്നാണോ ഇങ്ങിനെ കണ്ണുനീരു കുടിച്ചുകൊണ്ടിരിക്കുന്നത്. എന്റെ കുട്ടികളെ! നിങ്ങൾ ഇത്ര കഥയില്ലാത്തവരായിപ്പോയല്ലൊ. ഭൎത്താവും ഭാൎയ്യയുമായാൽ ഇങ്ങിനെയൊക്കെ എവിടേയും സാധാരണയാണ്. അതാരുടേയും കുററവുമല്ല. ഇന്നു തമ്മിൽ പിണങ്ങും നാളെ ലോഹ്യമാകും. അതൊന്നും അത്ര വകവെക്കാനില്ല. എന്തോ കാരണവശാൽ ഇന്നു പിണങ്ങിയെന്നും നാളെ വന്നു കൂട്ടിച്ചുകൊണ്ടു പോയിയെന്നുമൊക്കെ വരാം. കനകം! എന്റെ മരുമകന്റെ വൎത്തമാനം നിനക്കു നിശ്ചയമില്ല. അവൻ വീട്ടിൽ വന്നാൽ ഭാൎയ്യയും ഭൎത്താവുമായി വലിയലഹളതന്നെ. എന്നാൽ, അവൻ അവളെ ഉപേക്ഷിച്ചുകളഞ്ഞുവോ. എന്റെ മകളെ അവൻ സ്നേഹിക്കുന്നതുപോലെ ഈ ലോകത്താരും തങ്ങളുടെഭാൎയ്യമാരെ സ്നേഹിക്കുന്നില്ലെന്നാണ് എനിക്കു തോന്നുന്നത്. ഈ കഴിഞ്ഞ ആഴ്ചയിൽ തന്നെ അവൻ എത്ര വിലപിടിച്ച സാധനങ്ങളാണ് അവൾക്കു കൊണ്ടുവന്നു കൊടുത്തതെന്നു നി അറിയുമോ?'

സുഖിയുടെ മാതാവു ഇങ്ങിനെ തന്റെ മരുമകനെ സ്തുതിച്ചു പ്രസംഗിച്ച സമയം ദീൎഘിപ്പിക്കുന്നതിനെ തടഞ്ഞുംകൊണ്ടു കനകം പറഞ്ഞു:—'അമ്മാവി! അതിന്നു വ്യത്യാസമുണ്ട്. നിങ്ങളുടെ മരുമകനെപ്പോലെ ഇത്ര യോഗ്യനായി ഒരാളെ ഈ ലോകത്തിൽ കാണുക തന്നേ അപൂൎവ്വമാണ്. അതൊന്നും പറഞ്ഞതുകൊണ്ടു നമ്മുടെ കാൎയ്യമായില്ലല്ലോ. ഇവളുടെ ഭൎത്താവു മറെറാരു പെണ്ണി

നെ കല്യാണം കഴിക്കുവാൻ നിശ്ചയിച്ചിരിക്കുന്നുവത്രേ. അതു കൊണ്ടു എങ്ങിനെയും ഇവളെ പിണക്കി ആട്ടിപ്പായിക്കുവാൻ വേണ്ടി എടുത്തിരിക്കുന്ന തന്ത്രങ്ങളാണിതൊക്കെ. വീണ്ടും അയാളുടെ അടുത്തേക്കു പോകുവാൻ ഇവൾക്കു തീരെ ഇഷ്ടമില്ല. ഇനിയും ഇവർ തമ്മിൽ യോജിച്ചു കഴിഞ്ഞുകൂടി പോകുന്ന കാര്യവും പ്രയാസമാണ്. ഏതുകാലവും അതിൽ അത്ര ഇഷ്ടമുണ്ടാകുന്നതുമല്ലല്ലോ. ഇതാണ് ഇവളുടെ ഇപ്പോഴത്തെ അവസ്ഥ. സാധു ഈ വിഷമഘട്ടത്തിൽ എന്താണ് ചെയ്യുക. എവിടെക്കാണ് പോകുക?'.

'തലയിലെഴുത്തിന്റെ വലിപ്പമെന്നല്ലാതെ എന്തു പറയട്ടെ' എന്നു പറഞ്ഞു സുഖിയുടെ മാതാവ്. അവർ വീണ്ടും തുടർന്നു:— 'ഒരു പെണ്ണു നല്ലവളായിരുന്നെങ്കിൽ അവൻ ഇത്ര കൊള്ളരുതായ്മ കാളാകയില്ലായിരുന്നു. ഒരുവൻ നിന്നെ നിർദ്ദയം ആട്ടിപ്പായിച്ചിട്ടു പുതിയ പെണ്ണായി കഴിയട്ടെ. കുറച്ചു ദിവസം കഴിയുമ്പോൾ മാത്രമേ അതിന്റെ ഗുണദോഷം അവനു ബോദ്ധ്യമാകയുള്ളു. കുഞ്ഞേ! നീ ഇനി ആ രാക്ഷസന്റെ അടുത്തേക്കു പോകേണ്ട. നിന്റെ അനുജത്തി എത്ര സുഖമായി പാർക്കുന്നു. അവളുടെ അടുക്കൽ പോയി പാർക്കുക. അവൻ പിന്നീടെന്താണ് ചെയ്യാൻ പോകുന്നതെന്നറിയാമല്ലോ'.

'അമ്മാവീ! അക്കാര്യം മാത്രം നിങ്ങൾ പറയേണ്ട. ഇവൾ അനുജത്തിയുടെ വീട്ടിലേക്കു പോകുകയേ ഇല്ല.' എന്നിങ്ങിനെ കനകം സംസാരിക്കുവാൻ ആരംഭിച്ചപ്പോൾ മാതംഗി ലജ്ജയോടും സങ്കടത്തോടുംകൂടി നിലത്തുനോക്കി മൌനം പൂണ്ടിരുന്നു. കനകം പറഞ്ഞു:—'അമ്മാവീ! കഴിഞ്ഞകൊല്ലം മാധവബാബു ശ്രാദ്ധത്തിന് ഇവളുടെ ഭർത്താവിനെ ക്ഷണിച്ചില്ല. അക്കാരണത്താൽ ജ്യേഷ്ഠത്തിയും അനുജത്തിയും തമ്മിൽ വലിയ പിണക്കത്തിലാണ്. അതാണ് ഇവൾ അവിടേക്കു പോകാത്തത്. ഞാൻ എന്റെ വീട്ടിൽക്കൂടി കൊണ്ടുപോയി താമസിപ്പിക്കാമായിരുന്നു. എന്നാൽ ഞങ്ങളുടെ സ്ഥിതി നിങ്ങൾക്കു നല്ല നിശ്ചയമുള്ളതാണല്ലോ. ഞങ്ങൾതന്നെ ഇരുപത്തെട്ടേകാദശിയും രണ്ടു പട്ടിണിയു

മായിട്ടാണ് കഴിയുന്നത്. ഇവളെക്കൂടി കൊണ്ടുപോയി പട്ടിണി കിട്ടു കൊല്ലണമെന്നുണ്ടോ?'.

'കഷ്ടം! നീ ഇത്ര അനാഥയായിപ്പോയല്ലോ. ഇത്ര യോഗ്യനായ ഭർത്താവിനു വേണ്ടിയാണോ സ്വന്തം അനുജത്തിയുമായി സ്വൈരമില്ലാതെ കഴിയുന്നത്? അവൻ — ആ ദുഷ്ടൻ — എന്റെ ഭർത്താവായിരിക്കേണ്ടിയിരുന്നു. എങ്കിൽ ഞാൻ അവനെ ചൂരവിമിഷ കൊണ്ടു മര്യാദ പഠിപ്പിക്കുമായിരുന്നു. കുഞ്ഞേ! നീ ഒട്ടും സങ്കടപ്പെടേണ്ട. എന്നോടൊന്നിച്ചു പോരിക. എന്റെ യജമാനന്റെ വീട്ടിൽ ഈശ്വരാനുകൂല്യത്താൽ നിനക്കു യാതൊരു കുറവും ഉണ്ടാകയില്ല. യജമാനന്റെ മൂത്ത പത്നി നിന്നെ വളരെ ഇഷ്ടമായി സ്വീകരിച്ചുകൊള്ളും. നിന്റെ ശീലവൃത്തിയും അവർക്കു വളരെ ഇഷ്ടപ്പെടും. നിന്റെ ഭർത്താവു ദേഷ്യമൊക്കെ പോയി പിന്നീടു വന്നു വിളിക്കുന്ന അവസരത്തിൽ നിനക്കു പോകാം. എങ്കിലും അവൻ എത്ര നല്ല വാക്കുമായി വന്നാലും അത്ര എളുപ്പത്തിലൊന്നും വഴിപ്പെട്ടു പോകരുത്. അവൻ കുറെ സങ്കടപ്പെടണം; നില വിളിക്കണം. അപ്പോൾ വഴിക്കു വരും. എന്നിട്ടു പോകാം' എന്നു വളരെ പെരുമയായി സുഖിയുടെ മാതാവു പറഞ്ഞു.

'അതേ അമ്മായി! നിങ്ങൾ പറഞ്ഞതൊക്കെ പരമാർത്ഥമാണ്. അയാൾ കുറച്ചു കഴിയുമ്പോൾ തൻ പാട്ടിലായി പോകും. എന്തായാലും നിങ്ങൾ ഇപ്പോൾ തന്നെ ഇവളെ ഒന്നിച്ചു കൂട്ടിച്ചു കൊണ്ടു പോകുക. (മാതംഗിയെ നോക്കി) മാതംഗി! ഇതിൽ നിന്റെ അഭിപ്രായമെന്താണ്? ദധൂർബ്ബാബുവിന്റെ മൂത്ത പത്നി വളരെ നല്ലവരാണ്. നിന്നെ അവർക്കു വളരെ ഇഷ്ടവുമാകും. നീ എന്താണൊന്നും മിണ്ടാത്തത്?'.

മാതംഗി പുരികം ചുളിച്ചു കനകം അവളെ അത്ര ഗൌനിക്കുന്നില്ലെന്ന മട്ടുനടിച്ചുപറഞ്ഞു:—'അമ്മായി! നിങ്ങൾ വേഗം കുളിച്ചുവരിക. എന്നിട്ടു ഇവളേയും കൂട്ടിച്ചു പോകുക.' സുഖിയുടെ മാതാവു കുളിക്കുവാൻ കുളത്തിലേക്കിറങ്ങി. മാതംഗിയും കനകമയിയും തനിച്ചായപ്പോൾ മാതംഗി പറഞ്ഞു:—ജ്യേഷ്ഠത്തി! ഞാൻ ഇവരൊന്നിച്ചു പോകുകയോ പോകാതിരിക്കയോ എന്താണ് വേണ്ടത്? എനിക്കൊന്നും തോന്നുന്നില്ല'.

പോകയില്ലെന്നു നീ ദുശ്ശാഠ്യം പിടിക്കേണ്ട. നീ പോകാതിരിക്കുന്നത് എനിക്കൊട്ടും ഹിതമല്ല. അതുകൊണ്ട് ഗുണമല്ലാതെ നിനക്കു ദോഷമൊന്നും സംഭവിക്കുന്നതല്ലെന്നു എനിക്കുറപ്പുണ്ട്. ഞാൻ വൈകുന്നേരം വന്നു നിന്നെ കണ്ടുകൊള്ളാം. യാതൊരു തൎക്കവും പറയാതെ വേഗം പോയ്ക്കൊള്ളുക. നിന്റെ നന്മയെ മാത്രം കണക്കാക്കി ഞാൻ പറയുകയാണ്. ഇത്രയും പറഞ്ഞു കനകമയി മാതംഗിയുടെ യാതൊരു മറുപടിയേയും പ്രതീക്ഷിക്കാതെ കടവുമെട്ടത്ത് സഖിയുടെ മാതാവൊന്നിച്ചു കുളിക്കുവാൻ കുളത്തിലേക്കിറങ്ങി.

## പതിനാറാം അദ്ധ്യായം.

മധുർഘോഷിന്റെ ബംഗ്ലാവ് ഒരു ജമിന്ദാരുടെ സ്ഥിതിക്കനുസൃതമായി പ്രശോഭിച്ചിരുന്നു. അതു വളരെ പുരാതനമായ ഒരു കെട്ടിടമായിരുന്നു. വളരെ ദൂരത്തുള്ള വിസ്തീൎണ്ണമായ വയലുകളിൽ നിന്നു നോക്കിയാൽ വൃക്ഷങ്ങളുടെ വിടവുകളിലൂടെ അതിന്റെ ചുററിലുമുള്ള പായൽ പിടിച്ച കറുത്ത ചുവരുകളും വാതായനങ്ങളും നല്ലതുപോലെ കാണാമായിരുന്നു. അകലത്തുനിന്നു നോക്കുന്നവൎക്കു ഒരു കെട്ടിടം സാമാന്യം ഭംഗിയുള്ളതായി തോന്നിയിരുന്നെങ്കിലും അടുത്തു വന്നു നോക്കുമ്പോൾ അതിന്റെ പുരാതനത്വം ജീൎണ്ണിച്ചു അവിടവിടെ അടൎന്നു തൂങ്ങിനിന്നിരുന്ന കമ്മായക്കട്ടകളും കൽചുവരുകളും വിളിച്ചുപറയിച്ചിരുന്നു. ചില ജനാലകളുടെ ഓരോ വാതൽ ജീൎണ്ണിച്ചു നശിച്ചുപോയിരുന്നു. അതിനു പകരമായി യഥാസ്ഥാനങ്ങളിൽ വാനൃതട്ടികൾ വെച്ചുറപ്പിച്ചിരുന്നു. എന്നാൽ മാളികയുടെ മുൻഭാഗം വളരെ വിചിത്രപ്പണികൾ ചെയ്തും പുതിയ കമ്മായപ്പണികൾ ചെയ്തും ഭംഗി പിടിപ്പിച്ചിരുന്നു. അതിന്റെ പിൻഭാഗത്തെ ചുവരുകളിൽ മുക്കാൽ ഭാഗവും കമ്മായം പൂശാത്തവകളായിരുന്നു. അതിന്റെ കാലപ്പഴക്കം അതിൽ പുഷ്ടിയായി വളൎന്നു നിന്നിരുന്ന ആലുവൃക്ഷങ്ങളാലും ഇതര ചെടി പടലങ്ങളാലും ഊഹിക്കാമായിരുന്നു.

ആ വലിയ ഭവനം ഒരു നാലുകെട്ടായിരുന്നു. ഇരിമ്പു തകിടുകൾ അടിച്ചു താർ പൂശിയിരുന്ന ആദ്യകെട്ടിന്റെ മുൻഭാഗത്തെ വാതൽ കടന്നു അകത്തെ തളവും തരണം ചെയ്താൽ വിസ്തീൎണ്ണമായ നടുമുററത്തിൽ എത്തും. രണ്ടു നിലയിൽ പണി കഴിച്ചിരുന്ന രണ്ടാമത്തെ കെട്ടു സ്ത്രീകൾക്കു പാൎക്കുവാനുള്ള സ്ഥലമായിരുന്നു. ഒരു കൊത്തു ഭംഗിയായി പണി കഴിച്ചിരുന്നതായിരുന്നു അതെങ്കിലും ഇപ്പോൾ ജീൎണ്ണത അങ്ങിങ്ങു നിഴലിച്ചിരുന്നു. മൂന്നാമത്തെ കെട്ടും അതിന്റെ പിൻഭാഗത്തെ ചില കെട്ടിടങ്ങളും അടുക്കളക്കുപയോഗിച്ചിരുന്നു. അടുക്കള വഴിക്കു ഭാഗത്തിൽ കടക്കാവുന്നതും അതിനോടു തൊട്ടു സ്ഥിതി ചെയ്യുന്നതുമായ നാലാമത്തെ കെട്ടു വളരെ ഉറപ്പിലും ബന്തവസ്സിലും പണി ചെയ്തിരുന്നതായിരുന്നു. ഇതിലാണ് വിലപിടിച്ച സാധനങ്ങൾ പലതും സൂക്ഷിച്ചിരുന്നത്. മിക്കവാറും ഉപയോഗിക്കാതെ ഒഴിച്ചിട്ടിരുന്ന അതിനെ 'കിടങ്ങ്' എന്നാണ് വിളിച്ചു വന്നിരുന്നത്. ഇതിന്റെ നാലു വശവും ഉയൎന്ന കന്മതിലുകളാൽ ചുററപ്പെട്ടിരുന്നു. പുറമെ നിന്നും ആരും ഉള്ളിൽ ചാടികടക്കാതിരിക്കുവാൻ വേണ്ടിയായിരിക്കാം മതിലിന്റെ മുകളിൽ കണ്ണാടിച്ചില്ലുകൾ വച്ചുറപ്പിച്ചിട്ടുള്ളതു. അകത്തുഭാഗത്തു ഒരു വരിയിൽ ഏതാനും മുറികളും അതിന്നെല്ലാം ഇരിമ്പുവാതിലുകളുമുണ്ടായിരുന്നു. ഒരു മുറിക്കെങ്കിലും ജന്നൽ ഉണ്ടായിരുന്നില്ല. ഇതിന്റെ പിൻഭാഗത്തു വിശാലമായ ഒരു തോട്ടവുമുണ്ടായിരുന്നു.

മധുർഘോഷിന്റെ ശയനമുറി അതി മനോഹരമായി അലംകരിച്ചു മോടി പിടിപ്പിച്ചിരുന്ന ഒന്നായിരുന്നു. കൊതുകുവല ഇട്ടിരുന്ന ഒരു കട്ടിലും രണ്ടുമൂന്നു അലമാരികളും ചുവരിൽ ഏതാനും ചിത്രങ്ങളുമല്ലാതെ മററു സാധനങ്ങളൊന്നും ആ മുറിയിൽ ഉണ്ടായിരുന്നില്ല. ഉദ്ദേശം ഇരുപത്തെട്ടോളം വയസ്സു പ്രായം വരുന്ന ഒരു സ്ത്രീ ആ മുറിക്കുള്ളിൽ ഒരു പടിയിന്മേൽ ഇരിക്കുന്നുണ്ടായിരുന്നു. കുലീനയായിരുന്ന അവൾ സുശീലയും സൌന്ദൎയ്യവതിയുമായിരുന്നു. ഏതവസരത്തിലും അവളുടെ മുഖം പ്രസന്നമായിട്ടല്ലാതെ കാണുക പതിവില്ലായിരുന്നു. അവളുടെ അടുത്തുതന്നെ പത്തു വയസ്സു പ്രായം വരുന്ന സുമുഖിയായ ഒരു പെൺകുട്ടിയും

സ്ഥിതിചെയ്തിരുന്നു. ഇവരുടെ ഏററവും അടുത്തൊരിടത്തായി വേറൊരു സ്ത്രീ വ്യസനഭാരം നിറഞ്ഞ മുഖത്തോടുകൂടി ഇരിക്കുന്നുമുണ്ടായിരുന്നു. അവൾ ആരാണെന്നു വായനക്കാൎക്കു മനസ്സിലായിട്ടുണ്ടായിരിക്കും. സുഖിയുടെ മാതാവു മാതംഗിയുടെ മൂത്ത പത്നിയുടെ സമീപത്തു കൊണ്ടുപോയി വിട്ടു. അവിടെ ഇരുന്നിരുന്ന മുതിൎന്ന സ്ത്രീ തന്നെയാണ് മധൂൎഘോഷിന്റെ മൂത്ത പത്നി.

മധൂൎഘോഷിന്റെ മൂത്ത പത്നിയും മാതംഗിയും സാവധാനത്തിൽ ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു. സുഖിയുടെ മാതാവു തന്റെ യജമാനത്തിയോടു മാതംഗിയെക്കുറിച്ചുള്ള വിവരങ്ങൾ കനകമയിയിൽ നിന്നും കേട്ടറിഞ്ഞിടത്തോളമുള്ളതു മുഴുവൻ പറഞ്ഞു കേൾപ്പിച്ചു. എന്നാൽ, ആ വേലക്കാരിയുടെ സമക്ഷത്തിൽ തന്റെ വൎത്തമാനങ്ങൾ മധൂൎഘോഷിന്റെ പത്നിയോടു പറയുവാൻ മാതംഗി ഇഷ്ടപ്പെട്ടില്ല. വേലക്കാരി പറഞ്ഞതെല്ലാം അവൾ ക്ഷമയോടുകൂടി കേട്ടുകൊണ്ടിരുന്നു. അവൾക്കു തന്റെ ഭൎത്താവിന്റെ ദുൎന്നടവടികളെപ്പററി മറെറാരാളെ ഗ്രഹിപ്പിക്കുന്നതിൽ ഒട്ടും ഇഷ്ടമില്ലായിരുന്നു. ഈ ഘട്ടത്തിലും കുലസ്ത്രീയായ അവൾ തന്റെ ഭൎത്താവിനെ ദൈവത്തെപ്പോലെ കരുതിയിരുന്നു.

വിവരം ഗ്രഹിച്ചമാത്രയിൽ മധൂൎഘോഷിന്റെ പത്നി മാതംഗിയെ വളരെ സന്തോഷത്തോടും വാത്സല്യത്തോടുംകൂടി സ്വീകരിച്ചു. അവളെ മാന്യയായ ഒരതിഥിയെപ്പോലെ ആ സ്ത്രീ ആദരിച്ചു. കാൎയ്യം ഇങ്ങിനെയെങ്കിലും ഒരന്യയായ അവളെ ആ ഗൃഹത്തിൽ പാൎപ്പിക്കുവാൻ ഗൃഹനായകനായ മധൂൎഘോഷിന്റെ അനുവാദം വേണ്ടേ? വസ്തുതകളെല്ലാം ഗ്രഹിച്ചശേഷം അവർ വേലക്കാരിയെ തന്റെ ഭൎത്താവിനെ അവിടേക്കു കൂട്ടിച്ചുകൊണ്ടു വരുവാനായി പറഞ്ഞയച്ചു. എന്നാൽ, ഈ വിവരം അവൾ മാതംഗിയെ അറിയിച്ചില്ല. കുറച്ചുകഴിഞ്ഞപ്പോൾ മധൂൎഘോഷ് ആ മുറിക്കുള്ളിൽ ആഗതനായി. മാതംഗി വിനയപൂൎവ്വം എഴുന്നേററു മുറിക്കു പുറത്തുകടന്നു. അവൾ പുറത്തേക്കു കടക്കുമ്പോൾ മധൂർ അവളെ കടക്കണ്ണുകളാൽ ഒന്നു സൂക്ഷ്മനിരീക്ഷണംചെയ്തു.

—:o:—

## പതിനേഴാം അദ്ധ്യായം.

മധുർഘോഷിനു രണ്ടു പത്നികളുണ്ടായിരുന്നുവെന്നു വായനക്കാൎക്കിതിനകം മനസ്സിലായിരിക്കും. അയാൾ രണ്ടു വിവാഹം ചെയ്തു സുഖമായി ജീവിക്കുന്നുവോ അതല്ല ക്ലേശജീവിതം നയിക്കുന്നുവോ എന്നു നമുക്കു നിശ്ചയമില്ല. അയാളുടെ മൂത്തപത്നിയായ താരയെ നിങ്ങൾ പരിചയപ്പെട്ടുകഴിഞ്ഞു. രണ്ടാമത്തവളായ രതി മൂത്താളെക്കാൾ എട്ടു വയസ്സു പ്രായം കുറഞ്ഞവളാണ്. പൂൎണ്ണയൗവനത്തിന്റെ തള്ളിച്ച അവളുടെ ഓരോ അംഗങ്ങളിലും പ്രസ്ഫുരിച്ചിരുന്നു. താൻ പ്രേമസാമ്രാജ്യം അടക്കിവാഴുന്ന സാക്ഷാൽ രതീദേവിതന്നെയാണെന്നു അവളുടെ നാട്യം വിളിച്ചറിയിച്ചിരുന്നു. തന്റെ സൌന്ദൎയ്യത്തികവുതന്നെ അവളെ ഗൎവ്വം കൊള്ളിച്ചിരുന്നു. തന്നിമിത്തം കുടുംബത്തിലെ ഭരണകൎത്തൃത്വം മുഴുവൻ അവളിൽ അധിഷ്ഠിതമായും തീൎന്നിരുന്നു. വീട്ടിലുള്ളവർ മുഴുവൻ അവളുടെ ആജ്ഞക്കു കീഴ്പ്പെട്ടുനടക്കുകയും അവളിൽ ഭയഭക്തികൾ പ്രദൎശിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും ആൎക്കും അവളെ ഉള്ളുകൊണ്ടു തൃപ്തിയില്ലായിരുന്നു. പുറമെ എത്രതന്നെ സൌന്ദൎയ്യം വഴിഞ്ഞൊഴുകിയിട്ടെന്ത്? ഉള്ളു ശുദ്ധമല്ലെങ്കിൽ ആരാണു മതിക്കുക? താര സകലഗുണസമ്പന്നയായിരുന്നുവെങ്കിലും വീട്ടിന്നധിപതി രതിതന്നെയായിരുന്നു. ഗൃഹനായകനായ മധുർഘോഷ് കൂടിയും അവൾക്കടിമയായിരുന്നു.

വിജ്ഞാനികൾ പ്രേമത്തെ യോഗ്യതാനുസരണം ആദരിക്കുന്നു. മൂഢന്മാർ, കൺചിമ്മി കാമകിങ്കരന്മാരായി സ്ത്രീകളുടെ ദാസവൃത്തി ആചരിക്കുന്നു. മധുർഘോഷ് രതിയെ ഇതിൽപ്പരമില്ലാതെ പുകഴ്ത്തുകയും ബഹുമാനിക്കുകയും അവളുടെ ചൊല്പടിക്കു നില്ക്കുകയും ചെയ്തതിലൊന്നും തെറ്റില്ല. വെളിയിൽ എത്രയോ പ്രതാപശാലികളായി ഭാവിക്കുന്ന പുരുഷന്മാർ ഗൃഹത്തിൽ തങ്ങളുടെ പത്നിമാരുടെ വലയിൽ അടിപെട്ടു നരകീയജീവിതം അനുഭവിക്കുന്നു. ഇതു ലോകസാധാരണമാണ്. മധുർഘോഷിന്റെ അവസ്ഥയും ഇതുതന്നെയാണ്. സ്ത്രീത്വം അവതാരമെടുത്ത

വളെന്നു പറയാവുന്ന താരയിൽ അയാൾക്കശേഷം അഭിനിവേശം തോന്നുന്നില്ല. ഗർവിഷ്ഠയും, ധൂർത്തയുമായ രതിയിൽ അയാൾ അടിപണിയുന്നു.

താരാ രാജമാധവൻെറ പത്നിയെ തന്നോടൊന്നിച്ചു പാർപ്പിച്ചുകൊള്ളുവാൻ ഭർത്താവിൽനിന്നും അനുമതി നേടി. "ഭക്ഷണത്തിനും, വസ്ത്രത്തിനും എൻെറ ഗൃഹത്തിൽ എന്താണു കുറവുള്ളതു്. ഈശ്വരസഹായത്താൽ ഇവിടെ ഇപ്പോൾ വേണ്ടതൊക്കെയുണ്ടു്. അവൾ നല്ല പ്രകൃതക്കാരിയാണെങ്കിൽ ഇഷ്ടമുള്ള കാലത്തോളം പാർത്തുകൊള്ളട്ടെ." എന്നായിരുന്നു മധുർഘോഷിൻെറ മറുപടി. എന്നാൽ, തൻെറ ഈ സദ്വൃത്തിയിൽ മറെറാരു ഹൃദയം അസൂയാമയമായിത്തീരുമെന്നു ലേശവും കരുതിയില്ല. അതായതു്, താരമുഖേന മാതംഗിക്കു അവിടെ പ്രവേശനം ലഭിച്ചതിൽ രതിക്കൊട്ടും തൃപ്തിയില്ലായിരുന്നു. തൻെറ മേൽനോട്ടത്തിലും അധികാരത്തിൻകീഴിലും അവളെ നിർത്തണമെന്നായിരുന്നു രതി ആഗ്രഹിച്ചതു്.

അസ്തമനസൂര്യൻെറ ഇളംകിരണങ്ങൾ മധുർഘോഷിൻെറ മണിമാളികയുടെ മേൽക്കൂരയെ കനകമയമാക്കിച്ചെയ്തു. സ്ത്രീകൾ പെരുമാറുന്ന കെട്ടിൻെറ മുകൾത്തട്ടിലുള്ള വരാന്തയിൽ മഞ്ഞവെയിൽ നടമാടി. അവിടെ താര വെറും നിലത്തിരുന്നു തൻെറ ഏകപുത്രിയുടെ തലമുടി പിന്നുകയായിരുന്നു. ഇതേ അവസരത്തിൽ പരിചാരിക രതിയുടെ പാദത്തിൽ ചെമ്പഞ്ഞിച്ചാറണിയിക്കുകയായിരുന്നു. ഈ തരുണത്തിൽ രതി മാതംഗിയോടു ഓരോന്നു ചോദിക്കുന്നുമുണ്ടായിരുന്നു. എന്നാൽ, അനാവശ്യമായ അവളുടെ ചോദ്യങ്ങൾക്കു മാതംഗി വളരെ ആലോചിച്ചു മാത്രമേ സമാധാനം പറഞ്ഞിരുന്നുള്ളു. തൻെറ ഭർത്താവിൻെറ ഔദാര്യത്താലും അനുമതിയാലുമാണല്ലോ ഇവൾക്കിവിടെ പ്രവേശനം ലഭിച്ചതു് എന്നായിരുന്നു രതിയുടെ വിചാരം. ഭർത്താവിനെ തൻെറ ചൊല്പ്രകാരം നടത്താമെന്നുള്ള ധൈര്യമുണ്ടായിരുന്നതിനാൽ താൻ വിചാരിക്കുന്ന നിമിഷത്തിൽ മാതംഗിയെ അവിടെനിന്നും പുറത്താക്കിവിടുവാൻ കഴിയുമെന്നുള്ള അഹങ്കാരത്തോടുകൂടിയാണു്

അവൾ മാതംഗിയുടെ ഹൃദയം ഭേദിക്കുമാറുള്ള മുള്ളുവാക്കുകളാൽ അലട്ടിത്തുടങ്ങിയത്.

രതി വീണ്ടും മാതംഗിയുടെ അഭിമാനത്തെ ഭഞ്ജിക്കുമാറുള്ള ഓരോരോ ചോദ്യങ്ങൾ ആരംഭിച്ചു. ഇത്തവണ മാതംഗി ഒട്ടും കുറച്ചില്ല. അവളുടെ ചോദ്യത്തിന്നു തക്ക മറുപടി കൊടുത്തു. ഇതൊക്കെ കേട്ടുകൊണ്ടിരുന്ന താര, ഇവരുടെ വർത്തമാനം ഈ വഴിയിൽ കൂടി വളർന്നുപോകുവാൻ അനുവദിച്ചാൽ ഒടുവിൽ പല അപകടങ്ങൾക്കും മാതംഗിക്കു കൂടുതൽ സങ്കടത്തിനും ഇടവരുത്തുമെന്നു കരുതി ഇടക്കു കയറി ചിലതു പറഞ്ഞു പ്രകൃതത്തെ മാററുവാൻ ഉത്സാഹിച്ചു. 'എഴുന്നേററുപോ; ഞാൻ പിന്നിയിട്ടു ഇതൊക്കുന്നില്ല. എന്നെക്കൊണ്ടു സാധിക്കയുമില്ല. എത്ര നേരമായി ഞാൻ ഇതിന്നു മിനക്കെട്ടുന്നു. (മാതംഗിയെ നോക്കി) നിനക്കിതു നല്ലവണ്ണമൊന്നു പിന്നിക്കൊടുക്കാമോ?'

'ചെയ്തുനോക്കാം' എന്നു മാതംഗി സമാധാനം പറഞ്ഞു.

മാതംഗി താരയുടെ പുത്രിയുടെ സമീപം വന്നിരുന്നു അവളുടെ തലമുടി വളരെ ഭംഗിയായി പിന്നിത്തീർത്തു.

'ഇങ്ങിനെ പിന്നുവാൻ വലിയ പ്രയാസമൊന്നുമില്ല. ഇതു വെറും അപരിഷ്കൃതരീതിയിൽ ഒരു പണി മാത്രം' എന്നു രതി പറഞ്ഞു.

'സാധാരണയുള്ള ഞങ്ങളുടെ നാട്ടുസമ്പ്രദായത്തിൽ പിന്നിയിരുന്നുവെങ്കിൽ വളരെ ആകർഷണീയമായി തോന്നുമായിരുന്നു' മാതംഗി പറഞ്ഞു.

'അയ്യയ്യോ! അങ്ങിനെയൊന്നും വേണ്ട. അത്ര ആകർഷണീയമായ രീതികളൊക്കെ വേശ്യാസ്ത്രീകൾക്കു മതി. അതൊന്നും കുടുംബസ്ത്രീകളുടെ കുട്ടികൾക്കു വേണ്ട' എന്നു പറഞ്ഞു രതി.

ഇവരുടെ വിവാദം വർദ്ധിച്ചേക്കുമെന്നു കരുതി താര അനുജത്തിയോടു ഇങ്ങിനെ ചോദിച്ചു:—'എന്തനർത്ഥമാണിത്? തലമുടി പിന്നുന്നതിലും ഉൽകൃഷ്ടവും അപകൃഷ്ടവുമുണ്ടോ? കുറച്ചു ഭേദമായി ഒരാൾ മുടി കോതിമിനുക്കി എന്നു വച്ചാൽ അവൾ വേശ്യയാ

ഒന്നാര പറയുമോ? നന്മയെല്ലാം തിന്മയെ സൂചിപ്പിക്കുകയാണെന്നു വന്നാൽ, ഇപ്പോൾ നീ നല്ല സൌന്ദര്യവതിയായിരിക്കുന്നുവല്ലോ. അതുകൊണ്ടു നീ കൊള്ളരുതാത്തവളായിത്തീരുമെന്നാണോ അർത്ഥമാക്കേണ്ടതു? ഇതൊക്കെ അനാവശ്യമായ വർത്തമാനങ്ങളാണ്.

രതി പിന്നീടു ശബ്ദിച്ചില്ല. പെട്ടെന്നവളുടെ മുഖഭാവം മാറി. താൻ തന്നെ അപമാനിച്ചു എന്ന അർത്ഥമാണ് അപ്പോഴത്തെ അവളുടെ ഭാവത്തിൽ നിഴലിച്ചു കണ്ടത്. ഈ അവസരത്തിൽ ആരോ കടന്നുവരുന്ന കാലടിശബ്ദം കേട്ടു. അടുത്ത മാത്രയിൽ മധുർഗോലാഷ് അവരുടെ സന്നിധിയിൽ ആഗതനായി. രതി ക്ഷണത്തിൽ എഴുന്നേററു തന്റെ ശയനഗൃഹത്തിലേക്കു കടന്നു പോയി. താരയും അവിടംവിട്ടുപോയി. മാതംഗി എഴുന്നേററ് അടുത്തൊരു മൂലയിൽ ഒതുങ്ങിനിന്നു.

മധുർഗോലാഷ് വിനയാന്വിതയായി നിന്നിരുന്ന മാതംഗിയെ കടക്കണ്ണുകളാൽ അർത്ഥഗർഭമാംവിധം ഒന്നു നോക്കി. മുറിക്കകത്തു കടന്നുപോയിരുന്ന രതി വാതലിന്റെ മറവിൽ കൂടി ഇതു കണ്ടു. മധുർഗോലാഷ് തന്റെ ആരാധനാമൂർത്തിയായ ഇളയ പത്നിയെ പിൻതുടർന്നു കിടക്കറയിൽ പ്രവേശിച്ചു. അയാൾ അകത്തു കടന്നു പോയതോടുകൂടി മററു സ്ത്രീകൾ വീണ്ടും മേൽപറഞ്ഞ സ്ഥലത്തു വന്നിരുന്നു ഓരോ പ്രവൃത്തികൾ ചെയ്യുവാൻ തുടങ്ങി.

ഭർത്താവു തന്നെ പിൻതുടരുമെന്നു രതിക്കു നല്ല നിശ്ചയമുണ്ടായിരുന്നു. ചില കാര്യങ്ങളെക്കുറിച്ചു അയാളോടു സംസാരിക്കണമെന്നു അവൾക്കും അത്യാശയുണ്ടായിരുന്നു. എന്നാൽ ഭർത്താവിനെ താൻ പ്രതീക്ഷിക്കുന്നു എന്നു വരുത്താതെ അവൾ അകത്തൊരിടത്തു വെച്ചിരുന്ന താംബൂലചർവ്വണത്തിനു വേണ്ടുന്ന ചില സുഗന്ധദ്രവ്യങ്ങളിരുന്നിരുന്ന പെട്ടികൾ എടുത്തു തുറക്കുവാൻ തുടങ്ങി. മധുർ അടുത്തുചെന്നു നോക്കിയപ്പോൾ അനവധി ഡപ്പികൾ തുറന്നു നിരത്തി വെച്ചിരിക്കുന്നതായിക്കണ്ടു. എന്നാൽ, അയാൾ വന്ന വിവരം അറിഞ്ഞ ഭാവമേ അവൾ നടിച്ചില്ല. അവൾ ശിരോവേഷ്ടനം ചെയ്തിരിക്കയുമായിരുന്നു, മധുർ കുറച്ചുനേരം മൌനം

പൂണ്ടു നിന്നശേഷം 'എന്തു വേണ്ടാവൃത്തികളാണിച്ചെയ്യുന്നതു്?' എന്നു ചോദിച്ചു.

അവൾ തിരിഞ്ഞു നോക്കുകയാകട്ടെ എന്തെങ്കിലും സമാധാനം പറയുകയാകട്ടെ ചെയ്തില്ല. ചെയ്തുകൊണ്ടിരുന്ന പ്രവൃത്തിയെ നിർവ്വിഘ്നം തുടൎന്നുകൊണ്ടുതന്നെ ഇരുന്നു.

'ഇതൊന്നും എനിക്കറിവാൻ പാടില്ലാത്തതല്ല. നിനക്കെന്തോ എന്റെ പേരിൽ കോപം ജനിപ്പിച്ചിരിക്കുന്നു'.

അതിന്നും അവൾ സമാധാനമൊന്നും പറയാതെ വേഗത്തിൽ ഡപ്പികളൊക്കെ അടച്ചു വെച്ചിട്ടു പുറത്തിറങ്ങിപ്പോകുവാനുത്സാഹിച്ചു.

മധൂർ തടഞ്ഞുകൊണ്ടു പറഞ്ഞു:—'പ്രിയതമേ! അതുവേണ്ട! ഈ ശയനഗൃഹത്തിലും മുഖാവരണമോ? ഒരിക്കലും ആവശ്യമില്ല. അയാൾ അവളുടെ മുഖാവരണം വലിച്ചുനീക്കി

'നിങ്ങളെന്തിനാണെന്നെ അനാവശ്യമായി ഉപദ്രവിക്കുന്നു?' അവൾ വളരെ വെറുപ്പോടുകൂടി ചോദിച്ചു.

'എന്റെ തങ്കമേ! നിനക്കു ഹൃദയവ്യഥയുണ്ടാകുമാറു് ഞാനെന്താണൊരപരാധം ചെയ്തതു്?'.

'എന്നെ വിട്ടയച്ചാൽ മാത്രം മതി' അയാളുടെ പിടിയിൽനിന്നും അവൾക്കു നിഷ്പ്രയാസം മോചിച്ചു പോരാം. എന്നാൽ അയാളുടെ മോഹതൃഷ്ണയെ ഉദ്ദീപിപ്പിക്കണമെന്നു കരുതി അവൾ അതിന്നൊരുങ്ങിയില്ല. 'എന്നെ പിടിക്കേണ്ട; വിടുക. എനിക്കു പോയിട്ടു പല കാൎയ്യങ്ങളുമുണ്ടു്'.

'പ്രാണപ്രിയേ! അത്ര വലിയ ഒരു കാൎയ്യമെന്താണുള്ളതു്?'.

'വെററില ചുരുട്ടിത്തരേണ്ടേ?'.

'അതിന്നെവിടെയാണു് പോകുന്നതു്? ഇവിടെ ഇരുന്നു ചുരുട്ടിത്തന്നുകൂടെ?'.

'എന്നെ വിടൂ; ഞാൻ പോകട്ടെ.'

'എന്താണിത്ര ശാഠ്യം? അതിന്നു തക്കകാരണം വല്ലതുമുണ്ടായോ? ഞാൻ വല്ല തെററും ചെയ്തുവോ? എങ്കിൽ പറയുക; അതിന്നു വേണ്ട പ്രതിവിധി ചെയ്യാം?.

'നിങ്ങൾ എന്തു തെറ്റുചെയ്തു? ഞാൻ നിങ്ങളെക്കാൾ അത്ര വിദഗ്ദ്ധയോ നിങ്ങളെ ഉപദേശിക്കുവാൻ? നിങ്ങൾ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യുന്ന കാര്യങ്ങൾക്കു ഞാൻ ഇതുവരെ വല്ല തടസ്സവും ഭാവിച്ചിട്ടുണ്ടോ? എനിക്കിവിടെ അതിനെന്തൊരധികാരമാണുള്ളത്?'

'ഇപ്പോൾ എനിക്കു മനസ്സിലായി. നിനക്കു ഞങ്ങളുടെപേരിലോ ഇവിടെ ക്ഷോഭം ജനിച്ചിട്ടുണ്ട്. പ്രിയ! അതുമിതും പറഞ്ഞിട്ടു കാര്യമില്ലല്ലോ. എന്താണു കാര്യമെന്നു തുറന്നുപറയുക. നിന്റെ ഹിതാനുസരണം സർവ്വവും ഞാൻ നേരെയാക്കാം.'

'നിങ്ങളുടെ വലിയ റാണിയില്ലേ; അവരോടു പോയിപറയുക. അവൾ എല്ലാം ശരിയായി നിറവേറ്റും. നിങ്ങളുടെ വീട്ടിൽ കടന്നുവരുന്ന കേവലമൊരന്യപ്പെണ്ണിനുള്ള സ്ഥാനംപോലും എനിക്കിവിടെ ഇല്ല.'

മന്ദബുദ്ധിയെങ്കിലും ഗധൂരിന്നു അവളുടെ ആശയം ക്ഷണത്തിൽ മനസ്സിലായി. 'ഇതാണോ നീ വലിയ പ്രമാദമായി കരുതിപ്പോയത്. ആ അശരണയായ പെണ്ണിനെ ഇവിടെ പാർപ്പിച്ചതിലാണോ നിനക്കിത്ര വിരോധം?' താരയുടെ അഭിപ്രായപ്രകാരമാണു താൻ അവളെ പാർപ്പിച്ചതെന്നവളോടു പറയുവാൻ അയാൾക്കു ധൈര്യമുണ്ടായില്ല.

തന്റെ കോപത്തിനുള്ള കാരണം ഗധൂർഘോഷ് സ്വയം അറിഞ്ഞതിൽ രതി അത്യന്തം സന്തോഷിച്ചു. എന്നാൽ അവൾ അതിൽ ലേശവും പുറത്തുകാട്ടിയില്ല. അവൾ അതിനെ മറച്ചുവച്ചുകൊണ്ടു പറഞ്ഞു. 'നിങ്ങൾ യജമാനനാണ്. ആരെ വേണമെങ്കിലും വിളിച്ചു വീട്ടിൽ പാർപ്പിക്കാം. ഞാൻ അതിന്നെന്തു തടസ്സം ഭാവിക്കാനാണ്? ഭാവിച്ചാൽതന്നെ ഫലമെന്താണ്?'

'അതിരിക്കട്ടെ. ഞാൻ ചോദിക്കുന്നതിനു ശരിയായ സമാധാനം പറയണം. അവൾ ഇവിടെ പാർക്കുന്നതിൽ നിനക്കൊട്ടും ഇഷ്ടമില്ലേ? അനാഥയായ അവളെ ഇവിടെ പാർപ്പിച്ചതാണോ നിനക്കു വിരോധത്തിനു കാരണം?'.

'അനാഥയായ്? അവൾ എന്തെങ്കിലും തക്കതായ തെററു ചെയ്യാതെ ഒരിക്കലും അവളെ അവളുടെ ഭർത്താവ് ആട്ടിപ്പുറത്താക്കുകയില്ല.'

'അവൾ തെററുകാരിയാണെന്നു നിനക്കെന്താണു നിശ്ചയം?'

'കുററമൊന്നുമില്ലെങ്കിൽ എങ്ങിനെ നിർദ്ദയം പുറത്താക്കിവിടും?'

'ഒരുപക്ഷെ, വല്ല തെററും ചെയ്തു എന്നു വന്നേക്കാം. ഭർത്താവിൻെറ മേലും കുററം വന്നുകൂടെന്നുണ്ടോ? അവൻെറ കൊള്ളരുതായ്മയാൽ അങ്ങിനെ സംഭവിച്ചു എന്നും വരരുതോ? അവൾക്കഭയം നൽകി എന്നു വെച്ച് നമുക്കെന്തു കുറവു വരാനാണ്?'

'നിങ്ങളുടെ അഭിമാനത്തിനു ഞാൻ യാതൊരു പ്രതിബന്ധവും വരുത്തിയില്ലല്ലോ. എന്നെ മറെറാരർത്ഥത്തിൽ കരുതി അങ്ങിനെ ചോദിക്കുവാൻ കാരണമെന്താണ്?'

'ഇതാ നോക്കൂ; നിനക്കു വീണ്ടും ദേഷ്യം വരുന്നുണ്ടല്ലോ. അതു നിൻെറ മുഖം വിളിച്ചുപറയുന്നു. നീയും ഒരു പെണ്ണല്ലേ. അവൾ ഒരു കഷ്ടത്തിന്നധീനയായിത്തീൎന്നു സഹിക്കുന്നവൾക്കു വേണ്ട തല്ക്കാല രക്ഷയെങ്കിലും ചെയ്യേണ്ടത് മനുഷ്യോചിതമായ കടമയല്ലേ?'

'വേണ്ടതൊക്കെ വേണം. അനുതാപം കാട്ടേണ്ടുന്നിടത്താണ് അതു വേണ്ടത്. അതു കരുതി ദുഷിച്ച വഴിയിൽക്കൂടി നടക്കുന്ന....'

'ഛെ! അങ്ങിനെ പറയരുത്. അവൾ ദുഷിച്ച നടവടിയുള്ളവളാണെന്ന് ഇതുവരെ ആർക്കും പറയുവാൻ കഴിഞ്ഞിട്ടില്ല.'

'സുഖിയുടെ മാതാവു നിങ്ങളോടു പറഞ്ഞതായിരിക്കാം അങ്ങിനെയൊന്നുമില്ലെന്നു. അവൾ പറഞ്ഞാൽ അതു നിങ്ങൾക്കു വേദവാക്യമാണല്ലോ.'

നീ അവളെപ്പററി അന്വേഷണത്തിൽ വല്ലതും കേട്ടറിഞ്ഞിട്ടുണ്ടായിരിക്കാമെന്നു തോന്നുന്നു. അങ്ങിനെ വല്ലതുമുണ്ടോ?'

'ഈവക വിഷയങ്ങളെപ്പററി പുരുഷന്മാരെക്കാൾ അധികം സ്ത്രീകൾക്കാണു സൂക്ഷ്മമായി അറിയാൻ കഴിയുന്നത്.'

'നീ എന്താണു കേട്ടത്?'

'നിങ്ങൾക്കതറിഞ്ഞിട്ടെന്താണത്ര ആവശ്യം; സ്ത്രീകളുടെ രഹസ്യങ്ങളിൽ പുരുഷന്മാൎക്കു ശ്രദ്ധിക്കേണ്ട കാൎയ്യമില്ല.'

ഡ്യൂർലോഷിന്റെ മുഖം നന്നെ വാടി. എന്തുകാരണത്താലെന്നറിവില്ല, അയാൾ മാതംഗിയെ തന്റെ ഗൃഹത്തിൽകൂടി പാൎപ്പിക്കുവാൻ അതിയായി ആഗ്രഹിച്ചു. തന്റെ പ്രേമഭാജനം അതിന്നു നേരെ വിപരീതം ഭാവിക്കുകയാൽ അയാൾ വളരെ വിഷമിച്ചു. കുറച്ചുനേരം എന്തൊക്കെയോ ചിന്തിച്ചുകൊണ്ടിരുന്നശേഷം പറഞ്ഞു;—'അവൾ നമുക്കൊട്ടും വേണ്ടപ്പെട്ടവളല്ലല്ലോ? അവളെ ആട്ടിപ്പായിക്കുന്നതു ശരിയാണോ? നീതന്നെ ഒന്നാലോചിച്ചു നോക്കുക.'

'അതൊക്കെ ശരിതന്നെയാണ്. അവൾ നമുക്കു വേണ്ടപ്പെട്ടവളല്ല. എന്നാൽ, എന്തുകൊണ്ടവൾ അവളുടെ അനുജത്തിയുടെ സമീപത്തേക്കു പോയില്ല. അവരെക്കാൾ കൂടുതൽ ബന്ധുത്വമൊന്നും നമുക്കില്ലല്ലോ. അവൾ എന്തോ തക്കതായ തെറ്റുചെയ്തിട്ടുതന്നെയായിരിക്കും സ്വന്തം അനുജത്തിയുടെ മുഖത്തുപോലും നോക്കുവാൻ ധൈൎയ്യമില്ലാതെ ഇങ്ങോട്ടു പോന്നത്.'

'നീ പറയുന്നതെത്രയോ കഷ്ടമായിട്ടുള്ള വൎത്തമാനമാണ്. ഒരുത്തി ശരണമില്ലാതെ വന്നഭയം പ്രാപിച്ചാൽ അവളെക്കുറിച്ചിങ്ങിനെ അപലപിക്കുന്നത് മഹാ പാപമാണ്. ഒരുത്തിക്കുകൂടി ആഹാരം കൊടുക്കുവാൻ നമ്മുടെ ഗൃഹത്തിൽ എന്തൊന്നിനാണു കുറവുള്ളത്?'

'അങ്ങിനെയാണെങ്കിൽ മേലാൽ ഞാൻ ഈ വീട്ടിൽ പാൎക്കണമെന്നു വിചാരിക്കുന്നില്ല. എന്നെ എന്റെ വീട്ടിലേക്കുതന്നെ പറഞ്ഞയച്ചാൽമതി. അവളെത്തന്നെ വലിയ റാണിയാക്കി പാൎപ്പിച്ചു സുഖിച്ചുകൊള്ളുക. ഞാൻ നിമിത്തം അതിന്നു തടസ്സംവന്നുവെന്നും വേണ്ട. എല്ലാം അവരവരുടെ ഇഷ്ടമല്ലേ. അങ്ങിനത്തെ ഒരുത്തിയെ ഒന്നിച്ചു പാൎപ്പിച്ചിരിക്കെ അക്കൂട്ടത്തിൽ എന്നെ കൂടി പാൎപ്പിക്കുന്നത് എന്റെ അഛനുതന്നെയും ഒട്ടും ഇഷ്ടമാകയില്ല. അതിനാൽ ക്ഷണത്തിൽ എന്റെ വീട്ടിലേക്കയക്കണം.'

'നീ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. എന്താണിതിന്റെയൊക്കെ ഉദ്ദേശ്യമെന്നും വിശദമാകുന്നില്ല'.

'വിശേഷിച്ചൊന്നും മനസ്സിലാക്കാനില്ല. എന്നെ എന്റെ വീട്ടിൽ കൊണ്ടുപോയി വിടണം. അത്രേ ഉള്ളൂ'.

'നിന്നെ വേർപിരിഞ്ഞു ഞാൻ ജീവിക്കുകയോ? വേണ്ടാത്തതൊന്നും പറയേണ്ട. പറഞ്ഞുപറഞ്ഞു അധികമാകുകയാണ്'.

'വേണ്ടാത്തതല്ല വേണ്ടുന്നതുതന്നെ പറയുകയാണ്. ഞാൻ ഇവിടെ താമസിക്കണമെന്നാണ് മോഹമെങ്കിൽ വേഗം അവളെ പറഞ്ഞയക്കുക'.

'എന്താണതിൽ അത്ര നിർബ്ബന്ധം? നിനക്കും അവൾക്കും തമ്മിൽ ഇത്ര വിരോധത്തിനു കാരണമെന്ത്? ആകട്ടെ, ഞാൻ ഇതേപ്പററി നല്ലവണ്ണം ആലോചിച്ചു രാത്രിയിൽ സമാധാനം പറയാം'.

അന്നു രാത്രി മധൂർഘോഷ് ശയനഗൃഹത്തിൽ ചെന്നപ്പോൾ കണ്ട കാഴ്ച അതി വിസ്മയമായിരുന്നു. ഒരു മൂലയിൽ ഒരു കീറപ്പായിൽ രതി ഉറങ്ങിയ ഭാവത്തിൽ കിടന്നിരുന്നു. 'എന്തൊരു തോന്ന്യാസമാണിത്?' എന്നു മധൂർ ചോദിച്ചതിനു അവൾ യാതൊരു മറുപടിയും പറഞ്ഞില്ല. അയാൾ എത്രതന്നെ നല്ല വാക്കുകൾ പറഞ്ഞിട്ടും പണിപ്പെട്ടിട്ടും അവളെ ആ കിടപ്പിൽനിന്നും എഴുന്നേല്പിക്കുവാൻ കഴിഞ്ഞില്ല. അന്നു രാത്രി മധൂർഘോഷ് അനുഭവിച്ച ഹൃദയവേദനയുടെ കാഠിന്യം വായനക്കാർ തന്നെ ഊഹിച്ചറിയുകയാണ് ഭേദം. നിദ്ര അയാളെ നിശ്ശേഷം വെടിഞ്ഞിരുന്നു. വല്ല വിധേനയും ഇരുന്നും കിടന്നും നേരം പ്രകാശമാക്കി മുറിവിട്ടു പുറത്തുവന്നു. അപ്പോൾ തന്നെ അന്വേഷിച്ചു പുറത്താരോ വന്നു കാത്തു നില്ക്കുന്നു എന്നറിഞ്ഞു അയാൾ പുറത്തിറങ്ങിച്ചെന്നു നോക്കിയപ്പോൾ തന്റെ ആഗമനത്തെയും പ്രതീക്ഷിച്ചു രാജമോഹനൻ നില്ക്കുന്നതായി കണ്ടു. എന്താണ് വന്ന വിവരമെന്നു ചോദിച്ചപ്പോൾ മാതംഗിയെ കൂട്ടിക്കൊണ്ടു പോകാൻ വേണ്ടിയാണെന്നും അവളെ തന്നോടൊന്നിച്ചു പറഞ്ഞയക്കണമെന്നും പറഞ്ഞു. മധൂർഘോഷ് രാജമോഹനന്റെ ആവശ്യത്തെ എങ്ങി

നെ നിഷേധിക്കും? ...തിയുടെ വിരോധത്തെ ഭയന്നു മധൂർ മാതംഗിയെ അയക്കുവാൻ ഏർപ്പാടു ചെയ്തു.

ഭർത്താവു തന്നെ കൂട്ടിച്ചുകൊണ്ടു പോകുവാൻ വന്നിരിക്കുന്ന വിവരമറിഞ്ഞ മാത്രയിൽ തന്നെ മാതംഗിയുടെ സപ്തനാഡികളും സ്തംഭിച്ചു. മറവു ഗത്യന്തരമില്ലായ്കയാൽ അവൾ സഖിയുടെ മാതാവൊന്നിച്ചു ഭർത്തൃസമീപത്തേക്കു നടന്നു. പുറത്തെ വാതൽ വരെ താരയും വളരെ സ്നേഹാദരപൂർവ്വം അവളെ അനുഗമിച്ചു ഇങ്ങിനെ ആത്മഗതം ചെയ്തു 'ഭഗവാനെ! ഇവളെ ഭർത്താവു യാതൊരുപദ്രവവും ചെയ്യരുതെ!' ആ സ്ത്രീരത്നം ഇങ്ങിനെ ഹൃദയപ്രാർത്ഥന നടത്തുമ്പോൾ അവളുടെ മുഖം അനുതാപത്താൽ ആർദ്രമായിരുന്നു. അവൾ അടക്കവഹിയാത്ത വ്യസനത്തോടുകൂടി മടങ്ങി.

## പതിനെട്ടാം അദ്ധ്യായം.

വസുമതിയുടെ ഒരു കരയോരം. മനുഷ്യസഞ്ചാരം പോലുമില്ലാത്ത ആ പ്രദേശം അനവധി മുൾച്ചെടികളാൽ നിബിഡീകൃതമായിരുന്നു. ഈ ഭയങ്കരവും ഘോരവുമായ പ്രദേശം രാധാഗഞ്ചിന്റെ തെക്കെ ഭാഗത്തായിട്ടാണ സ്ഥിതിചെയ്തിരുന്നത്. അവിടെ ആർ ഒളിഞ്ഞു പാർത്താലും മറ്റൊരാൾക്കു കണ്ടുപിടിക്കുവാൻ കഴിയുമായിരുന്നില്ല. ഒരു ചെറിയ ഒറ്റടിപ്പാത മാത്രം ആ കാട്ടുപ്രദേശത്തെ തരണം ചെയ്തുപോയിരുന്നു. അവിടങ്ങളിൽ അനേകവിധം സർപ്പങ്ങൾ രാപകലില്ലാതെ സഞ്ചരിച്ചിരുന്നതിനാൽ ആ വഴി ഭയത്താൽ ആരും സഞ്ചരിച്ചിരുന്നില്ല. മേൽപറഞ്ഞ ഒററയടിപ്പാതയെത്തന്നെയും കാട്ടൂരം മാത്രമെ ഉണ്ടായിരുന്നുള്ളു വളരെ പഴക്കവും പരിചയവുമുള്ളവർക്കു മാത്രമെ ആ കാട്ടുപ്രദേശത്തു സ്ഥിതിചെയ്തിരുന്ന ഒരു ചെറുകുടിൽ കണ്ടുപിടിക്കുവാനും കഴിഞ്ഞിരുന്നുള്ളു. പുല്ലും മുളയുംകൊണ്ടു മാത്രം നിർമ്മിച്ചിരുന്ന അതിനുള്ളിൽ ഒരു മൂലയിൽ കരിപിടിച്ചിരുന്ന അനവധി മൺപാത്രങ്ങൾ കമഴ്ത്തി അടുക്കിയിരുന്നു. പൊടിയടിഞ്ഞു കിടന്നിരുന്ന

അതിനകം, അടുത്തകാലത്തെങ്ങും അതിനുള്ളിൽ, ആരും പെരുമാറിയിരുന്നില്ലെന്നുള്ളതിനെ തെളിയിച്ചിരുന്നു.

നേരം ഇനിയും നല്ല പ്രകാശമായിട്ടില്ല. കറുത്തിരുണ്ട ബലിഷ്ഠകായന്മാരായ രണ്ടുപേർ മാത്രം അതിനുള്ളിൽ എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചെറിയ ഓരോ തുണിക്കഷണങ്ങൾ അവരുടെ നഗ്നതയെ മറച്ചിരുന്നതല്ലാതെ മററു വസ്ത്രങ്ങളൊന്നും അവരുടെ ശരീരത്തിലെ ദുർഗ്ഗന്ധം പകരത്തക്ക മഹാപാതകം ചെയ്തിരുന്നില്ല. അവരുടെ ചുററിലും അനവധി തടി വടി കത്തി മുതലായ ആയുധങ്ങൾ നിരത്തിവച്ചിരുന്നു. അവർ എത്രമാത്രം കഠിനഹൃദയന്മാരും ദുഷ്ടന്മാരുമെന്നു ഈ സാധനങ്ങൾ തന്നെ സാക്ഷ്യം വഹിച്ചിരുന്നു. അവരുടെ വദനകുഹരത്തിൽ നിന്നും വമിച്ചിരുന്ന ഗഞ്ചാപ്പുക ആ കുടിലിന്റെ പാർശ്വപ്രദേശങ്ങളെക്കൂടി മലിനീകരിച്ചിരുന്നു. നിശ്ശബ്ദമായ ആ സ്ഥലത്തിരുന്നു ഉച്ചത്തിൽ സംസാരിച്ചാൽ പ്രതിദ്ധ്വനിച്ചേക്കുമോ എന്നു ശങ്കിച്ചിട്ടോ എന്തോ ആ കള്ളന്മാർ വളരെ സാവധാനത്തിൽ മാത്രമേ ഏതോ ചതിയാലോചന ചെയ്തുകൊണ്ടിരുന്നുള്ളു.

'ഈ കാര്യത്തിൽ നമുക്കെന്തു ലാഭം കിട്ടും?' എന്നു വായനക്കാർക്കു മുൻപു സുപരിചിതനായിത്തീർന്നിട്ടുള്ള പിക്കു ചോദിച്ചു.

'രൊക്കം അയ്യായിരം ഉറുപ്പിക. ഒരു രാത്രിയിലെ പണിക്കു ഇതു കിട്ടിയാൽ പോരെ? അതിൽനിന്നും നാം ആർക്കും ഒരു പങ്കും കൊടുക്കേണ്ടതുമില്ല'. എന്നു കൂട്ടുകാരനും തസ്കരത്തലവനുമായ സർദാർ മറുപടി പറഞ്ഞു.

'അങ്ങിനെയാണെങ്കിൽ അയാൾ വക്കീലൊന്നിച്ചു രാത്രിൽകൂടി വരുമ്പോൾ ബലാൽക്കാരം ചെയ്തു അതു കൈക്കലാക്കുകയാണ് എളുപ്പവഴി എന്നാണെനിക്കു തോന്നുന്നത്. മറേറതു തരത്തിലാണ് അയാളെ പിടികൂടുക?'.

'ആ കള്ളത്തി, രാജമോഹനന്റെ പത്നി അവനു മുന്നറിയിപ്പു കൊടുത്തതല്ലേ തകരാറായത്. ഇനി അവൻ വളരെ ജാഗ്രതയോടുകൂടിത്തന്നെ ഇരിക്കും. നാം രണ്ടുപേർ മാത്രം ചെന്നു എന്തു ചെയ്യാനാണ്? അവൻ വേണ്ടതു കരുതൽ ചെയ്തിട്ടുണ്ടാകും?'.

'പിന്നെ, ഏതു തരത്തിലാണ് അതു സാധിക്കുക? ഇനിയും വീട്ടിൽ കടന്നു കവച്ചു നോക്കുകയോ?'

'അതേ ഇനിയും വഴി കണ്ടെന്നുള്ളൂ. ബലംകൊണ്ടെന്നും കാര്യം നിർവ്വഹിച്ചില്ലെങ്കിൽ തന്ത്രംകൊണ്ടെങ്കിലും ഞാൻ അതു സാധിച്ചേക്കാം.'

പിച്ച തന്റെ ഗഞ്ചാക്കുഴൽ എടുത്തു നല്ലവണ്ണം ഒന്നു വലിച്ചു പുറത്തേക്കു വിട്ട പുക ഒരു ചുരുളായി ഉരുണ്ടു കടലിന്നപ്പുറത്തു കടന്നു സാവധാനത്തിൽ വായുവിൽ പരന്നു. അതിന്റെ ലഹരിയിൽ അവനൊരു പുതിയ പ്രസരിപ്പുണ്ടായി 'സർദാർ! ഇതെങ്ങിനെ കലാശിക്കുവാൻ പോകുന്നുവോ, എനിക്കൊരു രൂപവുമില്ല. നാം കഷ്ടപ്പെട്ടു ഒട്ടേറിൽ വിഡ്ഢികളായിത്തീരാതിരുന്നാൽമതി' പിച്ച പറഞ്ഞു.

'എടാ! മൂഢാ! നമ്മുടെ ആൾ വാക്കുമാറുന്നവനാണെന്നു കരുതുന്നുണ്ടോ. അദ്ദേഹം പറഞ്ഞിരിക്കുന്നതെന്തെന്നു നിശ്ചയമുണ്ടോ. മരണപത്രം അദ്ദേഹത്തെ കാണിച്ചാൽ ആ നിമിഷത്തിൽ ആയിരം ഉറപ്പിക്കതരാമെന്നാണ്. ബാക്കി നാലായിരം കേസ്സു ജയിച്ചുടനേയും തരും. മരണപത്രം കൈക്കൽ കിട്ടി അതു മറച്ചാലെങ്കിലല്ലേ കേസ്സിൽ അദ്ദേഹത്തിനു ജയം ലഭിക്കയുള്ളൂ പണത്തെപ്പററി ലേശവും ഭയപ്പെടുവാനില്ല.'

'നമുക്കെങ്ങിനെ അതു കൈക്കലാക്കുവാൻ സാധിക്കും? അതിനു കണ്ടിരിക്കുന്ന ഉപായമെന്താണെന്നു കേൾക്കട്ടെ?'

'അതു ഞാൻ നിന്നോടു പറഞ്ഞാൽ, രാജമോഹനൻ നിന്നെ ഇട്ടു [illegible] നീ പറഞ്ഞുപോകും. അവൻ അതറിഞ്ഞുവശായാൽ നമ്മുടെ ഉദ്യമം വ്യർത്ഥമാകയും ചെയ്യും.'

'രാജമോഹനൻ എന്നെ കബളിപ്പിക്കുകയോ? ഞാൻ അത്ര മഠയനോ?' എന്നു പിച്ച പറയുന്നതിന്നിടയിൽ 'ശബ്ദിക്കരുത്. അതാ ആരുമാരോ കാൽപെരുമാററം കേൾക്കുന്നു' എന്നു സർദാർ തടഞ്ഞു പറഞ്ഞു.

കടലിന്നു സമീപത്തുനിന്നും ഒരു ചൂളംവിളി കേട്ടു. രാജമോഹനൻ വരികയാണെന്നു ശബ്ദംകൊണ്ടു മനസ്സിലാക്കിയ സർദാർ

അതിന്നു പ്രതിശബ്ദവും പുറപ്പെടുവിച്ചു. അടുത്തനിമിഷത്തിൽ രാജമോഹനൻ കുടിലിന്നുള്ളിൽ എത്തികഴിഞ്ഞു.

സർദാർ ചോദിച്ചു:—വല്ല വിവരവും അറിവുകിട്ടിയോ?

രാജമോഹനൻ:—എല്ലാം ശരിയായി വരുന്നു. എന്റെ ഭാര്യയെയും കൂട്ടിക്കൊണ്ടു വന്നുകഴിഞ്ഞു.'

'അങ്ങിനെയോ? അവൾ എവിടെ ഒളിഞ്ഞിരുന്നു?'

'അനുജത്തിയുടെ വീട്ടിലേക്ക പോയില്ല. പിന്നെ എവിടെയായിരിക്കും പോയത്? നിങ്ങൾതന്നെ ഒന്നാലോചിച്ചു പറയുക; കേൾക്കട്ടെ.'

'പിന്നെ എവിടെയാണു പോയിരുന്നത്?' കള്ളർ രണ്ടുപേരും ആശ്ചര്യത്തോടുകൂടി ചോദിച്ചു.

'മധുർഘോഷിന്റെ വീട്ടിൽ.'

'അവിടെ ചെന്നിട്ടു തകരാറൊന്നും ഉണ്ടാക്കീട്ടില്ലല്ലോ?'

'ഞാൻ അവിടത്തെ വേലക്കാരിയോടു വളരെ ചികഞ്ഞു ചോദിച്ചുനോക്കി. ഒന്നുമില്ല. അവൾ എന്തെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ അതു പുറത്തു വരുമായിരുന്നു. യാതൊന്നും പറഞ്ഞതായി അറിവില്ല'.

സർദാർ:—(കണ്ണുകളിൽ തീപ്പൊരി പാറിപ്പിച്ചുകൊണ്ടു) അവളെ വധിച്ചുകളയേണ്ടതു തന്നെയാണ്.

രാജമോഹനൻ:—മററു മാർഗ്ഗമൊന്നുമില്ലേ?

സർദാർ:—ഞാൻ അപ്പോൾതന്നെ പറഞ്ഞില്ലേ?

രാ: മോ:—ഞാൻ പറയുന്നതു ക്ഷമയോടുകൂടി കേൾക്കുക. ആദ്യം തന്നെ ഞാൻ പറഞ്ഞില്ലേ. നിങ്ങളെക്കാളും ഞാനാണ് വാസ്തവത്തിൽ അവളെ കൂടുതൽ വെറുക്കുന്നത്. ഞാൻ അന്നു തന്നെ അവളെ കൊന്നുകളയുമായിരുന്നു. എന്നാൽ, നിങ്ങളിതിന്നു സമ്മതിച്ചില്ല. ഇപ്പോഴാണെങ്കിൽ എനിക്കവളെ വധിക്കുവാൻ ലേശം ഇഷ്ടവുമില്ല. അതു വിചാരിക്കുമ്പോൾ തന്നെ എന്റെ കരങ്ങൾ സ്തംഭിക്കുന്നു. അവൾ മാധവന്റെ വീട്ടിൽ പോയിട്ടുമില്ല; ഇന്നലെ കഴിഞ്ഞ സംഭ

വങ്ങളൊന്നും ആരോടും പറഞ്ഞിട്ടില്ല. ആ സ്ഥിതിക്കു ഇനി ആരോടും പറയുമെന്നു വിചാരിക്കുന്നുമില്ല.

സർദാർ കുറച്ചുനേരം എന്തൊക്കെയോ ആലോചിച്ചുകൊണ്ടിരുന്ന ശേഷം പറഞ്ഞു:—'ശരി. ഞാൻ ഒരു സ്ഥലം പറയാം. നിങ്ങളും നിങ്ങളുടെ പത്നിയും അവിടത്തേക്കു വരുവിൻ'.

'എവിടെ?'.

'നിങ്ങൾക്കു നിശ്ചയമില്ലേ? ഞങ്ങളുടെ രഹസ്യ സങ്കേതത്തിൽ'.

'ഞങ്ങളെയും രസ്തരസംഘത്തിലെ അംഗങ്ങളാക്കിത്തീർക്കുവാനാണോ ഭാവം?'.

'അതേ; ഹോ; നിങ്ങൾ വളരെ മര്യാദക്കാരനാണ്. കള്ളനും മറവല്ല അല്ലേ?'.

'ആയിരിക്കാം. കളവുവിഷയങ്ങളിൽ ഇടപെട്ടിട്ടുണ്ടെന്നും വരാം. എന്നാൽ എപ്പോഴും കള്ളനായിത്തന്നെ കഴിഞ്ഞുകൂടിക്കൊള്ളണമെന്നുണ്ടോ?'.

'അപ്പോൾ, നിങ്ങൾ വരികയില്ലെന്നാണർത്ഥം; അല്ലേ?'.

'എന്റെ കുടുംബങ്ങളെ ഞാൻ നിശ്ശേഷം പരിത്യജിച്ചിട്ടു വേണ്ടേ വരുവാൻ? അതു സാദ്ധ്യമാണോ? എനിക്കൊരു സഹോദരിയും മാതാവുമുണ്ട്. അവരെ സംരക്ഷിക്കുവാൻ മററാരുമില്ലതാനും. അവരെ അനന്യശരണരാക്കി വിട്ടിട്ടു ഞാൻ ഈ വേഷം കെട്ടി ജീവിക്കയോ?'.

'നിങ്ങൾക്കു മാത്രമേ കുടുംബമുള്ളൂ എന്നു തോന്നുന്നുവല്ലോ. ഞാനും ഒരു കുടുംബക്കാരനല്ലേ?'.

'അതേ എന്നാൽ അതിൽ വ്യത്യാസമുണ്ട്. അവർ നിങ്ങളുടെ ഈ പ്രവൃത്തികളിൽ ഇടപെട്ടു പഴകിയവരാണ്. എന്തിനും പോരുന്നവരുമാണ്. എന്റെ ആൾക്കാരോ; പരമ സാധുക്കൾ, ഭീരുക്കൾ'.

'ഓഹോ, അങ്ങിനെയോ? നിങ്ങൾ ഞങ്ങളുടെ കൂട്ടത്തിൽ ചേരണമെങ്കിൽ സഹോദരിയെയും അമ്മയെയും രക്ഷിക്കാൻ ആൾ വേണം അല്ലേ? സഹോദരിക്കു ഭർത്താവില്ലേ? അവന്റെ കൂടെ

അയമ്പ്പക്കൂട്ടെ? അവരവരുടെ തലയിലെഴുത്തുപോലെയൊക്കെ കഴിഞ്ഞുകൊള്ളും. പിന്നെ ഒരു കിഴവി. അവൾ എവിടെയെങ്കിലും പോയി ജീവിച്ചുകൊള്ളും. ഇതിലൊക്കെ ഇത്രയൊന്നും വിചാരിക്കാനില്ല.'

രാജമോഹനൻ എന്താണു ചെയ്യേണ്ടതെന്നറിയാതെ വളരെ വിഷമിച്ചു. അനന്തരം, അവർ തമ്മിൽ അതേത്തുടർന്നു വലിയ വാഗ്വാദവും നടന്നു. സർദാർ അയാളെ വളരെ ഭയപ്പെടുത്തി. തൽഫലമായി അയാൾ മാധവഘോഷുമായുള്ള ബന്ധത്തെ നിശ്ശേഷം ഉപേക്ഷിച്ചു വരാമെന്നു സമ്മതിച്ചു.

രാജമോഹനൻ അവിടെനിന്നും മടങ്ങിപ്പോകുമ്പോൾ സമയം മദ്ധ്യാഹ്നമായിരുന്നു.

## പത്തൊമ്പതാം അദ്ധ്യായം.

മേൽപറഞ്ഞ സംഭവങ്ങൾക്കുശേഷം മൂന്നുദിവസം കഴിഞ്ഞു. അർദ്ധരാത്രിസമയം മാധവഘോഷിന്റെ മുറിയിൽ വിളക്കു നല്ലവണ്ണം പ്രകാശിച്ചുകൊണ്ടിരുന്നു. തുറന്നുകിടന്നിരുന്ന വാതായനത്തിലൂടെ അടിച്ചുകയറിയിരുന്ന കാററിനാൽ വിളക്കിലെ നാളം കൂടക്കൂടെ ആളിക്കത്തിക്കൊണ്ടിരുന്നു. മാധവഘോഷ് തന്റെ കിടക്കയിൽ ഏകനായി കിടക്കുകയായിരുന്നു. രണ്ടുമൂന്നു ഇംഗ്ലീഷു പുസ്തകങ്ങൾ മെത്തമേൽ അയാളുടെ ഇരുവശങ്ങളിലായി കിടന്നിരുന്നു. അയാൾ അതിൽ ഒരെണ്ണം എടുത്തു നിവത്തി നോക്കുവാൻതുടങ്ങി. എന്നാൽ മനസ്സുമാത്രം എവിടെയോ സഞ്ചരിച്ചുകൊണ്ടിരുന്നു.

എന്തോ ചില അസ്വാസ്ഥ്യങ്ങൾ മാധവനെ അടിക്കടി അലട്ടിത്തുടങ്ങി. പുറത്തെ വാതായനത്തിലൂടെ ആകാശത്തിൽ മിന്നിത്തിളങ്ങിയിരുന്ന നക്ഷത്രങ്ങളിൽ കുറച്ചുനേരം മാധവൻ ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ടു കിടന്നു. നിബിഡാന്ധകാരത്തിൽ ഉജ്ജ്വലത്തായിരുന്ന ആ താരങ്ങളുടെ സുഷമയിലും അയാളുടെ മനസ്സ് അനുരഞ്ജിച്ചില്ല. [illegible]നകം കേട്ടില[illegible] പറന്നുകൊണ്ടിരി

ക്കുന്ന കേസ്സിനെപ്പററിയുള്ള ചിന്തയായി. അടുത്തനിമിഷത്തിൽ ശത്രുക്കളിൽനിന്നും തനിക്കേൽക്കേണ്ടിവരുന്ന അനൎത്ഥങ്ങളെപ്പററി ഓൎത്തുഭയന്നു. ഉത്തരക്ഷണത്തിൽതന്നെ മാതംഗി തന്റെ മുൻപാകെ വന്നുനില്ക്കുന്നതുപോലെ തോന്നി ആനന്ദപരവശനായി. അവൾ മധുർഘോഷിന്റെ വീട്ടിൽ പോയിരുന്നതും അവിടെനിന്നും രാജമോഹനൻ അവളെ കൂട്ടിച്ചുകൊണ്ടുപോയതും ഓൎത്ത് എന്തെന്നില്ലാത്ത ഭയവുമുണ്ടായി. ‘മാതംഗി എന്തിനായിട്ടവിടെ ചെന്നു? ഏതോ അപകടം പിണഞ്ഞതുമൂലമായിരിക്കണം അവൾ പോയിട്ടുള്ളത്’ എന്നയാൾ ഊഹിച്ചു. അവളെപ്പററിയുള്ള ചിന്തതന്നെ അടിക്കടി അയാളെ താന്തനാക്കിക്കൊണ്ടിരുന്നു. ‘അവൾക്കു വല്ല അപകടവും പിണഞ്ഞിരിക്കുമോ എന്നോൎക്കുമ്പോൾ മാധവന്റെ ശരീരവും ഹൃദയവും ഒന്നുപോലെ തുടിച്ചിരുന്നു. അവളെ അവസാനമായി താൻ കണ്ട അവസരവും അപ്പോഴത്തെ അവളുടെ മധുരവചനങ്ങളും സ്മൃതിപഥത്തിൽനിന്നും തെല്ലും അകലാതായി. അയാളറിയാതെതന്നെ അശ്രുകണം ധാരധാരയായി ഒഴുകിത്തുടങ്ങി. ഈ വക ചിന്തകളും അപ്പോഴത്തെ അന്ധകാരവും അയാളെ പെട്ടെന്നു ഭയതരളിതനുമാക്കി.

കുറച്ചുസമയം ഇങ്ങിനെകഴിഞ്ഞു. അസ്വാസ്ഥ്യം വൎദ്ധിച്ചു മാധവഘോഷിന്റെ തലപുകഞ്ഞുതുടങ്ങി. പുറത്തിറങ്ങി അല്പം കാററുകൊള്ളുന്നതു നന്നായിരിക്കുമെന്നു തോന്നുകയാൽ അയാൾ മുറിവിട്ടു തണുത്ത കാററടിച്ചുകൊണ്ടിരുന്ന പുറത്തെ വരാന്തയിൽ ഇറങ്ങി ലാത്തുവാൻതുടങ്ങി. എന്നാൽ അവിടെയും അസമാധാനം അയാളെ അലട്ടിക്കൊണ്ടിരുന്നു. ഒടുവിൽ മാധവഘോഷ് പുറത്തെ തുറന്നുകിടന്നിരുന്ന കിളിവാതലിന്റെ പടികളിൽ കൈമുട്ടുകൾ ഊന്നി കരതലത്തിൽ താടിയെ അണച്ചുകൊണ്ട് പുറമെ നില്ക്കുന്ന ദേവദാരു വൃക്ഷങ്ങളുടെ ഇടതൂൎന്ന ഇലച്ചില്ലകളുടെ നിബിഡതയാൽ തഴച്ചിരുന്ന അന്ധകാരത്തിലേക്കു നോക്കിക്കൊണ്ടുനിന്നു. ഇരുളിലേക്കുറെനോക്കുന്തോറും അതിശയകരമായ ചില കാഴ്ചകൾ അയാൾക്കുദൃശ്യമായി. ഏതോ ഒരു രൂപം ഒരു വൃക്ഷത്തിലേക്കിഴഞ്ഞുകയറുന്നതുപോലെ അയാൾക്കു തോന്നി.

വലിയ ചിന്തകൾക്ക വശംവദമായിരിക്കുന്നവരുടെ കണ്ണുകൾ നിസ്സാരകാഴ്ചകളിൽകൂടി ബലമായി പതിയുക സാധാരണയാണല്ലൊ. വൃക്ഷത്തിൽ കണ്ട രൂപത്തെ മാധവഘോഷ് വിണ്ടും ഉററുനോക്കി. അതെ നിമിഷത്തിൽ അതു അദൃശ്യമായ്ത്തീൎന്നു. അതിങ്ങിനെ പെട്ടെന്നു മറഞ്ഞുപോകുവാനുള്ള കാരണം അയാൾക്ക മനസ്സിലായില്ല. തന്റെ തെറ്റിദ്ധാരണകളായിരിക്കുമെന്നു കരുതി അയാൾ വിണ്ടും മറുകാൎയ്യങ്ങളിൽ മനസ്സിനെ ചെലുത്തി.

കുറച്ചുകഴിഞ്ഞു മാധവഘോഷിന്റെ ദൃഷ്ടികൾ പൂൎവ്വദിക്കിൽ തിരിഞ്ഞപ്പോൾ മുൻപു കണ്ട രൂപം ഒന്നുകൂടി സൂക്ഷ്മമായി അവിടെത്തന്നെ കാണപ്പെട്ടു. അതെന്തായിരിക്കാമെന്നയാൾ ഉററുനോക്കി. പെട്ടന്നതു വിണ്ടും മറഞ്ഞു. വല്ല വാവലോ മൂങ്ങയോ ആയിരുന്നേക്കുമോ എന്നായി സംശയം. ഇരുട്ടിൽ അയാൾക്ക എത്രതന്നെ പണിപ്പെട്ടിട്ടും അതു തിരിച്ചറിവാൻ കഴിഞ്ഞില്ല. കുറച്ചുകഴിഞ്ഞപ്പോൾ ആ രൂപം ഒന്നുകൂടി വിശദമായികാണപ്പെട്ടു. ഇത്തവണ അതു പക്ഷിരൂപത്തിലൊന്നുമല്ല കണ്ടതു്. ഒരു മനുഷ്യന്റെ തലയാണതെന്നു മാധവഘോഷിനു സ്പഷ്ടമായി മനസ്സിലായി. വിണ്ടും സൂക്ഷിച്ചു. ആരൊ ഒരാൾ വൃക്ഷശിഖരത്തിലിരുന്നുകൊണ്ടു തല നീട്ടുന്നതുപോലെ തോന്നി. എന്നാൽ ഇത്ര ഉയരത്തിൽ കയറുവാൻ ഒരു മനുഷ്യനാൽ സാദ്ധ്യമല്ലെന്നുള്ള സംശയവും അയാൾക്കുണ്ടായി. എന്തായാലും ഒന്നു പരീക്ഷിച്ചുകളയാം എന്നുതന്നെ തീൎച്ചയാക്കി അയാൾ താഴത്തിറങ്ങിപ്പോന്നു. ഒരുപക്ഷെ വല്ല കള്ളന്മാരും വന്നു പതുങ്ങിയിരിക്കയായിരിക്കുമൊ എന്ന സംശയവും അയാൾക്കുണ്ടാകാതിരുന്നില്ല. അതിനാൽ അയാൾ വീണ്ടും തന്റെ മുറിക്കുള്ളിൽ പോയി ഒരു ചെറിയ വാൾകൂടി രക്ഷക്കായി കൈയിലെടുത്തു. പുറത്തെ വാതുക്കൽ വന്നു വൃക്ഷങ്ങളുടെ ഇടക്ക പരിശോധിച്ചതിൽ യാതൊന്നും കാണ്മാനില്ലായിരുന്നു. നല്ല ധൈൎയ്യം അവലംബിച്ചുകൊണ്ടു ആ വൃക്ഷത്തിന്റെ ചുവട്ടിൽചെന്നു മുകളിലേക്ക സൂക്ഷിച്ചുനോക്കി. അയാൾ വൃക്ഷഛായയിൽ എത്തിയക്ഷണത്തിൽ മൂങ്ങ മൂളുന്നതുപോലെ ഒരു

ശബ്ദംകേട്ടു. അടുത്തമാത്രയിൽ ഒരു പുരുഷൻ മാധവഘോഷിന്റെ പിന്നിൽകൂടി മെല്ലെ സമീപിച്ചുചെന്ന് അയാളുടെ കൈക്കലിരുന്നിരുന്ന വാൾ അപഹരിച്ചു. അയാൾ പിന്തിരിഞ്ഞ് 'ആരാണത്?' എന്നു ചോദിക്കുന്നതിനുള്ളിൽ എതിരാളിയുടെ ശക്തിയേറിയ കരങ്ങൾ അയാളുടെ വദനത്തെ ബലമായി അമർത്തി. അതേക്ഷണത്തിൽ ഒരു ബലിഷ്ഠകായൻ മരത്തിൽനിന്നും താഴത്തു ചാടിവീഴുകയും ചെയ്തു. തന്റെ മുൻപാകെ ഭൂതത്തെപോലെ ആയുധപാണിയായി നിന്നിരുന്ന അപരനെക്കണ്ടു മാധവഘോഷ് ഭയന്നു വിറച്ചുപോയി.

'വേഗത്തിൽ ബന്ധിക്കെടാ ഇവനെ, ഇവൻ ഇങ്ങിനെ നമ്മുടെ മുമ്പിൽ വന്നു ചാടുമെന്നു ലേശവും കരുതിയില്ല' എന്നു മുമ്പിൽ നിന്നിരുന്നവൻ മാധവന്റെ കൈയിൽ നിന്നും വാൾ പിടിച്ചു വാങ്ങിയവനെ നോക്കിപ്പറഞ്ഞു.

തുണിക്കഷണങ്ങളാലും കയറിനാലും മാധവന്റെ കൈകാലുകൾ ബന്ധിക്കപ്പെട്ടു. അവരുടെ പിടിയിൽ നിന്നും തല്ക്കാലം രക്ഷകിട്ടുക അസാദ്ധ്യമെന്നു ബോദ്ധ്യമായതിനാൽ അയാൾ അവരുടെ ഇംഗിതങ്ങൾ [illegible] ഒന്നായിക്കൊടുത്തു. അവർ നിസ്സാരമായി മാധവഘോഷിനേയും തൂക്കിയെടുത്തുകൊണ്ട് ഇരുളിൽ മറഞ്ഞു.

## ഇരുപതാം അദ്ധ്യായം.

നമ്മുടെ കഥാനായകന് അത്യാപത്തു നേരിട്ട അതേ സന്ദർഭത്തിൽ ശ്യൂർഘോഷ് തന്റെ മുറിയിൽ എന്തൊക്കെയോ ചിന്താധീനനായിക്കിടക്കുകയായിരുന്നു. തന്റെ ഭർത്താവിന്റെ പ്രകൃതത്തിൽ വന്നുകണ്ട മാററം താരയെ പലവിധ ആശങ്കകൾക്കും അധീനയാക്കി. ശ്യൂർ കണ്ണുകൾ അടച്ചു നിദ്രാധീനനെ പോലെ നടിച്ചാണ് കിടന്നിരുന്നതെങ്കിലും കൂടക്കൂടെ ദീർഘനിശ്വാസം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഉള്ളിൽ ഒതുക്കിയിട്ടും ഒതുങ്ങാത്ത അസ്വാസ്ഥ്യത്തെയാണ് അതും എടുത്തു കാണിച്ചിരുന്നത്. താര

ആ അർദ്ധരാത്രിയിലെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടിങ്ങിനെ ചോദിച്ചു. 'അങ്ങെക്കെന്താണിന്നുറക്കം വരാത്തത്?'.

'ഇനി കുറച്ചുസമയംകൂടി കഴിഞ്ഞിട്ടേ എനിക്കുറക്കം വരികയുള്ളു'.

'അങ്ങിനെയാണെങ്കിൽ ഇപ്പോഴേ എന്തിന്നു കിടന്നു? ഞാൻ ഒരു കാര്യം ചോദിച്ചാൽ കൊള്ളാമെന്നു വിചാരിക്കുന്നു. എന്നാൽ തുറന്നു ചോദിക്കുന്നതിന്നു ഭയവുമായിരിക്കുന്നു':

'എന്താണതു? പറയുക'.

'അങ്ങെക്കെന്താണൊരു വ്യസനഭാവം. അങ്ങയെ ഞാൻ എന്റെ പ്രാണനെക്കാളും ഉപരിയായിട്ടാണല്ലൊ കരുതി വരുന്നത്.........എന്നോടു പറഞ്ഞുകൂടെന്നുണ്ടോ?'.

മധൂർ പുളകം പൂണ്ടു. എന്നാൽ യാതൊരു കലുഷവുമില്ലാത്തവനെപ്പോലെ ഭാവിച്ചുകൊണ്ട് 'എനിക്കെന്തു നേരിട്ടു? എന്തിന്നു ഞാൻ ദുഃഖിക്കണം?' എന്നയാൾ ചോദിച്ചു.

എന്നാൽ, താരയാണോ അതു വിശ്വസിക്കുന്നവൾ. 'എന്നെ മറെക്കേണ്ട. നിങ്ങൾ എന്നെ എത്ര അവഗണിച്ചാലും എനിക്കു നിങ്ങൾ ദൈവമാണ്. പുറമെയുള്ളവരെ നിങ്ങൾ കബളിപ്പിച്ചാലും എന്നെ മറെക്കാമെന്നു ഒരിക്കലും കരുതിപ്പോകേണ്ട'.

'നിനക്കു ഭ്രാന്തുണ്ടോ? എനിക്കു എന്തു പററി എന്നാണ് നീ വിചാരിക്കുന്നത്? (തന്റെ യഥാർത്ഥ മനഃസ്ഥിതി തുറന്നുപറയുന്ന ഭാവത്തിൽ) നിനക്കിങ്ങിനെ എന്നെപ്പററി പെട്ടെന്നു സംശയം തോന്നുവാൻ കാരണമെന്താണ്?'.

'അതിന്നു പ്രത്യേകം കാരണം വല്ലതും വേണമോ? നിങ്ങളെ കണ്ടാൽ അറിയരുതേ? എന്തെല്ലാമോ ചുമതലയുള്ള ഭാരങ്ങൾ ഉണ്ട്. ഒരു ജന്മിയുടെ ഭാരം; കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രമാദമായ കേസ്സുകാര്യങ്ങൾ; ഇതൊക്കെ ആലോചിച്ചാൽ മനസ്സിന്നൊരു തരത്തിലും സ്വാസ്ഥ്യത്തിന്നവകാശമില്ല. എനിക്കാണെങ്കിലോ നിങ്ങളും കുട്ടിയും ഈ രണ്ടു വിചാരം മാത്രം. ഇതിനെക്കാളും എത്രയോ വലിയ ചുമതലകൾ ഉണ്ടായിരുന്നിട്ടും

നിങ്ങളെ ഇത്ര വിഷാദചിത്തനായി കാണുകയുണ്ടായിട്ടില്ല. സാധാരണ സമ്പ്രദായത്തിൽ നിന്നുതന്നെ പ്രത്യക്ഷത്തിൽ പല വ്യത്യാസങ്ങളും ഞാൻ നിങ്ങളിൽ കാണുന്നുണ്ട്. കുറച്ചുദിവസമായി എന്നോടും ശരിക്കു സംസാരിക്കാറുപോലുമില്ലല്ലോ. കണ്ണുകൾ ഒന്നിനേയും ശരിക്കു കാണുന്നില്ല. എത്രയോ പ്രിയമായ കുട്ടി പോലും അടുത്തു ചെല്ലുമ്പോൾ അവളോടു തെല്ലെങ്കിലും വാത്സല്യം ഭാവിക്കുന്നില്ല. മുൻപൊക്കെ നിങ്ങളെ എപ്പോഴും ചിരിച്ച മുഖമായിട്ടു കണ്ടിരുന്നുള്ളു. ഇപ്പോഴാണെങ്കിൽ ഒരു മ്ലാനതയല്ലാതെ കാണുന്നുമില്ല. എത്രയോ കാലമായി നിങ്ങളൊന്നിച്ചു പാർത്തുവരുന്ന എനിക്കു ഇതൊന്നും കണ്ടാൽ എങ്ങിനെ; മനസ്സിലാകയില്ലേ? എന്റെ സഹോദരി........(അർത്ഥവത്തായ ഒരു പുഞ്ചിരി അവളുടെ മുഖത്തുദിച്ചു മറഞ്ഞു). കോപം പൂണ്ടു മിണ്ടാതെ കിടക്കുന്നുവല്ലോ. അവളുടെ കാര്യത്തിൽ പോലും നിങ്ങൾ ഉദാസീനത കാണിക്കുന്നു. ഇതാ വീണ്ടും ദീർഘനിശ്വാസം; നിങ്ങൾ പരമാർത്ഥം എന്നെ മറയ്ക്കേണ്ട. നിങ്ങളെ ഖേദിപ്പിക്കുന്ന കാര്യമെന്താണ്? അതെന്നോടു പറയുക?

മധുർഘോഷ് യാതൊന്നും ശബ്ദിച്ചില്ല.

'നിങ്ങൾക്കെന്തെങ്കിലും മനഃക്ലേശമുണ്ടായാൽ ശരിയായ സമാധാനവാക്കുകൾ കൊണ്ട് ആശ്വാസവും ഉന്മേഷവും നൽകേണ്ട ചുമതല എന്റേതല്ലേ? നിങ്ങൾ എന്നെ മറച്ചുവെച്ചാലും....

മധുരിനു മറുപടി പറയുവാൻ നാവുപൊന്തിയില്ല. പതിവ്രതാരത്നമായ തന്റെ പ്രിയപത്നിയുടെ മുഖത്തേക്കൊന്നു സൂക്ഷിച്ചുനോക്കി. അയാളുടെ ഹൃദയം തുടിച്ചു. ദീർഘശ്വാസം പുറപ്പെട്ടു.

'എന്തോ ഒരു കാര്യം നിങ്ങളെ വല്ലാതെ പീഡിപ്പിക്കുന്നുണ്ട്. അതു മറച്ചുവെക്കേണ്ട.' അടക്കാനറിയാത്ത ദുഃഖത്തോടുകൂടി അവൾ നിലവിളിക്കുവാൻ ആരംഭിച്ചു. 'വേണ്ടിവന്നാൽ എന്റെ ജീവനെ ത്യജിച്ചിട്ടും അങ്ങയുടെ ദുഃഖത്തിനു ശമനമുണ്ടാകുവാൻ ഞാൻ സന്നദ്ധയാണ്. അങ്ങു സൗഖ്യമായും മനഃസന്തുഷ്ടിയോടുംകൂടി ജീവിക്കണമെന്നു മാത്രമേ എനിക്കാഗ്രഹമുള്ളു.

മധുർഘോഷ് ഇപ്പോഴും തന്റെ മൌനത്തെ ഉപേക്ഷിച്ചില്ല. അവൾ പറഞ്ഞതിനെ അയാൾ നിഷേധിച്ചുമില്ല. കാപട്യത്തിൻ്റെ വഞ്ചന കലർന്ന തന്റെ വിചാരങ്ങളെ മറക്കുവാൻ വേണ്ടി അയാൾ നടിച്ചിരുന്ന പ്രകടനങ്ങളൊന്നും ഇപ്പോൾ മുഖത്തിൽ കണ്ടില്ല. നേരെ മറിച്ച് യഥാർത്ഥമായ ദുഃഖത്തിന്റെ അസ്സൽ ഛായ അയാളിൽ സ്പഷ്ടമായി പ്രകാശിക്കുകയും ചെയ്തു. താരയിൽ അനുതാപം കൂട്ടുന്നതുപോലെയിരുന്നുവെങ്കിലും അവളുടെ അഭിപ്രായങ്ങളെ നിശ്ശേഷം നിരസിക്കുന്നു എന്ന ഭാവവും അതോടൊപ്പം ധ്വനിച്ചിരുന്നു. താരയുടെ ഗണ്ഡസ്ഥലങ്ങളിൽ അശ്രുകൾ അനവരതംഒഴുകിക്കൊണ്ടിരുന്നു. സ്ത്രീസഹജമായ ഒരുണർവ്വോടുകൂടി അവൾ, തന്റെ ഭർത്താവിൽ പ്രത്യക്ഷപ്പെട്ട ഭാവഭേദംകണ്ട് ഉള്ളഴിഞ്ഞ സ്നേഹത്തോടുകൂടി ചോദിച്ചു:— അങ്ങയുടെ സുഖദുഃഖങ്ങളിൽ ഒന്നുപോലെ ഭാഗഭാക്കാകേണ്ട ഞാൻ ഇപ്പോൾ അങ്ങനുഭവിക്കേണ്ടി വന്നിരിക്കുന്ന ഹൃദയവ്യഥക്കു കാരണം അറിയാൻ പാടില്ലെന്നാണോ കരുതുന്നത്?'

'ഇനി നിന്നെ ഞാൻ യാതൊന്നും മറച്ചുവെക്കുന്നില്ല. ഒരു തരത്തിലും പറയുവാൻ പാടില്ലാത്ത ഒന്നാണ് ഞാൻ പറയുവാൻ പോകുന്നത്. നീ ഒട്ടും വ്യസനിക്കരുത്.'

ഇതു കേട്ടമാത്രയിൽ താരയുടെ ഹൃദയം ആകമാനം ഒന്നു പുകഞ്ഞു. അടുത്ത ക്ഷണത്തിൽ അവൾ മനസ്സിനെ ദൃഢപ്പെടുത്തിക്കൊണ്ട്. എന്തോ പറയുവാൻ ഭാവിച്ചു. ആ നിമിഷത്തിൽ പുറത്തെവിടെയോ നിന്നു മൂങ്ങ മൂളുന്നമാതിരി ഒരു ശബ്ദം കേട്ടു. മധുർ പെട്ടെന്നു ചാടി എഴുന്നേററു.

'എന്താണങ്ങു ചാടി എഴുന്നേററത്?' താര ചോദിച്ചു. ചിന്തയിൽ ആണ്ടിരുന്ന മധുർ പ്രത്യുത്തരം നൽകുന്നതിനു മുൻപു തന്നെ അതേമാതിരി വീണ്ടുമൊരു ശബ്ദം വായുമാർഗ്ഗം തരംഗരൂപേണ അവരുടെ കർണ്ണങ്ങളിൽ വന്നലച്ചു. താര വീണ്ടും സംസാരിക്കുന്നതിനു മുൻപുതന്നെ അയാൾ അവിടെ നിന്നും അതിവേഗത്തിൽ പുറത്തേക്കു കടന്നു പോയി.

താര പരിഭ്രാന്തയായി പുറത്തേക്കു നോക്കി സ്തംഭിച്ചുനിന്നു. മൂങ്ങയുടെ ശബ്ദംപോലുള്ള ഈ മാതിരി ധ്വനികൾ ദുർന്നിമിത്ത

ങ്ങളാണെന്നു അവൾക്കു നല്ലവണ്ണ മറിയാമായിരുന്നു. ഏതോ ഒരു ശക്തിയുടെ പ്രേരണയാലെന്നവണ്ണം വിവരമറിവാനുള്ള ആകാംക്ഷയോടുകൂടി അവൾ പുറത്തുള്ള വരാന്തയിൽ വന്നു. ഭർത്താവു് എവിടേക്കാണു പോയിരിക്കുന്നതെന്നറിയണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി അവൾ കോണിപ്പടികളിലൂടെ സാവധാനത്തിൽ താഴത്തിറങ്ങിവന്നു പുറത്തേക്കു സൂക്ഷിച്ചു. യാതൊന്നും കാണ്മാൻ കഴിഞ്ഞില്ല. ഒരുപക്ഷെ, താൻ കേട്ടശബ്ദം പക്ഷിയുടേതുതന്നെ ആയിരിക്കുമെന്നവൾ ഊഹിച്ചു. നല്ല സ്വാസ്ഥ്യമില്ലാത്തതിനാൽ ഭർത്താവു തണുത്ത കാറ്റേൽക്കാമെന്നു കരുതി പുറത്തു പോയിരിക്കയായിരിക്കുമെന്നും കരുതി അവിടെനിന്നും തിരിച്ചു പോരുവാൻ ഭാവിക്കുമ്പോൾ പുറത്തെ വാതൽകടന്നു് ആരോ ഒരാൾ പോകുന്നതായി അവൾ കണ്ടു. അവൾ നന്നേ സൂക്ഷിച്ചു നോക്കിയപ്പോൾ തന്റെ ഭർത്താവു നേരെയുള്ള തോട്ടത്തെ ലക്ഷ്യമാക്കി പോകുകയാണെന്നു മനസ്സിലായി. പിന്നീടവൾക്കവിടെ ഒരു നിമിഷനേരംപോലും നില്ക്കുവാൻ ശക്തിയില്ലാതായി. ഭയംകൊണ്ടു അവളുടെ സർവ്വാംഗവും വിറച്ചു. മൂർഛിച്ചു നിലംപതിക്കുന്നമട്ടിലുമായി. ഇതിന്നകം ഭയങ്കരങ്ങളായ അനവധി ചിന്തകൾ അവളുടെ ഹൃദയഗഹ്വരത്തിൽ പാഞ്ഞുകയറി സ്ഥലംപിടിച്ചു. ഭർത്താവിന്റെ പേരിലുണ്ടായിരുന്ന പരിശുദ്ധമായ പ്രേമത്തിന്റെയും ഭക്തിവിശ്വാസങ്ങളുടേയും ഫലമായി അയാൾ യാതൊരു ദുഷ്കൃത്യങ്ങളിലും ഇടപെടുമെന്നു അവൾക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ, ഏതോ അപകടം നേരിടാൻ പോകുന്നുണ്ടെന്നുമാത്രം അവളുടെ ഹൃദയം അവളോടു മന്ത്രിച്ചുകൊണ്ടിരുന്നു. അവളുടെ ദൃഷ്ടികൾ നിർനിമേഷങ്ങളായിത്തീർന്നു. കാലുകൾ സ്തംഭിച്ചുവശായി. ക്ഷണനേരത്തിനുള്ളിൽ ധൂർഘലാഷ് താരയുടെ ദൃഷ്ടിപഥത്തിൽനിന്നും മറഞ്ഞു. ആ അന്ധകാരത്തിൽ അയാളുടെ സ്വാത്ര്യത്തെ ആരാഞ്ഞു അവളുടെ നേത്രങ്ങൾ അലഞ്ഞു. കുറച്ചു നേരത്തോളം അവൾ അവിടെ കാത്തുനിന്നിട്ടും താൻ അന്വേഷിച്ച വസ്തു കണ്ടുകിട്ടായ്കയാൽ മുകൾത്തട്ടിൽതന്നെ തിരിച്ചു വന്നു് പുറത്തെ വരാന്തയിൽനിന്നു വെളിയിലേക്കുതന്നെ സൂക്ഷി

ച്ചുകൊണ്ടുനിന്നു. അതേ അവസരത്തിൽ മധുർഘോഷ് നാലാമത്തെകെട്ടായ കിടങ്ങിനെ ലക്ഷ്യമാക്കി പാഞ്ഞുവരുന്നതായി അവൾകണ്ടു.

യാതൊരപകടവും കൂടാതെ ഭർത്താവു ഗൃഹത്തിന്റെ അകത്തിക്കുള്ളിൽ വന്നുചേർന്നതുകണ്ടു അവൾ അളവററ സന്തോഷിച്ചു. എങ്കിലും ചില സംശയങ്ങൾ അവളെ അലട്ടിത്തുടങ്ങി. ആൾ പെരുമാററമേ ഇല്ലാതെ ഒഴിഞ്ഞുകിടക്കുന്ന ആ സ്ഥലത്തേക്കയാൾ പോകുന്നതു കണ്ടപ്പോൾ, ഏതാനും ദിവസമായി അയാളിൽ നിഴലിച്ചു കണ്ടിരുന്ന ഭേദഭാവം, പക്ഷിയുടേതുപോലുള്ള ശബ്ദം കേട്ട രാത്രിയിൽ അയാൾ പുറത്തേക്കോടി പോയതു് എന്നിവയെല്ലാം അടുത്ത ഭാവിയിൽ വരാനിരിക്കുന്ന ഏതോ അത്യാപത്തിന്റെ മുന്നറിയിപ്പുകളായിരുന്നേക്കുമെന്നു താര വിശ്വസിച്ചു. അയാൾ വരുന്നതു കണ്ടപ്പോൾ താര പുറത്തേക്കിറങ്ങിച്ചെല്ലുവാൻ ഉത്സാഹിച്ചുവെങ്കിലും ഒരേ നില്പിൽതന്നെ നിന്നതേയുള്ളൂ. ഏകദേശം അരമണിക്കൂറോളം സമയം കഴിഞ്ഞിട്ടും മധുർഘോഷ് മടങ്ങിവന്നു കണ്ടില്ല. എന്തായാലും അപകടമൊന്നുമെന്യേ അദ്ദേഹം തിരിച്ചുവന്നുവല്ലോ എന്ന ചാരിതാർത്ഥ്യത്തോടു കൂടി അവൾ കോണിപ്പടി ഇറങ്ങി തന്റെ മുറിയിലേക്കു പോയി.

പെട്ടെന്നൊരു വിചാരം അവളുടെ ഹൃദയത്തിൽ ഉദിച്ചു പൊന്തി. 'ഇങ്ങിനെ ചെയ്താൽ ഭർത്താവിന്റെ രഹസ്യങ്ങൾ കണ്ടുപിടിക്കുവാൻ കഴിയുകയില്ലേ?' എന്നു അവൾ തന്റെ മനസ്സിൽ ഏതോ ഒന്നാലോചിച്ചുറച്ചു. ഏതാനും നിമിഷങ്ങൾക്കു ശേഷം മധുർഘോഷ് മടങ്ങി എത്തുകയും ചെയ്തു. അയാളുടെ മുഖത്തിൽ പരിഭ്രമവും സംശയങ്ങളും പ്രത്യക്ഷീഭവിച്ചിരുന്നു. എന്നാൽ, കണ്ണുകൾ മാത്രം ഏതോ വിജയപ്രാപ്തിയെ വിദ്യോതിപ്പിച്ചിരുന്നു.

## ഇരുപത്തൊന്നാം അദ്ധ്യായം.

അധികം പൊക്കമില്ലാത്ത മേൽപുരയോടുകൂടിയ ഒരു ഇരുൾ നിറഞ്ഞ മുറി. ആ ആൾപ്പെരുമാററമില്ലാത്ത മുറിയിൽ ഒരു

വിളക്ക മങ്ങികത്തിക്കൊണ്ടിരുന്നു. ആ ചെറിയ വെളിച്ചത്തിൽ മുറിയുടെ ചുവരുകൾ ഇരുണ്ടു ഭയങ്കരമായിദ്ദ്യോദിച്ചു. മേൽപ്പുരയുടെ ഉയരക്കുറവിന്നനുസരിച്ച് ആ മുറിയും വിസ്താരം നന്നെ കുറഞ്ഞതായിരുന്നു. ഒരു നോട്ടത്തിൽ അതു തടവുകാരെ അടക്കുന്ന ഒരു ജയിൽമുറിതന്നെ എന്നു പറയാം. ഇരുൾനിറഞ്ഞു ഭയം നിർഭയം അധിവസിക്കുന്ന ആ മുറിയുടെ ഇരുമ്പുകതകും ചുവരുകളോടു ചേൎത്തു ബന്ധിച്ചുറപ്പിച്ചിരുന്ന ഇരിമ്പുപാളങ്ങളും അതിന്റെ സുരക്ഷിതാവസ്ഥയെ സൂചിപ്പിച്ചിരുന്നു. ജീവനോടുകൂടി മനുഷ്യരെ മറയ്ക്കുന്ന ഒരു കല്ലറതന്നെയായിരിക്കുമോ അതെന്ന ശങ്കയെ അങ്കുരിപ്പിച്ചിരുന്നു. അതിന്നടുത്ത മുറിയിലേക്കു കടക്കുവാനുള്ള വാതൽ ചെറിയ കട്ടികൾക്കുകൂടി ദുഷ്പ്രാപമായവിധം അത്ര ഇടുങ്ങിയതും ചെറുതുമായിരുന്നു. ഈ നരകസമാനമായ മുറിയിൽ ഒരു നിർഭാഗ്യവാനായ മനുഷ്യൻമാത്രം സ്ഥിതിചെയ്യുന്നതിനെ ആ മങ്ങിയ വെളിച്ചത്തിൽ കാണാമായിരുന്നു. അതാരായിരിക്കും. മാധവമേനോനല്ലാതെ മറ്റാരാണ്? ദുഷ്ടന്മാരായ ആ കള്ളന്മാർ അദ്ദേഹത്തെ ആ കാരാഗൃഹത്തിൽ അടച്ചിരിക്കുന്നതിൽ വായനക്കാൎക്കാശ്ചൎയ്യത്തിന്നവകാശമില്ലല്ലോ. അവർ അദ്ദേഹത്തെ ആ മുറിയിൽ കൊണ്ടുചെന്നടക്കുമ്പോൾ സമയം അൎദ്ധരാത്രി കഴിഞ്ഞിരുന്നു. അതിന്റെ വാതിൽപുറത്തു ബലമായി പൂട്ടിയിരുന്നു. ഇപ്പോൾ മാധവമേനോൻ ആ നരകസമാനമായ മുറിയിൽ ബന്ധനസ്ഥനെങ്കിലും അധൈൎയ്യമോ ഭീതിയോ അദ്ദേഹത്തെ ലവലേശവും ബാധിച്ചിരുന്നില്ല. കോപവും വൈരാഗ്യവും അദ്ദേഹത്തിൽ അടിക്കടി പൊന്തിക്കൊണ്ടിരുന്നു. ഈ ദുഷ്ടന്മാർതന്നെ ഏതെല്ലാംതരത്തിൽ ദ്രോഹിച്ചാലും ഇവരെയെല്ലാം താൻ നിഷ്പ്രയാസം തോല്പിച്ചു വിജയം വരിക്കുമെന്നുള്ള ദൃഢപ്രതിജ്ഞയോടുകൂടി അദ്ദേഹം മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. ഇതേ അവസരത്തിൽ മുറിയുടെ വാതൽ ആരോ താക്കോലിട്ടു തുറക്കുന്നതായി ശബ്ദംകേട്ടു. അടുത്തക്ഷണത്തിൽ വാതിൽതുറന്നു അദ്ദേഹത്തെ ബന്ധനസ്ഥനാക്കിയ കള്ളന്മാർ അകത്തുകടന്നു വാതിൽ പൂൎവ്വസ്ഥിതിയിൽ അടച്ചു.

മാധവഘോഷ് അവരെ കണ്ണുകളിൽ തീപ്പൊരിപാറുമാറ് ഉഗ്രമായ രോഷത്തോടുകൂടി നോക്കിയശേഷം പൂർവ്വസ്ഥിതിയിൽ ലാത്തിത്തുടങ്ങി. സർദാരും പിക്കുവും അലക്ഷ്യഭാവത്തിൽ വിളക്കിനുസമീപം ചെന്നിരുന്ന് കുറച്ചു ഗഞ്ചാവെടുത്തു പുകക്കുവാനുള്ള ഒരുക്കം ആരംഭിച്ചു. അപ്പോൾ സർദാർ പിക്കുവിനെ നോക്കി 'നമ്മുടെ ബാബു ഇന്നു വളരെ മര്യാദക്കാരനായിരിക്കുന്നുവല്ലോ' എന്നു പരിഹാസസ്വരത്തിൽ പിക്കുവിനോടുപറഞ്ഞു.

മാധവഘോഷ് അതുകേട്ടു തിരിഞ്ഞുനിന്നു കള്ളന്മാരെ ഉററുനോക്കി. അവർ പറഞ്ഞതിനു തക്കതായ സമാധാനം ലഭിക്കുവാൻ പോകുന്നു എന്ന് ആ നോട്ടം സൂചിപ്പിച്ചിരുന്നു. എന്നാൽ, അദ്ദേഹം യാതൊന്നും സംസാരിക്കുവാനൊരുങ്ങാതെ വീണ്ടും അങ്ങോട്ടുമിങ്ങോട്ടും നടക്കുവാൻതുടങ്ങി. കള്ളന്മാർ ഗഞ്ചാ അരിഞ്ഞു ശരിയാക്കി കുഴലിൽവച്ചു തീ കത്തിച്ചു വലിച്ചുതുടങ്ങി. മാധവഘോഷ് അവരെ അലക്ഷ്യമായി നോക്കിയിരുന്നതു ഇപ്പോൾ അവക്കു പിടിക്കാതായി.

മാധവഘോഷിൻെറ ഗാംഭീര്യം അവരെ കുറച്ചകലത്താണിരുത്തിയിരുന്നത്. അവരും അദ്ദേഹം ഒരുൽകൃഷ്ടനാണെന്നുള്ള മതിപ്പുകൊണ്ടുണ്ടായ ഭയത്താൽ ദൂരത്തകന്നിരിക്കുവാൻ നിർബ്ബന്ധിതരായിരുന്നു. എന്നാൽ ഗഞ്ചാവിൻെറ ലഹരി അവരെ അതിൽനിന്നെല്ലാം തെററിച്ചുതുടങ്ങി.

സർദാർ ഒരു ഗാംഭീര്യം ഇടകലന്ന സ്വരത്തിൽ ചിരിച്ചുകൊണ്ടുപറഞ്ഞു:—'ബാബു. ഒരു പുക നിങ്ങൾക്കും വേണമെങ്കിൽ വലിക്കാം നിങ്ങളെപ്പോലുള്ള ധനവാന്മാക്കു വലിക്കുവാൻ പററിയമാതിരിതന്നെയാണ് ഞങ്ങൾ ഇതു കൂട്ടുകൂട്ടിയിരിക്കുന്നത്.'

മാധവഘോഷ് ഇതിനു യാതൊരു സമാധാനവും പറഞ്ഞില്ല. സർദാർ എന്താണു തുടൎന്നു പറയേണ്ടതെന്നറിയാതെ തുടരെ പുക വലിച്ചുകൊണ്ടു തൻെറ കൂട്ടുകാരനുമായി പല ആഭാസകരങ്ങളായ വർത്തമാനങ്ങളും പറഞ്ഞുകൊണ്ടിരുന്നു. മാധവഘോഷ് അവരെനോക്കി 'നിങ്ങളുടെ യജമാനൻ എന്നെ ഇവിടെ താമസിപ്പിച്ചു എന്തുചെയ്യുവാനാണുദ്ദേശിക്കുന്നത്?' എന്നു ചോദിച്ചു.

'ഞങ്ങൾക്കു യജമാനന്മാരായി ആരുമില്ലല്ലോ' എന്നു പറഞ്ഞിട്ടു വീണ്ടും സർദാർ പുകവലിയിൽതന്നെ ബദ്ധശ്രദ്ധനായി.

'ഇല്ലെങ്കിൽ നിങ്ങളെ ഈ നീചകൃത്യം ചെയ്യുവാൻ പ്രേരിപ്പിച്ചതാരാണ്?'

'ഞങ്ങളെ ആരും പ്രേരിപ്പിച്ചിട്ടില്ല.'

'ആരുമില്ല അല്ലേ. പിന്നെ, നിങ്ങൾ തമാശക്കായിട്ടുമാത്രം എന്നെ ഇവിടെ കൊണ്ടുവന്നടച്ചിട്ടിരിക്കയാണോ?'

'തമാശക്കോ? കൊള്ളാം കൊള്ളാം. പണം കിട്ടാൻവേണ്ടി മാത്രം പിടിച്ചടച്ചിരിക്കയാണ്?

മാധവഘോഷിന്റെ ദൃഢചിത്തവും ഗാംഭീര്യമേറിയ വാക്കുകളും, അന്തസ്സും അഭിമാനവുമുള്ളവരെ മാനഭംഗംചെയ്യുന്ന ഈ തെമ്മാടികളുടെ ലഹരിയെ തെല്ലു കുറച്ചു.

'പണം നിങ്ങൾക്കാരുതരും?'

'ആരുതരുമെന്നു നിങ്ങൾതന്നെ പറയുക?

'എനിക്കെങ്ങിനെ അറിയാം.'

ഈ അവസരത്തിൽ പുറമെ എവിടെയോനിന്നും പുറപ്പെട്ട ഒരു ശബ്ദം അവരുടെ സംഭാഷണത്തെ പെട്ടെന്നു നിർത്തി.

'എന്താണ് ആ ശബ്ദം?' എന്നു പികു ഭയതരളിതനായി ചോദിച്ചു.

'എന്താണത്? മിണ്ടാതിരിക്ക്' എന്നു സർദാരും പറഞ്ഞു.

മൂന്നുപേരും നിശ്ശബ്ദരായിരുന്നു ശ്രദ്ധിച്ചു. 'ആരെങ്കിലും ഇതുവഴിക്കു വരുന്നുണ്ടായിരിക്കുമോ? ഏതായാലും സൂക്ഷിക്കുക തന്നെ.' എന്നു സർദാർ സാവധാനത്തിൽ പറഞ്ഞു.

ദീപം മങ്ങിയതെങ്കിലും അതു മുറിമുഴുവൻ നല്ലവണ്ണം കാണുവാൻ പര്യാപ്തമായിരുന്നിട്ടും സർദാർ വലിയ ഭീരുവും സംശയാലുവുമായിരുന്നതിനാൽ നല്ലവണ്ണം ശ്രദ്ധിച്ചു നാലുദിക്കും നോക്കിയശേഷമെ തെല്ലെങ്കിലും സമാധാനപ്പെട്ടുള്ളു.

'ഇതു വലിയ [illegible]മായിരിക്കുന്നു. ആകട്ടെ, അതിരിക്കട്ടെ.' എന്നുപറഞ്ഞുകൊണ്ടു സർദാർ തന്റെ കൂട്ടുകാരന്റെ സമീപം ചെന്നിരുന്നു.

മാധവഘോഷ് വീണ്ടും ചോദിച്ചു:—'ആരാണെന്നെ ഇവിടെ കൊണ്ടുവന്നടക്കുവാൻ ഏർപ്പാടു ചെയ്തത്?'

'നിങ്ങൾതന്നെ പറയുക. കേൾക്കാമല്ലോ!' സർദാർ പറഞ്ഞു.

മാധവഘോഷിന്നു വല്ലാതെ ദേഷ്യം വന്നു. എന്നാൽ അതടക്കി സാവധാനത്തിൽ ആലോചിച്ചശേഷം ചോദിച്ചു 'മാധവഘോഷാണോ അങ്ങിനെ ചെയ്തത്?'

ഇതുകേട്ടു പിക്കുവിന്നു അത്യാശ്ചര്യം ജനിച്ചു ചോദിച്ചു 'സർദാർ! ഇയാൾക്കിതെങ്ങിനെ മനസ്സിലായി?'

'നീയൊരു മറയൻതന്നെയാണ്. ഈ രാധാഗഞ്ചിൽ മനുഷ്യരെ പിടിച്ചു ബന്ധിക്കുവാൻ വേറെ ആർക്കാണെടാ ഇതുമാതിരി കാരാഗൃഹസദൃശമായ ഇരുമ്പറയുള്ളത്?'

എന്നാൽ, അവൻ മാധവഘോഷ് ചോദിച്ച ചോദ്യത്തിന്നു മറുപടി പറഞ്ഞില്ല. പിക്കുവിന്നു ക്രമേണ ഗഞ്ചാവിൻെറ ലഹരി തലക്കു കയറിത്തുടങ്ങി. സ്വബോധം ശരിക്കില്ലായിത്തുടങ്ങിയപ്പോൾ വായിൽതോന്നിയപടി സംസാരം തുടന്നു.

'പിന്നെ, സർദാർ! ഈ മാംസപിണ്ഡം വച്ചുകാത്തുകൊണ്ടു നാം എന്തുചെയ്യാനാണ്?'

'ഒന്നുമില്ലെങ്കിൽ നമുക്കു തിന്നുകളയാം.' പിക്കു ഇതു കേട്ടു പൊട്ടിച്ചിരിച്ചു. ഇതേ അവസരത്തിൽ വാതിലിന്നു പുറത്തുള്ള ചങ്ങല കിലുങ്ങുന്ന സ്വരത്തിൽ ഒരു ശബ്ദം കിടങ്ങിൻെറ മറുഭാഗത്തുനിന്നും കേട്ടു. ഇതുവരെ 'ഇക്കിളി'ച്ചുകൊണ്ടിരുന്ന കള്ളന്മാർ ശബ്ദംകേട്ടപ്പോൾ വികാരഭരിതരായി. ശേഷിച്ചിരുന്ന ലഹരി മിക്കവാറും അസ്തംഗതവുമായി. ഭയം ക്രമാതീതമായി അവരെ ബാധിച്ചു.

'മിണ്ടാതിരിക്ക്......ഇതാ വീണ്ടും......'ഇടറിയ സ്വരത്തിൽ സർദാർ പറഞ്ഞു.

പിക്കുവിന്നു ഒരക്ഷരംപോലും ശബ്ദിക്കുവാൻ കഴിവുണ്ടായില്ല. ഭയങ്കരങ്ങളായ അനവധി പൂർവ്വകഥകൾ അവൻെറ ശ്രദ്ധയിൽ പാഞ്ഞുകയറി. മാധവഘോഷിന്നും അസാമാന്യമായ ശങ്ക

ജനിച്ചു. ആ സ്ഥലത്തിന്റെ സ്ഥിതിയും അപ്പോഴത്തെ സമയവും ആലോചിച്ചാൽ എന്തൊരു ധീരചിത്തമാണിളകാത്തത്?

മാധവഘോഷ് ചോദിച്ചു:—'ഈ സ്ഥലത്തു വളരെക്കാലമായി ജനസഞ്ചാരമില്ലാതിരിക്കയാണോ?'

'നല്ലനിശ്ചയമില്ല' പിക്കു ഭയത്തോടുകൂടി താഴ്ന്ന സ്വരത്തിൽ മറുപടി പറഞ്ഞു.

സർദാർ എന്തൊക്കെയോ ആലോചിച്ചിരുന്നശേഷം എന്തായാലും ആയിക്കൊള്ളട്ടെ എന്നു ധൈര്യമവലംബിച്ചു ഗംഭീരമായിരുന്നു.

സാധാരണയായി കളവു, കൊലപാതകം മുതലായവ നടത്തുന്ന ഘാതകന്മാർക്കു ഇതുമാതിരി സംഭവങ്ങളിൽ ഭയമുണ്ടാകാറു പതിവില്ല. *പ്രേതപിശാചുക്കളിൽ സർദാർക്കു തെല്ലു ഭയമില്ല. 'ആരെങ്കിലും ഒളിഞ്ഞിരിക്കുന്നുണ്ടായിരിക്കണം. അതു സൂക്ഷ്മമായി കണ്ടുപിടിക്കാതെ വിട്ടുവാൻപാടില്ല. പിക്കു! ഇവിടെ നല്ലവണ്ണം സൂക്ഷിച്ചുകൊള്ളുക.'

സർദാർ തന്റെ അരയിൽ ചുററിയിരുന്ന കീറ ശീലയിൽനിന്നും കുറെ കീറിയെടുത്തു ചുരുട്ടി എണ്ണയിൽമുക്കി ദീപം നല്ലവണ്ണം തെളിച്ചു. അനന്തരം മെല്ലെ വാതൽതുറന്നു പുറത്തെ വരാന്തയുടെ മുക്കിലും മൂലയിലും ചുററുപാടുമുള്ള സ്ഥലങ്ങളുമെല്ലാം നല്ലവണ്ണം പരിശോധിച്ചു. അടുത്തടുത്തുണ്ടായിരുന്ന മൂന്നു മുറികളിൽ മദ്ധ്യഭാഗത്തുള്ള മുറിയിലായിരുന്നു മാധവഘോഷിനെ അടച്ചിട്ടിരുന്നത്. വരാന്തയിൽ ഒന്നും കാണായ്കയാൽ പുറമേയുള്ള മുററത്തും നല്ലവണ്ണം പരിശോധിച്ചു. ഒടുവിൽ നിരാശനായി മടങ്ങി. പിക്കുവിന്റെ ഭയം വീണ്ടും വർദ്ധിച്ചു. എങ്ങിനെയെങ്കിലും കഴിയുന്ന വേഗത്തിൽ അവിടം വിട്ടു പോകുവാൻ അവൻ ബദ്ധപ്പെട്ടു സർദാരിന്റെ കാലിന്മേൽ പിടിച്ചൊന്നമർത്തി ഇംഗിതം അറിയിച്ചു. സർദാരും അതിനോടനുകൂലിച്ചു.

അവർ മാധവഘോഷിനെ നോക്കി പറഞ്ഞു:—'സമയം ആകുന്നു. നിങ്ങളൊന്നിച്ചു ഞങ്ങൾക്കും ഇവിടെ കിടക്കുവാൻ സാദ്ധ്യമല്ല. നിങ്ങൾക്കിവിടെനിന്നും രക്ഷപ്രാപിക്കണമെങ്കിൽ......'

'എന്തുവേണമെന്നു പറയുന്നു?' എന്നു മാധവഘോഷ് ഇവർ പാകത്തിനു വഴിപ്പെട്ടുവരുന്നതുകണ്ടു അലക്ഷ്യമായി ചോദിച്ചു.

'നിങ്ങളുടെ ചെറിയമ്മന്റെ മരണപത്രം തന്നാൽ.........'

'അതെന്റെ പക്കൽ ഇല്ലല്ലോ?' എന്നു പെട്ടെന്നു സമാധാനംപറഞ്ഞു പഴയപെട്ടി ലാത്തുവാൻതുടങ്ങി.

'എന്നാൽ ഇവിടെത്തന്നെ സുഖമായി കിടന്നുകൊള്ളുക. ഇതാ ഞങ്ങൾ മുറി പൂട്ടി പോകുകയാണ്.' സർദാർ വളരെ സംക്ഷേപിച്ചുപറഞ്ഞു.

'നില്ക്കട്ടെ, അതു ഞാൻ തരാമെന്നു സമ്മതിച്ചു എന്നു വിചാരിക്കുക. എന്നാൽ, അതിവിടെ എങ്ങിനെ കൊണ്ടുവരുവിക്കും?'

'അതൊക്കെ നിങ്ങളുടെകാര്യം. ഞങ്ങൾക്കൊന്നുമറിവില്ല. നിങ്ങൾക്കറിവില്ലാത്ത യുക്തിയുണ്ടോ? ഞാനാണെങ്കിൽ ഒരു കുറിപ്പെഴുതി വീട്ടിലേക്കു കൊടുത്തയച്ചു കൊണ്ടുവരുവിക്കും'

'അങ്ങിനെ ചെയ്യാമെന്നിരിക്കട്ടെ. എഴുത്തെഴുതി നിങ്ങളുടെ പക്കൽ ഞാൻ തന്നുവെന്നു മിരിക്കട്ടെ. എന്നാൽ വീട്ടിലുള്ളവർ നിങ്ങളോട് 'ഈ എഴുത്തെഴുതിയ ആൾ എവിടെ' എന്നു ചോദിച്ചാൽ നിങ്ങൾ എന്തു സമാധാനം പറയും?'

ഇതേ അവസരത്തിൽ അസാധാരണമായ ഒരു ശബ്ദം വീണ്ടും അവരുടെ കർണ്ണങ്ങളിൽ പതിഞ്ഞു കള്ളന്മാർ ആ ശബ്ദം കേട്ടമാത്രയിൽ തിടുക്കപ്പെട്ടെഴുന്നേറ്റു. മാധവഘോഷും തെല്ലൊന്ന ഭയന്നു.

'ഇതിന്റെ പിൻപുറത്തെങ്ങാനും വല്ല വഴിയുമുണ്ടോ?' എന്നു മാധവഘോഷ് ചോദിച്ചു.

'ഇല്ല' എന്ന് കള്ളന്മാർ ഇരുവരും ഏകസ്വരത്തിൽ മറുപടിപറഞ്ഞു.

'ഇരിക്കുക.........ഞാൻ ഒന്നുകൂടി പോയി പരിശോധിച്ചു വന്നേക്കാം' എന്നു സർദാർ പറഞ്ഞു.

മേൽപ്പുരകളിന്മേൽ നിഷ്പ്രയാസം കയറി ഇറങ്ങുക കള്ളന്മാർക്കു വളരെ പരിചയമായിരുന്നതിനാൽ ആ തുരങ്കിന്റെ മുകളിൽ സർദാർക്കു നിമിഷനേരത്തിന്നുള്ളിൽ കയറുവാൻ കഴിഞ്ഞു. മുക

ളിൽ കയറി അതിൻെറ പിൻഭാഗത്തുള്ള ഇടുങ്ങിയ പ്രദേശത്തൊക്കെ സൂക്ഷിച്ചു. അയാൾക്കൊന്നും കാണ്മാൻ കഴിഞ്ഞില്ല. ഇത്തവണയും നിരാശനായി അയാൾ മടങ്ങി.

മാധവഘോഷിനു പെട്ടെന്നൊരു യുക്തി തോന്നി. 'ഇതിനോടു ചേർന്നു വേറെ രണ്ടു മുറികൾ കൂടിയില്ലേ?' എന്നു ചോദിച്ചു.

'ഉണ്ടെന്നാണ് തോന്നുന്നത്'.

'അതിലെങ്ങാനും നിങ്ങൾ മററാരെയെങ്കിലും അടച്ചിട്ടുണ്ടോ?

'ഇല്ല'

'മററാരെയെങ്കിലും അടച്ചിട്ടുണ്ടെന്നു വരാം. എന്നെപ്പോലെ മറെറാരു സാധു ഈ ദുഷ്ടൻെറ അപ്രീതിക്കു പാത്രീഭവിച്ചു നരകസമാനമായ അതിൽ കിടന്നു ദുരിതമനുഭവിക്കുന്നുണ്ടായിരിക്കാം. അവൻ കൂടക്കൂടെ വാതൽ തുറക്കുവാൻ ചെയ്യുന്ന സാഹസഫലമായുണ്ടാകുന്ന ശബ്ദമാണിതെന്നു വരാം'.

'നിങ്ങൾ പറയുന്നത് ശരിയാണ്. അങ്ങിനെയാണെങ്കിൽ മുറിയുടെ വാതിൽ ബലമായി പൂട്ടിയിട്ടുണ്ടായിരിക്കും. ഞാൻ വിളിച്ചുനോക്കാം. ആരും ഉള്ളപക്ഷം വിളി കേൾക്കാതിരിക്കയില്ല. എന്നു പറഞ്ഞു സർദാർ വീണ്ടും ഒരു തിരി കത്തിച്ചുകൊണ്ട് അടുത്ത മുറികൾ പരിശോധിക്കുവാനായി പുറപ്പെട്ടു. രണ്ടു മുറികളുടെയും വാതിലുകൾ തുറന്നു തന്നെ കിടന്നിരുന്നതു കണ്ടു അവൻ ആശ്ചര്യപ്പെട്ടു. ഈ ശബ്ദമുണ്ടാകുവാനുള്ള കാരണങ്ങളെപ്പററി മാധവഘോഷ് പലതും ആലോചിച്ചുനോക്കി. തൃപ്തികരമായ യാതൊരു സമാധാനവും അദ്ദേഹത്തിനു ലഭിച്ചില്ല. കള്ളന്മാർ, ഇതു പിശാചുക്കളുടെ ശബ്ദം ആയിരുന്നേക്കുമോ എന്നു ബലമായി ശങ്കിച്ചു. പിക്കു ഭയന്നു നില്ക്കള്ളിയില്ലാതെ സർദാരിനോടു ചേർന്നു നിന്നു. 'അയ്യോ! എനിക്കു വലിയ ഭയമായിരിക്കുന്നു. ഈ ഭയങ്കര ശബ്ദങ്ങൾ എവിടെ നിന്നാകുന്നു പുറപ്പെടുന്നതെന്നാർക്കറിയാം. എല്ലാം ഈശ്വരന്നു നിശ്ചയമുള്ളു. ഞങ്ങളോടെന്തു സമാധാനം പറയുന്നു. വേഗം വേണം. അതാ ശബ്ദം വീണ്ടും കേൾക്കുന്നു. നിങ്ങളെ ഇവിടെ അടച്ചിട്ടു ഞങ്ങൾ ഇതാ പോകയാണ്.' എന്നു മാധവഘോഷിനെ നോക്കി സർദാർ പറ

ഞ്ഞു. കള്ളന്മാർ പറഞ്ഞതുപോലെതന്നെ അവിടെ അടച്ചിട്ടു പോയാൽ പിന്നിട്ടു താനെന്നാണു് പുറമെയുള്ള ലോകം കാണുക എന്ന ശങ്ക മാധവഘോഷിന്നുണ്ടായി. അതിനാൽ അവരോടനുകൂലിക്കയെ ഗത്യന്തരമുള്ളു എന്നു് അദ്ദേഹം തീർച്ചയാക്കി.

ഒരുപക്ഷെ താൻ എഴുതിക്കൊടുത്തയക്കുന്ന കുറിപ്പിന്റെ സഹായത്താൽ തന്റെ ഇരിപ്പിടം മനസ്സിലാക്കി ആരെങ്കിലും വന്നു തന്നെ രക്ഷിച്ചേക്കുമെന്നുള്ള വിശ്വാസവും ഇതിന്നദ്ദേഹത്തെ ധൈര്യപ്പെടുത്തി. എങ്കിലും ഒന്നുകൂടി പരീക്ഷിച്ചുകളയാമെന്നു അദ്ദേഹം കരുതി.

'നിങ്ങൾക്കു പണത്തിന്നല്ലേ ആവശ്യമുള്ളു? നിങ്ങൾ ആവശ്യപ്പെടുന്നതിൽ ഇരട്ടി ഞാൻ തരാം. എന്നെ നിങ്ങൾ ഇവിടെനിന്നു വിട്ടയക്കുക. മരണപത്രം മാത്രം ആവശ്യപ്പെടേണ്ട.'

'ബാബു! ഞങ്ങൾ വെറും വിഡ്ഢികളെന്നാണോ നിങ്ങൾ കരുതുന്നതു. നിങ്ങളുടെ ഈ മധുരവാക്കിൽ ലയിച്ചുപോകുന്നവരല്ല ഞങ്ങൾ. നിങ്ങളെ വിട്ടയച്ചാൽ നിങ്ങൾ ഞങ്ങൾക്കു പണം തരും; അല്ലേ? ആ യുക്തി തല്ക്കാലം നില്ക്കട്ടെ. മരണപത്രം തരിക. ഇല്ലാത്ത പക്ഷം ഞങ്ങളിതാ പോകുന്നു.' എന്നു സർദാർ പറയുന്നതിന്നിടക്കു് ആരോ അവിടേക്കു വരുന്നതുപോലെ വസ്ത്രം ഇളകുന്ന ശബ്ദം കേട്ടു. കള്ളന്മാർ ഇരുവരും പരിഭ്രാന്തരായിതീർന്നു. അന്യോന്യം നോക്കി അവർ അവിടം വിട്ടു ഓടിപ്പോകുവാൻ തന്നെ സന്നദ്ധരായി. മാധവഘോഷ് അവരുടെ ഈ സംരംഭങ്ങളെ നല്ലവണ്ണം സൂക്ഷിച്ചുകൊണ്ടു് 'കടലാസ്സു കൈവശമുണ്ടോ?' എന്നവരോടു ചോദിച്ചു. 'ഞങ്ങൾ അതു മുൻകൂട്ടി കരുതിക്കൊണ്ടു വന്നിട്ടുണ്ടു്' എന്നവർ മറുപടി പറഞ്ഞു. മാധവഘോഷ് അതു വാങ്ങി കാര്യസ്ഥനായി ഒരെഴുത്തെഴുതാൻ ഭാവിച്ചു.

'ഞാൻ പറയുന്നതുപോലെ എഴുതുക. ബാബു! എനിക്കിതിൽ അപകടമൊന്നും പിണയാതെ സൂക്ഷിക്കേണ്ട കടമയുണ്ടല്ലോ. നിങ്ങളെപ്പോലെ എഴുതാനും വായിക്കാനുമൊക്കെ എനിക്കും കുറേശ്ശ നിശ്ചയമുണ്ടു്. അതുകൊണ്ടു് എഴുതേണ്ട വാചകം ഞാൻ പറഞ്ഞു തരാം.' എന്നു സർദാർ പറഞ്ഞു.

മാധവഘോഷ് സർദാറിനെ നല്ലവണ്ണം ഒന്നു സൂക്ഷിച്ചുനോക്കിയശേഷം അയാളുടെ അഭിപ്രായംപോലെ തന്നെ എഴുതാമെന്നു സമ്മതിച്ചു. സർദാർ വാചകം പറഞ്ഞുകൊടുക്കുവാൻ ആരംഭിച്ചു. എന്നാൽ കുറച്ചു മുൻപു തന്നെ ബാധിച്ചിരുന്ന പ്രേതഭയം അയാളുടെ ഹൃദയത്തെ ഇളക്കി മറിച്ചുകൊണ്ടിരുന്നു. എങ്കിലും അയാൾ കഴിയുന്നതു ധൈര്യം അവലംബിച്ചു. ഈ അവസരത്തിൽ ചങ്ങല കിലുങ്ങുന്ന ശബ്ദത്തോടുകൂടിയ മററു ചില ഭയങ്കര ധ്വനികൾ ആദ്യത്തെതന്നെ ഭ്രമിപ്പിച്ചിരിക്കുന്ന അവരെ നില്ക്കക്കള്ളിയില്ലാതാക്കിത്തീർത്തു. പിക്ക പെട്ടെന്നെഴുന്നേററു പുറത്തു കടന്ന് ആ പ്രദേശംവിട്ടു അതിവേഗത്തിൽ കാടിളപ്പോയി. സർദാർ, തുറുങ്കിൻെറ വാതൽ തുറന്നുതന്നെ ഇട്ടിട്ടു മാധവഘോഷിനെ തിരിഞ്ഞുപോലും നോക്കാതെ ജീവരക്ഷാർത്ഥം പുറത്തു കടന്നുപാഞ്ഞു. അസാധാരണമായ ശബ്ദങ്ങളും അതിനെത്തുടർന്നുണ്ടായ കള്ളന്മാരുടെ ഓട്ടവും മാധവഘോഷിനെ പരിഭ്രാന്തനാക്കിത്തീർത്തു. അദ്ദേഹം സ്തംഭിച്ചുനിന്നുപോയി. കുറച്ചുനേരം കഴിഞ്ഞു അദ്ദേഹം എന്തുവന്നാലും വരട്ടെ എന്നു ധൈര്യത്തോടുകൂടി നാലുഭാഗവും സൂക്ഷിച്ചു യാതൊന്നും അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ എത്തുപെട്ടില്ല. നിരാശനാകാതെ അദ്ദേഹം വീണ്ടും അവിടമെങ്ങും പരിശോധിച്ചു. അപ്പോൾ പുറത്തെ വരാന്തയുടെ അരികിൽകൂടി ഒരു ദീപപ്രകാശം കുറേശ്ശയായി ഇരുമ്പുകമ്പികളിൽ നിഴലിക്കുന്നതായി കണ്ടു. അദ്ദേഹം പെട്ടെന്നു ആ സ്ഥലത്തെ ലക്ഷ്യമാക്കി അല്പം മുൻപോട്ടു നടന്നുചെന്നു നോക്കിയപ്പോൾ പൂട്ടാതെ തുറന്നിട്ടിരുന്ന ഒരു മുറിയുടെ വാതലിൻെറ മറവിൽ ഒരു സ്ത്രീ തനിയെ നില്ക്കുന്നതായി കണ്ടു. മാധവഘോഷിനു അത്ഭുതവും രോമാഞ്ചവുമുണ്ടായി. ആ സ്ത്രീയുടെ സമീപത്തായി ഒരു ചെറിയ റാന്തൽ കത്തികൊണ്ടിരുന്നിരുന്നു. അതിൻെറ മങ്ങിയവെളിച്ചത്തിൽ ആ സ്ത്രീ ആരാണെന്നദ്ദേഹം സൂക്ഷിച്ചു ഒന്നു വട്ടങ്ങി പിന്നോക്കംവാങ്ങി.

'താരേ!' എന്ന ശബ്ദം അത്യന്തം വിനീതസ്വരത്തിൽ അദ്ദേഹത്തിൽനിന്നും പുറപ്പെട്ടു.

'മാധ......' അവൾ എന്തോ ചേതോവികാരത്താൽ പ്രേരിതയായി അന്ധകാരത്തിൽ വിരമിച്ചു. പിന്നീട്ട കുറച്ചുനേരത്തേക്ക അവളുടെ ശബ്ദം പൊന്തിയില്ല.

---

# ഇരുപത്തിരണ്ടാം അദ്ധ്യായം.

മാധവഘോഷും താരയും ആ സമയത്ത് ആ കാരാഗാരത്തിൽ വച്ചു യാദൃശ്ചികമായി കൂട്ടിമുട്ടുകയാൽ കുറച്ചുനേരത്തോളം അവർ ആശ്ചര്യഭരിതരായി മൌനംപൂണ്ടുനിന്നു. ഇങ്ങിനെ ഒരു സമാഗമം ഉണ്ടാകുമെന്നവർ സ്വപ്നേപി കരുതിയിരുന്നതല്ല. താര മനസ്സിനെ അടക്കിക്കൊണ്ട് 'മാധവാ! നിങ്ങളെയാണോ ഇവിടെ അടച്ചിരുന്നത്?' എന്നു ചോദിച്ചു.

മാധവഘോഷിന്നതിന്നു മറുപടിയൊന്നും പറയുവാൻ നാവു പൊന്തിയില്ല. അളവററ ഭയത്താലോ ഈ സന്ദർഭത്തിൽ ഇതേ രൂപത്തിൽ താര തന്നെ വന്നു കണ്ടതിനാലോ എന്തോ മാധവഘോഷ് കുറച്ചുനേരത്തോളം തന്നെത്തന്നെയും മറന്നു നിന്നുപോയി. ഈ രഹസ്യസ്ഥലത്തു മാധവനെ കണ്ടുമുട്ടിയതിൽ താരക്കും അത്യാശ്ചര്യം ജനിക്കാതിരുന്നില്ല. അവൾക്കു, ഇതിലൊക്കെ എന്തോ അളവററ രഹസ്യങ്ങൾ അന്തർഗ്ഗതങ്ങളായിട്ടുണ്ടെന്നു തോന്നി. ഏതാപൽഘട്ടത്തിലും സമാധാനപരമായ ബുദ്ധികൌശലം സ്ത്രീസഹജമാണ്. അവൾ എന്തൊക്കെയോ ചിന്തിച്ചു. മാധവഘോഷിനെ യാദൃശ്ചികമായി അവിടെ ഏകനായി കണ്ടുമുട്ടിയതിൽ അവൾക്കു ജനിച്ച അത്ഭുതം അന്യൂനമായി. അസമയത്തു ഒരന്യപുരുഷനുമായി കൂട്ടിമുട്ടുക എന്നതിലുള്ള ഔചിത്യഭംഗവും പോരായ്മയുമാണ് മറെറാന്ന്. എന്നാൽ, തന്റെ പാതിവ്രത്യധർമ്മത്തിന്നു ആ സമാഗമം ഒട്ടും വിഘാതമല്ലെന്നും അവൾക്കുറപ്പുണ്ട്. മാധവഘോഷ് അവിടെ വരുവാനുണ്ടായ കാരണമറിയുന്നതിൽ അവൾ ഉൾക്കണ്ഠ പ്രദർശിപ്പിച്ചു. 'മാധവാ! ഇവിടെ നിന്നും യമദൂതരെപ്പോലെ രണ്ടുപേർ ഓടിപ്പോകയുണ്ടായല്ലോ.

അവർ ആരാണ്? ഈ അർദ്ധരാത്രിസമയത്തു നിങ്ങൾ ഇവിടെ എങ്ങിനെവന്നു? ഓടിപ്പോയവരിൽ ഒരുവൻ എന്നെ ദൃഷ്ടി ഉറപ്പിച്ചുനോക്കി. ഞാൻ വല്ല പ്രേതമോ പിശാചോ ആയിരിക്കുമെന്നു ഭയന്നു ഓടിപ്പോയതായിരിക്കുമോ?'

'നിങ്ങൾ കതകു തുറന്ന അവസരത്തിലായിരിക്കുമോ ചങ്ങലയുടെ ശബ്ദം കേൾക്കപ്പെട്ടതു്?'

'അതെ. ഞാൻ വാതൽ തുറന്നു പുറത്തേക്കിറങ്ങിയപ്പോൾ ആ കരിക്കുറന്മാരെക്കണ്ടു ഭയന്നു പിന്നാക്കംവെച്ചു.'

മാധവഘോഷ് താരയോട് അവിടെ ഇരിക്കുവാൻ പറഞ്ഞ ശേഷം താൻ അവിടെ ബന്ധനസ്ഥനായിത്തീൎന്ന ചരിത്രത്തെ ആദ്യന്തം വിശദമായി പറഞ്ഞു കേൾപ്പിച്ചു. അദ്ദേഹത്തിന്റെ ഓരോ വാക്കുകളിലും കോപം തഴച്ചു പൊന്തിയിരുന്നു.

വസ്തുത ഗ്രഹിച്ചു താര അളവറ്റു ദുഃഖിച്ചു 'നിങ്ങൾ ഇവിടെ ബന്ധനസ്ഥനായിട്ടു എത്രദിവസമായി? എന്തോ എനിക്ക് ഒന്നുരണ്ടു ദിവസമായി പല സംഗതികളിലും ബലമായ സംശയമുണ്ടു്. ഞാനറിയാതെ—എന്നെ അറിയിക്കാതെ— അദ്ദേഹം എന്തൊക്കെയോ ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്നു മാത്രമേ എനിക്കറിവുള്ളൂ.'

താര, അവിടേക്കു വരുവാനുണ്ടായ കാരണം മാധവഘോഷിനെ ഗ്രഹിപ്പിച്ചു. ഭർത്താവുതന്നെ അവഗണിച്ചാലും അവൾ അന്നു രാത്രി ഭർത്താവിന്റെ പുറത്തേക്കുള്ള പോക്കുകണ്ടു് എന്തെന്നില്ലാതെ സംശയിച്ചു എന്താണു സംഭവിക്കുവാൻ പോകുന്നതെന്നറിയണമെന്നുള്ള വൈരാഗ്യത്തോടുകൂടി ഭർത്താവുറങ്ങിയ തക്കംനോക്കി താക്കോൽ കൈക്കലാക്കി അർദ്ധരാത്രിസമയം ഭയങ്കരമായ ഈ കിടങ്ങിലേക്കു സധൈര്യംവന്ന വൎത്തമാനം അവൾ പറഞ്ഞുകേട്ടപ്പോൾ മാധവഘോഷ് ആശ്ചര്യപരതന്ത്രനായിത്തീൎന്നു.

'അയ്യയ്യോ! എനിക്കിവിടേക്കു വരുവാൻ ലേശം ധൈര്യം വരികയാകട്ടെ ഒരടിപോലും പൊങ്ങുകയാകട്ടെ ചെയ്യില്ല. എത്രത്തോളം ഭയവും നടുക്കവും എന്നെ ആവരണം ചെയ്യുമെന്നറിയാമോ? ഞാൻ, അന്ധകാരമയമായ ഈ നിൎജ്ജനസ്ഥലത്തേക്കു

വരുമ്പോൾ കള്ളന്മാരുടെയും പ്രേത പിശാചുക്കളുടെയും ഭയം മാത്രമാണ കാൎയ്യമായിട്ടുണ്ടായിരുന്നത്. എന്റെ ജീവൻ പോയാലും ശരി, അദ്ദേഹത്തിന്റെ ഹൃദയാസ്വാസ്ഥ്യത്തിന്നുള്ള കാരണമറിയണമെന്നുള്ള ഏകോദ്ദേശ്യം മാത്രമായിരുന്നു എന്നെ ഇതിന്നു ധൈൎയ്യപ്പെടുത്തിയത്. നിങ്ങളെ വിചാരിച്ചിരിക്കാതെ ഇവിടെ കണ്ടുമുട്ടുവാനും വസ്തുതകൾ ഗ്രഹിക്കുവാനും എന്റെ ഈ സാഹസികബുദ്ധിയാൽ സാദ്ധ്യമായി എന്തൊരു വലിയ ദുൎഘടത്തിൽ കൂടിയാണ് നിങ്ങളെ കൊണ്ടുവന്നിവിടെ ബന്ധിച്ചിരിക്കുന്നതെന്നും ഇപ്പോൾ എനിക്കു മനസ്സിലായി. എന്നാൽ, ഞാൻ ഇപ്പോൾ ഇവിടെ വരുവാനും നിങ്ങളെ രക്ഷപ്പെടുത്തുവാനും ദൈവം എന്നെ പ്രേരിപ്പിച്ചതായിരിക്കുമെന്നതിൽ സംശയമേ ഇല്ല. മാധവാ! ഞാൻ ഒരു കാൎയ്യം നിങ്ങളോടു പറയുന്നു. അതുമാതിരി ചെയ്യാമെന്നു നിങ്ങൾ എന്റെ കൈ അടിച്ചു സത്യം ചെയ്യണം" ആ പതിവ്രതാരത്നം പറഞ്ഞു.

'എന്താണതെന്നു പറയുക'.

'എന്റെ ഭൎത്താവു എത്രതന്നെ ദുഷ്ടനായിരുന്നാലും എന്റെ പരിശുദ്ധഹൃദയം അദ്ദേഹത്തെ വെറുക്കുകയില്ല. സ്ത്രീധൎമ്മത്തിന്നു വിപരീതമായ ആ നീചമനസ്ഥിതി എനിക്കുണ്ടാകാതിരിക്കട്ടെ. അദ്ദേഹത്തിന്നു യാതൊരു വിധമായ അപമാനമോ കഷ്ടനഷ്ടമോ ഉണ്ടാകാതിരിക്കുന്നതിലാണ് സൎവ്വോപരി എന്റെ മനസ്സ് അലഞ്ഞുകൊണ്ടും വേല ചെയ്തുകൊണ്ടുമിരിക്കുന്നത്. അദ്ദേഹം നിങ്ങൾക്കു ചെയ്തതും ക്ഷന്തവ്യമല്ലാത്തതുമായ ഈ ദ്രോഹകൃത്യത്തിന്നു നിങ്ങൾ യാതൊരു പ്രതികാരവും ചെയ്തുപോകരുത്. ഇതൊന്നു മാത്രമാണ് ഞാൻ നിങ്ങളോടാവശ്യപ്പെടുന്നത്. നിങ്ങൾ എനിക്കുവേണ്ടി ചെയ്തുതരുവാനുള്ള പ്രത്യുപകാരങ്ങളിൽ വെച്ചു അത്യുത്തമമായതും ഇതുതന്നെയാകുന്നു. നിങ്ങൾക്കെന്റെ പേരിൽ ആദ്യകാലം മുതല്ക്കുള്ള സ്നേഹത്തെ മുൻനിൎത്തി താരയുടെ പ്രിയതമനാണദ്ദേഹമെന്നു കരുതി സൎവ്വവും ക്ഷമിച്ചുകളയുക. താര അശ്രുപരിപ്ലുതമായ നേത്രത്തോടുകൂടി പറഞ്ഞുനിൎത്തി.

താര വിമ്മി വിമ്മിക്കരഞ്ഞു. ഈ കാഴ്ച ലോലഹൃദയനായ മാധവഘോഷിനെ അതിപരവശനാക്കി. അയാളുടെ കണ്ണുകളിലും ജലം നിറഞ്ഞു വഴിഞ്ഞു. താരയുടെ അഭിമതപ്രകാരം അയാൾ കൈ അടിച്ചു സത്യം ചെയ്തു. അപ്പോൾ താരയുടെ മുഖത്തു തെളിഞ്ഞു കണ്ട പ്രകാശം അവളുടെ അളവററ കൃതജ്ഞതയെ വിദ്യോതിപ്പിച്ചു. അനന്തരം താര വിളക്കുമായി വെളിയിലുള്ള തോട്ടം വരെ മാധവഘോഷി അനുധാവനം ചെയ്തു വഴി കാണിച്ചു കൊടുത്തു. മാധവഘോഷ് തന്റെ ഗൃഹത്തിൽ എത്തിയപ്പോൾ പൂർവ്വദിങ്മുഖം രജതച്ഛായ പൂണ്ടു തുടങ്ങിയിരുന്നു.

## ഇരുപത്തിമൂന്നാം അദ്ധ്യായം.

രാത്രിസമയം മധുർഘോഷിന്റെ ഉദ്യാനത്തിലെ കേളിഗൃഹത്തിന്നു സമീപമുള്ള കുളത്തിന്റെ കൽപ്പടികളിൽ രണ്ടു പേർ ഇരുന്നു രഹസ്യമായി സംസാരിക്കുകയായിരുന്നു.

'മഹാഭാരതത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ?' ഒരാൾ ചോദിച്ചു. സാമാന്യം തടിച്ചുകൊഴുത്തിരുന്ന രണ്ടാമൻ:—'എന്തിനെപ്പററിയാണ് നിങ്ങൾ പറയുന്നത്?'.

'ശ്രീകൃഷ്ണഭഗവാൻ പറഞ്ഞിരിക്കുന്നു; ബലപ്രയോഗത്തെക്കാളും നയവഞ്ചകമാണ് കാര്യസാദ്ധ്യത്തിന്നുത്തമമെന്നു. നിങ്ങളുടെ ആൾക്കാർ മാധവഘോഷിനെ പിടിച്ചടച്ചുവല്ലോ. വല്ല പ്രയോജനവും ഉണ്ടാക്കുവാൻ അവരാൽ കഴിഞ്ഞുവോ? അവർ നൂറുപേർ വിചാരിച്ചാലും ചെയ്യുവാൻ കഴിയാത്ത കാര്യം ഞാൻ മാത്രം ക്ഷണനേരത്തിനുള്ളിൽ സാധിപ്പിച്ചു കാണിച്ചുതരാം'. ആദ്യത്തെയാൾ അഹങ്കാരപൂർവ്വം പറഞ്ഞു.

'നിങ്ങൾ തനിയെ അക്കാര്യം നിർവ്വഹിക്കുമോ?'

'കൂട്ടുകൂടിയുള്ള ഏർപ്പാടു എനിക്കിഷ്ടമില്ല. മാത്രമല്ല, അക്കാര്യം ശുഭമായി കലാശിക്കുകയുമില്ല. അങ്ങേക്കെന്റെ പേരിൽ പൂർണ്ണവിശ്വാസമുണ്ടെങ്കിൽ അതു ഞാൻ സാധിച്ചുതരാമെന്നു ധൈ

ത്ഥ്യപൂർവ്വം ഏൽക്കുന്നു. ഇതിഷ്ടമില്ലെങ്കിലോ അങ്ങേക്കു എന്തിനും സമർത്ഥന്മാരായ കിങ്കരന്മാരുണ്ടല്ലോ.'

'കുറച്ചു കാലമായി സർദാർ എന്റെ ചൊൽപ്പടി പ്രവൃത്തി എടുത്തു വരികയാണ്. അതുകൊണ്ടു അയാളെപ്പറ്റിയും അയാളുടെ സാമർത്ഥ്യത്തെക്കുറിച്ചും എനിക്കു നല്ല പരിചയമുണ്ട്. നിങ്ങളുടെ നിപുണതയെ സംബന്ധിച്ചു എനിക്കു ഇതിനു മുമ്പു യാതൊരു പരിചയവുമില്ലല്ലോ.'

'എന്നെക്കൊണ്ടു കാര്യം സാധിക്കാത്ത പക്ഷം പണം തരേണ്ടെന്നല്ലാതെ മറ്റെന്തൊരു നഷ്ടമാണുണ്ടാകുവാനുള്ളത്? മുൻകൂർ പണം തരണമെന്നും ഞാൻ പറയുന്നില്ലല്ലോ'.

'തീർച്ചയായും നിങ്ങളതു കൈവശമാക്കിത്തരാമെന്നാണോ പറയുന്നത്?'.

'സംശയമോ? ഒരു മാസത്തിനുള്ളിൽ ആ മരണപത്രം ഞാൻ അങ്ങയുടെ വക്കൽ എത്തിച്ചു തന്നില്ലെങ്കിൽ അപ്പോൾ ചോദിക്കുക. എത്രയോ കായക്ലേശങ്ങൾ സഹിച്ചു വേണം ഞാനതു സമ്പാദിക്കുവാനെന്നു ആലോചിച്ചാൽ അങ്ങേക്കുതന്നെ അറിവാൻ കഴിയും. അതുകൊണ്ടു ഇതിനു പ്രതിഫലമായി രണ്ടായിരം ഉറപ്പിക എനിക്കു തരണം. ഇപ്പോൾ അതിലേക്കുള്ള ചെലവിലേക്കായി എന്തെങ്കിലും ഒരു സംഖ്യ തരികയും വേണം'.

'ഇപ്പോൾ എന്തു സംഖ്യ വേണ്ടിവരും?'.

'കാലതാമസം വരുത്തുംതോറും കാര്യം അസാദ്ധ്യഘട്ടത്തിൽ എത്തും. ആളാണെങ്കിൽ ഒരിക്കൽ തപ്പിപ്പിഴച്ചവനുമാണ്. അതുകൊണ്ടു അയാൾ വളരെ കരുതലുകളോടു കൂടി സൂക്ഷിക്കുന്നുണ്ടാകും. മരണപത്രമാണെങ്കിൽ മറ്റൊരു സ്ഥലത്താക്കി സൂക്ഷിച്ചിരിയുമാണ്'.

'എവിടെ ഒളിച്ചു വച്ചിരിക്കുന്നു?'.

'അതാണന്വേഷിച്ചു കണ്ടുപിടിക്കേണ്ടത്'.

'നിങ്ങൾ ആവശ്യപ്പെടുന്ന സംഖ്യതന്നെ വളരെ കൂടുതലാണല്ലോ'.

'അങ്ങയോടു ലേലംവിളിക്കുവാനൊന്നുമല്ല ഞാൻ വന്നത്. സർദാരോടന്വേഷിച്ചാൽ എന്റെ സ്ഥിതിഗതികളൊക്കെ അങ്ങേക്കറിയാം. സംഖ്യയിൽ ഞാൻ ഒരൊററ പൈപോലും കുറക്കുകയില്ല. ഇനിയൊക്കെ നിങ്ങളുടെ ഇഷ്ടംപോലെ. നിങ്ങളായി, സർദാരായി. ഞാനിതാ പോകുന്നു'.

കുളത്തിലെ ജലത്തിൽ നക്ഷത്രങ്ങൾ പ്രതിഫലിച്ചു ശോഭിച്ചു. പ്രകൃതിയുടെ നൈർമ്മല്യത്തിനും ദുഷ്ടന്മാരുടെ കല്മഷപരിപൂർണ്ണമായ ഹൃദയങ്ങൾക്കും തമ്മിലുള്ള അന്തരം നോക്കുക.

കുറച്ചുനേരം ആലോചിച്ചശേഷം മനംവെന്തുകൊണ്ടു പറഞ്ഞു:— 'ശരി. നിങ്ങൾ ചോദിച്ച സംഖ്യ തന്നേക്കാം. കാര്യം മാത്രം കഴിയുന്നവേഗത്തിൽ സാധിക്കണം.'

'എന്റെ യോഗ്യത നിങ്ങൾക്കു നല്ലനിശ്ചയമില്ല. നിങ്ങളുടെ ഉപ്പുതിന്നിട്ടു ദ്രോഹം ചെയ്യുമെന്നു സ്വപ്നേപി കരുതേണ്ട. ഇതാ ഞാൻ പോകയാണ്. എല്ലാം ഓർമ്മയിരിക്കട്ടെ. തല്ക്കാല ആവശ്യത്തിനു കുറച്ചുപണം എൻ്റെ ആൾവശം കൊടുത്തയച്ചാൽ മതി'

'നിങ്ങൾ എവിടെയുണ്ടാകും?'

'അതും സംശയമോ? ഞാൻ എന്റെ വീട്ടിൽ ഉണ്ടായിരിക്കും.'

'ശരി. എന്നാൽ, പോയിവരിക.'

ഇവർ രാജമോഹനനും ദുർഘോഷുമാണെന്നു വായനക്കാർ ധരിച്ചിരിക്കുമല്ലോ. വിത്തു വിതച്ചുകഴിഞ്ഞു. ഇവരുടെ ദുഷ്കൃത്യങ്ങളാകുന്ന ചെടി മുളച്ച് എങ്ങിനെ വളരുന്നു എന്നു നമുക്കു നോക്കാം.

നാടുവിട്ട് ദുഷ്കൃത്യങ്ങളിൽ ഇടപെടുവാൻ വേണ്ടി രാജമോഹനൻ പോകുവാനുദ്ദേശിക്കുന്ന സ്ഥലം മാതംഗിക്കു നിശ്ചയമില്ല. രാജമോഹനൻ, താതൊരു പ്രത്യേക കാരണവുംകൂടാതെ അനാഥരായ മാതാവിനേയും സഹോദരിയേയും ദുഃഖ സാഗരത്തിൽ ആഴ്ത്തി നാടുവിട്ടു പോകാൻ പോകുന്നു എന്ന വർത്തമാനമറിഞ്ഞ് ആശ്ചര്യപ്പെട്ടതല്ലാതെ മാതംഗി അതിനെക്കുറിച്ചു യാതൊന്നും

അവരോടു ചോദിക്കുവാൻ ഇഷ്ടപ്പെട്ടില്ല. ആശ്ചര്യത്തോടെ രാധ ഗൃഹത്തിലേക്കു വരുന്നതുതന്നെയും അവൾ കണ്ടില്ലായിരുന്നു. ഇപ്പോൾ ഈ സ്ഥലവും വിട്ടു അപരിചിതമായ ദൂരദിക്കിൽ ഒരുത്തരുടേയും ശ്രദ്ധയിൽപെടാതെ പോകുന്നതിൽ അവൾക്കു അളവററ ദുഃഖമുണ്ടായിരുന്നു. മധുമലയിൻെറ ഗൃഹത്തിനു സമീപം പാർത്തിരുന്നാലോ അല്ല, അവൾക്കു തൻെറ ഭർത്താവിൽനിന്നും അനവധി ഉപദ്രവങ്ങൾ അനുഭവിക്കേണ്ടിവരുന്നു. അതിനാൽ ആ നാടുവിട്ടു ദൂരെ എവിടെയെങ്കിലും പോയി പാർക്കുവാൻ അവൾ ആശിച്ചിരുന്നു. ഇപ്പോഴാകട്ടെ തൻെറ ആശ വിചാരിച്ചിരിക്കാതെ നിറവേറിയതിൽ അവൾക്കു വലിയ ചാരിതാർത്ഥ്യമെന്നുമുണ്ട്. അവൾ രാജശേഖരനോടു പറഞ്ഞു:—'എന്നെ സ്വന്ത നാട്ടിലേക്കുതന്നെ കൂട്ടിക്കൊണ്ടുപോകണോ...............'

'എന്തിന്?'

'ഈസ്ഥലത്ത് എനിക്കു പാർക്കുവാൻ ഒട്ടും ഇഷ്ടമില്ല.'

'ആകട്ടെ. നമുക്കു പോകുവാനുള്ളതും. ഇന്നുരാത്രിതന്നെ പോകാം. അതിന്ന് തയ്യാറായിക്കൊള്ളുക. എനിക്കും മറെറാരുത്തൻെറ അടിമത്വത്തിൽ ജീവിക്കുവാൻ തെല്ലും ഇഷ്ടമില്ല.'

തൻെറ ഭർത്താവു പുറത്തിറങ്ങിപ്പോയപ്പോൾതന്നെ മാതംഗി ഈ വിവരം തൻെറ ആത്മമിത്രമായ കനകമയിക്കറിവുകൊടുത്തു. വിശ്വസ്തസ്നേഹിതയായ അവൾ ക്ഷണത്തിൽ മാതംഗിയുടെ സമീപം വന്നുചേർന്നു.

'എന്താ, നാട്ടിലേക്കു പോകയാണോ?'

'അതേ, എന്നാണിവിടെ പറഞ്ഞുവെച്ചിരിക്കുന്നത്.'

'എൻെറ ഭാവിയിൽ നിങ്ങൾക്കു വല്ല വിരോധവുമുണ്ടായിരിക്കുമോ? അതുകൊണ്ടായിരിക്കുമോ നീ ഇവിടംവിട്ടു പോകുവാനാഗ്രഹിക്കുന്നത്?'

'നിങ്ങളുടെനിലക്കെന്തു വിരോധമാണ്?'

'പിന്നെയെന്താണ് നീ ഞങ്ങളെയൊക്കെ വിട്ടുപോകുന്നത്?'

'ജ്യേഷ്ഠത്തി! ഈ ദിക്കിൽ കള്ളന്മാരുടെ ഭയം സഹിക്കവയ്യ

യാതായിരിക്കുന്നു. സ്വൈരമായി ജീവിക്കുവാൻ യാതൊരു മാൎഗ്ഗവുമില്ല'.

'നിൻെറ പക്കൽനിന്നും മോഷ്ടിച്ചുകൊണ്ടുപോകത്തക്കവണ്ണം യാതൊന്നുമില്ലല്ലൊ'.

മാതംഗി നാലുപുറവും ഒന്നു ചുററിനോക്കിയ ശേഷം 'മിണ്ടാതിരിക്കു. നിങ്ങൾക്കെപ്പൊഴും തമാശയാണ്. സമയവും സന്ദൎഭവും നോക്കേണ്ടേ?'.

അനന്തരം അവൾ തൻെറ സ്നേഹിതയായ കനകത്തെ തലോടിക്കൊണ്ടു ഗദ്ഗദിതസ്വരത്തിൽ പറഞ്ഞു:—'സഹോദരി! എൻെറ ദുഃഖത്തെ വളൎത്തരുതേ. എൻെറ ശിരോലിഖിതം എന്നെ എവിടേക്കോ ഇതാ അയസ്കാന്തശക്തിയെന്നോണം പിടിച്ചു വലിക്കുന്നു. കള്ളൻ എൻെറ ഉള്ളിൽ ഇരുന്നു കടന്നുകഴിഞ്ഞു. ഇനി എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്നാരു കണ്ടു? എല്ലാംകൊണ്ടും ഇനി ഞാൻ ഇവിടംവിട്ടു പോകുന്നതു തന്നെയാണുത്തമം'.

തൻെറ പ്രിയമിത്രം വ്യസനിക്കുന്നതു കണ്ടു കനകം അവളുടെ ദുഃഖത്തിനു വല്ല ശമനമുണ്ടാക്കണമെന്നുള്ള കരുതലോടുകൂടി സംഭാഷണത്തെ മററു പന്ഥാവിലൂടെ തിരിച്ചു മാതംഗിയുടെ മുഖത്തു പുഞ്ചിരിയുടെ ലാഞ്ചന പ്രസ്ഫുരിപ്പിച്ചു. ഒരു മന്ദപവനനാൽ പരിസേവ്യയായി താരാമൌക്തികച്ഛത്രത്തോടു കൂടി സന്ധ്യാംഗന അശരണൎക്കാലംബമെന്നോണം ആഗതയായി. മാതംഗി മുറിക്കുള്ളിൽ വിളക്കു കത്തിക്കുവാനായി എഴുന്നേററു. അപ്പോൾ കനകം 'ഈ ദൎശനം നമ്മുടെ അവസാനത്തേതായിരിക്കുമോ?' എന്നു ചോദിച്ചു. അവളുടെ ശബ്ദത്തിൽ അവൎണ്ണനീയമായ വ്യഥാഭാരം തിങ്ങിക്കലൎന്നിരുന്നു.

മാതംഗി:—വീണ്ടും ഇവിടേക്കു വരാതിരിക്കയില്ലെന്നു മനസ്സു സംശയഗ്രസ്തമായി പറയുന്നുണ്ട്.

കനകം:—ഒന്നു നമുക്കു മുൻപിലത്തെപോലെ വെള്ളം കോരുവാൻ പുഴക്കു പോകണം. പിന്നെ നമുക്കു പേടിക്കാനൊന്നുമില്ല.

"എന്നാൽ ഒരു മുതലക്കുട്ടി എനിക്ക...... ...എന്നെ പുഴയിൽ ആഴ്ത്തിക്കളഞ്ഞുവെങ്കിലൊ?" മാതംഗി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

ഈ അവസരത്തിൽ ഒരു നക്ഷത്രം ആകാശത്തിൽ നിന്നും എറിഞ്ഞു താഴുന്നതായി അവർ കണ്ടു. ഇതു കണ്ട് അവരിരുവൎക്കും രോമാഞ്ചമുണ്ടായി. അടുത്ത ഭാവിയിൽ വരാനിരിക്കുന്ന എതൊ ആപത്തിനെ സൂചിപ്പിക്കുന്നതായിട്ടാണതുകൊണ്ടവരൎത്ഥമാക്കിയത്. രണ്ടുപേരും വേർപിരിഞ്ഞു.

താമസംവിനാ രാജമോഹനൻ മടങ്ങിയെത്തി. തനിക്കത്യാവശ്യം വേണ്ട സാധനങ്ങളെല്ലാം എടുത്തു മാതംഗിയെയും കൂട്ടിച്ചുകൊണ്ടു രാധാഗഞ്ജ് വിട്ടു തോണിമാൎഗ്ഗം യാത്രതുടൎന്നു.

പിറേറദിവസം രാവിലെ രാജമോഹനൻ തന്റെ പത്നിയെയും കൊണ്ടു നാടുവിട്ടുപോയ വൎത്തമാനം അവിടങ്ങളിലെല്ലാം പരന്നു. ഈ വൎത്തമാനം എല്ലാവൎക്കും അളവററ ആശ്ചൎയ്യത്തെ ജനിപ്പിച്ചു. രാജമോഹനനും പത്നിയും രാത്രിമുഴുവൻ തോണിയാത്ര ചെയ്ത് പിറേറ ദിവസം രാവിലെ ഹരിഗഞ്ജ് എന്ന സ്ഥലത്തെത്തി. പുഴക്കററവും അടുത്ത് ഒരു ചെറിയ വീടു വാടകക്കു വാങ്ങി മാതംഗിയെ അതിൽ കൂട്ടിച്ചുകൊണ്ടു ചെന്ന ശേഷം 'കുറച്ചു ദിവസത്തോളം നമുക്കിവിടെ പാൎക്കേണ്ടതുണ്ട്' എന്നു പറഞ്ഞു.

മാതംഗി:—നാട്ടിലേക്കിനി എന്നാണ് പോകുന്നത്?

രാ: മോ:—അവിടെ പോയാൽ നമുക്കു ദാരിദ്ര്യവും കഷ്ടനഷ്ടങ്ങളുമല്ലാതെ യാതൊരു സുഖത്തിനുമുള്ള മാൎഗ്ഗം കാണുന്നില്ല.

മാതംഗി അതിനെ എതിൎത്തു യാതൊന്നും ശബ്ദിച്ചില്ല.

## ഇരുപത്തിനാലാം അദ്ധ്യായം.

ഹരിഗഞ്ജ് വസുമതിപ്പുഴയുടെ തീരത്തിലുള്ള സാമാന്യം വലിയ ഒരു പട്ടണമായിരുന്നു. മധുർഘോഷിന്റെ ആവശ്യാൎത്ഥം അയാളുടെ ഒരു കാൎയ്യസ്ഥൻ കൂടക്കൂടെ അവിടെ വന്നുപോയിരുന്നു.

അയാളുടെ പേർ വിശ്വനാഥൻ എന്നായിരുന്നു. രാധാഗഞ്ചിന്നു സമീപമുള്ള ഒരു ചെറുഗ്രാമത്തിലാണ് അയാൾ പാർത്തുവന്നിരുന്നത്. കാഴ്ചയിലും കാര്യത്തിലും ഒന്നു നായകനായ അയാൾക്കു മുപ്പതോളം വയസ്സു പ്രായമുണ്ടായിരുന്നു. ഏതു പ്രകാരത്തിലും അയാളുടെ കണ്ണുകൾ [illegible] പ്രകാശിച്ചിരുന്നു. സാധാരണമായി പുറമേ [illegible] വാക്കുകൾ [illegible] കേട്ടാൽ കണ്ണുകൾ ഉരുട്ടി സൂക്ഷിക്കുന്ന [illegible] അയാളുടെ പതിവായിരുന്നു. [illegible] സുന്ദര [illegible] അയാൾ [illegible] സൗന്ദര്യശാലികളും [illegible] സ്വഭാവവും [illegible] അയാൾ സമ്പാദിച്ചിരുന്നു.

ഈ സുന്ദരൻ ഒരു പ്രധാന കാര്യത്തിനായിട്ടാണ് ഹരിഗഞ്ചിലേക്കു പുറപ്പെട്ടിരുന്നത്. ഇതേ അവസരത്തിൽത്തന്നെയായിരുന്നു രാജമോഹനും ഹരിഗഞ്ചിൽ പാർപ്പുറപ്പിച്ചത്. ഭൃത്യവേലക്കാരായ ആളുകളെ വിശ്വനാഥനെ സഹായത്തിനായി അവിടെ കണ്ടുപിടിക്കുന്നതിന്നും രാജമോഹന്റെ പുതിയ കുടിപ്പാർപ്പിന്നും ഇതിൽ എത്രയോ ഉപകാരപ്പെടുന്ന [illegible]. വിശ്വനാഥനും എത്രയോ [illegible] കാര്യങ്ങൾ സമ്പാദിച്ചിരുന്നു. [illegible] പലപ്പോഴും [illegible]. എന്നിട്ടും അയാൾ രാജമോഹനുമായി കൂട്ടുകൂടുവാൻ ശ്രമിച്ചിരുന്നു.

രാജമോഹൻ ഇതൊന്നും അത്ര ഗൗനിക്കുന്ന ഒരുവനല്ലായിരുന്നു. [illegible] പ്രത്യക്ഷമാകുന്നതുപോലെ അയാൾ വീട്ടിൽ [illegible] പതിവില്ല. എന്തെങ്കിലും ഒഴിച്ചുകൂടാത്ത ആവശ്യങ്ങൾ നേരിടുന്ന സന്ദർഭങ്ങളിലല്ലാതെ പകൽ സമയങ്ങളിൽ അയാൾ തന്റെ വീട്ടിൽനിന്നു പുറത്തിറങ്ങുന്ന പതിവും ഇല്ലായിരുന്നു. ദിവസവും രാത്രിയിൽ മാതംഗി നല്ല ഉറക്കത്തിലാകുന്ന സമയം [illegible] പുറത്തിറങ്ങി സഞ്ചരിച്ച് നേരം പ്രകാശമാകുന്നതിനു മുമ്പു മടങ്ങിയെത്തും. അതുകൊണ്ടു വീട്ടുവേലക്കാ

സഹായമായി മറ്റാരെയും ഏർപ്പെടുത്തിയിരുന്നില്ല. പുഴയിൽനിന്നും വെള്ളം കൊണ്ടുവന്നു കൊടുക്കുന്നതുപോലും അവളായിരുന്നു. യാതൊരു കാരണവശാലും മാതംഗിയെ വീട്ടു വിട്ടു പുറത്തു പോകുവാനും അനുവദിച്ചിരുന്നില്ല.

അവരുടെ വസതി നന്നേ ചെറുതായിരുന്നു. ഒരു കിടപ്പുമുറിയും ഒരടുക്കളയും മാത്രമേ അതിനുണ്ടായിരുന്നുള്ളൂ. തന്റെ ഉദ്ദേശത്തിനു വിപരീതമായി രാജമോഹനൻ കല്ക്കത്തക്കു പോകാതെ ഇവിടെ പാർപ്പിച്ചതിൽ ആദ്യം മാതംഗിക്കു പല സംശയങ്ങളും ജനിച്ചു. എന്നാൽ, അയാളുടെ പെരുമാറ്റങ്ങളിലും പ്രവൃത്തികളിലും യാതൊരു സംശയവും തോന്നായ്കയാൽ, ബന്ധുക്കളെ പിരിച്ചു താമസിക്കുന്നതിലുള്ള അസന്തുഷ്ടിയൊഴികെ ഇനിയെങ്കിലും സുഖമായി ജീവിതം നയിക്കാമെന്നു കരുതിയായിരിക്കാം ഇവിടെ താമസമാക്കിയതെന്നായിരുന്നു പരിശുദ്ധചിത്തയായ അവൾ വിചാരിച്ചത്. അവൾക്കീ വിചാരത്താൽ അളവറ്റ സന്തോഷവും ആശ്വാസവും ജനിച്ചിരുന്നു. സ്ഥലം വിട്ടിരുന്നാൽ ഈ ചെറുഗ്രാമം അവൾക്കു സ്വർഗ്ഗസമാനമായിരുന്നു. ഗൃഹത്തിനു മുൻപിൽ ഏറ്റവും അടുത്ത പ്രവഹിച്ചുകൊണ്ടിരുന്ന പുഴ, മിക്കവാറും അവസരങ്ങളിൽ ഒരു നല്ല പ്രദർശനമാണ് അവൾക്കു സമയം പോക്കുവാൻ ഉപകരിച്ചിരുന്നത്. എത്രയെത്ര തോണികളും ബോട്ടുകളുമാണ് അവളുടെ ദൃഷ്ടിപാതത്തെ ഭേദിച്ചു നദിയിലൂടെ പോയിരുന്നതെന്നുള്ളതിനു കണക്കില്ലായിരുന്നു. ചിലപ്പോൾ അവയെ അവൾ എണ്ണിനോക്കാറുമുണ്ടായിരുന്നു. യാത്രക്കാരേയും കൊണ്ടു കടവിൽ വന്നണയുന്ന തോണികളിൽനിന്നും കരക്കിറങ്ങുന്ന ആളുകളെ അവൾ ആർത്തിയോടുകൂടി നോക്കിക്കൊണ്ടുനില്ക്കും. അവരിൽ ആരും, തന്നെ അറിയുന്നവരായില്ലാത്തതുതന്നെ അവൾക്കു കൂടുതൽ സന്തോഷത്തെ ഉണ്ടാക്കി. എന്നാൽ, കു-ക്കളുടെ പഴയ സ്മരണകൾ അവളെ വല്ലാതെ പീഡിപ്പിക്കുകയും ചെയ്തിരുന്നു. പലപ്പോഴും കൊടുങ്കാറ്റുണ്ടാകാറുണ്ടായിരുന്നു. തോണികൾക്കും യാത്രക്കാർക്കും അപകടകരമായ കാറ്റു പുറപ്പെടുമ്പോൾ മാതംഗിയുടെ ഹൃദയമായിരുന്നു വേദനിച്ചിരുന്ന

ത്. അവളുടെ അസുഖത്തിനു ശമനം വരുന്നത് തോണികൾ സുരക്ഷിതരായി കരയണഞ്ഞശേഷമായിരുന്നു. വല്ല തോണിയും ചുഴലിയിൽപ്പെട്ടു കരപററുവാൻ ഞെരുക്കമായി കുഴങ്ങുമ്പോൾ അവൾ, തനിക്കുവന്ന അത്യാഹിതംപോലെ അതുകരുതി കരങ്ങൾഞെരിച്ചുകൊണ്ട് 'ദൈവമേ! അതിനു യാതൊരപകടവും പിണയാതെ നിർബ്ബാധം കരക്കുവന്നു ചേരേണമേ' എന്നാത്മാർത്ഥമായി പ്രാർത്ഥിക്കാറുണ്ടായിരുന്നു.

ഒരു ദിവസം അർദ്ധരാത്രിസമയം. ഭയങ്കരമായ കാററ്, കൊടുങ്കാററെന്നു പറയത്തക്കവണ്ണമില്ലായിരുന്നുവെങ്കിലും അതു മാതംഗിയുടെ ഗാഢനിദ്രയുടെ സന്ധിയായ മയക്കത്തെ തെളിയിച്ചു. അന്ധകാരത്തിന്റെ അധീനതയിൽ ആണ്ടിരിക്കുന്ന ബാഹിർഭാഗത്ത് കാററു മൂളൽ പാട്ടോടുകൂടിച്ചുററി അടിച്ചിരുന്നു. കാററിന്റെ ഈ ഇരമ്പൽ മാതംഗിയെ പരിഭ്രാന്തയാക്കിത്തീർത്തു. അവൾ പെട്ടെന്നു കിടക്കമേൽ എഴുന്നേററിരുന്നു. സമീപത്തു രാജമോഹനനെ കാണായ്കയാൽ അവളുടെ ഭയം ശതഗുണീഭവിച്ചു. വിളക്കു കത്തിക്കുവാനവൾ ഉത്സാഹിച്ചുവെങ്കിലും കൈവിറയലാൽ അവൾക്കതു സാധിച്ചില്ല. ഒരു വിധത്തിൽ അവൾ ധൈര്യമവലംബിച്ചുകൊണ്ടു അടുക്കളയുടെ വാതൽതുറന്നപ്പോൾ അവിടെയും ഇരുൾനിറഞ്ഞിരുന്നു. ഉള്ളിൽ നിറഞ്ഞിരുന്ന അന്ധകാരത്തെക്കാളും വെളിയിലത്തെ സ്ഥിതി ഭയങ്കരമായിരിക്കുമെന്നവൾ ഊഹിച്ചു. സാവധാനത്തിൽ കിളിവാതിൽ തുറന്നു അവൾ പുറത്തേക്കൊന്നു നോക്കിയതും ശക്തിയേറിയ ഒരു മിന്നൽപിണർ വ്യാപരിച്ചതും ഒന്നിച്ചുകഴിഞ്ഞു. അവളുടെ നയനങ്ങൾ താനെ അടഞ്ഞു. അടുത്ത ക്ഷണത്തിൽ അലറിയുയർന്ന ശബ്ദനികരത്തോടുകൂടിയ മേഘനാദവും പുറപ്പെട്ടു. പെട്ടെന്നവൾ വാതലടച്ചുശേഷം കതകിന്റെ മറവിൽനിന്നുകൊണ്ടു പുറത്തെ പ്രകൃതിയുടെ കോലാഹലങ്ങളെ ഉററുശ്രദ്ധിച്ചു. വീട്ടിന്റെ മുൻഭാഗത്ത് ഒരു തുറന്ന വരാന്തയുണ്ടായിരുന്നു. അതിന്റെ മുൻപിൽ വിശാലമായമുററവും. മുററത്തുനിന്നും പുറത്തേക്കിറങ്ങുന്നതു നിരത്തിലേക്കായിരുന്നു. മാതംഗി കതകിനടുത്തു ചെവികൊടുത്തു ശ്രദ്ധിച്ചു

കൊണ്ടു നില്ക്കുമ്പോൾ ആരോ പുറമെ രഹസ്യമായി സംസാരിക്കുന്ന ശബ്ദം കേട്ടു വാതിൽതുറക്കുവാൻ അവൾ ഉദ്യമിച്ചു അതു പുറമേ കൊളുത്തിട്ടു ബന്ധിച്ചിരുന്നതിനാൽ അതിന്നു സാധിച്ചില്ല. ഇതു തന്റെ ഭർത്താവിന്റെ കൌശലംതന്നെ ആയിരിക്കുമെന്നു കരുതി അവൾ കിടക്കമേൽ ചെന്നു് ചിന്താധീനയായി കിടന്നു.

കുറച്ചുകഴിഞ്ഞപ്പോൾ വാതൽ തുറക്കുന്ന ശബ്ദം കേട്ടു. തന്റെ ഭർത്താവു തിരിച്ചുവരികയാണെന്നു നിശ്ചയിച്ചു മാതംഗി ഗാഢനിദ്രയിൽ ലയിച്ചുകിടക്കുന്നവളെപ്പോലെ ഭാവിച്ചു. രാജമോഹനൻ നിശ്ശബ്ദമായി വാതലടച്ചുകിടന്നു.

പിറ്റെദിവസം മാതംഗി വളരെ മൌനത്തോടുകൂടിയിരുന്നു. അർദ്ധരാത്രയിൽ രാജമോഹനൻ എഴുനീറ്റു വിളക്കുകത്തിച്ചു നോക്കിയപ്പോൾ മാതംഗി നല്ല ഉറക്കത്തിൽ കിടക്കുകയാണെന്നു തോന്നി. അയാൾ മുറിവിട്ടു പുറത്തു കടക്കേണ്ട താമസം മാത്രമേ ഉണ്ടായിരുന്നുള്ളു. മാതംഗി എഴുനീറ്റു ശ്വാസമടക്കിപ്പിടിച്ചു ശ്രദ്ധിച്ചു. ഭർത്താവു വിട്ടുവിട്ടെവിടെക്കോ പോകയാണെന്നു മനസ്സിലായപ്പോൾ അയാൾ വീണ്ടും എതോ ദുഷ്കൃത്യത്തിൽ ഇടപെട്ടിട്ടുണ്ടെന്നവൾ ഊഹിച്ചു. 'ഹാ, ഇതിനാണോ ഇവിടേക്കു വന്നത്? മാധവന്നു് ഇനി എന്തൊക്കെ ആപത്തുകളാണാവോ വരുവാനിരിക്കുന്നത്?' എന്നിങ്ങിനെ പല ചിന്തകളും അവളുടെ ഹൃദയത്തിൽ ഉദിച്ചുപൊന്തി.

പിറ്റേദിവസം വൈകുന്നേരം വിശ്വനാഥനും രാജമോഹനനും പുറത്തെ വരാന്തയിൽ ഇരുന്നു് വളരെ താഴ്ന്ന സ്വരത്തിൽ സംസാരിച്ചുകൊണ്ടിരുന്നു അപ്പോൾ മാതംഗി മുറിക്കുള്ളിൽ വാതലിന്റെ വിടവിൽ ചെകിട്ടുവെച്ചു ശ്രദ്ധിച്ചു. എന്നാൽ, അവർ പറഞ്ഞതൊന്നും അവൾക്കു മനസ്സിലായില്ല. ഒരു തവണ 'മരണപത്രം' എന്ന വാക്കും പിന്നിടൊരുതവണ 'ഇന്നു നോക്കാം' എന്നവാക്കും മാത്രംകേട്ടു. അവസാനം 'നാളെ രാത്രിയിൽ വന്നേക്കുക' എന്നുപറഞ്ഞു രാജമോഹനൻ വിശ്വനാഥനെ പറഞ്ഞയച്ചശേഷം അകത്തേക്കു കടന്നുവരുന്നതറിഞ്ഞു മാതംഗി വേഗത്തിൽ അടുക്കളമുറിക്കുള്ളിൽ ചെന്നൊളിച്ചു.

രാജമോഹനൻ മാതംഗിയുടെ സമീപം വന്ന് 'ഞാൻ ബസാറിൽ പോയിവരാം. വാതലടച്ചേക്കുക. ജാഗ്രതയോടുകൂടിയിരിക്കണം' എന്നുപറഞ്ഞു പോയി. നേരവും ഇരുട്ടായിത്തുടങ്ങി. തന്നെക്കൂടി അന്വേഷിക്കൊള്ളാമെന്ന അർത്ഥത്തിൽ പുഴയുടെ കരത്തിലെങ്ങ സ്വരൂപം അവളെ വിളിക്കുന്നുണ്ടോ എന്നു തുറന്നിട്ടിരുന്ന വാതൽമാർഗ്ഗം പുഴയിലേക്കു നോക്കിക്കൊണ്ടിരുന്ന മാതംഗിക്കു തോന്നി. കുറച്ചുനേരമായി തന്നെ പീഡിപ്പിച്ചുകൊണ്ടിരുന്ന ചിന്തകളിൽനിന്നു വിരമിക്കുവാൻ അവൾ ശ്രമിച്ചു. അവൾ പുഴയിൽ പതിച്ചാൽ അവളുടെ സർവ്വദുഃഖവും കഴിയും. എന്നാൽ, മാധവലാഷിന്റെ സ്ഥിതിയോർത്തു അതു സഹിക്കുവാൻ മാതംഗിക്കു കഴികയില്ല. മാധവനെ രക്ഷിക്കാതിരിക്കയോ? ഒരിക്കലും അതു പാടില്ല. അവൾ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. മരണത്തെക്കാളും ജീവിച്ചിരിക്കുന്നതുതന്നെ സൗഖ്യമെന്നു ഉത്തരക്ഷണത്തിൽ അവൾക്കു തോന്നി. താൻ മരിക്കാനൊരുങ്ങിയതോർത്തവൾ ലജ്ജിച്ചു.

ഇതേ അവസരത്തിൽ വാതലിനു പുറമെ ആരോ 'അമ്മ!' എന്നു വിളിക്കുന്ന ശബ്ദം കേട്ടു മാതംഗി പരിഭ്രമത്തോടുകൂടി വാതൽ തുറന്നു. ആഗതൻ 'അമ്മേ! ഭയപ്പെടേണ്ട. എന്നെ അറിയുകയില്ലേ? ഭൂപസിംഗാണ് ഞാൻ. ഞാൻ മാധവബാബു പറഞ്ഞയച്ചു വന്നതാണ്. നിങ്ങൾ പോന്ന വർത്തമാനം അറിഞ്ഞു യജമാനന്റെ പത്നി അളവററ ദുഃഖത്തിൽ ആണ്ടു കിടപ്പിലാണ്. നിങ്ങളെ കണ്ടുപിടിക്കുവാനായി ഞാൻ കുറച്ചു ദിവസങ്ങളായി ചുററി അലഞ്ഞു നടക്കുന്നു. മധുർലേഷിന്റെ കാര്യസ്ഥനെ പിന്തുടർന്നാണ് ഞാൻ നിങ്ങൾ പാർക്കുന്ന ഈ സ്ഥലം സൂക്ഷ്മമായി കണ്ടുപിടിച്ചത്. രാജമോഹനൻ ഇവിടെ വന്നിരിക്കുന്നത് ഏതോ ഒരു വലിയ ദുഷ്ടോദ്ദേശത്തോടു കൂടിയാണ്. മാധവബാബുവിന്റെ മരണപത്രത്തെ അപഹരിക്കുവാൻ വേണ്ടിയാണ് ഇവരുടെ ശ്രമമൊക്കെ. നിങ്ങളൊന്നുകൊണ്ടും ഭയപ്പെടേണ്ട' എന്നു പറഞ്ഞു.

മാതംഗി തന്റെ തല്ക്കാലാവസ്ഥയെ പോലും മറന്നു 'മരണപത്രം എവിടെയാണിരിക്കുന്നത്?' എന്നു ചോദിച്ചു.

ഭൂപസിംഗ്:—മാധവബാബുവിന്റെ പ്രധാന വക്കീൽ ഗോകുലദാസ്സിന്റെ വക്കൽ അതിനെ ഏൽപ്പിച്ചിരിക്കയാണ്. അദ്ദേഹം ഈ ഹരിഗഞ്ചിൽ തന്നെയാണ് താമസവും.

പുറമെ നിരത്തിൽ നിന്നും ആരോ വരുന്നതായ കാൽപെരുമാററം കേട്ടു. അതു രാജമോഹനനായിരിക്കണമെന്നു കരുതി മാതംഗി ക്ഷണനേരത്തിൽ വാതലടച്ചു അടുക്കളയിലേക്കു പോയി. ഭൂപസിംഗ് ഇരുട്ടിൽ എവിടെയോ മറയുകയും ചെയ്തു.

## ഇരുപത്തി അഞ്ചാം അദ്ധ്യായം.

വക്കീൽ ഗോകുലദാസ്സിന്റെ വീട്ടിൽ അന്നു അതികേമമായ ഒരു വിരുന്നുസൽക്കാരമായിരുന്നു. അദ്ദേഹം പൂർണ്ണമനസ്സാലെ സാധാരണ ഇങ്ങിനെ വിരുന്നു സൽക്കാരം നടത്തുന്ന ആളാണെന്നു നിങ്ങളാരും വിചാരിച്ചുപോകേണ്ട. തക്കതായ പ്രതിഫലം തനിക്കില്ലാത്ത കാര്യത്തിൽ കാലണപോലും അദ്ദേഹം കൈ അയച്ചു വിടുകയില്ല. ഈ വിരുന്നിന്റെ ചെലവുകൾ ആരുടെ ചുമലുകളിൽ വീണിരിക്കുന്നതാണെന്ന് കരുതുന്നത്? കക്ഷികളുടെ ഹൃദയത്തിലെ രക്തം ചിന്തുന്നതുവരെ പിഴിഞ്ഞെടുത്തിട്ടു കിട്ടിയ പണംകൊണ്ടാണ് അന്നത്തെ സൽക്കാരം അദ്ദേഹം പൊടിപൊടിക്കുവാൻ തുടങ്ങിയത്. ഗോകുലദാസ്സെന്ന പേരു കേൾക്കുന്ന മാത്രയിൽ അന്നാട്ടുകാരുടെ മുൻപിൽ ഒരു തനിച്ച പിശാചിന്റെ സ്വരൂപം പ്രത്യക്ഷപ്പെടുക സാധാരണയായിരുന്നു.

അന്നത്തെ ഈ പ്രമാദമായ വിരുന്നിനു പ്രത്യേകകാരണമുണ്ടായിരുന്നു. അവിടത്തെ ജില്ലാജഡ്ജിക്കു സ്ഥലം മാററമായിരുന്നു. അദ്ദേഹത്തിനൊരു യാത്രയയപ്പു സൽക്കാരം ചെയ്യാനുള്ളതായിരുന്നു അത്. ഈ സൽക്കാരംകൊണ്ട് ഗോകുലദാസ്സിനു വലിയ ഉപകാരവും പെരുമയും ലഭിക്കുവാൻ മാർഗ്ഗമുണ്ടായിരുന്നു.

വക്കീലിന്റെ ഹൃദയം വളരെ സങ്കുചിതമായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഇരുനില ബംഗ്ലാവു അതിമനോഹരവും അനവധി ആളുകൾക്കു പെരുമാറത്തക്ക സൌകര്യമുള്ളതുമായിരുന്നു.

താഴത്തെ നിലയിൽ ആഫീസുമുറിയും കക്ഷികൾ വന്നാൽ ഇരിക്കുവാനുള്ള തളവും സാമാനങ്ങൾ സൂക്ഷിക്കുവാനുള്ള ചില മുറികളുമായിരുന്നു. മുകൾത്തട്ടിലും പിന്നിലുള്ള സ്ഥലത്തും വിട്ടുകാക്കു ധാരാളമായി പെരുമാററമായിരുന്നു. അന്നു വിരുന്നിൽ ധാരാളമാളുകൾ സംബന്ധിക്കുവാനുണ്ടായിരുന്നതിനാൽ വിശാലമായ മുകൾത്തട്ടാണു് അതിലേക്കുപയോഗിക്കുവാൻ തീച്ചയാക്കിയതു്. അതിനാൽ അവിടെയുണ്ടായിരുന്ന സകല സാമഗ്രികളും അടിത്തട്ടിലെ ആഫീസ്മുറിയിലേക്കു മാററംചെയ്തു. മാധവഘോഷിൻെറ മരണപത്രം ഭദ്രമായി സൂക്ഷിച്ചിരുന്ന ചെറിയ ഇരുമ്പുപെട്ടിയും ഇക്കൂട്ടത്തിൽ താഴത്തേക്കു കൊണ്ടുവന്നിരുന്നു.

വൈകുന്നേരമായതോടുകൂടി പൌരപ്രധാനികൾ, വക്കീലന്മാർ, ഉദ്യോഗസ്ഥന്മാർ തുടങ്ങി സ്ഥലത്തെ സകലമാന്യന്മാരും ന്യായാധിപതിയെ അനുമോദിക്കുവാനായി വക്കീൽ ഗോകുലദാസിൻെറ ഗൃഹത്തിൽ വന്നുകൂടി. ലസ്റ്റർഗ്ലാപ്പ്‌വിളക്കുകളുടെ പ്രകാശത്താൽ മാളികയുടെ രണ്ടാംനില പ്രശോഭിതമായിരുന്നു. ഒരു നല്ലപേർ ഇതോടുകൂടി കരസ്ഥമാക്കണമെന്നുള്ള കരുതലോടുകൂടി വക്കീൽ ആഘോഷങ്ങൾക്കു കൂടുതൽ പണം വ്യയംചെയ്തിരുന്നു. എല്ലാവരും ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോഴേക്കും സമയം അദ്ധരാത്രിയോടടുത്തിരുന്നു. ബാഹ്യലോകത്തെപ്പററി യാതൊരു ചിന്തയും കൂടാതെ അളവററ ആനന്ദത്തോടും സംഭാഷണങ്ങളോടുംകൂടി മേൽത്തട്ടിൽ അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ യാതൊരു ജീവജാലത്തിൻേറയും അനക്കമോ വെളിച്ചമോ ഇല്ലാതിരുന്ന അടിത്തട്ടിൽ എന്തു സംഭവിക്കുന്നു എന്നു നോക്കാം.

വക്കീലിൻെറ ബംഗ്ലാവിനു മുൻവശമുള്ള വൃക്ഷത്തിൻെറ ഇരുൾഛായയിൽ കറുത്ത ഒരു രൂപം മറഞ്ഞുനിന്നിരുന്നു. അധികം താമസിയാതെ മറെറാരു രൂപം ഗൃഹത്തിൽനിന്നും പുറത്തുവന്നു നാലുദിക്കിലും നോക്കിയശേഷം വൃക്ഷച്ചുവട്ടിൽ മറഞ്ഞുനിന്നിരുന്ന ആളിൻെറ സമീപമടുത്തു. അകത്തുനിന്നും പുറത്തേക്കുപോയ രണ്ടാമത്തവൻ വക്കീലിൻെറ ഒരു വേലക്കാരനായ നിമായി എന്നവനായിരുന്നു. വൃക്ഷച്ചുവട്ടിൽനിന്നിരുന്നയാൾ രാജമോഹനനും.

രണ്ടുപേരും സാവധാനത്തിൽ എന്തൊക്കെയോ സംസാരിച്ചു. ഈ അവസരത്തിൽ മുകളിൽ ഭക്ഷണത്തിരക്കും ചിരിയും ലഹളയുമായിരുന്നു. രണ്ടുപേരും സാവധാനത്തിൽ ഗൃഹത്തിനുള്ളിൽ കടന്നു. ആഫിസുമുറിയുടെ പുറമേ നിമായി കാവൽനിന്നു. രാജമോഹനൻ മുറിക്കകത്തു കടന്നു വിളക്കുകത്തിച്ചു കള്ളത്താക്കോലുപയോഗിച്ച് ഇരുമ്പുപെട്ടിയിൽനിന്നും ക്ഷണത്തിൽ മരണപത്രം കൈക്കലാക്കി. ഒന്നുരണ്ടു നിമിഷങ്ങൾക്കകം രാജമോഹനൻ ഈ കൃത്യം ഭംഗിയായി നിർവ്വഹിച്ചു. അയാൾ പുറത്തു വന്നു കാവൽക്കാരന്റെ കൈയിൽ പത്തു വെള്ളി ഉറുപ്പിക എണ്ണിക്കൊടുത്തശേഷം അതിവേഗത്തിൽനടന്നു.

—:o:—

## ഇരുപത്തി ആറാം അദ്ധ്യായം.

അടുത്ത ദിവസം നന്നേ രാവിലെ വിശ്വനാഥൻ രാജമോഹനന്റെ സമീപം വന്നു 'കാര്യം എങ്ങിനെയിരിക്കുന്നു? ജയിച്ചുവോ?' എന്നു ചോദിച്ചു.

'ഞാൻ ഇടപെടുന്ന കാര്യമാണോ ജയിക്കാതിരിക്കുക?'.

'അപ്പോൾ മരണപത്രം നിങ്ങളുടെ വക്കൽ കിട്ടി; അല്ലേ?'.

'അതിനെന്താണ് സംശയം?'.

'എവിടെ, നോക്കട്ടെ'.

'ആദ്യമായി, പറഞ്ഞ പണം എടുത്തു എണ്ണിവയ്ക്കൂ'.

'പണം ഇപ്പോൾ എന്റെ കൈവശമില്ല'.

'എന്നാൽ മരണപത്രവും ഇപ്പോൾ എന്റെ കൈവശമില്ല'.

'നിങ്ങൾ പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. മണപത്രം ഞാൻ നേരിൽ കണ്ടുവെങ്കിലല്ലേ നിങ്ങൾ പറയുന്നതു പരമാർത്ഥമാണെന്നു വിശ്വസിക്കുവാൻ തരമുള്ളൂ'.

'കാണുന്നതിലൊന്നും വിരോധമില്ല. പണം എപ്പോൾ തരുമെന്നാണുദ്ദേശിക്കുന്നത്?'.

'മധുർബാബു വന്നാലുടൻ'.

'അദ്ദേഹം എപ്പോൾ വരും?'.

'അടുത്ത ദിവസം ഉച്ചക്ക്. അദ്ദേഹത്തിന്റെ ബോട്ട് വരുമ്പോൾ പ്രത്യക്ഷം അറിയാം.'

രാജമോഹനൻ എഴുന്നേറ്റു തന്റെ മുറിക്കകത്തേക്കു കടന്നു. അപ്പോൾ മാതംഗി അവിടെ ഇരുന്നിരുന്നത് അയാൾക്കു വലിയ അസൌകര്യമായി. ഏതോ കാരണം പറഞ്ഞു അവളെ അടുക്കളയിലേക്കു പറഞ്ഞയച്ചു ശേഷം മറവുള്ള ഒരു സ്ഥലത്തു വെച്ചിരുന്ന മരണപത്രത്തെ പുറത്തെടുത്തു. കുറച്ചു നേരം എന്തോ കുറെ ആലോചിച്ചു ശേഷം കുറച്ചു നനഞ്ഞ മണ്ണെടുത്തു കശക്കി കൈയിലും കാലിലും തേച്ചു ശേഷം പുറത്തു വന്നു. നാലുദിക്കിലും നല്ലവണ്ണം സൂക്ഷിച്ചു ശേഷം മൽമുണ്ടിനിടയിൽ നിന്നും മരണപത്രത്തെ പുറത്തെടുത്തു 'ഇതു മണ്ണിൽ കുഴിച്ചു വെച്ചിരിക്കയായിരുന്നു. കഷ്ടകാലത്തിനു വല്ലവരും മോഷ്ടിച്ചു പോയ്ക്കളഞ്ഞുവെങ്കിലോ' എന്നു പറഞ്ഞു അതിനെ അയാൾ കാണിച്ചുകൊടുത്തു.

മരണപത്രം കണ്ടശേഷം വിശ്വനാഥൻ അവിടം വിട്ടു പോയി. അന്നു പകൽ മുഴുവനും രാജമോഹനൻ പുറത്തെങ്ങും പോയില്ല. മരണപത്രത്തെപ്പറ്റി വക്കീലിന്റെ പരിചാരകനായ നിമായി വല്ലവരോടും പറഞ്ഞ അതിന്റെ രഹസ്യം പുറത്തായേക്കുമോ എന്ന ഭയം അയാൾക്കു വേണ്ടുവോളമുണ്ടായിരുന്നു. ഖരാറനുസരിച്ചുള്ള പണം കൈയിൽ കിട്ടിയാലുടൻ മാതംഗിയൊന്നിച്ചു ആ സ്ഥലം വിട്ടുപോകണമെന്നായിരുന്നു അയാളുടെ ഉദ്ദേശ്യം. എന്നാലും ഭാഗ്യലക്ഷ്മി അയാളിൽ വിമുഖയായിരുന്നു.

അന്നു സന്ധ്യക്കുശേഷം മാതംഗി അയാളോടു പറഞ്ഞു:—

'ഇന്നിവിടെ അശേഷം ഉപ്പില്ലല്ലോ.'

'എന്ത്? ഇന്നലെയല്ലേ എണ്ണയും ഉപ്പും വാങ്ങിക്കൊണ്ടു വന്നത്. ഇതിനകം ഒക്കെ തീർന്നുപോയി എന്നോ?'

'ഉപ്പിരുന്നിരുന്ന കൽച്ചട്ടിയിൽ എണ്ണഭരണി കമിഴ്ന്നു പോയി.'

'എണ്ണഭരണി എങ്ങിനെ കമിഴ്ന്നു?'

'ഞാനെങ്ങിനെ അറിയും. പൂച്ചയോ മറ്റോ തട്ടിമറിച്ചിട്ടുണ്ടാവും.'

'എന്തിനു പൂച്ചയെ അകത്തു കടത്തി? നിന്നെക്കൊണ്ടുള്ള അനൎത്ഥം ചില്ലറയൊന്നുമല്ല'.

മാതംഗി സമാധാനമൊന്നും പറഞ്ഞില്ല. മൂപ്പനായ അയാളോടൊന്നും പറഞ്ഞിട്ടു ഫലമില്ലെന്നു കരുതിയോ അല്ലാത്തപക്ഷം പൂച്ചയുടെ മേൽ എന്തിനു പഴി ചുമത്തി എന്നു ചിന്തിച്ചിട്ടോ ആയിരിക്കാം അവൾ പ്രത്യുത്തരമൊന്നും നൽകാതിരുന്നത്. ബംഗാളി സ്ത്രീകളുടെ ഇടയിൽ പൂച്ചയെ അകാരണമായി പഴിക്കുന്നതു വലിയ പാപമാണെന്നൊരു സമ്പ്രദായം നടപ്പുണ്ടു. മാതംഗി കരുതിക്കൂട്ടി ഇങ്ങിനെ പൂച്ചയെ പഴി പറഞ്ഞതാണ്. അവൾ ഒരു മൂലയിൽ പതുങ്ങിനിന്നുകൊണ്ടു പറഞ്ഞു. 'ഇന്നൊരു ദിവസം ഉപ്പില്ലാതെ ഭക്ഷണം കഴിച്ചുകളയാം'.

രാജമോഹനൻ കോപിഷ്ഠനായിത്തീൎന്നു. 'നീ വേണമെങ്കിൽ പട്ടിണിപോലും കിടക്കുവാൻ മടിക്കാത്തവളാണ്. ഉപ്പില്ലാതെ ഭക്ഷണം കഴിക്കുവാൻ എന്നാൽ പ്രയാസമാണ്. ഉപ്പു വേണ്ടെന്നു വച്ചാൽ അതിന്നു പകരം നിന്റെ തല കൂട്ടിയാണോ ഭക്ഷണം കഴിക്കുക?'.

എന്തെങ്കിലും എതിൎത്തു പറഞ്ഞാൽ അയാൾക്കിനിയും കോപം വൎദ്ധിക്കുമെന്നവൾക്കറിയാമായിരുന്നു. എന്നാൽ, മറുപടി പറയാതിരുന്നാലോ അതും കഷ്ടം. ഹൈന്ദവവനിതകളെ മാൎദ്ദവമേറിയ മണ്ണിനോടുപമിക്കാം. അവരുടെ ഭൎത്താക്കന്മാർ പാത്രമുണ്ടാക്കുന്ന കുശവന്മാർ. അവർ എങ്ങിനെ ആ മണ്ണിനെ കരുപിടിപ്പിക്കുന്നുവോ അതേ വിധത്തിലെല്ലാം അതായിത്തീരും.

'വിരോധമൊന്നുമില്ല. ഇന്നത്തെ ഭക്ഷണം എന്റെ തല കൂട്ടിത്തന്നെയാകട്ടെ'. തെല്ലു ധൈൎയ്യത്തോടുകൂടി അവൾ പറഞ്ഞു.

രാജമോഹനനു എപ്പോഴും ഭക്ഷണം നല്ല സ്വാദുള്ളതായിരിക്കണമെന്നു നിൎബ്ബന്ധമുണ്ട്. 'ശനി പിടിച്ചവളേ! വാതൽ തുറക്കുക. ബസ്സാറിൽ പോയി ഉപ്പു വാങ്ങിക്കൊണ്ടുവരാം'. ഒരു പാത്രം കൈയിലെടുത്തുകൊണ്ടു അയാൾ നിന്നു പറഞ്ഞു:—'ഈ ദുഷിച്ച നാട്ടുവിട്ടു കഴിയുന്ന വേഗം പോയെങ്കിൽ മതിയായിരുന്നു. ഇങ്ങിനെ എത്രനാളാണ് ജീവിക്കുക'. അയാൾ പിറുപിറുത്തുകൊണ്ടു പുറത്തിറങ്ങി നടന്നു.

രാജമോഹനൻ പുറത്തേക്കിറങ്ങിയ മാത്രയിൽ മാതംഗിക്കു ഭൂപസിംഗിന്റെ വിചാരമായി. 'അയാളെ ഞാൻ എങ്ങിനെ വിശ്വസിക്കും? ലോകത്തെത്തന്നെ എനിക്കു വിശ്വാസമില്ല. വാസ്തവത്തിൽ വിശ്വസിക്കുവാൻ നിവൃത്തിയില്ലതന്നെ......എന്നാൽ അതൊന്നും ഇപ്പോൾ വിചാരിച്ചിട്ടു ഫലമില്ല. ഈ തരുണത്തിൽ അയാളെ വിശ്വസിക്കുകതന്നെവേണം. മാധവന്റെ ഉററ മിത്രംതന്നെ ആണല്ലോ. വിശ്വാസയോഗ്യമായിത്തന്നെ പെരുമാറിക്കൊള്ളും. ദുഷ്ടന്മാരായ ആ കള്ളന്മാരുടെ പിടിയിൽനിന്നും അദ്ദേഹത്തെ ഇയാൾ രക്ഷിക്കുകയില്ലേ? അയ്യോ സമയം അധികരിക്കുന്നുവല്ലോ. അയാൾക്കിപ്പോൾ ഇവിടെ വന്നുകൂടയോ?' എന്നിങ്ങിനെ അവൾ ഓരോന്നു ചിന്തിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ 'ട്ടക്ക്, ട്ടക്ക്' എന്നു വാതിലിന്മേൽ ആരോ തട്ടുന്ന ശബ്ദവും 'അമ്മാ!' എന്നുള്ള വിളിയും കേട്ടു.

രാജമോഹനൻ മരണപത്രം ഒളിച്ചുവച്ചിരിക്കുന്ന സ്ഥലം മാതംഗിക്കു നിശ്ചയമുണ്ടായിരുന്നു. അവൾ അതിനെ പെട്ടെന്നെടുത്തു വസ്ത്രത്തിൽ മറച്ചുപിടിച്ചുകൊണ്ടു അകത്തു ഇരുന്ന ഇരുപ്പിൽതന്നെ ഇരുന്നു 'ആരാണത്?' എന്നു ചോദിച്ചു.

'മാധവബാബുവിന്റെ എളിയ ഭൃത്യൻ ഭൂപസിംഗുതന്നെയാണ്' എന്നു വളരെ സാവധാനത്തിൽ മറുപടി പറഞ്ഞു.

മാതംഗിയുടെ ഹൃദയം കുളിർത്തു. വേഗം വാതൽതുറന്നു പുറത്തുവന്നു. ഭൂപസിംഗ് ദയനീയസ്വരത്തിൽ പറഞ്ഞു:—'എല്ലാം താറുമാറായി. മരണപത്രം കളവുപോയിരിക്കുന്നു. ഇനി മധുർഘോഷിന്റെ മദം ഒന്നുകൂടി വർദ്ധിക്കും. കേസ്സിൽ നമുക്കു തോൽവിപററി അയാൾ സകല സ്വത്തിന്നും അധിപതിയായിത്തീരുകയും ചെയ്യും.'

മാതംഗി ഇതു കേട്ടു അല്പനിമിഷം സ്തംഭിച്ചുനിന്നുപോയി. ഭൂപസിംഗ് വീണ്ടുംപറഞ്ഞു:—'അമ്മാ! ഈ ദുഃഖവർത്തമാനം അറിയിക്കുവാൻ വേണ്ടിമാത്രമാണു ഞാനിപ്പോൾ ഇവിടേക്കു വന്നത്. രാജമോഹനൻ പെട്ടെന്നുവന്നു എന്നുവരാം. ഞാൻ തിരിച്ചുപോകയാണ്. നാട്ടുമുഴുവൻ ഈ വർത്തമാനമൊ ഇപ്പോൾ കേൾ

പ്പാനുള്ള പോലീസുകാർ കള്ളനെ ഊൎജ്ജിതമായി അന്വേഷണം നടത്തുന്നുമുണ്ട്.'

ഇനി സമയം വൈകിച്ചാൽ കാൎയ്യമൊക്കെ അപകടമായിത്തീരുമെന്നും ഭൂപസിംഗിനെ പെട്ടെന്നു തിരിച്ചയക്കണമെന്നും കരുതി മാതംഗി അയാളോടു ചോദിച്ചു. 'ആ മരണപത്രം ഞാൻ നിങ്ങളുടെ പക്കൽ തന്നാൽ നിങ്ങറം യാതൊരു ചതിയും പ്രവൃത്തിക്കാതെ അതിനെ മാധവന്റെ പക്കൽ എത്തിക്കുമോ?'

'സത്യമായിട്ടും എത്തിക്കും. എന്റെ ജീവൻപോയാൽകൂടി അതെന്റെ കൈവിട്ടു പോകയില്ല.' ആനന്ദബാഷ്പ തൂകി അയാറം പറഞ്ഞു.

'അമ്മാ! ആ മരണപത്രം കൈവശം കിട്ടിയോ?'

'സമയം വളരെ വൈകുന്നു. അയാളിപ്പോറം വന്നേക്കും. കഴിയുന്ന വേഗത്തിൽ ഇവിടംവിട്ടു പോകണം. വഴിക്കു ദൈവം നിങ്ങളെ സഹായിക്കട്ടെ. വേഗം പോയ്ക്കൊള്ളുക.'

മാതംഗി മരണപത്രം ഭൂപസിംഗിന്റെ കൈക്കൽ കൊടുത്തു പെട്ടെന്നു വാതിലടച്ചു അടുക്കളമുറിയിലേക്കു പോയി.

## ഇരുപത്തേഴാം അദ്ധ്യായം.

പിറേറദിവസം രാജമോഹനൻ തന്റെ ഗൃഹത്തിലുള്ള ഒരു കിളിവാതിൽ തുറന്നിട്ടു അതിലൂടെ പുഴയിലേക്കുതന്നെ ഉററുനോക്കിക്കൊണ്ടിരുന്നു. ഒരു ചെറിയ ബോട്ടു ഹരിഗഞ്ചിനെ അഭിമുഖീകരിച്ചു വളരെ ദൂരത്തുനിന്നും വരുന്നതായി കാണപ്പെട്ടു. അതിന്റെ ആകൃതിയും ഭംഗിയുംകണ്ടു അതു മധുർഘോഷിന്റേതുതന്നെയാണെന്നു രാജമോഹനൻ തീച്ചയാക്കി. അപ്പോറംമാത്രമേ അയാളുടെ ചുററി അലഞ്ഞിരുന്ന മനസ്സ് യഥാസ്ഥാനത്തിരിപ്പുറപ്പിച്ചുള്ളു. 'ഈ ബോട്ടല്ല എനിക്കു ലഭിക്കേണ്ട ഒരു വലിയ സംഖ്യയെ വഹിച്ചുകൊണ്ടു വരുന്നത്? മധുർഘോഷ്തന്നെ അതു നേരിട്ടു തരുവാൻവേണ്ടി വരുന്നതായിരിക്കും സംശയമില്ല. ഈ വൻചിച്ച തുകയുമായി വേറെ എവിടെയെങ്കിലും പോയി മാതംഗി

യുമായി വളരെ സൌഖ്യമായി ജീവിക്കാം'. എന്നിങ്ങിനെ അയാൾ ഓരോന്നു ചിന്തിച്ചുകൊണ്ടിരുന്നു.

മുൻകൂട്ടിത്തന്നെ രാജമോഹനൻ ഹരിഗഞ്ചുവിട്ടു പോകുവാനായി ഒരു ചെറിയ തോണി വാടകക്കു ചോദിച്ചിട്ടുണ്ടായിരുന്നു. അയാൾ ഇങ്ങിനെ പുഴയിലേക്കു നോക്കിക്കൊണ്ടിരിക്കവേ ഒരു ചെറിയ തോണി കടവിൽ വന്നടുത്തു. തോണിക്കാരനെ കൂടാതെ അതിൽ മററാരുമുണ്ടായിരുന്നില്ല. രാജമോഹനൻ ആവശ്യപ്പെട്ട തോണിതന്നെയായിരുന്നു അത്. അയാൾ തോണിക്കാരന്റെ സമീപം ചെന്നു വാടക പറഞ്ഞുറപ്പിച്ചു. തോണിക്കാരൻ തോണി കടവിൽകെട്ടി ഭക്ഷണംകഴിക്കുവാനായുംപോയി. എന്നാൽ, രാജമോഹനന്റെ ഭാഗ്യമോ അയാൾ വിചാരിച്ചിരുന്നതിന്നു വിപരീതമായിട്ടാണു വന്നു കലാശിച്ചത്.

പകൽ കഴിഞ്ഞു ഇരുട്ടു വ്യാപരിച്ചതോടുകൂടി വിശ്വനാഥൻ രാജമോഹനന്റെ സമീപമെത്തി 'മധുർബാബു വന്നിരിക്കുന്നു' എന്നറിയിച്ചു. രാജമോഹനൻ അയാളെ വിശ്വാസലക്ഷണങ്ങൾ സ്ഫുരിപ്പിച്ചുകൊണ്ടു ഒന്നു നോക്കി. മരണപത്രവുമെടുത്തു നിങ്ങളെയും കൂട്ടിച്ചുകൊണ്ടുചെല്ലുവാൻ അദ്ദേഹം പറഞ്ഞിരിക്കുന്നു..' എന്നു വിശ്വനാഥൻ പറഞ്ഞു.

രാ: മോ:—അതു തല്ക്കാലം നടപ്പുള്ള കാര്യമല്ല. വിശേഷിച്ചു പബ്ലിക്കുറോഡിൽകൂടി അതും കൈയിലെടുത്തു പോകുന്നതു ശരിയല്ല.

വിശ്വ:—ഞങ്ങളെ നിങ്ങൾക്കു വിശ്വാസമില്ലേ? ഉറപ്പികയിലും വിശ്വാസമില്ലേ?

രാ: മോ:—എന്തായാലെന്ത്? നിങ്ങൾക്കു കാര്യം നേടിയാൽപോരെ? ഒരു കൈയിൽ ഉറപ്പിക എടുത്തുകൊള്ളുക. മരണപത്രം മറേറ കൈയിലും വാങ്ങിക്കൊള്ളുക.

വിശ്വ:—തരക്കേടില്ല. വിവരം ഞാൻ യജമാനനോടു ചെന്നു പറയാം. വിശ്വനാഥൻ പോയി അധികം താമസിയാതെ തന്നെ മടങ്ങിഎത്തി 'ഉറപ്പിക ഇതാ കൊണ്ടുവന്നിരിക്കുന്നു. മരണപത്രം വേഗം എടുക്കുക'.

രാജമോഹനൻ യാതൊന്നും സമാധാനം പറയുവാനൊരുങ്ങാതെ ആരെങ്കിലും ചുറ്റുപാടും നിന്നു നോക്കുന്നുണ്ടോ എന്നു പരിശോധിച്ചു. കൃഷ്ണപക്ഷമായിരുന്നതിനാൽ ചന്ദ്രൻ ഉദിച്ചിരുന്നില്ലെങ്കിലും നക്ഷത്രം നല്ലവണ്ണം പ്രകാശിച്ചിരുന്നതിനാൽ അത്ര നിബിഡമായ അന്ധകാരമുണ്ടായിരുന്നില്ല. അയാളുടെ കണ്ണുകൾ എത്താൻ കഴിവുള്ളിടത്തോളം അകലത്തിൽ ഇരുട്ടിനെയും ഭേദിച്ചു ചെന്നു. തനിക്ക യാതൊരാപത്തിനും വകയില്ലെന്നു മനസ്സിലാക്കി 'പണം എന്തുമാത്രം കൊണ്ടുവന്നിട്ടുണ്ട്?' എന്നു ചോദിച്ചു.

'രണ്ടായിരം ഉറുപ്പിക'.

'ശരിക, നോക്കട്ടെ'. എന്നു രാജമോഹനൻ പറഞ്ഞപ്പോൾ വിശ്വനാഥൻ ഒരു കെട്ട നോട്ടെടുത്തു അയാളെ കാണിച്ചു. ആരെയും പരിപൂർണ്ണമായി വിശ്വസിക്കാത്തവനും ഒന്നിലും ഈഷൽ തീരാത്തവനുമായ രാജമോഹനൻ തനിക്ക ചതി പറ്റരുതെന്നു കരുതി 'കെട്ടഴിച്ചു കാണിക്കുവാൻ' ആവശ്യപ്പെട്ടു. വിശ്വനാഥൻ നോട്ടിന്റെ കെട്ടഴിച്ചു തുറന്നു കാണിച്ചുകൊടുത്തു. രാജമോഹനൻ സംതൃപ്തനായി. അയാൾ ഉടൻതന്നെ തന്റെ കിടക്കക്കടിയിൽ സൂക്ഷിച്ചിരുന്ന മരണപത്രം എടുക്കുവാനായി മുറിക്കുള്ളിൽ കടന്നു. പരിശോധിച്ചതിൽ അതവിടെ കാണുന്നുണ്ടായിരുന്നില്ല. അയാളുടെ ഹൃദയം പതറിത്തുടങ്ങി. ഓർമ്മപ്പിശകാൽ മറ്റെവിടെയെങ്കിലും വെച്ചിട്ടുണ്ടായിരുന്നേക്കുമോ എന്നു കരുതി ആ മുറിമുഴുവൻ പരിശോധന നടത്തി. അതവിടെയെങ്ങാനും ഉണ്ടെങ്കിലല്ലേ കിട്ടുകയുള്ളൂ. പുരികം ചുളിച്ചു കുറച്ചുനേരം ആലോചിച്ചു. പെട്ടെന്നു ഓർമ്മ വന്നതുപോലെ അടുക്കളയിലേക്കോടിച്ചെന്നു. മാതംഗി അപ്പോൾ പാചകവൃത്തിയിൽ അതി ബദ്ധശ്രദ്ധയായിരിക്കയായിരുന്നു. രാജമോഹനൻ ക്രുദ്ധനായി ആ അവസരത്തിൽ അവളുടെ സമീപം ചെല്ലുമെന്നു അവൾക്കുതന്നെ നിശ്ചയമുണ്ടായിരുന്നു. 'എടി മാതംഗി!' എന്നയാൾ ഉറത്ത സ്വരത്തിൽ വിളിച്ചു. അവൾ അയാളുടെ മുഖത്തേക്ക സൂക്ഷിച്ചുനോക്കി. അയാൾ ഭയങ്കരസ്വരത്തിൽ 'മരണപത്രമെവിടെ?' എന്നു ചോദിച്ചു.

അയാളുടെ വായിൽനിന്നും ശബ്ദമൊന്നും പുറപ്പെട്ടില്ല. അവൾ നിർജ്ജീവിയെക്കണക്കെ നിലകൊണ്ടു. 'എടീ ദ്രോഹി! മാധവനെക്കുറിച്ചുള്ള ചിന്ത ഇനിയും നിന്നിൽനിന്നും വിട്ടൊഴിഞ്ഞിട്ടില്ലേ?' എന്നു വീണ്ടും ചോദിച്ചു.

തന്റെ ഹൃദയത്തിൽ എവിടെയോ മറഞ്ഞിരുന്ന ഏതോ മർമ്മസ്ഥാനത്തു രാജമോഹനൻ കുത്തിയതുപോലെ അയാളുടെ ആ ചോദ്യം അവളെ പുളകംകൊള്ളിച്ചു. പെട്ടെന്നവൾ വികാരത്തെ അടക്കി 'എനിക്കയാളിൽ ആശയുണ്ടെങ്കിൽ ഞാൻ എന്തിനാണു നിങ്ങളൊന്നിച്ചിവിടേക്കു വന്നത്? അതു നിങ്ങൾ മറന്നുകളഞ്ഞതെന്ത്?' എന്നവൾ സധൈര്യം ചോദിച്ചു.

'എടീ ദുഷ്ടേ! നീ ഇത്തരത്തിൽ ഇതിനു മുൻപു എത്രയോ പ്രാവശ്യം എന്റെ കണ്ണിൽ മണ്ണിട്ടിരിക്കുന്നു. ഇത്തവണയും നിന്റെ കമിതാവിനു എന്റെ പക്കൽനിന്നും അതു കളവു ചെയ്തു എങ്ങിനേയോ എത്തിച്ചിരിക്കുന്നു. നീ വിശ്വസ്തയാണെന്നു കരുതി ഞാൻ കഷ്ടത്തിലായി, നഷ്ടത്തിലുമായി. ഞാൻ എന്റെ പ്രാണനെപ്പോലെ സ്നേഹിക്കുന്ന പണത്തേക്കാളും കൂടുതലായി നിന്നെ സ്നേഹിച്ചു. ഇതാ ഇപ്പോൾ രണ്ടും എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. നിന്റെ പേരിലുള്ള സ്നേഹവും പണവും......' മാതംഗി അയാളിൽനിന്നും മുഖത്തെ മറച്ചുകളഞ്ഞു. രാജമോഹനൻവീണ്ടും പറഞ്ഞു:—'നിന്റെ അന്ത്യദിനം ഇന്നാണ്.'

മാതംഗി രാജമോഹനനെ തിരിഞ്ഞുനോക്കാതെ പറഞ്ഞു. 'എനിക്കും ഈ നരകീയ ജീവിതത്തിൽ ഒട്ടും അഭിനിവേശമില്ല. വെറുതെ എന്നെ കൊന്നപാപം നിങ്ങളെന്തിനു വലിച്ചുവെക്കുന്നു. ഞാൻതന്നെ മരിച്ചു സായൂജ്യമടഞ്ഞുകൊള്ളാം.'

രാജമോഹനൻ പല്ലുകൾ ഉരുമിക്കൊണ്ടൊന്നു ചിരിച്ചു. 'വേണ്ട. നീ ആത്മഹത്യചെയ്യേണ്ട. നിന്നെ എന്റെ കൈകൊണ്ടുതന്നെ കൊന്നാലെങ്കിലേ എനിക്കു സംതൃപ്തിയാകയുള്ളു. എടീ ദുഷ്ടേ! ഞാൻ നിന്റെ പേരിൽ എത്രയോ സ്നേഹബദ്ധനായിരുന്നു. നീ എല്ലാം നശിപ്പിച്ചു. പാപി, ചണ്ഡാലി.' എന്നു പറഞ്ഞുകൊണ്ടു അയാൾ അവളുടെ സമീപമടുത്തു. തന്റെ സമീപം

യമസമാനനായി അയാൾ വന്നു നില്ക്കുന്നതു കണ്ടപ്പോൾതന്നെ അവളുടെ ബാക്കി ശേഷിച്ചിരുന്ന ധൈര്യവും അസ്തമിച്ചു. അയാൾ കാലുയൎത്തി അവളെ ചവിട്ടുവാനോങ്ങിയപ്പോൾ അവളറിയാതെ തന്നെ അവളുടെ ശരീരം ഒന്നു ചുരുങ്ങിവശായി. അയാളുടെ ചവിട്ടു ചെന്നേററതു അടുപ്പിൽ തിളച്ചുകിടന്നിരുന്ന ചോറവ പാത്രത്തിലായിരുന്നു. പാത്രം മറിഞ്ഞു തിളച്ച കഞ്ഞി അവളുടെ പാദങ്ങളിലൂടെ ഒഴുകി. അയാൾ അവളെ വീണ്ടും ഉപദ്രവിക്കുവാൻ കൈ പൊന്തിച്ചു. അപ്പോൾ അവൾ പുറപ്പെടുവിച്ച ദയനീയ രോദനം ഏതോ മന്ത്രശക്തിയാലെന്നവണ്ണം അയാളെ അതേ നിലക്കു നിൎത്തിക്കളഞ്ഞു.

ഈ അവസരത്തിൽ വിശ്വനാഥൻ പുറത്തുനിന്നു് 'രാജമോഹനബാബു! സമയം വൈകുന്നു; വേഗം വരിക' എന്നു വിളിച്ചു. രാജമോഹനൻ അതിന്നു യാതൊന്നും മറുപടി പറഞ്ഞില്ല. 'ലഹളയൊക്കെ പിന്നീടാകാം. ആദ്യമായി കാൎയ്യങ്ങൾ കലാശിക്കട്ടെ. എത്ര സമയമാണു ഞാനിങ്ങിനെ ഇവിടെ കാത്തിരിക്കുക? എന്നയാൾ വീണ്ടും പറഞ്ഞു.

മാതംഗിയെ ലക്ഷ്യമാക്കി ഉയൎത്തിയ കരം അയാൾ താഴ്ത്തി ഇട്ടു. അപ്പോൾ അയാൾക്കെന്തോ ഒരു യുക്തി തോന്നി. ക്ഷണത്തിൽ അയാൾ അടുക്കളവിട്ടു പുറത്തേക്കിറങ്ങി.

പുറമേ വിശ്വനാഥന്റെ സമീപത്തായി ഒരു മൺവിളക്കു നിഷ്പ്രഭമായി കത്തിക്കൊണ്ടിരുന്നിരുന്നു. എണ്ണ തീൎന്നുപോകയാൽ അതു അണഞ്ഞുപോകുമെന്ന ഘട്ടത്തിൽ എത്തിയിരുന്നു. വിശ്വനാഥനു കുറേശ്ശെ ഭയവും ജനിച്ചുതുടങ്ങിയിരുന്നു. ചുററിലുമുള്ള അന്ധകാരം ഒരു ഭയങ്കരസത്വരൂപമെടുത്തു തന്നെ ഭക്ഷിക്കുവാനണയുന്നതുപോലെയും അയാൾക്കു തോന്നി. അപ്പോഴേക്കും രാജമോഹനൻ അയാളുടെ സമീപമെത്തി. 'മരണപത്രം വളരെ ആഴത്തിൽ കുഴിച്ചിട്ടിരിക്കയായിരുന്നുവോ?' എന്നയാൾ ചോദിച്ചു.

രാജമോഹനൻ അതിന്നു യാതൊന്നും സമാധാനം പറയാതെ അയാളുടെ മേൽപാഞ്ഞുവീണു് തള്ളിമറിച്ചു താഴത്തിട്ടു നെ

ഞ്ഞിൽകയറി കഴുത്തിൽപിടിച്ചു ശക്തിയായി അമൎത്തി. ഏതാനും നിമിഷത്തിനുള്ളിൽ വിശ്വനാഥന്റെ ആത്മാവു പരലോകം പ്രാപിച്ചു.

രാജമോഹനൻ വിശ്വനാഥന്റെ മൃതശരീരത്തിൽനിന്നും താഴത്തിറങ്ങി അയാളുടെ പക്കലുണ്ടായിരുന്ന നോട്ടുകൾ തെരഞ്ഞു തുടങ്ങി. ഈ അവസരത്തിൽ രാജമോഹനന്റെ പിന്നിൽകൂടി രണ്ടു കരങ്ങൾ അയാളുടെ ചുമലുകളിൽ പതിഞ്ഞു പിന്നാക്കം വലിച്ചു. എന്നാൽ മലമ്പാട്ടിലെ ശുനയുടെ മുമ്പിലുണ്ടോ സാധു പശുക്കുട്ടി നില്ക്കുന്നു. പിടിച്ചൊന്നും രാജമോഹനൻ വകവെച്ചില്ല. അയാൾ നോട്ടിൻകെട്ടുമായി ഓടാനാഞ്ഞു. അടുത്തതന്നെ മാതംഗി നില്ക്കുന്നതുകണ്ടു 'നീ എന്തിനിവിടെ വന്നു?' എന്നു സഗൗരവം ചോദിച്ചു.

അയാൾ മാതംഗിയുടെ കരങ്ങൾ ബലമായി പിടിച്ചു. കൊലപാതകിയുടെ സ്പൎശനവേളയിൽ തന്നെ അവളുടെ ശരീരം വിറച്ചു. ഇരുട്ടിൽ സ്ഥിരമായ മിന്നൽ പോലെ അവൾ നിന്നു. അവളുടെ ദിവ്യതേജസ്സിൽ ആ ദുഷ്ടന്റെ കണ്ണുകൾ നിഷ്പ്രഭങ്ങളായി അടഞ്ഞു. അയാളുടെ കരം മാതംഗിയിൽ നിന്നും താനേതാനെ വേൎപെട്ടു.

## ഇരുപത്തി എട്ടാം അദ്ധ്യായം.

അവരിരുവരും തോണിയിൽ കയറുമ്പോൾ ആകാശത്തിന്റെ അടിത്തട്ടിൽ നിന്നും ഛിന്നഭിന്നമായ മുകിൽമാലകൾ ഉയൎന്നുപൊങ്ങി തടിച്ചു കൂടിയിരുന്നു. തോണിക്കാരൻ അതിനെ നല്ലവണ്ണം നോക്കിയ ശേഷം 'ബാബു! നേരവും അസമയമായിത്തുടങ്ങിയിരിക്കുന്നു' എന്നു പറഞ്ഞു.

രാ: മോ:—ഒന്നും പേടിക്കാനില്ല. വേഗം തോണി വിടുക.

അവരുടെ തോണി ഇരുണ്ട പുഴയിൽകൂടി യാത്രയാരംഭിച്ചു. ആകാശത്തിൽ മേഘജാലങ്ങൾ അടിക്കടി ഒരുമിച്ചുകൂടുന്നതു കണ്ടു തോണിക്കാരൻ 'യജമാനൻ! ഭയപ്പെടേണ്ടതായിട്ടാണിരിക്കുന്നത്'.

കാററാരംഭിക്കുന്ന ലക്ഷണമാണ് കാണുന്നത്. കാററു വന്നാൽ യാതൊരു രക്ഷയുമില്ല. എന്നു വളരെ ഭയത്തോടുകൂടി പറഞ്ഞു.

രാജമോഹനൻ ഇതൊന്നും അത്ര ശ്രദ്ധിച്ചില്ല. യാത്രക്കാർ രണ്ടുപേരും അവരവരുടെ മനസ്സിലുദിച്ചുപൊന്തിയിരുന്ന ക്ലേശങ്ങളിൽ ലയിച്ചുവശായിരുന്നു. കുറച്ചുനേരം ഇങ്ങിനെ കഴിഞ്ഞു. മാതംഗി എഴുന്നേററു തോണിയുടെ തലക്കലായി പടിയുടെ വക്കിന്മേൽ കയറി ആകാശത്തിൽ നോക്കിക്കൊണ്ടിരുന്നു. രാജമോഹനൻ അവളോടു അവിടെ നിന്നും എഴുന്നേററു തന്റെ സമീപം വന്നിരിക്കുവാൻ എത്രതന്നെ നിർബ്ബന്ധിച്ചിട്ടും അവൾ അതു കേട്ടഭാവം പോലും നടിച്ചില്ല. ഭർത്താവിന്റെ മുഖത്തെക്കാളും പ്രകൃതിയുടെ ഇരുണ്ട മുഖമാണ് അവൾക്കു ഇഷ്ടമായി തോന്നിയത്.

രാജമോഹനൻ വീണ്ടും നിനക്കവിടെ എന്താണ്? ഇവിടെ വന്നിരിക്കുക' എന്നവളെ വിളിച്ചു.

'സാധിക്കയില്ല' എന്നവൾ സധൈര്യം മറുപടി പറഞ്ഞു. രാജമോഹനൻ ഇരിപ്പിടത്തിൽ നിന്നും എഴുന്നേററു അവളുടെ സമീപം വന്നു. ഒരു പക്ഷെ, അവൾ നദിയിൽ ചാടി ആത്മഹത്യ ചെയ്തുകളഞ്ഞേക്കുമോ എന്നായിരുന്നു അയാളുടെ ഭയം. അയാൾ എന്തുതന്നെ പറഞ്ഞിട്ടും അവൾ അതൊന്നും കൂട്ടാക്കാതെ നദിയിലെ ഇരുട്ടിൽതന്നെ ഉററു നോക്കിക്കൊണ്ടു മൌനമായിരുന്നു. അവൾ ഒരുപക്ഷെ, തന്റെ ദയനീയാവസ്ഥയെക്കുറിച്ചു വസുമതിയോടു സാവധാനത്തിൽ പറയുകയായിരിക്കുമോ? ഓരോ നാഴികയിലും അവൾക്കു ജീവിതത്തിൽ വിരക്തി തോന്നിക്കൊണ്ടുമിരുന്നു. തന്റെ കഷ്ടാനുഭവങ്ങൾ ഓരോന്നും അനുനിമിഷം അവളുടെ ഹൃദയവീചികളിൽ കൂടി പാഞ്ഞുമറഞ്ഞു പൊയ്ക്കൊണ്ടിരുന്നു. അവളുടെ ഈ ഇരിപ്പിൽ രാജമോഹനനു തെല്ലും വിശ്വാസമില്ലായ്കയാൽ അയാൾ വീണ്ടും 'മാതംഗി!' എന്നു വിളിച്ചു. അവളുടെ ശരീരത്തിൽ രോമാഞ്ചമുണ്ടായി. അവൾ അവിടെനിന്നും എഴുന്നേററു തോണിയുടെ മദ്ധ്യത്തിൽനിന്നു. അപ്പോൾ തോണിക്കാരൻ പരിഭ്രമത്തോടുകൂടി 'അമ്മോ! തോണി മറിയും ഇരിക്കുക' എന്നുച്ചത്തിൽ പറഞ്ഞു. രാജമോഹനൻ അവളുടെ ഉടുപുടയിൽ

ശക്തിയായി കടന്നുപിടിച്ചു. അവൾ വിസമ്മതം ഭാവിച്ചു പിടി വിടുവിക്കുവാനും ശ്രമിച്ചു. അയാൾ പിടി ഒന്നുകൂടി ബലപ്പെടുത്തിക്കൊണ്ടു 'നിന്നെ ഞാൻ ഒരിക്കലും വിടുകയില്ല' എന്നു പറഞ്ഞു വീണ്ടും അയാൾ വസ്ത്രാഞ്ചലത്തിലെ പിടി വിടുർത്തുവാൻ ഉത്സാഹിച്ചു 'നീ ആത്മഹത്യ ചെയ്യരുത്. മാതംഗി! ഞാൻ ഇനി നിനക്കു എന്റെ ജീവിതത്തിൽ യാതൊരു ദ്രോഹവും ചെയ്യുകയില്ല' എന്നു കേണു പറഞ്ഞു.

'നാം രണ്ടാളും ഇനി ഒന്നായി ജീവിക്കുക അസാദ്ധ്യമാണ്' മാതംഗി പറഞ്ഞു. രാജമോഹനനു തെല്ലു കോപമുണ്ടായി. കുറച്ചുനേരം മൌനമായിരുന്ന ശേഷം പറഞ്ഞു:—മാതംഗി! ഞാൻ ചെയ്ത കഠിനകൃത്യങ്ങളെല്ലാം നീ സൌഖ്യമായിരുന്നു കാണുവാൻ ആശിച്ചു മാത്രമായിരുന്നു. വാസ്തവത്തിൽ അതെല്ലാം നിന്റെ നന്മയെ ഒന്നിനെ പുരസ്കരിച്ചു മാത്രം. ആ സ്ഥിതിക്കു നീ എന്തിയാണ് മരണസന്നദ്ധയാകുന്നത്. അയ്യോ! മാതംഗി! നീ ഒരിക്കലും ആത്മഹത്യക്കു മുതിരരുത്'. കുറ്റം ചെയ്ത ഹൃദയമുണ്ടോ തപിക്കാതിരിക്കുന്നു? അയാളുടെ മനസ്സു വളരെ വേദനിച്ചു.

മാതംഗി അതിനും യാതൊന്നും മറുപടി പറയാതെ തോണിയുടെ ഒരു ഭാഗത്തായി ഒതുങ്ങി ഇരുന്നു. അയാൾ അവളുടെ ചുമലിൽ കൈവെച്ചുകൊണ്ടു 'നിന്നെ ഞാൻ മരിക്കുവാൻ സമ്മതിക്കുകയില്ല' എന്നു പറഞ്ഞു.

ഒരു പാമ്പിനെ തൊട്ടാൽ ശരീരത്തിനു ഏതൊരവസ്ഥയാണോ ഉണ്ടാകുന്നത് അതുതന്നെയായിരുന്നു രാജമോഹനന്റെ കരസ്പർശനവേളയിൽ അവൾക്കുമുണ്ടായത്.

'മാതംഗി! ഞാൻ പറയുന്നതു കേൾക്കുക. നിന്നെ സൌഖ്യമായി പാർപ്പിക്കണമെന്നു കരുതി മാത്രമാണ് ഞാൻ ഈ വക നീചകൃത്യങ്ങളിൽ ഏർപ്പെട്ടത്'.

'നിങ്ങളുടെ അക്രമങ്ങളായ തൊഴിലുകൾ എന്നെന്നേക്കുമായി നശിക്കട്ടെ. എനിക്കുത്തമമായിട്ടുള്ളത് മരണംതന്നെയാണ്'.

'അയ്യോ, വേണ്ട. വ്യസനപൂർവ്വം ദൈവത്തോടു പ്രാർത്ഥിച്ചാൽ അദ്ദേഹം തന്റെ തെറ്റുകൾ പൊറുത്തു മാപ്പു നൽകും. നീ എന്നെ തിരിഞ്ഞുപോലും നോക്കുകയില്ലേ?'

കൊടുങ്കാററിന്റെ ആരംഭം കണ്ടുതുടങ്ങി. അപ്പോഴത്തെ പ്രകൃതി അത്യന്തം ദാരുണമായിരുന്നു. രാജമോഹനൻ പരിഭ്രാന്തനായിത്തീൎന്നു. 'തോണിക്കാരാ! ഏതു വിധത്തിലും തോണി കരക്കണക്കുവാൻ ശ്രമിക്കുക. അല്ലെങ്കിൽ അപകടം നേരിട്ടേക്കും' എന്നയാൾ ദയനീയസ്വരത്തിൽ പറഞ്ഞു.

'കര ഏതു ഭാഗത്താണെന്നുപോലും കാണുന്നില്ല'. എന്നു വ്യസനസ്വരത്തിൽ അവൻ മറുപടി പറഞ്ഞു.

സ്വതേതന്നെ തിരമാലകൾ അടിച്ചുതമ്മിയിരുന്ന പുഴയിൽ കാററിന്റെ അലകളുംകൂടി ചേൎന്നു തകിടംമറിച്ചുതുടങ്ങി. തോണി ഒഴുക്കിൽ പെട്ടു വേഗത്തിൽ നീങ്ങിക്കൊണ്ടിരുന്നു. രാജമോഹനന്റെ സ്വപ്നവേളകളിൽ മാതംഗിയുടെ ശരീരം എങ്ങിനെ നടുങ്ങി വിറച്ചിരുന്നുവോ അതുപോലെ ആ ചെറുതോണിയും കാററിലും അലയിലും വിറച്ചുതുടങ്ങി. 'കരപിടിച്ചു പോകുക' എന്നു രാജമോഹനൻ തോണിക്കാരനോടു പറഞ്ഞു.

'മേഘങ്ങൾ തിരണ്ടു കയറുമ്പോൾ തന്നെ ഞാൻ പറഞ്ഞുവല്ലോ. നിങ്ങൾ സമ്മതിക്കാഞ്ഞിട്ടല്ലേ. ഇപ്പോൾ 'കര, കര' എന്നു നിലവിളിച്ചിട്ടെന്താണ് ഫലം?. കര കാണാൻ കഴിഞ്ഞെങ്കിലല്ലേ എന്തെങ്കിലും ചെയ്യുവാൻ തരമാകയുള്ളു?'.

പെട്ടെന്നു ഭയങ്കരമായ ഒരു മിന്നലുണ്ടായി. അതിന്റെ പ്രകാശത്താൽ കര അടുത്തുതന്നെ ഉണ്ടെന്നു രാജമോഹനൻ കണ്ടു. അവൎക്കു മുമ്പിലായി ഒരു വലിയ തോണി പോയ്ക്കൊണ്ടിരിക്കുന്നതും അയാൾ കാണുകയുണ്ടായി. മാതംഗിയും അതു ദൎശിച്ചു. ആകാശത്തിൽ അനേകായിരം ഇരിമ്പുഗുണ്ടുകൾ ഒന്നായി വന്നു വീഴുന്നതുപോലെ ഭയജനകമായ ഒരിടിനാദം പുറപ്പെട്ടു. കാററും ഹുങ്കാരധ്വനിയോടുകൂടി അടിച്ചുവീശി. ആ ചെറു തോണി ആലിലപോലെ തുള്ളിച്ചാടി. 'ജാഗ്രതയായിരിക്കണം. തോണി മറിയുമെന്നാണ് തോന്നുന്നത്?' എന്നു തോണിക്കാരൻ മുന്നറിപ്പു കൊടുത്തു. മാതംഗിയെ വിട്ടു രാജമോഹനൻ നോട്ടുകൾ കെട്ടിവച്ചിരുന്ന തന്റെ സഞ്ചി എടുക്കുവാനായി ആദ്യം ഇരുന്നിരുന്ന

സ്ഥലത്തേക്കു നീങ്ങി. അതേ ക്ഷണത്തിൽ ആ ദുഷ്കരമായ വാഹനം നദിയിലേക്കു മറിഞ്ഞു.

*   *   *   *   *

രാജമോഹനൻ എങ്ങിനെയോ ക്ഷണത്തിൽ നീന്തി കരകയറി. അയാൾ ആ ഇരുട്ടിൽ തോണി മുങ്ങിയ സ്ഥലത്തെത്തന്നെ ഉററുനോക്കിക്കൊണ്ടു വളരെനേരം അളവററ ദുഃഖത്തോടുകൂടി നിന്നു. അത്യുന്നതങ്ങളായ തിരമാലകളും ഭയങ്കരമായ കാററിൻെറ ഗർജ്ജനവും ഇടക്കിടെയുള്ള മിന്നൽപ്രകാശവും ഒക്കെക്കൂടി ആ രംഗം ബഹു വിചിത്രമായിരുന്നു. എന്തുതന്നെയായിട്ടും രാജമോഹനൻെറ ശ്രദ്ധേയമായ നോട്ടം ആ നദിയിലേക്കുതന്നെയായിരുന്നു. അയാളുടെ രണ്ടു ഐശ്വര്യനിധികളും വസുമതിയിൽ ലയിച്ചു. 'മാതംഗി!' എന്നയാൾ ഉച്ചത്തിൽ വിളിച്ചു. കാററിൻെറ ഇരമ്പലായിരുന്നു അയാൾക്കതിനു മറുപടി നൽകിയത്. 'എന്തിനാണീ പാപകൃത്യത്തിനു മനസ്സുവെച്ചത്?' എന്നു തന്നോടുതന്നെ ചോദിച്ച് അയാൾ ഖേദിച്ചു. നുരയും പതയും നദീതീരത്തിൽ അടിച്ചുകയറി. അതുംനോക്കി കുറച്ചുനേരം അയാൾ അവിടെത്തന്നെ നിന്നു. ആ അന്ധകാരത്തിൽ മാതംഗിയെ അയാൾ എവിടെയാണു തെരയുക? 'ശരി, അവൾ ജീവനോടുകൂടിത്തന്നെ ഇരിക്കുന്നുണ്ടായിരിക്കും. അവളെപ്പോലുള്ള ദിവ്യതേജോധനങ്ങൾ ഇരുളിൽ ഒളിഞ്ഞുപോകയോ? അവൾ തീർച്ചയായും തിരിച്ചുവരും.' എന്നിങ്ങിനെയുള്ള വിചാരങ്ങൾ രാജമോഹനൻെറ ഹൃദയത്തിൽ അടിക്കടി പാഞ്ഞുകേറിക്കൊണ്ടിരുന്നു.

കുറെ ദൂരത്തിൽ ഒരു വലിയ തോണിയുടെ ഇരുണ്ട ഛായ സാവധാനത്തിൽ പോയിമറഞ്ഞു. അതിലെ ഒരു ഭാഗത്തെ മുറിയിൽ എരിഞ്ഞുകൊണ്ടിരുന്ന ദീപത്തിൻെറ പ്രതിഛായ ജലത്തിൽ നിഴലിച്ചു കണ്ടിരുന്നു.

# ഇരുപത്തൊമ്പതാം അദ്ധ്യായം.

അന്നത്തെ അന്തിമവേള അത്ര മനോഹരമല്ലായിരുന്നു. ഇടിയും മഴയും ഇടവിടാതെ ഉണ്ടായിക്കൊണ്ടിരുന്നു. അതിനെത്തുടർന്ന് തണുത്ത കാററും അത്യധികം അസഹ്യതയെ ജനിപ്പിച്ചിരുന്നു. മേജർഘോഷ് ഏകനായി തന്റെ ബംഗ്ലാവിന്റെ പുറത്തെ മുറിയിൽ വിചാരാധീനനായി സ്ഥിതിചെയ്യുകയായിരുന്നു. കാററും മഴയും തെല്ലൊന്നു ശമിച്ചപ്പോൾ ആരോ ചൂളം വിടുന്ന ശബ്ദം കേട്ടു. രണ്ടുമൂന്നു പ്രാവശ്യം ആ ശബ്ദം കേട്ടശേഷം മാത്രമേ അയാൾക്കു ശരിയായ പ്രജ്ഞയുണ്ടായുള്ളു. തനിക്കേറെയും സുപരിചിതമായ ഈ ശബ്ദം പുറപ്പെട്ട സ്ഥലത്തേക്കു പോകുന്നതിൽ ആദ്യം അത്ര മനസ്സുവന്നില്ല. എന്നാൽ, വീണ്ടും ആ ശബ്ദം മുഴങ്ങിയപ്പോൾ എന്തോ അപകടം നേരിട്ടിട്ടായിരിക്കണം തന്നെ ഇങ്ങിനെ വിളിക്കുന്നതെന്നു കരുതി അയാൾ ഇരിപ്പിടം വിട്ടെഴുന്നേററു. കാററും മഴയും പരിഗണിക്കാതെ പല ദ്രോഹകൃത്യങ്ങൾക്കും കൂട്ടുകാരായിത്തീർന്നിരുന്ന ആ ഇരുളടഞ്ഞ കിടങ്ങിലേക്കു അയാൾ പുറപ്പെട്ടു.

പുറമെ വൃക്ഷച്ഛായയിൽ പതുങ്ങിനിന്നിരുന്ന ആൾ കള്ളത്തലവനായ സർദാരാണെന്നറിഞ്ഞ മേജർഘോഷ് അയാളുടെ സമീപം ചെന്നു് 'വീണ്ടും നിനക്കെന്താണിവിടെ ജോലി?' എന്നു അധികാരസ്വരത്തിൽ ചോദിച്ചു.

'പ്രഭോ! ദേഷ്യപ്പെടരുതേ. വിധി കർമ്മങ്ങളിന്നു തടസ്സപ്പെടുത്തുകയാൽ ഞങ്ങളാൽ അക്കാര്യം നിർവ്വഹിക്കുവാൻ കഴിഞ്ഞില്ല. അതുനിമിത്തം ഞങ്ങൾ മുൻപു ചെയ്തുതന്നിട്ടുള്ള ഉപകാരങ്ങൾ മറക്കുന്നതും അതിനെ നിഷേധിക്കുന്നതും ശരിയാണോ?' എന്നു സർദാർ ചോദിച്ചു.

മേജർ:—ഇനിമേലാൽ നമുക്കുതമ്മിൽ യാതൊരു ബന്ധവുമില്ല. ഇപ്പോൾ നീ എന്തിനായിട്ടാണു വന്നിരിക്കുന്നത്?

സർദാർ:—(വ്യാകുലഭാവത്തിൽ) പ്രഭോ! ഈ മാതിരി ഘട്ടങ്ങളിലല്ലേ എന്നെപ്പോലെയുള്ളവർക്കു പുറത്തു പോകുവാൻ സാധിക്കയുള്ളു?

മധ്യൂർ:—നീ രാധാഗഞ്ജുവിട്ടു പോകുന്നതുതന്നെ ഭേദം.

സർദാർ:—നിങ്ങൾ ഇത്തരത്തിൽ പറഞ്ഞാൽ, ഞങ്ങൾ മററാരെ വിശ്വസിച്ചാണു ഇവിടെ ജീവിക്കുക? നിങ്ങളുടെ കാര്യസാദ്ധ്യത്തിനുവേണ്ടി പല അക്രമപ്രവൃത്തികളിലും ഞാൻ ഏർപ്പെട്ടു. എന്നാൽ, ഇപ്പോഴും നിങ്ങൾ എന്നെ വെറുക്കുന്നു. ഞങ്ങൾ ഒരിക്കലും വിശ്വാസവഞ്ചകികളല്ല. ഇതാ ഇപ്പോഴും നിങ്ങൾക്കുവേണ്ടിയാണു ഈ അസമയത്തു ഞാൻ കഷ്ടപ്പെട്ടിവിടെ വന്നിരിക്കുന്നത്.

മധ്യൂർ:—നീ പറയുന്നതിന്റെ സാരം എനിക്കൊന്നും മനസ്സിലാകുന്നില്ല.

സർദാർ:—മനസ്സിലാകാൻ പ്രയാസമാണ്. എന്റെ ഏക വിശ്വസ്ഥമിത്രത്തെ പോലീസ് ബന്ധിച്ചിരിക്കുന്നു. അവനിൽ നിന്നും എന്തൊക്കെ രഹസ്യങ്ങളാണോ പുറത്തുചാടുക; ആരുകണ്ടു?

'എന്ത്, പിക്കുവോ? ബന്ധനത്തിലായി എന്നോ.'

'അതേ.'

'എന്നാൽ, ഒക്കെ തകരാറുതന്നെ.'

'പ്രഭോ! ആ വിവരമറിയിക്കുവാൻ വേണ്ടിയാണു ഞാൻ ഇപ്പോൾ ഇവിടേക്കു വന്നത്. നിങ്ങൾ സൂക്ഷിച്ചുകൊള്ളണം. ഞാൻ ഇവിടംവിട്ടുപോകയാണ്. എന്നെ പിടിക്കുവാൻ ഇന്നി ലോകത്തിൽ ആരുവിചാരിച്ചാലും സാധിക്കയില്ല. നിങ്ങൾ എന്നെ അവിശ്വസിച്ചു രാജമോഹനനെ വിശ്വസിച്ചു. അവൻ തന്നെ നിങ്ങൾക്കു.........'

ഇത്രയും പറഞ്ഞു സർദാർ അവിടംവിട്ടു മറഞ്ഞു.

മധ്യൂർഘോഷ് കുറച്ചുനേരം പരിഭ്രാന്തനായി അവിടെത്തന്നെനിന്നശേഷം ഗൃഹത്തിലേക്കു നടന്നു. ദൃഢചിത്തനായിരുന്നതിനാൽ അയാൾ ക്ഷണത്തിൽ ധൈര്യം അവലംബിച്ചു. പോലീസ്കാരോ കൈക്കൂലി വാങ്ങുന്നവർ. അയാളോ അളവററ ധനത്തിന്നധിപതിയും. ആ സ്ഥിതിക്കു എന്തുവന്നാലും മധ്യൂരിന്നു നില്ക്കക്കള്ളിക്കു മാർഗ്ഗമുണ്ട്. എന്നാൽ, അതൊന്നുമല്ലായിരുന്നു

അയാളെ ധർമ്മസങ്കടത്തിലാക്കിത്തീർത്തത്. ഇപ്പോഴത്തെ ജില്ലാ മജിസ്രേട്ട് ഒരു ആംഗ്ലേയനായിരുന്നു. ഒട്ടും ദയയോ ദാക്ഷിണ്യമോ ഇല്ലാത്ത ആൾ. ഏതു പോലിസ്സുകേസ്സും അദ്ദേഹം ചികഞ്ഞു പരിശോധിക്കും. കേസ് അദ്ദേഹത്തിന്റെ മുൻപാകെ എത്തുമ്പോഴേക്കും സർവ്വ കള്ളികളും പൊളിക്കും. ഈ വക വിചാരങ്ങൾ മധുർഘോഷിന്റെ ഹൃദയത്തിൽ അനുക്രമമായി കടന്നുപോയ്ക്കൊണ്ടിരുന്നു.

ഈ അവസരത്തിൽ മഴയിൽ നനഞ്ഞു സർവ്വാംഗം ചളിപുരണ്ട വേഷത്തിൽ ഒരാൾ മധുരിന്റെ മുറിക്കുള്ളിൽ കടന്നുചെന്നു. ജില്ലാകോർട്ടധികാരാതിർത്തിയിൽപെട്ട ഹരിഗഞ്ചിൽ വസിക്കുന്ന അയാളുടെ ഒരു വിശ്വസ്ഥമിത്രമായിരുന്നു അത്. 'പ്രഭോ! ഒരു നിമിഷംപോലും ഇനി ഇവിടെ താമസിക്കുന്നതു യുക്തമല്ല. കഴിയുന്നവേഗത്തിൽ എവിടെയെങ്കിലും പോയി രക്ഷതേടണം' എന്നയാൾ അറിയിച്ചു.

എന്താണു കാരണമെന്നു മധുർ തിടുക്കത്തിൽ ചോദിച്ചു.

'മാധവഘോഷിന്റെ വക്കീലിന്റെ പക്കൽനിന്നും മരണപത്രം മോഷണംപോയിരിക്കുന്നു. അദ്ദേഹത്തിന്റെ പരിചാരകനായ നിമായി എന്നവനെ ദേഹദണ്ഡം ഏൽപ്പിച്ചു ചോദിച്ചപ്പോൾ രാജമോഹനനും താനും ചേർന്നാണതു കളവുചെയ്തതെന്നു അവൻ സമ്മതിച്ചിരിക്കുന്നു. പോലിസ്സുകാർ രാജമോഹനനെ ബന്ധിക്കുവാനായി അയാളുടെ ഗൃഹത്തിൽ ചെന്നപ്പോൾ അവിടെ അങ്ങയുടെ ആളായ വിശ്വനാഥൻ മരിച്ചുകിടന്നിരുന്നു. അയാളുടെ ശരീരപരിശോധന നടത്തിയതിൽ അങ്ങു രാജമോഹനന്നെഴുതിയിരുന്ന ഒരു കത്ത് അവരുടെ പക്കൽകിട്ടി. അതോടുകൂടി സർവ്വ രഹസ്യങ്ങളും പൊളിഞ്ഞു. അടുത്തദിവസം അങ്ങയെ ബന്ധിക്കുവാനായി അവർ ഇവിടേക്കു വരുന്നുണ്ട്. ഇന്നലെ രാവിലെ പിക്കു എന്നവൻ മജിസ്രേട്ടു മുൻപാകെ അങ്ങയുടെ പലേ പഴയ ചരിത്രങ്ങളും തുറന്നുപറഞ്ഞു കഴിഞ്ഞിരിക്കുന്നു. അധികാരികൾക്കു അങ്ങയുടെ പേരിൽ ഇതിന്നുംപുറമേ പലേ സംശയങ്ങളും ജനിച്ചു വശായിട്ടുണ്ട്. മജിസ്രേട്ടു വളരെ നീതി

നിഷ്ഠുരം നിയമത്തിന്റെ പരിധിയിൽനിന്നും അണുവിടയെങ്കിലും വ്യതിചലിക്കാത്ത ആളുമാണ്. ഒരുതരത്തിലും അദ്ദേഹത്തെ വശപ്പെടുത്താനും ആരാലും സാദ്ധ്യവുമല്ല. നല്ല ശിക്ഷക്കു വഴിപ്പെട്ടടങ്ങി വരികയും ചെയ്യും' എന്നു ആഗതൻ അറിയിച്ചു.

ഇതെല്ലാം സശ്രദ്ധം കേട്ടുകൊണ്ടിരുന്നിരുന്ന മധുർഘോഷിന്റെ മുഖം രക്തപ്രസാദമില്ലാതെ വിളറി. 'എന്റെ നാശകാലമടുത്തു'. എന്നയാൾ തന്നെത്താൻ പറഞ്ഞു.

'അവർ അടുത്ത ദിവസം അതിരാവിലെ രാധാഗഞ്ചിലേക്കു പുറപ്പെടുന്നുണ്ടെന്നാണു വർത്തമാനം. യാത്രക്കുവേണ്ട എല്ലാ ഏർപ്പാടുകളും ആയിരിക്കുന്നു.'

'നാളെ എന്നെ ഇവിടെ കാണാതാകണം' എന്നു മധുർ പതറിയ ഹൃദയത്തോടുകൂടി പറഞ്ഞു. അടുത്ത ക്ഷണത്തിൽ തന്നെ ആഗതൻ അവിടംവിട്ടു പോകയും ചെയ്തു.

പിറേറ ദിവസം നേരം പ്രകാശമായതോടുകൂടി മജിസ്ട്രേട്ടിന്റെ ബോട്ട് രാധാഗഞ്ചിൽ വന്നടുത്തു. മജിസ്ട്രേട്ട് പോലീസ് അകമ്പടിയോടുകൂടി നേരെ മധുർഘോഷിന്റെ ബംഗ്ലാവിലേക്കു നടന്നു. ഈ വർത്തമാനം കാട്ടുതീ പോലെ ദിക്കെങ്ങും വ്യാപിച്ചു. ജനങ്ങളെല്ലാം പരിഭ്രാന്തരായും തീർന്നു. മധുർഘോഷ് അനവധി സാധുക്കളെ അക്രമമായി ഉപദ്രവിച്ച ദുഷ്ടനായിരുന്നതിനാൽ അധികപക്ഷം ആളുകൾക്കും ഇതിൽ സന്തോഷമാണുണ്ടായത്. മജിസ്ട്രേട്ടും പരിവാരങ്ങളും മധുർഘോഷിനെ അയാളുടെ ഗൃഹം മുഴുവൻ തെരഞ്ഞു. ഒരിടത്തും കാണ്മാനുണ്ടായിരുന്നില്ല. മജിസ്ട്രേട്ട് ഓരോ കെട്ടുകളും അതിലെ ഓരോ മുറികളും സസൂക്ഷ്മം പരിശോധന നടത്തി ഒടുവിൽ ആ നാലാമത്തെ കെട്ടിലും കടന്നു. പല ഭയങ്കര പ്രവൃത്തികൾക്കും കൊലപാതകങ്ങൾക്കും സാക്ഷിയായിത്തീർന്നിട്ടുള്ളതും മാധവഘോഷിനെ അടച്ചിട്ടിരുന്നതുമായ ആ മുറിയിലും അവർ പരിശോധനാർത്ഥം എത്തി. മധുർഘോഷിന്റെ ശവശരീരം അവിടെ അവർ കണ്ടെത്തി. ഒരു നിളമുള്ള വസ്ത്രം മുകളിലത്തെ കിളിവാതുക്കൽ ബന്ധിച്ചു അയാൾ തൂങ്ങിനിന്നിരുന്നു. താൻ ചെയ്തുപോയ മഹാപാപങ്ങളിൽ നിന്നും തനിക്കു

രക്ഷ നൽകേണമേ എന്നു ദൈവത്തോടു അകമഴിഞ്ഞു പ്രാൎത്ഥിക്കയാകുന്നു എന്ന മട്ടിൽ അയാളുടെ കണ്ണുകൾ രണ്ടും പുറത്തേക്കു തുറിച്ചു നോക്കിനിന്നിരുന്നു.

ഇതേ അവസരത്തിൽ ഒരു 'അയ്യോ! അയ്യോ!' എന്നു ദയനീയമായി നിലവിളിക്കുന്ന ശബ്ദത്തിന്റെ മാറ്റൊലി ആ മുറിയിൽ അലച്ചുതുടങ്ങി. എല്ലാവരും അതു കേട്ടു പരിഭ്രമിച്ചു. ആ ദീനരോദനം അപ്പോൾ അവിടെയുണ്ടായിരുന്ന എല്ലാവരുടേയും ഹൃദയത്തെ ആൎദ്രീഭവിപ്പിച്ചു.

മജിസ്ട്രേട്ടിന്റെ നയനങ്ങൾ വിശാലമായി ഒന്നു ചുററി. പല സംശയങ്ങളും അദ്ദേഹത്തിന്റെ മനസ്സിൽ കടന്നുകൂടി. നേരിൽ കണ്ട ഒരു ചെറിയ വാതൽ തുറന്നു നോക്കുവാനായി അദ്ദേഹം ക്ഷണത്തിൽ മുന്നോട്ടു പാഞ്ഞു. പോലീസുകാരും തൽക്ഷണം അദ്ദേഹത്തെ അനുഗമിച്ചു. ധീരചിത്തനും ബലിഷ്ഠനുമായ ആ ഇംഗ്ലീഷുകാരന്റെ മൎദ്ദനം താങ്ങുവാൻ ശക്തിയില്ലാതെ വാതൽ തുടുതുടുത്തു. പോലീസിന്റെ സഹായത്താൽ ഉത്തരക്ഷണത്തിൽ തന്നെ വാതൽ തുറക്കപ്പെട്ടു. ആ മുറി മുഴുവൻ അന്ധകാരം നിറഞ്ഞിരുന്നതിനാൽ അതിലെ വൃത്താന്തമൊന്നും അറിവാൻ നിവൃത്തിയില്ലായിരുന്നു.

വെളിച്ചത്തെപ്പോലും നിഷ്പ്രഭമാക്കുമാറ് അവിടത്തെ അന്ധകാരം അത്ര ഭയങ്കരമായിരുന്നു. മജിസ്ട്രേട്ട് അവിടെയെല്ലാം സൂക്ഷ്മപരീക്ഷണം നടത്തിയതിന്റെ ഫലമായി മുറിയുടെ ഒഴിഞ്ഞ കോണിൽ ഒരു കോണിപ്പടി കണ്ടുകിട്ടി. അവർ അതുവഴി മുകളിലേക്കു കയറി. ആ പടികൾ മുകളിലത്തെ മറെറാരു മുറിയിലേക്കുള്ളതായിരുന്നു. ഈ അവസരത്തിലും മുൻപിലത്തെപ്പോലുള്ള ദയനീയരോദനം അവരുടെ കൎണ്ണങ്ങളിൽ പതിഞ്ഞു. ഒരു ചെറിയ രഹസ്യമുറി ദൎശിച്ച മാത്രയിൽ മധൂൎഖലാഷിന്റെ യുക്തികളും തന്ത്രങ്ങളുമെല്ലാം മജിസ്ട്രേട്ടിന്റെ മുമ്പിൽ ഓരോന്നോരോന്നായി ഉദിച്ചുമറിഞ്ഞു. ആ ചെറിയ മുറിക്കു കിളിവാതലുകളേ ഉണ്ടായിരുന്നില്ല. കാററു കടക്കുവാൻ വേണ്ടി ഒരു ചെറിയ ദ്വാരം മാത്രമുണ്ടായിരുന്നു. പരിശോധിച്ചപ്പോൾ എല്ലും തോലുമായി ഒരു സ്ത്രീ

അവിടെ ഒരു മൂലയിൽ പ്രജ്ഞാരഹിതയായി കിടക്കുന്നതു ദീപപ്രകാശത്തിൽ തെളിഞ്ഞുകണ്ടു. അതാരായിരിക്കും? മാതംഗിയല്ലാതെ മററാരുമല്ല.

## മുപ്പതാം അദ്ധ്യായം.

ഈ വർത്തമാനങ്ങൾ അറിഞ്ഞ നിമിഷത്തിൽ മാധവഘോഷ് മധ്യൂരിൻെറ ഗൃഹത്തിലേക്ക അതിവേഗത്തിൽ പാഞ്ഞുവന്നു. അയാൾ വന്നു നോക്കിയപ്പോൾ ആദ്യമായി കണ്ടത് സ്മരണയററ കിടക്കുന്ന മാതംഗിയെ ചുററി അധികാരികൾ നില്ക്കുന്നതായിരുന്നു. 'അയ്യോ, ഇതു മാതംഗിയാണോ?' എന്നു ചോദിച്ചുകൊണ്ടു അയാൾ വിങ്ങിക്കരയുവാൻ തുടങ്ങി മജിസ്രേട്ട് അയാളെ സമാധാനപ്പെടുത്തിയ ശേഷം മധ്യൂർഘോഷിൻെറ മരണവൃത്താന്തം ആദിയായ വസ്തുതകളെല്ലാം വിശദമായി ഗ്രഹിപ്പിച്ചു ശേഷം മാതംഗിയെ അയാളെ ഏല്പിച്ചു. മാധവഘോഷിൻെറ ആൾക്കാർ ഒരു മഞ്ചത്തിൽ മാതംഗിയെ നിബ്ബാധം അദ്ദേഹത്തിൻെറ ബംഗ്ലാവിലേക്ക കൊണ്ടുപോയി.

മനഃകായങ്ങളാൽ ഒന്നുപോലെ ക്ലേശം സഹിച്ചിരുന്നതിനാൽ മാതംഗി കണ്ടാൽ ആളറിയാത്ത വിധം അത്ര ശോഷിച്ചിരുന്നു. അവളെ വേണ്ട വിധത്തിൽ ചികിത്സിച്ചു കഴിയുന്ന വേഗത്തിൽ പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ മാധവൻ തന്നാലാകുന്ന യത്നങ്ങളെല്ലാം ചെയ്തു. കല്ക്കത്തയിൽ നിന്നും പ്രസിദ്ധ ഡാക്ടർമാരെ വരുത്തി അവളെ പരിശോധിപ്പിച്ചതിൽ ജീവനാശത്തിന്നവകാശമില്ലെന്ന് അവർ അഭിപ്രായപ്പെട്ടു. മാധവനും ഹേമാംഗിയും മററവിടെയുണ്ടായിരുന്നവരും മാതംഗിയുടെ ശുശ്രൂഷയിൽ തന്നെ സശ്രദ്ധം ഇടപെട്ടു.

മേൽത്തട്ടിൽ മധവഘോഷിൻെറ മുറിക്കടുത്തായി മറെറാരു മുറി. കാററും വെളിച്ചവും അതിൽ ധാരാളമായി പ്രവേശിച്ചിരുന്നു. വിശേഷവിധമായി സാധനങ്ങളൊന്നും അതിൽ ഉണ്ടായിരുന്നില്ല. മാർദ്ദവമേറിയ മെത്ത വിരിച്ച ഒരു കട്ടിലും ചുവരിൽ തൂങ്ങിയിരു

ന്ന ഒരു നാഴികമണിയും ചുവരിൽ ഏതാനും ചിത്രങ്ങളും മരുന്നു കുപ്പികൾ നിരത്തിയിരുന്ന ഒരു അൽമാരയുമല്ലാതെ അതിൽ മററു യാതൊരു സാധനവുമില്ലായിരുന്നു. ഇവയൊക്കെ കൂടാതെ ഒരു ദിവ്യവസ്തു ആ മുറിയെ അലങ്കരിച്ചിരുന്നു. മൃദുലമായ മെത്തയിൽ ചാഞ്ഞു കിടന്നിരുന്ന മാതംഗിയുടെ തേജോമയമായ ശരീരമായിരുന്നു അത്. അവളുടെ തലക്കൽ മാധവഘോഷും കാൽക്കൽ ഹേമാംഗിയും ഇരുന്നിരുന്നു. ബ്രഹ്മദേവൻെറ അപൂർവ്വ സൌന്ദര്യ്യ ദൃഷ്ടികളിൽ തുല്യയോഗ്യതയുള്ള രണ്ടെണ്ണം ഇങ്ങിനെ ഒരിടത്തു പ്രതിഭാസിക്കുക തന്നെ അപൂർവ്വമാണ്. എന്നാൽ, തൻെറ സൃഷ്ടിമാഹാത്മ്യത്തെ തെളിയിക്കുവാൻ വേണ്ടി ഈ രണ്ടു സഹോദരികളേയും സൃഷ്ടിച്ചതാണെന്നു വേണം വിചാരിക്കുവാൻ.

ഒരേ കുളത്തിൽ ഒരേ മുരട്ടിൽ ഉത്ഭവിച്ച രണ്ടു കമലങ്ങൾ. ഒന്നു പരിപൂർണ്ണമായി വികസിച്ചിട്ടു ഏതാനും ദിവസങ്ങളായി. മറെറാന്നു വിടൎന്നിട്ടേ ഉള്ളു. മൂത്തവളുടെ പരിപൂർണ്ണയൌവനം നദിപ്രവാഹമാണ്. മററവളുടെ സൌന്ദര്യമോ, അരുവിയിൽ നിന്നും വഴിഞ്ഞൊഴുകുന്ന കൈത്തോടുകളുടെ പ്രവാഹമാണ്.

മാധവഘോഷ് മാതംഗിയെത്തന്നെ ഉററുനോക്കിക്കൊണ്ടിരുന്നു. അപ്പോൾ മാതംഗി 'ഹേമാ!' എന്നു സാവധാനത്തിൽ വിളിച്ചു.

'എന്താണു വേണ്ടതു മാതു!' എന്നു ആർദ്രത വഴിയുന്ന സ്വരത്തിൽ മാധവഘോഷു ചോദിച്ചു.

മാതംഗിയുടെ പ്രകാശമാനമായ വദനത്തിൽ പെട്ടെന്ന് ലജ്ജയുടെ ഒരു നേരിയ നിഴലാട്ടം പരിസ്ഫുരിച്ചു. അവൾ കണ്ണുകൾ ഇറുകെ അടച്ചു. മാധവഘോഷിൻെറ ശബ്ദം ദേവഗാനം പോലെ മധുരരസം തുളിമ്പിച്ചുകൊണ്ടു അവളുടെ ഹൃദയത്തിലേക്കൊഴുകി.

'മരുന്നു കൊടുക്കേണ്ട സമയമായോ ഹേമാ' എന്നു മാധവഘോഷ് ചോദിച്ചു. ഹേമാംഗി കാച്ചു മരുന്നെടുത്തു മാതംഗിക്കു കൊടുത്തു. അല്പനേരം എല്ലാവരും മൌനമായിരുന്നു. ഒടുവിൽ മാധവഘോഷ് അവിടെ സർവ്വത്ര വ്യാപരിച്ചിരുന്ന നിശ്ശബ്ദതയെ ഭഞ്ജി

ച്ചുകൊണ്ടു 'മാതംഗി! നീ എങ്ങിനെയാണ് ഒരു ദുഷ്ടന്റെ പിടിയിൽ അകപ്പെട്ടത്?' എന്നു ചോദിച്ചു.

മാതംഗി വളരെ പണിപ്പെട്ടു ഒരു ദീർഘനിശ്വാസമിട്ടു. 'വിധി എന്നെ അവന്റെ വലകളിൽ അകപ്പെടുത്തി. എന്റെ ഭർത്താവു — ഒരു ഭയങ്കരകൊലപാതകി — എന്നെ ഹരിഗഞ്ചിലേക്കു കൂട്ടിച്ചുകൊണ്ടുപോയതു് ദുഷ്ടാചാരത്തോടുകൂടിയായിരിക്കുമെന്നു ഞാൻ കരുതിയില്ല. അവൻ അന്നു ആ ദുഷ്കൃത്യത്തിന്നു പ്രേരിതനായതറിഞ്ഞ നിമിഷംമുതൽ എനിക്കവന്റെ മേലിലുണ്ടായിരുന്ന സ്നേഹവും ഭക്തിയും ഭയവുമെല്ലാം അസ്തമിച്ചു. ലോകത്തോടു തന്നെ എനിക്കു വെറുപ്പായി. അവിടെനിന്നു രക്ഷപ്രാപിക്കുവാനായി അർദ്ധരാത്രിയിൽ തോണിയിൽ കയറി യാത്രയാരംഭിച്ചു. നദിയിൽ ചാടി ആത്മഹത്യചെയ്യണമെന്നു തീർച്ചയാക്കി ഞാൻ തോണിയുടെ ഒരു തലക്കൽചെന്നു ഇരിക്കയായിരുന്നു. എന്നാൽ, എന്തുകാരണത്താലൊ എനിക്കതിന്നു മനസ്സുറച്ചില്ല. ഇതൊക്കെ അനുഭവിക്കാൻ വിധിയുള്ളപ്പോൾ അതെങ്ങിനെ നടക്കും? കൊടുങ്കാറ്റിൽ തോണി വെള്ളത്തിൽ മുങ്ങി. കുറച്ചുനേരം വെള്ളത്തിൽ നീന്തിത്തുടിച്ചുകിടന്നു. അപ്പോൾ എന്റെ ഹൃദയത്തിൽ പലേ ചിന്തകളും അങ്കുരിച്ചു. ഞാൻ എന്തിന്നുമരിക്കണം. അതിലും വിശേഷിച്ചു ഇത്തരത്തിൽ......' ആ ഭാഗ്യഹീനയുടെ രണ്ടു കണ്ണുകളിൽ ജലം നിറഞ്ഞു. ശബ്ദം അടഞ്ഞു.

'മാതംഗി! നീ ബദ്ധപ്പെടേണ്ട. സാവധാനത്തിൽ പറഞ്ഞാൽമതി. ഇപ്പോൾതന്നെ കേൾക്കണമെന്നുമില്ല.' എന്നു വളരെ ദയനീയസ്വരത്തിൽ മാധവഘോഷ് പറഞ്ഞു. എന്നാൽ, മാതംഗിയാകട്ടെ തന്നെത്തന്നെയും മറന്നു ഉദ്വേഗത്തോടുകൂടി തുടർന്നു. ഉള്ളിൽ നിറഞ്ഞിരിക്കുന്ന വ്യസനഭാരം പകുതിയെങ്കിലും അതു പറഞ്ഞുതീർത്താൽ ഒഴിയുമെന്നവൾ കരുതി. 'പുഴയുടെ ഭയങ്കരപ്രവാഹത്തിൽ എന്നെപ്പോലത്തെ ഒരബലക്കു എന്തുചെയ്യുവാൻകഴിയും? ഈശ്വരസങ്കല്പമാണിതെല്ലാമെന്നു ഞാൻ സമാധാനപ്പെടുന്നതിന്നിടക്കു ഒരു വലിയ തിരമാല എന്നെ വെള്ളത്തിൽ അടിച്ചുതാഴ്ത്തി. ഇത്രമാത്രമേ എനിക്കു നിശ്ചയമുള്ളൂ' അവളുടെ

തലചുററുന്നതുപോലെ തോന്നി കുറച്ചുനേരം മൌനമായികിടന്നു. അനന്തരം അവൾ വീണ്ടും തുടൎന്നു:—'എനിക്കോൎമ്മവന്നപ്പോൾ ഞാൻ ഒരു വലിയ തോണിയിൽ പോയ്ക്കൊണ്ടിരിക്കുന്നതായിട്ടാണു കണ്ടത്. എന്റെ മുമ്പിൽ ദുഷ്ടനായ മധുരഘോഷ് ഒരു കള്ളച്ചിരിയോടുകൂടി നില്ക്കുന്നതുകണ്ടു ഞാൻ 'അയ്യോ ദൈവമേ! ഈ ദുഷ്ടന്റെ വലയിൽ ബന്ധിക്കുവാൻവേണ്ടിയാണോ നീ എന്നെ മരണത്തിൽനിന്നും മോചിപ്പിച്ചത്? എന്നെ വസുമതിയിൽ തന്നെ ആഴ്ത്തിക്കളയാമായിരുന്നില്ലേ?' എന്നിങ്ങിനെ ജല്പിച്ചു. അത്രതന്നെ. അതോടുകൂടി വീണ്ടും ഞാൻ പ്രജ്ഞാശൂന്യയായിത്തീൎന്നു.'

വീണ്ടും കുറച്ചുസമയം കഴിഞ്ഞു അവൾ പറഞ്ഞു:—'വീണ്ടും എനിക്കോൎമ്മയുണ്ടായി നോക്കുമ്പോൾ ഞാൻ ഒരു ഭയങ്കരമായ ഇരുട്ടറിൽ ഇരിക്കുന്നതായിട്ടാണ് കണ്ടത്. ആ ദുഷ്ടൻ കാമകിങ്കരനായി എന്റെ മുമ്പിൽ വന്നിരുന്നു. ആഭാസമായ ഭാഷയിൽ അവന്റെ കാമിതങ്ങൾക്കു വശഗയാകാൻ നിൎബ്ബന്ധിച്ചു തുടങ്ങി. എന്റെ ശരീരം കിടുകിടെ വിറച്ചു. എന്നെ അപ്പോൾ അവിടെ വന്നു ആരു രക്ഷിക്കാനാണ്. അവൻ എന്നോടു സമീപിച്ചു. 'എടി ഭ്രാന്തി! നീ എന്റെ ഇഷ്ടത്തിനു നിന്നാൽ നിനക്കെത്രയോ സൌഖ്യമാണ്. ഞാൻ എത്രയോ കാലമായി നിന്നെ പ്രാപിക്കുവാൻ വേണ്ടി കഷ്ടപ്പെടുന്നു. നീ ഒരു തവണ എന്റെ കൈകൾ വെട്ടി കടന്നുകളഞ്ഞു. ഇതാ ഇപ്പോൾ നീ എന്തു പറയുന്നു?' ഇതു കേട്ടപ്പോൾ എങ്ങിനെയോ ശക്തിമത്തായി രോഷവും ധൈൎയ്യവും എന്നെ അണഞ്ഞു. എന്റെ പ്രകൃതം മാറിക്കണ്ടപ്പോൾ അവൾ മെല്ലെ പിൻവാങ്ങി. ഭയാധിക്യത്താൽ ഞാൻ മൂൎച്ഛിച്ചു സംര നിലം പതിച്ചു. അനന്തരം ഇതാ സസുഖം ഞാൻ നിങ്ങളുടെ രക്ഷണയിൽ വിശ്രമിക്കുന്നു'. ഇത്രയും പറഞ്ഞവസാനിപ്പിച്ചതോടുകൂടി അവളുടെ ശരീരം വിയൎത്തു. അവളുടെ ഫാലപ്രദേശങ്ങളിൽ വെണ്മുത്തുകൾ കണക്കെ ഉരുണ്ടു പൊങ്ങിനിന്നിരുന്ന സ്വേദകണങ്ങൾ മാധവഘോഷ് തന്റെ കരതലത്താൽ തുടച്ചുകളഞ്ഞു. ഹേമാംഗി വിശറിയാൽ അവളെ വീശി. കുറേ നേരം മാ

തംഗി കണ്ണടച്ചു കിടന്നു. മാധവഘോഷ് എന്തോ ആവശ്യമായി സഹോദരികൾ രണ്ടുപേരെയും അവിടെ വിട്ടിട്ടു പുറത്തേക്കിറങ്ങിപ്പോയി.

ഹേമാംഗി തന്റെ ജ്യേഷ്ഠത്തിയെ നോക്കി 'ജ്യേഷ്ഠത്തി!' എന്നു സാവധാനത്തിൽ വിളിച്ചു. മാതംഗി പ്രതിശബ്ദമൊന്നും പുറപ്പെടുവിക്കാതെ കണ്ണുകൾമാത്രം തുറന്നു അവളെ ഉററുനോക്കി. ഹേമ തന്റെ മുഖം ജ്യേഷ്ഠത്തിയുടെ ഗണ്ഡസ്ഥലങ്ങളിൽ അണച്ചു അശ്രുധാരകൾ തെരുതെരെ ഒഴുക്കി. മാതംഗി ഇരുകരങ്ങളാലും അവളെ തഴുകിക്കൊണ്ടു 'കുട്ടീ! നീ നിലവിളിക്കത്തക്കവണ്ണം എനിക്കെന്താണ്. എനിക്കിപ്പോൾ വളരെ ആശ്വാസമുണ്ട്. നാളെക്കു സൌഖ്യമായി എഴുന്നേററു നടക്കാറാകും. നിങ്ങളുടെ രക്ഷയിലാണിപ്പോൾ ഞാൻ ഇനി എനിക്കെന്തു ഭയമാണ്. നിലവിളിക്കാതെ സമാധാനമായിരിക്കുക.'

'ജ്യേഷ്ഠത്തി! ഇനി ഒരിക്കലും നിങ്ങൾ ഞങ്ങളെ വേർപിരിഞ്ഞു പോകയില്ലല്ലോ? ഒരുപക്ഷേ, ഭർത്താവു വന്നു വിളിച്ചാൽ കൂടിയും?'

'ഞാൻ നിങ്ങളെ രണ്ടുപേരെയും പിരിഞ്ഞു ഇനി ഈ ജന്മത്തിൽ മറെറവിടെക്കെങ്കിലും പോകയോ? ഒരിക്കലുമില്ല.'

ബാല്യപ്രകൃതി നിശ്ശേഷം വിട്ടിട്ടില്ലാതിരുന്ന ഹേമാംഗിയുടെ ഹൃദയം അളവററു തെളിഞ്ഞു.

—— : o : ——

## മുപ്പത്തൊന്നാം അദ്ധ്യായം.

മാധവഘോഷിന്റെ ബംഗ്ലാവിന്റെ പിൻപുറത്തുള്ള ഉദ്യാനത്തിൽനിന്നും ഹുഗ്ലിനദിയിലേക്കിറങ്ങുന്ന കൽപ്പടികൾ മനോഹരമായി പ്രകാശിക്കുന്നു. പുഴയും ശാന്തിമത്തായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. മാതംഗി പശ്ചിമാശാമുഖത്തിൽ കനകച്ഛവി പരത്തുന്ന അന്തിമാർക്കന്റെ കരകൌശലവൈദഗ്ദ്ധ്യം നോക്കി രസിക്കയാണോ എന്നമട്ടിൽ സ്ഥിതിചെയ്യുന്നു. അവളുടെ മുഖത്തു യാതൊരു വികാരഭേദവും നിഴലിച്ചുകണ്ടില്ല. ആകാശത്തിലെ

വിവിധവർണ്ണങ്ങൾ ക്രമേണ മാഞ്ഞുതുടങ്ങി. വർണ്ണസൌകുമാര്യത്തെ വിഴുങ്ങിക്കളഞ്ഞിരുന്ന കാർമേഘപടലങ്ങൾമാത്രം അവശേഷിച്ചു. ഇരുൾഛായ പടർന്നതോടുകൂടി അങ്ങിങ്ങായി താരാനക്ഷത്രങ്ങൾ കണ്ണുതുറിച്ചു ഭൂമിയെ ഉറ്റുനോക്കിത്തുടങ്ങി. മാതംഗി വീണ്ടും വസുമതിയിലെ നീരോട്ടത്തിൽതന്നെ ബദ്ധശ്രദ്ധയായി. കണ്ണുകൾ അടച്ചു ജലത്തിൽനിന്നും ഉദ്ഭവിച്ചിരുന്ന ശബ്ദത്തെ മാത്രം ശ്രദ്ധിച്ചു. മന്ദമാരുതന്റെ സ്പർശനം അവളുടെ ക്ഷീണത്തെയും ഹൃദയഭാരത്തെയും കുറച്ചു.

അപ്പോൾ പിൻഭാഗത്തുനിന്നും 'മാതംഗി!' എന്ന ശബ്ദം കേട്ടു അവൾ സസംഭ്രമം ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു. സ്വരത്തിൽനിന്നും അതു മാധവമേനോനാണെന്നു പെട്ടെന്നവൾക്കു മനസ്സിലായി. എന്നാൽ അവൾ പിന്നാക്കം തിരിഞ്ഞുനോക്കിയതേയില്ല. സമാധാനമൊന്നും പറഞ്ഞതുമില്ല. മാധവൻ അവളുടെ സമീപമടുത്തു ഇരുളടഞ്ഞ ആകെ ശാന്തതയും പുഷ്ടിയും നോക്കിക്കൊണ്ടുനിന്നു. എത്രനേരം നിമിഷംകഴിഞ്ഞു? 'മാതു! നീ എന്താണ് ആലോചിച്ചുകൊണ്ടു നില്ക്കുന്നത്?' എന്നു മൃദുസ്വരത്തിൽ ചോദിച്ചു.

'ഒന്നുമില്ല. മന്ദപവനൻ എനിക്കളവറ്റ ആനന്ദത്തെ നൽകുന്നു.'

'ഒരുപക്ഷെ, നിനക്കു വല്ല മനഃക്ലേശവുമുണ്ടായിരിക്കാം. അതിനെപ്പറ്റി ചിന്തിക്കുകയായിരിക്കുമോ എന്നു ഞാൻ ശങ്കിച്ചുപോയി ഇങ്ങിനെ ഏകയായി ഇരിക്കുന്നതുകൊണ്ടു എനിക്കു.....' എന്നയാൾ അർദ്ധോക്തിയിൽ വിരമിച്ചു.

'ഛീ! ഞാൻ എന്തിനു മരിക്കുന്നു. ഈ ധന്യജീവിതംതന്നെ എനിക്കു അളവറ്റ ആനന്ദദായകമാണ്. അതിലും വിശേഷിച്ചു അങ്ങയുടെ സമീപത്തു ഞാൻ വർത്തിക്കുമ്പോൾ......'

'അതുതന്നെ മാതംഗി! ഞാനും പറയുന്നത്.'

അവളുടെ ശരീരം കോൾമയിർക്കൊണ്ടു. മാധവമേനോൻ അവളുടെ മൃദുലകരവല്ലിയെ ഗ്രഹിച്ചു തന്നോടൊപ്പം അരികത്തിരുത്തി. ആ കരസ്പർശനവേളയിൽ അവൾ തന്നെത്തന്നെയും മറന്നു അതിരമായ ഏതോ ആനന്ദലോകത്തിൽ സഞ്ചരിച്ചു. മാധവ

ന്റെ ഹൃദയവും എന്തോ ചില വികാരാവേശത്താൽ തുടിച്ചുവശായി. ഒരു ഞെട്ടിലുള്ള രണ്ടു പുഷ്പങ്ങളിൽ ഒന്നുലയുമ്പോൾ മറ്റേതും ഉലയാതെ കഴിയുമോ? രണ്ടുപേരും ഏതാനും നിമിഷം തങ്ങളെത്തന്നെയും മറന്നുപോയി.

പെട്ടെന്നു അടുത്തുള്ള ചെടികളുടെ ഇടയിൽ നിന്നും ഒരു ഗംഭീരമായ പുഞ്ചിരിധ്വനി മുഖരിതമായി. കാമുകർ രണ്ടുപേരും പരിഭ്രാന്തരായി. ഒരു രൂപം മാതംഗിയെ അഭിമുഖീകരിച്ചു വന്നുകൊണ്ടിരുന്നു. ഒരൊറ്റ നോട്ടത്തിൽ തന്നെ അത് രാജമോഹനനാണെന്നു മാതംഗിക്കു മനസ്സിലായി

'മാതംഗി! ഞാൻ മരിച്ചുപോയി എന്നു നീ വിചാരിച്ചു. അല്ലേ?' എന്നവൻ ചോദിച്ചുകൊണ്ടു ഒന്നു ചിരിച്ചു. മാതംഗിയുടെ അവസ്ഥാന്തരം അത്യന്തം താന്തമായിരുന്നു. ഇങ്ങിനെ അവിചാരിതമായി ആ ദുഷ്ടൻ അവിടെ വന്നു ചേരുമെന്നു മാധവൻ തെല്ലും കരുതിയിരുന്നില്ല. അതിനാൽ ഏതാനും നിമിഷം അയാൾ സംഭ്രമത്താൽ സ്തംഭിച്ചുപോയി. ഇതിനകം രാജമോഹനൻ ഒരു പാച്ചിലായി മാധവമേനോന്റെ നേർക്കു പാഞ്ഞു അയാളെ സമീപമുള്ള പുഴയിലേക്കു തള്ളിമറിച്ചു. മാധവമേനോൻ പുഴയിൽ വീണു നീന്തിത്തുടങ്ങി. ശക്തിയേറിയ ജലപ്രവാഹം അയാളെ കീഴോട്ടൊഴുക്കിക്കൊണ്ടുപോയി.

അനന്തരം, രാജമോഹനൻ തന്റെ പത്നിയുടെ നേർക്കു തിരിഞ്ഞു. 'മാതംഗി! വരിക, നമുക്കു പോകാം' എന്നു പറഞ്ഞു അവളെ പിടിച്ചു തന്റെ ശരീരത്തോടടുപ്പിച്ചു മേൽമുണ്ടിനാൽ രണ്ടുപേരുടെയും ശരീരം ഒന്നായി ചേർത്തു ബന്ധിച്ചു.

'എന്തിനു ഭയപ്പെടുന്നു? നമുക്കു രണ്ടാൾക്കും നാട്ടിലേക്കു ഒന്നിച്ചു പോകാം. വരിക'.

'ഈശ്വരാ! എന്നെ വിടുക. എനിക്കു ഭയമായിരിക്കുന്നു. എന്നെ വിടുക' എന്നവൾ നിലവിളിച്ചു പറഞ്ഞു.

'അതുമിതും പറഞ്ഞു സമയം വൈകിച്ചിട്ടു ഫലമില്ല. വേഗം പോരിക, നമുക്കു പോകാം'. എന്നു പറഞ്ഞുകൊണ്ടു മാതംഗിയൊന്നിച്ചു അയാൾ, ശക്തിയായി പാഞ്ഞൊഴുകിക്കൊണ്ടിരിക്കുന്ന പുഴയിലേക്കു ചാടി. അവർ കഴുത്തോളം വെള്ളത്തിൽ ചെന്നു

നിന്നു. 'രണ്ടാളും ഒന്നിച്ചു മരിച്ചാൽ അടുത്ത ജന്മത്തിൽ ഒന്നിച്ചു തന്നെ ജീവിക്കാം. മാതംഗി! ഈ ജന്മത്തിലും മറുജന്മത്തിലും ഞാൻ നിന്നെ ഒരു നിമിഷമെങ്കിലും വേർപിരിഞ്ഞു ജീവിക്കുന്നതല്ല്' എന്നു രാജമോഹനൻ പറഞ്ഞു.

ഒരു വലിയ തിര മാതംഗിയുടെ ശിരസ്സിനു മുകളിൽകൂടി അടിച്ചു മറിഞ്ഞുപോയി.

ഇതേ അവസരത്തിൽ, പുഴയിൽകൂടി കുറെ ദൂരം ഒഴുകിപ്പോയ ശേഷം നീന്തിക്കരകയറി മാധവഘോഷ് തന്റെ ഉദ്യാനത്തിലെ കല്പടികളുടെ സമീപത്തേക്കു അതിവേഗത്തിൽ നടന്നുവന്നു. അവിടെ ആരെയും കാണാതായപ്പോൾ അയാൾ പരിഭ്രാന്തനായിത്തീർന്നു. പുഴയിലേക്കു നോക്കിയപ്പോൾ രാജമോഹനൻ മാതംഗിയെ ജലപ്രവാഹത്തിലേക്കു വലിച്ചുകൊണ്ടു പോകുന്നതായി കണ്ടു.

'ഈ ജന്മത്തിൽ നീ എനിക്കു സ്വാധീനയായില്ലെങ്കിലും അടുത്ത ജന്മത്തിലെങ്കിലും നിന്നെ എനിക്കു ലഭിക്കും' എന്നു രാജമോഹനൻ പറയുമ്പോൾ മാതംഗി ഉച്ചത്തിൽ ഒരു ദയനീയനാദം പുറപ്പെടുവിച്ചു. അയാൾ വീണ്ടും അവളെ ബലമായി പിടിച്ചുകൊണ്ടു 'ഈ പുണ്യനദി സത്യമായി ഞാൻ നിന്നെ വരിക്കും' എന്നുപറഞ്ഞു.

മാതംഗി നിലവിളിച്ചുകൊണ്ടുപറഞ്ഞു:— 'വേണ്ട, വേണ്ട. അയ്യോ! എന്നെ വിട്ടയക്കുക; വിട്ടയക്കുക.'

'ഇതാ വിട്ടിരിക്കുന്നു; പോയ്ക്കൊള്ളുക' എന്നുപറഞ്ഞുകൊണ്ടു അയാൾ മാതംഗിയൊന്നിച്ചു പുഴയിലെ ഭയങ്കരമായ കയത്തിലേക്കു കുതിച്ചു. രണ്ടുപേരുടേയും ശിരസ്സിന്നുമീതെ അലകൾ അടിച്ചുമറിഞ്ഞു.

ഈ ദയനീയ കാഴ്ചകൾ കണ്ടുകൊണ്ടു മാധവഘോഷ് കല്പടിയുടെ മുകളിൽ സ്തംഭിച്ചുനിന്നു.

ശുഭം.

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

# വില്പാൻ തെയ്യാർ.

| | | ക. ണ. പ. |
|---|---|---|
| ഇന്ദുലേഖ (ക. ചന്തുമേനോൻ)... | ... | 1—8—0 |
| ശാരദ ടി ... | ... | 1—0—0 |
| ശാന്തകുമാരി ... ... | ... | 1—4—0 |
| ഗോഷർജാൻ ... ... | ... | 0-14—0 |
| ജ്യോതിശ്ശാസ്ത്രം-കെ. സുകുമാരൻ (ബി. എ.,) | | 0-12—0 |
| ജ്യോതിഷസംഗ്രഹം ... | ... | 0-10—0 |
| മരക്കണക്ക—(തടിക്കണക്ക്) ... | ... | 1—8—0 |
| പ്രാണിവംശ ചരിത്രം—ഒന്നാംഭാഗം (കെ. സുകുമാരൻ, ബി. എ.) | | 0—8—0 |
| ടി. രണ്ടാംഭാഗം ടി. | ... | 0—8—0 |
| ടി. മൂന്നാംഭാഗം ടി. | ... | 0—8—0 |
| ടി. നാലാംഭാഗം ടി. | ... | 0—8—0 |
| ജന്തുശാസ്ത്രം 1, 2, 3, 4 ഭാഗങ്ങൾ ടി | ... | 3—4—0 |
| സുകുമാരകഥാമഞ്ജരി 1-ാം പുസ്തകം | ... | 0—4—0 |
| ടി. 2-ാം പുസ്തകം | ... | 0—4—0 |
| ടി. 3-ാം പുസ്തകം | ... | 0—6—0 |
| ടി. 4-ാം പുസ്തകം | ... | 0—6—0 |
| ടി 5-ാം പുസ്തകം | ... | 0—8—0 |
| ടി. 6-ാം പുസ്തകം | ... | 0—6—0 |
| ടി. 7-ാം പുസ്തകം | ... | 0—4—0 |
| സുകുമാരഗദ്യമഞ്ജരി 1-ാം ഭാഗം | ... | 0—6—0 |
| ചില അന്യാപദേശങ്ങൾ (പദ്യം). | ... | 0—4—0 |
| പാപത്തിന്റെ ഫലം ... | ... | 0—8—0 |
| വിവാഹത്തിന്റെ വില | ... | 0—6—0 |
| ശബ്ദമഞ്ജരി—മലയാളനിഘണ്ടു | ... | 2—0—0 |
| പര്യായനിഘണ്ടു | ... | 0—4—0 |
| ഗൃഹവൈദ്യചന്ദ്രിക ... | ... | 0—4—0 |

കെ. ആർ. ബ്രദർസ്സ്,

ഹജൂർറോഡ്, കോഴിക്കോട്.